

# മതപഠനം

H 52
V 83

ജോസഫ് വിതയത്തിൽ

# മതപഠനം

അഥവാ

## മതതത്വങ്ങളുടെ
## യുക്തിപൂർവ്വകമായ വിശകലനം

(STUDY CIRCLE SERIES)

DHARMARAM COLLEGE LIBRARY, BANGALORE.
19849
H52
V.43

ഗ്രന്ഥകർത്താ:

ഫാദർ ജോസഫ് വിതയത്തിൽ

PRINTED AT
THE MAR LOUIS MEMORIAL PRESS, ERNAKULAM

IMPRIMATUR,

Mgr. Mathew Pothanamuzhi,

*Vicar General*

*Ernakulam,*
*5-6-1949*

# ഗ്രന്ഥകാരന്റെ പ്രസ്താവന

ക്രിസ്തുമത സിദ്ധാന്തങ്ങൾ "വേദോപദേശ"രൂപത്തിൽ പഠിച്ചറിഞ്ഞു അവയ്ക്കനുസരിച്ചു ജീവിക്കുന്നതുകൊണ്ടുമാത്രം ഒരു സാധാരണ കത്തോലിക്കനു സംതൃപ്തിപ്പെടാമായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ആ സാഹചര്യങ്ങൾ ഇങ്ങിനിവരാത്തവണ്ണം കടന്നുപോയിക്കഴിഞ്ഞു. ക്രിസ്തീയ ചൈതന്യത്തോടുകൂടി ജീവിക്കുന്നതിനും സത്യൈകമതത്തിന്റെ ആന്തരികവും ബാഹ്യവുമായ അഭിനിവേശം സമുദായമദ്ധ്യത്തിൽ പ്രസരിപ്പിക്കുന്നതിനും അവർ വിശ്വസിച്ചനുഷ്ഠിക്കുന്ന മതസിദ്ധാന്തങ്ങളെപ്പററി വിശദതരവും യുക്തിയുക്തവുമായ ജ്ഞാനം ഇന്നു അനിവാര്യമായി തീൎന്നിരിക്കുന്നു. ഈ ലക്ഷ്യപ്രാപ്തിക്കു സഹായകമായ പ്രായോഗിക പദ്ധതിയാണ് "സ്റ്റഡി സർക്കിൾ" അഥവാ പഠനക്കളരി.

കേരളത്തിൽ പലേ കേന്ദ്രങ്ങളിലും പഠനക്കളരികൾ ഇതിനകം സമാരബ്ധമായി കഴിഞ്ഞിട്ടുണ്ട്. എങ്കിലും അവയെ കാര്യക്ഷമമായി പുരോഗമിപ്പിക്കുന്നതിനു അവശ്യാവശ്യമായ ഉപാധികൾ ഇനിയും വിരളമായിത്തന്നെ ഇരിക്കുന്നു. മാതൃകാപരമായ പാഠ്യപുസ്തകങ്ങളുടെ അഭാവം ദുസ്സഹമായ ഒരു പ്രതിബന്ധമാണ്. ഈ കുറവിനെ ഏററം വിനീതമായ ഒരു തോതിലെങ്കിലും പരിഹരിക്കാൻ സഹായിച്ചെങ്കിലൊ എന്നുള്ള പ്രത്യാശയാണ് എന്റെ ഈ ഉദ്യമത്തിനു നിദാനം.

"മതപാഠനം" എന്ന ഈ ചെറുഗ്രന്ഥത്തിന്റെ രചനയിൽ വ്യക്തിഗതമായ എന്റെ പരിശ്രമത്തേക്കാൾ ശക്തിമത്തായ ഒരു ബാഹ്യപ്രേരണ എന്നെ ത്വരിപ്പിച്ചുകൊണ്ടിരുന്നു എന്നുള്ള വസ്തുത ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമതതത്വങ്ങളേയും ഭക്തമുറകളേയും സംബന്ധിച്ചു വിദഗ്ദ്ധമായും വിശദമായും പ്രതിപാദിക്കുന്നതും, റവ. ജയിംസ്

ഇ. മാക്ക്ഗാവിക്ക് എഴുതിയിട്ടുള്ളതുമായ "കത്തോലിക്ക വി ശ്വാസവും ആചരണവും." (Catholic Belief and Practice by Rev. James E. McGavick) എന്ന വിശിഷ്ടഗ്രന്ഥം എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ കണ്ട ത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സുകൊണ്ട് എന്നെ ഏല്പിച്ചിട്ട് അതു മലയാളത്തിൽ വിവർത്തനം ചെയ്താൽ നന്നാ യിരിക്കും എന്നു കല്പിച്ചു അഭിപ്രായപ്പെട്ടു. മേൽപ്രസ്താവി ച്ച ഇന്നത്തെ ആവശ്യവും ഈ ഗ്രന്ഥത്തിലെ ഉള്ളടക്കവും ഒത്തിണങ്ങിയിരിക്കുന്നതായി തോന്നിയതുകൊണ്ടാണ് ഈ പരിശ്രമം ഈ രൂപമെടുത്തതു്. ഇതിൻെറ ഔചിത്യവും ഫ ലദായകത്വവും സംബന്ധിച്ച് ബഹുമാന്യവായനക്കാരാണ ല്ലോ വിധി കല്പിക്കേണ്ടതു്. ലക്ഷ്യപ്രാപ്തിക്കു ഇതു് ഏതെ ങ്കിലും വിധത്തിൽ സഹായകമാകുന്നു എങ്കിൽ ആ സേവന ത്തിന്നർഹമായ അഭിനന്ദനം പുണ്യശ്ലോകനായ ആ തിരു മേനിക്കുള്ളതാണ് എന്നു സവിനയം ഏററുപറഞ്ഞ് ഭക്ത്യാ ദരപൂർവ്വം അർപ്പണം ചെയ്യുക മാത്രമാണ് എൻെറ കർത്തവ്യം.

ഗ്രന്ഥത്തിൻെറ ആദ്യഭാഗം മതതത്വങ്ങളെ ആസ്പദിച്ചും രണ്ടാമത്തെഭാഗം വിശുദ്ധ കൂദാശകളേയും കൗദാശികങ്ങ ളേയും വിശദീകരിച്ചും രചിച്ചിട്ടുള്ളവയാണ്. ഒന്നാമത്തെ ഭാ ഗം ഉയർന്നക്ലാസ്സുകളിൽ പഠിക്കുന്ന പ്രായമുള്ള വിദ്യാർത്ഥിക ളേയും രണ്ടാമത്തെഭാഗം താഴ്ന്നക്ലാസ്സുകളിലെ ചെറിയ കുട്ടി കളേയും ഉദ്ദേശിച്ചാണ് ക്രമീകരിച്ചിരിക്കുന്നതു്. ഇതൊരു പ രീക്ഷണമായിമാത്രം പരിഗണിക്കണമെന്നും ഇതിൽ വന്നിട്ടു ള്ള സ്ഖലിതങ്ങൾ സാദരം അവഗണിക്കുകയും തിരുത്തിത്ത രികയും ചെയ്യണമെന്നും ഉള്ള പ്രാർത്ഥനയോടെ ബഹുജനസമ ക്ഷം ഈ ചെറുഗ്രന്ഥത്തെ സമർപ്പണം ചെയ്തുകൊള്ളുന്നു.

എന്നു്

വടയാർ
1949 മേയ് 20 } ഫാദർ ജോസഫ് പി. വിതയത്തിൽ
ഗ്രന്ഥകർത്താ

# മതപഠനം

(ഒന്നാം ഭാഗം)

(FOR SENIORS)

*Study Circle Series No. 1.*

## മതം

പത്രോസച്ചന്റെ ആഗമനത്തോടുകൂടി ഇടവകക്കു് ആകപ്പാടെ ഒരു പുതിയ ഉണർവ്വുണ്ടായിട്ടുണ്ടു്. കത്തോലിക്കാ പ്രവർത്തനപരമായ പദ്ധതികൾ പലതും അദ്ദേഹം വിജയകരമായി അവിടെ നടപ്പാക്കിക്കഴിഞ്ഞു. വിശ്വാസസംബന്ധമായ അറിവു് ജനങ്ങൾക്കു് കൂടുതൽ കൂടുതലായി പ്രദാനം ചെയ്യുന്നതിനും, കൂദാശകളിലേക്കു അവരെ ആകർഷിച്ചു സാന്മാർഗ്ഗിക ജീവിതത്തിൽ ഉറപ്പിക്കുന്നതിനും അദ്ദേഹം ബദ്ധശ്രദ്ധനാണു്. ദിവസവും വൈകിട്ടു് കുട്ടികൾക്കായി വിനോദത്തിനു വേണ്ട ഏർപ്പാടുകളും അതിന്നിടയിൽ യഥാക്രമം മതപഠനത്തിനുപയുക്തമായ പദ്ധതികളും സമ്യക്കായി ക്രമീകരിച്ചിരിക്കുന്നു. അവരുടെ ആഹ്ലാദവും ഉന്മേഷവും പ്രവർത്തനസന്നദ്ധതയും തന്മൂലം വേഗത്തിൽ വർദ്ധിച്ചുവരുന്നുണ്ടു്. ചുരുക്കം ചില യാഥാസ്ഥിതികമനസ്ഥിതിക്കാർ ഇതേപ്പറ്റി പിറുപിറുക്കാതെയും ഇരിക്കുന്നില്ല. അതു ലോകസഹജമാണല്ലോ.

പത്രോസച്ചന്റെ പഠനക്കളരിയുടെ ഒരു രംഗമാണു് ഇപ്പോൾ നടക്കുന്നതു്.

നേരം സായാഹ്നം അഞ്ചുമണിയോടടുത്തു. ഹൈസ്ക്കൂൾ ക്ലാസുകളിലെ ഒരു കൂട്ടം വിദ്യാർത്ഥികൾ കളിസ്ഥലം വിട്ടു ധൃതഗതിയിൽ പള്ളിമേടയെ ലക്ഷ്യമാക്കി ഓടിവരുന്നു. ഉല്ലാസഭരിതരായ അവരുടെ ഒച്ചപ്പാടുകൾ ബാലസഹജംതന്നെ. എന്നാൽ പള്ളിയുടെ മതിൽക്കകത്തു പ്രവേശിച്ചപ്പോൾ അവരെല്ലാം നിശ്ശബ്ദരായി ആദരപൂർവ്വം പള്ളിയിൽ പ്രവേശിച്ചു തിരുസക്രാരിയിൽ സ്നേഹബദ്ധനായി കാത്തിരിക്കുന്ന ദിവ്യ ഈശോയെ സന്ദർശിച്ചശേഷം അവർ പുറത്തിറങ്ങി. തന്റെ കൊച്ചുചങ്ങാതിമാരെ പ്രതീക്ഷിച്ചു സുസ്മേരവദനനായി പത്രോസച്ചൻ പള്ളിമുറിയുടെ അങ്കണത്തിൽതന്നെ നിൽക്കുന്നുണ്ടു്. ആരെയും വശീകരിക്കുന്ന അദ്ദേഹത്തിന്റെ പുഞ്ചിരി അവർക്കു ഹാർദ്ദമായ സ്വാഗതമരുളി. ഈശോയുടെ നാമത്തിൽ അദ്ദേഹത്തോടു അവർ വന്ദനം പറഞ്ഞു കഴിഞ്ഞതോടെ ആരവം ഉയർന്നു. അതിനിടയിൽ കേൾക്കാം ജോണിയുടെ ചെറിയ സ്വരം "അച്ചാ, ഇന്നു വല്ലാതെ വിശക്കുന്നു" എന്നു്.

ഫാദർ പീറർ: (ജോണിയോടു്) എന്താ ചെയ്യുക, മകനെ, ആ കൊച്ചു തീച്ചൂള നമുക്കു തമ്പുരാൻ തന്നതല്ലേ?

ജോസ്: കുറച്ചു വിറകിട്ടു കൊടുത്താൽ മതി. അതു അതിന്റെ പാടു നോക്കിക്കൊള്ളും.

പലരും: അതു നല്ല പ്ലാനാണു്. ഞങ്ങളെല്ലാം സമ്മതിച്ചു.

ഫാ. പീ: കൊള്ളാം. പക്ഷെ വിറകിനെവിടെ പോകും? (കുട്ടികൾ മുറിയുടെ അകത്തേക്കു ചൂണ്ടിക്കാണിക്കുന്നു.) നിങ്ങൾ സൂത്രക്കാരാണു്. (വിളിക്കുന്നു) മുത്തപ്പാ.

പൌലോ മുത്തപ്പൻ: (അകത്തുനിന്നു്) എന്തോ!

പൌലോ മൂപ്പിില പത്രോസച്ചന്റെ വിശ്വസ്ത സേവകനാണു്. അച്ചൻ പുത്തൻകുർബ്ബാന കഴിഞ്ഞപ്പുഴേ കൂടിയതാണു്. അച്ചനുവേണ്ടി എന്തു ബുദ്ധിമുട്ടു ചെയ്യുന്നതും കാരണ

വക്കു ബഹുസന്തോഷംതന്നെ. അച്ചനെ നിർബന്ധിച്ചു പോലും സമയാസമയങ്ങളിൽ ഭക്ഷണം കഴിപ്പിക്കുന്നതിനും നിശ്ചിത ദിവസങ്ങളിൽ എണ്ണക്കുളി മുതലായ മററു ദിനചര്യകൾ നടത്തിക്കുന്നതിനും മൂപ്പിലയ്ക്കുള്ള ശ്രദ്ധയും വൈഭവവും അനന്യസാധാരണമാണു്. ചുരുക്കിപ്പറഞ്ഞാൽ പൌലോ മൂപ്പില പത്രോസച്ചന്റെ ഒരു വലിയ നേട്ടമോ ഭാഗ്യമോ ആയി കരുതാം. വെറും ശമ്പളത്തിനുവേണ്ടി കൂടുന്ന വേലക്കാരുടെ സമ്പ്രദായങ്ങൾകൊണ്ടു നരകിക്കുന്ന വൈദികസഹോദരന്മാർ പലപ്പോഴും പത്രോസച്ചനെ അസൂയപ്പെടാറുണ്ടു്. എന്നാൽ ഒരു കാര്യത്തിൽമാത്രം മൂപ്പിലയ്ക്കു അച്ചനെ സംബന്ധിച്ചു തീർത്താൽ തീരാത്ത പരാതിയുണ്ടു്. അച്ചൻ എല്ലാവർക്കും അതിസ്വാതന്ത്ര്യം കൊടുക്കുന്നു; ഉള്ളതെല്ലാം വാരിക്കൊടുക്കുന്നു! ഈ കാര്യത്തിൽ വരുമ്പോഴാണു് മൂപ്പിലയുടെ ക്ഷമ മുഴുവൻ പോകുന്നതു്. അപ്പോൾ മുഖം കറുക്കും; പല്ലിറുമ്മും; പിറുപിറുക്കും; ശകാരിക്കും ഇങ്ങനെ പല ഹാലിളക്കങ്ങളും ഉണ്ടാകും.

ഇങ്ങനെയുള്ള ഒരവസരമാണു് പ്രകൃതത്തിൽ നാം കാണുന്നതു്. പത്രോസച്ചന്റെ വിളികേട്ടപ്പോൾതന്നെ സംഗതി മനസ്സിലാക്കിയ മൂപ്പില അടക്കിയിട്ടു അടങ്ങാത്ത ഈർഷ്യയോടുകൂടി പിറുപിറുത്തുകൊണ്ടാണു വരവു്. "ആ ശനികളെല്ലാം വലിഞ്ഞു കയറി വന്നുകഴിഞ്ഞു. തൊടങ്ങിതൊഴ്കേടു്. കുടുമ്പത്തെങ്ങും സ്ഥലമില്ലാഞ്ഞിട്ടു പോരും ഇങ്ങോട്ടു്, ഒളിയിടാനും, തട്ടിത്തിന്നാനും. ഇന്നു ഞാൻ എല്ലാത്തിനേം തീററിക്കയക്കാം. കാണാമല്ലോ." പൌലോ മൂപ്പില വന്നു ക്രുദ്ധമുഖവുമായി എവിടേയോ നോക്കി നിന്നു്, "എന്താ അച്ചാ വിളിച്ചതു്?"

ഫാ. പീ: മുത്തപ്പാ, ഈ പിള്ളേരു പറയുന്നു, അവക്കു വല്ലാതെ വിശക്കുന്നു എന്നു്.

പൌ മൃ: അതു ശരിയായിരിക്കും. അഞ്ചെട്ട നാഴികയായി ആ പറമ്പിൽ കിടന്ന എല്ലാംകൂടി തേങ്ങാ പോലത്തെ ആ പന്തിട്ട തട്ടുന്നു. മക്കൾ വേഗം വീട്ടിൽപ്പോയി വല്ലതും കഴിച്ചോ. കൊച്ചിങ്ങളല്ലേ, നല്ലോണം വിശക്കും.

ജോസ്: ഉപ്പാപ്പാ, വീട്ടിൽ പോകാനോ? അതു പറവുകയില്ല. ഇനി രണ്ടു മണിക്കൂർ കഴിയണം, പോകണമെങ്കിൽ. ഇപ്പോൾ ഉപ്പാപ്പൻ വല്ലതും തരണം.

പൌ മൃ: എൻെറ മോനെ, മോനിങ്ങനെ പറഞ്ഞാലോ! നോക്കണേ, വക്കീൽ സാറിൻെറ തങ്കക്കുടം; അമ്മ ഇപ്പോൾ കാപ്പീം പലഹാരോം കാത്തുവച്ചു നോക്കിക്കൊണ്ടിരിക്കയായിരിക്കും.

ജോസ്: അതു പിന്നീടാകാം. ആദ്യം ഉപ്പാപ്പൻെറ വക.

ഫാ പി: മുത്തപ്പാ, പഴമെല്ലാം തീർന്നോ?

പൌ. മൃ: എൻെറച്ചോ! ഇന്നലേ ആ പിള്ളേരു് അങ്ങോട്ട കടന്നിട്ടു്! ആന കരിമ്പുംതോട്ടത്തിൽ കയറിയപോലെ എന്നു കേട്ടിട്ടുണ്ടു്. ഉരിയലും തിന്നലും; തൊലികൊണ്ടു് തമ്മിൽ തമ്മിൽ ഏറും. കണ്ണടച്ചു ഞാൻ അവിടന്നു വേഗം പോയി. പിന്നെ ചെന്നു നോക്കിയപ്പോൾ വെറും കുല മാത്രം. അതല്ലേ, ഊണിനു പഴമില്ലാഞ്ഞതു്.

ഫാ. പി: അങ്ങിനെയാണോ? എന്നാൽ മുത്തപ്പൻ അകത്തു പോയി ആ ബിസ്കറ്റു പാട്ട ഇങ്ങോട്ട എടുത്തുകൊണ്ടുവാ. പിള്ളേരല്ലേ, എന്തെങ്കിലും ഒരു തമാശു വേണ്ടേ?

പൌ മൃ: (പിറുപിറുത്തും സംശയഭാവത്തിൽ നിന്നും നടന്നും) നല്ല പണിയാണു്. എന്നെക്കൊണ്ടു ആവൂല്ല. ഇതിനൊന്നും. ഇന്നു അതും തീർക്കും. വല്ലവരും വേണ്ടപ്പെട്ടവർ വരുമ്പോൾ ഞാനല്ലെ പരക്കം പായുന്നതു്. എന്തെങ്കിലും കാണിക്കട്ടെ.

ചുരുക്കത്തിൽ മൂപ്പിലയുടെ പ്രത്യാഗമനത്തോടുകൂടി ഉല്ലാസഭരിതമായ ഒരു മധുരപലഹാര വിതരണം നടന്നു. പിറുപിറുത്തുകൊണ്ടു തന്നെ പൌലോ മൂപ്പില മറുപുറത്തേക്കു മറഞ്ഞു.

മണി അഞ്ചടിച്ചു പലരും ഒരു സ്വരത്തിൽ "അച്ചൻ, ടയിം" എന്നറിയിച്ചു.

ഫാ: പീ: എല്ലാവരും പൂമുഖത്തേയ്ക്കു കടന്നിരിക്കുവിൻ. നമുക്കു സ്റ്റഡി സർക്കിൾ ആരംഭിക്കാം.

അവരെല്ലാം നിശ്ശബ്ദരായി അവരവരുടെ സ്ഥാനം പിടിച്ചു. ഫാദർ പീററർ ഒരു ചെറുപ്രാൎത്ഥനയോടുകൂടി പരിപാടി ആരംഭിച്ചു.

ജോണി: അച്ചാ, ഇന്നുച്ചയ്ക്കു നമ്മുടെ ജോസും ബേബിയുമായി ഒരു "പൊരിഞ്ഞ" തൎക്കം.

ഫാ: പീ: ഏതു ബേബിയുമായിട്ട്.

ജോണി: മാമൻ വക്കീലിൻെറ മകൻ ബേബി.

ഫാ: പീ: എന്തു കയ്യത്തെപ്പററിയായിരുന്നു തൎക്കം?

ജോണി: മതത്തെക്കുറിച്ചുതന്നെ. ഏതെങ്കിലും ഒരു മതം മതി; അതിൽ നല്ലവണ്ണം ജീവിക്കണം. അതാണ് വേണ്ടതു് എന്നു ബേബി. സാക്ഷാൽ സത്യമതം ഒന്നേ ഉണ്ടാകാവൂ; അതനുസരിച്ചു ജീവിക്കണം; അതാണു ഒഴിക്കാൻ പാടില്ലാത്ത കടമ എന്നു ജോസും. കഴിഞ്ഞ ക്ലാസ്സിൽ അച്ചൻ പറഞ്ഞിരുന്ന സംഗതികളെ ഓൎത്തു ഞങ്ങളും വാദിച്ചു.

ഫാ: പീ: അവസാനം എങ്ങനെ കലാശിച്ചു.

ജോണി: ന്യായങ്ങൾ പറഞ്ഞു ബേബിയെ ഞങ്ങൾ ഒരുവിധം മട്ടിച്ചു. അപ്പോഴേയ്ക്കു ക്ലാസ്സിൽ മണിയടിച്ചു.

ഫാ. പീ: എന്താ, ജോസെ, തൎക്കത്തിൽ എന്താണു ജോസിനുണ്ടാ ു അനുഭവം?

ജോസ്: ഓരോ ന്യായങ്ങൾ പറഞ്ഞു നിശ്ചിത അനുമാന ത്തിലേയ്ക്കു വരാൻ ചിലപ്പോഴെല്ലാം വിഷമിച്ചുപോയി. കൂട്ടുകാരുടെ സഹായം കൊണ്ടു പലതും ഓർമ്മവന്നു. അ ച്ചൻ ഇന്നലെ ക്ലാസ്സിൽ പറഞ്ഞപ്പോൾ അതെല്ലാം നല്ലവണ്ണം മനസ്സിലായപോലെ തോന്നി. പറഞ്ഞുവന്ന പ്പോഴല്ലേ, ഒരു തപ്പൽ!

ഫാ. പി: അതു സാരമില്ല. പരിചയം കൊണ്ടുവേണം അതു മാറാൻ. അതുകൊണ്ടുതന്നെയാണ് പണ്ഡിതന്മാർ പറയുന്നതു്, പഠിപ്പിക്കുകയാണ് പഠനം പൂർത്തിയാക്കാ നുള്ള മാർഗ്ഗമെന്നു്. നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കിയി ട്ടുള്ള വിഷയങ്ങളെപ്പററി തർക്കിക്കുന്നതു നല്ലതാണ് എ ന്നാൽ പഠിക്കാത്ത കാര്യങ്ങളെ സംബന്ധിച്ചു തർക്കിക്ക രുതു്. മാത്രമല്ല തർക്കത്തിൽ ഞാൻ പറഞ്ഞുതന്നിട്ടുള്ള ശാസ്ത്രവിധികൾ മറന്നുകളയരുതു് അതു വെറും വാ ഗ്വാദമായി പരിണമിക്കരുതു്. തർക്കത്തിൽ നമ്മുടെ വാ ദം ജയിക്കട്ടെ, ജയിക്കാതിരിക്കട്ടെ; എതിരാളി അതു സമ്മതിക്കട്ടെ, സമ്മതിക്കാതിരിക്കട്ടെ, ശാന്തതയും സ ഹിഷ്ണുതയും ഒരിക്കലും കൈവെടിയരുതു്.

ജോസ്: ന്യായം പറഞ്ഞിട്ട് സമ്മതിക്കാതെ മുട്ടുയുക്തികൾ പറയുമ്പോൾ ദേഷ്യം വന്നുപോകുന്നു. എങ്കിലും അച്ച ൻ തന്നിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുതന്നെ ഞങ്ങൾ പ്രവർത്തിച്ചു.

ഫാ. പി: ആ വിഷയത്തിൽ എന്തെങ്കിലും നിങ്ങൾക്കു കൂടു തൽ മനസ്സിലാവാനുണ്ടോ?

ജോസ്: പ്രത്യേകമായി ഒന്നും തോന്നുന്നില്ല. എങ്കിലും ക ഴിഞ്ഞ ദിവസം അച്ചൻ പറഞ്ഞതായ കാര്യങ്ങളെ ഒന്നു ചുരുക്കി പറഞ്ഞുതരുന്നതായാൽ അതു പിന്നീട് ഓർമ്മിക്കുന്നതിനു് എളുപ്പമുണ്ടാകുമെന്നു തോന്നുന്നു.

ഫാ പീ: അതെ, അതുതന്നെയാണു് ഇന്നു ആദ്യമായി ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നതു്. നാം പ്രതിപാദിക്കുന്ന കാര്യങ്ങൾ എപ്പോഴും വിശദവും സ്പഷ്ടവുമായിരിക്കണം. അടിസ്ഥാനതത്വങ്ങൾ പ്രത്യേകിച്ചും എത്ര സ്പഷ്ടതരമാക്കാൻ നമുക്കു കഴിയുമോ, അനന്തര നിഗമനങ്ങളും അത്രയ്ക്കു കൂടുതൽ വിശദമായിരിക്കും. മൂലതത്വങ്ങളെപ്പററിതന്നെ കുഴപ്പമായാൽ സർവ്വത്ര കുഴപ്പമായിരിക്കും അനുഭവം.

ആദ്യമായി മതമെന്ന വാക്കിൻെറ അർത്ഥവിവക്ഷയെപ്പററിയാണു നാം പ്രതിപാദിച്ചതു്. എന്താണു് മതം എന്നവാക്കിൻെറ വിവക്ഷ, പാൾ?

പാൾ: ദൈവവും മനുഷ്യനുമായുള്ള ബന്ധമാണു് മതം.

ഫാ. പീ: അതെ, സ്രഷ്ടാവായ ഒരു ദൈവം, സൃഷ്ടിയായ മനുഷ്യൻ, ഈ രണ്ടുഘടകങ്ങളെയും ബന്ധിക്കുന്നതു മതം, എന്നാണു് നാം ഈ വാക്കുകൊണ്ടു വിവക്ഷിക്കുന്നതു്. ജോസെ, ഞാനതു ഒന്നുകൂടി വിശദീകരിച്ചു ഒരു നിർവ്വചനം പറഞ്ഞതു് ഓർമ്മിക്കുന്നുണ്ടോ?

ജോസ്: ഉവ്വ്. സ്രഷ്ടാവായ ദൈവത്തെപ്പററി മനുഷ്യൻ അറിഞ്ഞു വിശ്വസിക്കേണ്ട സത്യങ്ങളുടെയും, അവിടുത്തെ നേക്കു് അനുഷ്ഠിക്കേണ്ട കടമകളുടെയും ശേഖരമാണു് മതം.

ഫാ. പീ: ആൻഡ്രൂ, ശാസ്ത്രജ്ഞന്മാരുടെ പൊതുസമ്മതി സിദ്ധിച്ചിട്ടുള്ള ഈ നിർവ്വചനത്തിൽ സ്പഷ്ടമായിട്ടുള്ള രണ്ടു കാര്യങ്ങൾ ഉണ്ടു് എന്നു ഞാൻ പറഞ്ഞു. അതു് ഏതെല്ലാമാണെന്നു ഓർമ്മിക്കുന്നുണ്ടോ?

ആൻഡ്രൂ: ഉണ്ടു്. മതത്തിൽ മനുഷ്യൻ വിശ്വസിക്കേണ്ട തത്വസംഹിത ഒന്നു്; അവൻ അനുവർത്തിക്കേണ്ട പ്രമാണശേഖരം മറെറാന്നു്.

ഫാ പീ: ശരി. ഇതാണു് മതശബ്ദത്തിൽ അടങ്ങിയിരിക്കുന്ന മൌലികതത്വങ്ങൾ. സത്യസ്വരൂപനായ ദൈവത്തിൻെറ സൃഷ്ടികളായ നാം അവിടുത്തേപ്പററി അറിഞ്ഞു വിശ്വസിക്കേണ്ട സത്യങ്ങളും അവിടുത്തെ നേക്കു അനുവത്തിക്കേണ്ട കടമകളെ വിശദമാക്കുന്ന പ്രമാണങ്ങളും കൂടിയാണു് മതമാകുന്നതു്.

പിന്നീടു് മതത്തിൻെറ രണ്ടു വിഭാഗങ്ങളെപ്പററി നാം പറഞ്ഞു. അതു് ഏതൊക്കെയാണെന്നു ഓക്കുന്നുണ്ടോ, ജെയിംസ്?

ജെയിംസ്: ഉവ്വ്. സ്വാഭാവിക മതം; അതിസ്വാഭാവിക അല്ലെങ്കിൽ ആവിഷ്കൃത മതം.

ഫാ. പീ: ഭേഷ്. സ്വാഭാവികമതം എന്നു പറഞ്ഞാൽ എന്താണു്, ജോണി?

ജോണി: മനുഷ്യൻ സ്വാഭാവികമായി അവൻെറബുദ്ധികൊണ്ടു് ദൈവത്തെപ്പററി ചിന്തിച്ചറിയുന്ന സത്യങ്ങളെയും, ദൈവത്തോടുള്ള അവൻെറ കടമകളെ ആസ്പദമാക്കി രൂപവൽക്കരിക്കുന്ന പ്രമാണങ്ങളെയും ഒരു സംഹിതയായി ക്രോഡീകരിക്കുന്നതു സ്വാഭാവിക മതമെന്നു പറയാം.

ഫാ. പീ: അതെ, സ്വാഭാവികമതത്തിൽ മനുഷ്യബുദ്ധിയുടെ പരിധിയെ അതിക്രമിക്കുന്ന സത്യങ്ങളൊ പ്രമാണങ്ങളൊ ഒന്നും ഉണ്ടായിരിക്കുകയില്ല. അതു മനുഷ്യനിമ്മിതമാണു്. ആകയാൽ മാനുഷിക ശക്തികളുടെ പരിധിക്കകത്തു മാത്രമെ അതു നിലകൊള്ളൂ. ജോസെ, അതിസ്വാഭാവിക മതത്തിൻെറ സ്വഭാവമെന്താണു്?

ജോസ്: ദൈവം വെളിപ്പെടുത്തിതന്നിട്ടുള്ള സത്യങ്ങളെയും പ്രമാണങ്ങളെയും ഉള്ളടക്കുന്നതാണു് അതിസ്വാഭാവികമതം.

൧൧. പി: അതെ, ദൈവംതന്നെ തന്നെസംബന്ധിച്ചോ അവിടത്തെ സൃഷ്ടികളെ സംബന്ധിച്ചോ നാമറിയുന്നതിന്നു ഇഷ്ടപ്പെടുന്ന സത്യങ്ങൾ നമുക്കു വെളിവാക്കിത്തരുന്നു; അതുപോലെതന്നെ നാം ഇന്നതിന്നതെല്ലാം പ്രവത്തിക്കണമെന്നു അവിടത്തെ ഇഷ്ടം നമ്മെ മനസ്സിലാക്കിതരുന്നു ഇവയെല്ലാം നാം വിശ്വസിക്കുകയും അനുവത്തിക്കുകയും ചെയ്യേണ്ടതല്ലെ? തീച്ചയായും. ഇതാണു നാം ആവിഷ്കൃതമതം അല്ലെങ്കിൽ വെളിപ്പെടുത്തപ്പെട്ടമതം എന്നു പറയുന്നതു്.

ഇവിടെ നാമൊന്നു പ്രത്യേകം ശ്രദ്ധിക്കണം. ദൈവം മനുഷ്യനു ഇപ്രകാരം ഒരു മതം വെളിപ്പെടുത്തി തന്നിട്ടുണ്ടെങ്കിൽ സ്വാഭാവികമതങ്ങൾക്കൊന്നിനും സ്ഥാനമില്ല. കാരണം, അവയുടെ എല്ലാം പൂത്തീകരണവും അവയേക്കാൾ എല്ലാം അതുല്യമായ മേന്മയും ഈ ദിവ്യമതത്തിനുണ്ടു്. മാത്രമല്ല, ദൈവം ഒരു മതം വെളിപ്പെടുത്തുമ്പോൾ എല്ലാ മനുഷ്യരും അതു അംഗീകരിക്കുന്നതിനുള്ള അനിവാര്യമായ ഒരു കടമയും അതിനാൽതന്നെ സംജാതമാകുന്നു. സ്രഷ്ടാവായ, പരമയജമാനനായ ദൈവം നാമവലംബിക്കേണ്ട മതം ഇന്നതെന്നു കാണിച്ചു തരുമ്പോൾ അതു ഭക്തിയോടെ സ്വീകരിച്ചനുവത്തിക്കാതെ ഗത്യന്തരമില്ലതന്നെ. ഇക്കാരണം കൊണ്ടാണു് മതകാര്യത്തിൽ നാം നിർബന്ധബുദ്ധികളായിരിക്കുന്നതു്. അറിവില്ലാത്തവർ ഇതു മക്കടമുഷ്ടിയാണു്, അസഹിഷ്ണുതയാണു് എന്നെല്ലാം പറയും.

ജോസ്: ഇതായിരുന്നു ഇന്നു ബേബിയുമായുണ്ടായ തക്കത്തിന്റെ പ്രധാന മമ്മം. ബേബി പറയും പലമതങ്ങൾ ഉണ്ടു്; അതിൽ ഏതെങ്കിലും ഒന്നു സ്വീകരിച്ചാൽ മതിയെന്നു്. അതുപോരാ, ദൈവം പഠിപ്പിച്ച മതംതന്നെ വേണം നാം അനുവത്തിക്കാൻ എന്നു ഞങ്ങളും.

ഫാ. പീ: അല്ലാ ജോസെ, ഇവിടെ അല്പംകൂടി ചിന്തിക്കാനുണ്ടു്. ബേബിയുടെ വാദം സ്വാഭാവികമതത്തെയും അതിസ്വാഭാവികമതത്തെയും കുറിച്ചായിരിക്കയില്ല. അതിസ്വാഭാവിക മതമെന്നു അഭിമാനിക്കുന്നതിൽതന്നെ വളരെ അവാന്തരവിഭാഗങ്ങളുണ്ടു്. ഉദാഹരണമായി ക്രിസ്ത്യാനികളെല്ലാം ക്രിസ്തു ദിവ്യനായ ഒരു മതസ്ഥാപകനാണെന്നു സമ്മതിക്കുന്നു. ലോകത്തിനു് അവിടുന്നു് ഒരു മതം പഠിപ്പിച്ചു. ആ മതത്തിൽതന്നെ ഇന്നു അനേകമനേകം പരസ്പരവിരുദ്ധങ്ങളായ സഭകളുണ്ടു്. ഇവയിൽ ഏതെങ്കിലും ഒന്നുമതി എന്നേ ആയിരിക്കയുള്ളു ബേബിയുടെ വാദം.

ജോണി: അതെ, അതാണു് ബേബി വാദിച്ചതു്.

ഫാ. പീ: ആ വാദത്തിലേയ്ക്കു നാമിപ്പോൾ കടക്കേണ്ട. അതു സാവധാനത്തിൽ വരും. നാമിപ്പോൾ പറയുന്നതു് ആവിഷ്കൃത മതത്തിൻെറ സ്ഥാനത്തേയും മേന്മയേയും പററിയാണു്. അതിൽനിന്നുള്ള പൊതുവായ ഒരു നിഗമനമാണു് മതനിഷ്പക്ഷത—ഏതെങ്കിലും ഒരു മതം മതി എന്നുള്ള മനോഭാവം—അസാധുവും ഗർഹണീയവുമാണു് എന്നുള്ളതു്.

ആവിഷ്കൃതമതത്തിൻെറ ഒരു സ്വഭാവവിശേഷത്തെപ്പററിയും ഞാൻ പറയുകയുണ്ടായി. അതാരെങ്കിലും ഓർമ്മിക്കുന്നുണ്ടോ?

പാൾ: ഉവ്വ്. ആവിഷ്കൃതമതത്തിൽ രഹസ്യങ്ങളുണ്ടാകും.

ഫാ. പീ: അതെ, ദൈവം വെളിപ്പെടുത്തിത്തരുന്ന സത്യങ്ങളെല്ലാം നമ്മുടെ പരിമിതമായ ബുദ്ധിക്കു വിധേയമായിരിക്കണമെന്നില്ല. യഥാർത്ഥത്തിൽ അങ്ങിനെയല്ലതാനും. അവിടുന്നു നമ്മുടെ ബുദ്ധിക്കു് അജ്ഞേയമായ നിരവധി സത്യങ്ങൾ വെളിവാക്കിതന്നിട്ടുണ്ടു്. അവയെ ഗ്രഹി

ക്കാൻ നമുക്കു സാധിക്കാത്തതുകൊണ്ടു നാമവയെ രഹസ്യങ്ങൾ എന്നു പറയുന്നു. ഉദാഹരണമായി ദൈവത്തിന്റെ സത്തയെ സംബന്ധിച്ച "ഏകത്വവും ത്രിത്വവും" എന്ന ഒരു പരമരഹസ്യം ഉണ്ട്. ദൈവം ഒന്നേ ഉള്ളു എന്നും ദൈവത്തിൽ മൂന്നാളുണ്ട് എന്നും അവിടുന്നു വെളിപ്പെടുത്തിയിരിക്കുന്നു; നാമതു വിശ്വസിക്കുന്നു. കൂടുതൽ അതേപ്പററി ഗ്രഹിക്കുന്നതിനു പരിമിതമായ നമ്മുടെ ബുദ്ധിക്കു അശക്യമാണു്. ഈദൃശസത്യങ്ങൾ ആവിഷ്കൃതമതത്തിൽമാത്രമേ കാണുകയുള്ളൂ. ആവിഷ്കൃതമതത്തെ കുറിക്കുന്ന ഒരു ലക്ഷണമായി വിവേചനാപൂർവ്വം അവയെ നമുക്കു സ്വീകരിക്കാവുന്നതാണു്.

ഇങ്ങനെ ചുരുക്കത്തിൽ മതശബ്ദത്തിന്റെ വിവക്ഷ എന്താണെന്നും, അതിൽനിന്നു അവശ്യം നിഗമിക്കുന്ന രണ്ടു കാര്യങ്ങളാണു് തത്വസംഹിതയും പ്രമാണശേഖരവുമെന്നും, തത്വസംഹിതയേയും പ്രമാണങ്ങളേയും സംബന്ധിച്ച അവ സ്വാഭാവികങ്ങളൊ അതിസ്വാഭാവികങ്ങളൊ ആകാമെന്നും, ഇങ്ങനെ മതത്തിൽ സ്വാഭാവികമതം, അതിസ്വാഭാവികമതം എന്ന രണ്ടു ഉൾപിരിവുകളുണ്ടെന്നും, അതിസ്വാഭാവിക മതത്തിന്റെ സാന്നിദ്ധ്യത്തിൽ സ്വാഭാവികമതം നിഷ്പ്രഭവും ഉദ്ദേശ്യസിദ്ധിക്കു് അപര്യാപ്തവും ആയിത്തീരുന്നു എന്നും, ആവിഷ്കൃത സത്യങ്ങളിൽ മനുഷ്യബുദ്ധിക്കു് അഗ്രാഹ്യങ്ങളായ സത്യങ്ങൾ ഉൾപ്പെടുക സ്വാഭാവികവും ഒരുവിധത്തിൽ ആവശ്യകവുമാണെന്നും നാം മനസ്സിലാക്കുന്നു.

# ക്രിസ്തുമതം

അടുത്തതായി ഞാൻ പ്രതിപാദിക്കാൻ പോകുന്നതു ക്രിസ്തുമതത്തെപ്പററിയാണ്. ക്രിസ്തുമതത്തെ സംബന്ധിച്ച നമുക്കുള്ള പ്രമാണരേഖയാണ് വിശുദ്ധ ഗ്രന്ഥം. ക്രിസ്തുവിനുമുമ്പുള്ള മതചരിത്രത്തെ ക്രോഡീകരിക്കുന്ന പഴയനിയമമെന്നും ക്രിസ്തുവിൻെറ ചരിത്രത്തെയും അവിടുന്നു സ്ഥാപിച്ച സഭയുടെ പ്രാരംഭദശയെയും പരാമർശിച്ചുള്ള പുതിയനിയമമെന്നും ഇതിനു രണ്ടു ഭാഗങ്ങളുണ്ടു്. വിശുദ്ധഗ്രന്ഥം അല്ലെങ്കിൽ ബൈബിൾ എന്നു പറയുന്നതു് ഒരു ഗ്രന്ഥകർത്താവിനാൽതന്നെ വിരചിതമായ ഒരു പുസ്തകം മാത്രമാണ് എന്നു നിങ്ങൾ തെററിദ്ധരിക്കയില്ലല്ലോ. അതു പലേകാലങ്ങളിൽ പലേഗ്രന്ഥകർത്താക്കന്മാർ എഴുതിയിട്ടുള്ള പലേ ഗ്രന്ഥങ്ങളുടെ ഒരു സമാഹാരമാണ്. ഇങ്ങനെ പഴയനിയമത്തിൽതന്നെ 46 ഗ്രന്ഥങ്ങളും പുതിയനിയമത്തിൽ 27 ഗ്രന്ഥങ്ങളും ചേർന്നുള്ള ഒരു ഗ്രന്ഥസമുച്ചയത്തെയാണ് നാം വിശുദ്ധഗ്രന്ഥം എന്നു പൊതുവിൽ പറയുന്നതു്. നമ്മുടെ പ്രതിപാദ്യവിഷയമായ ആവിഷ്കൃതമതത്തിൻെറ ഒരു ചരിത്രസംഗ്രഹമാണ് ഇതിൻെറ ഉള്ളടക്കം. അതിൽ വെറും ചരിത്രപരമായ വിവരണങ്ങളും, നിയമപരമായ നിർദ്ദേശങ്ങളും തത്വപ്രബോധകങ്ങളായ പ്രതിപാദനങ്ങളും, പ്രവചനപരമായ പ്രസ്താവങ്ങളും അടങ്ങിയിട്ടുണ്ടു്. ഈ ഗ്രന്ഥം ഇതഃപര്യന്തം എന്തുമാത്രം വടംവലികൾക്കാണ് നിദാനമായിട്ടുള്ളതെന്നു പറഞ്ഞുതീർക്കാൻ വിഷമമാണു്. ഓരോ ക്രൈസ്തവ മതവിഭാഗക്കാരും അതിനെ അവരുടെ നില നീതീകരിക്കുന്നതിനു് ഉപകരണമാക്കാൻ ശ്രമിക്കുന്നു. എന്നാൽ യഥാർത്ഥസത്യം ഒന്നേ ഉണ്ടാകാവൂ എന്നും, ആ വിശിഷ്ടമായ ആ സത്യത്തെ വ്യഭിചരിപ്പിക്കാതെ അതിൻെറ സാക്ഷാത്തായ അറിവിലാണ് നമ്മുടെ നിത്യരക്ഷ ആശ്രയി

ച്ചിരിക്കുന്നതെന്നും മനസ്സിലാക്കുമ്പോൾ ഇക്കാര്യത്തിൽ എത്ര ശ്രദ്ധയോടെ നാം പ്രവർത്തിക്കുന്നതിനു ബാദ്ധ്യസ്ഥരാണു് എന്നു് സ്വയം വിശദമാകുന്നു.

കത്തോലിക്കരായ നമ്മുടെ ഇക്കാര്യത്തിലുള്ള നില അപ്രതിരോദ്ധ്യമാണു്. നാം വേദപുസ്തകത്തിനു വേണ്ടത്ര വില കല്പിക്കുന്നില്ല എന്നും, വേദപുസ്തകം വായിക്കാൻ സഭ കത്തോലിക്കരെ മുടക്കിയിരിക്കുന്നു എന്നും മററും വൃഥാ കത്തോലിക്കരല്ലാത്തവർ തെററിധരിച്ചും തെററിധരിപ്പിച്ചും വാദകോലാഹലം മുഴക്കുന്നുണ്ടു്. അതെല്ലാം വെറും ജല്പനങ്ങളും കേവലം അസത്യപ്രസ്താവങ്ങളുമാണു്. തിരുസഭയാണു് വേദപുസ്തകത്തെ കാലത്തിൻെറ നാശമോശങ്ങളിൽനിന്നും ശത്രുക്കളുടെ കൈയേററങ്ങളിൽനിന്നും, ദുർബ്ബുദ്ധികളുടെ വ്യഭിചരണത്തിൽനിന്നും സശ്രദ്ധം സംരക്ഷിച്ചുകൊണ്ടുപോരുന്നതു്. ഇന്നത്തെപ്പോലെ അച്ചടിയന്ത്രങ്ങളും മററും ഇല്ലാതിരുന്ന ആദ്യയുഗങ്ങളിൽ അന്നത്തെ കത്തോലിക്കാ സന്യാസ സമൂഹങ്ങളാണു് അവരുടെ ആയുഷ്കാലം മുഴുവനും വേദപുസ്തകഗ്രന്ഥങ്ങളെ പകർത്തി സൂക്ഷിക്കുന്നതിൽ ചിലവഴിച്ചിരുന്നതു്. അക്കൂട്ടരുടെ നിസ്തന്ദ്രപരിശ്രമമല്ലായിരുന്നെങ്കിൽ ഇന്നു വേദപുസ്തക ഗ്രന്ഥങ്ങളിൽ എത്രയോ എണ്ണം നശിച്ചു നാമാവശേഷമായിപ്പോയേനെ എന്നു ആരറിഞ്ഞു. മാത്രമല്ല, ഔദ്യോഗികമായി ലോകത്തെ പഠിപ്പിക്കുന്നതിനു യേശുക്രിസ്തുവിനാൽ നിയോഗിക്കപ്പെട്ട കത്തോലിക്കാസഭയാണു് വേദപുസ്തകഗ്രന്ഥങ്ങളെ ചരിത്രപരമായും വേദപ്രബോധനപരമായും അതിനുള്ള സ്ഥാനത്തിൽ പ്രതിഷ്ഠിച്ചതും ആ നിലയിൽ അഭംഗമായി തുടരുന്നതിനു് അതിനെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതും. ഈ ഭാഗം ഞാൻ പിന്നീടു് വിശദമാക്കിത്തരാം. വേദപുസ്തകത്തിൽനിന്നു ആവിഷ്കൃതമായ മതത്തെ കണ്ടുപിടിക്കുകയാണു് ഇപ്പോൾ നാം ചെയ്യേണ്ടതു്.

വേദപുസ്തകത്തെ ഒരു മതഗ്രന്ഥമായി പരിഗണിക്കുന്നതിന്നുമുമ്പുതന്നെ അതു് ഒരു യഥാൎത്ഥചരിത്രഗ്രന്ഥമാണു് എന്നു നാം മനസ്സിലാക്കണം. അതായതു ഈ ഗ്രന്ഥങ്ങൾ ഓരോന്നും അതതു ഗ്രന്ഥകാരന്മാരാൽ അതതു കാലത്തു എഴുതപ്പെട്ടു എന്നും, അവ കാൎയ്യമായ യാതൊരു വ്യത്യാസവും ചെയ്യപ്പെടാതെ, എഴുതപ്പെട്ടവിധത്തിൽ ഇന്നും നിലനില്ക്കുന്നു എന്നും, ഗ്രന്ഥകാരന്മാർ, അവർ രേഖപ്പെടുത്തിയിട്ടുള്ള കാൎയ്യങ്ങളെപ്പററി ശരിയായ അറിവുള്ളവരും അവയെ സത്യസന്ധതയോടുകൂടി പ്രതിപാദിക്കുന്നവരും ആയിരുന്നു എന്നും നാം ഗ്രഹിക്കേണ്ടതുണ്ടു്. ചരിത്രപഠനം ഈ സംഗതികൾ നമുക്കു ബോദ്ധ്യമാക്കിത്തരും. ഇന്നു നാം യാതൊരു സംശയലേശവും കൂടാതെ ചരിത്രഗ്രന്ഥങ്ങളായി സ്വീകരിക്കുന്ന പ്രാചീന കൃതികളെക്കാളെല്ലാം ശക്തിയുക്തങ്ങളായ തെളിവുകളാണു് വേദപുസ്തകഗ്രന്ഥങ്ങൾ സംബന്ധിച്ചുള്ളതു്. പഴയനിയമഗ്രന്ഥങ്ങൾ യഹൂദന്മാർ എത്ര പൂജ്യമായി പരിഗണിച്ചിരുന്നു എന്നും അവയെ സംബന്ധിച്ചു എന്തെങ്കിലും വ്യത്യാസങ്ങളൊ വഞ്ചനകളൊ എത്ര അസംഭവ്യങ്ങളായിരുന്നു എന്നും മനസ്സിലാകുമ്പോൾ അതിന്റെ ഭദ്രതയെപ്പററി യാതൊരു ആശങ്കയ്ക്കും സ്ഥാനമില്ലാതാകുന്നു. മാത്രമല്ല വേദപുസ്തകഗ്രന്ഥങ്ങളെ സംബന്ധിച്ചു സമകാലികങ്ങളായ ഇതരരേഖകളും വളരെ പ്രബലമായ സാക്ഷ്യങ്ങളാണു്. ഇപ്രകാരം യഥാൎത്ഥചരിത്രത്തിന്റെ സകല ലക്ഷണങ്ങളുംതികഞ്ഞ ഈ പ്രമാണരേഖകളിൽനിന്നാണു് ക്രിസ്തുമതത്തിലേയ്ക്കു നാം വരുന്നതു്.

രണ്ടാമതായി ചില ക്രിസ്തീയ മതവിഭാഗക്കാർ സ്വീകരിക്കുന്നതുപോലെ വിശുദ്ധ ഗ്രന്ഥത്തെ ഒരു നിൎജ്ജീവരേഖയായിട്ടു മാത്രമല്ല നാം കൈകാൎയ്യം ചെയ്യുന്നതു്. സത്യമതത്തെ മനുഷ്യരെ പഠിപ്പിക്കുന്നതിന്നു നിയുക്തമായ സജീവസഭയുടെ പ്രബോധനനികേതനമായിട്ടാണു് അതു നിലകൊള്ളു

ന്നതു്. സത്യമതത്തെപ്പററിയുള്ള പ്രബോധനങ്ങൾ വിശുദ്ധ ഗ്രന്ഥത്തിലും പാരമ്പര്യപാഠത്തിലും നിന്നെടുത്തു തിരുസഭ നമ്മെ പഠിപ്പിക്കുന്നു. ഇങ്ങനെ ഉത്തരവാദിത്വമുള്ള ഒരു നിയമവിധിയാളന്റെ കൈയിലുള്ള നിയമഗ്രന്ഥംപോലെയാണു് വിശുദ്ധഗ്രന്ഥത്തെ സഭ ഉപയോഗിക്കുന്നതു്. അതിന്റെ വിശദീകരണത്തിനും വ്യാഖ്യാനത്തിനും സഹായകമായി പാരമ്പര്യം എന്ന പ്രബലമായ ഒരുപാധികൂടെ സഭയ്ക്കുണ്ടു്. തിരുസഭയുടെ അപ്രമാദിത്വവരം ഞാനിവിടെ മനഃപൂർവ്വം പറയാതിരിക്കുന്നതാണു്. ഇങ്ങനെ ഒരു യഥാർത്ഥ ചരിത്രരേഖയും ക്രിസ്തുമതത്തിന്റെ പ്രമാണരേഖയുമായ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നു് ആ മതത്തിന്റെ ആവിഷ്കൃതസ്വഭാവം നമുക്കു മനസ്സിലാക്കാൻ ശ്രമിക്കാം.

പഴയ നിയമത്തെപ്പററി സമഗ്രമായി പറഞ്ഞാൽ അതു് ക്രിസ്തുമതത്തിന്റെ ഒരു കരടുചിത്രമെന്നോ, അതിലേക്കുള്ള ഒരു രംഗവിധാനമെന്നോ കരുതാം. ലോകസൃഷ്ടി, മനുഷ്യസൃഷ്ടി, മനുഷ്യവർഗ്ഗത്തിന്റെ അധഃപതനം, പരിത്രാണത്തെപ്പററിയുള്ള വാഗ്ദാനം, വാഗ്ദാനംചെയ്യപ്പെട്ട രക്ഷകനെ സംബന്ധിക്കുന്ന സാഹചര്യങ്ങളുടെ പ്രവചനപരമായ വിവരണങ്ങൾ, രക്ഷകന്റെ ആവിർഭാവത്തിനു നിയുക്തമായ ജനതയുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ ഇവയാണു പ്രസ്തുതഗ്രന്ഥങ്ങളിൽ ആദ്യന്തം പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്. രക്ഷകനെ സംബന്ധിച്ചു് ആവർത്തിച്ചാവർത്തിച്ചു ദൈവം ഗോത്രപിതാക്കന്മാൎക്കു നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ, അവിടുത്തെ ആവിർഭാവത്തിന്റെ കാലം, സ്ഥലം, സാഹചര്യങ്ങൾ, അവിടുത്തെ ജീവിതരീതി, പ്രവർത്തനഗതി, സർവ്വോപരി പീഡാനുഭവം, മരണം എന്നിത്യാദി വിഷയങ്ങൾ ഒരു ചിത്രത്തിലെന്നവണ്ണം സജീവമായി വിവരിക്കുന്ന ചരിത്രങ്ങളും പ്രവചനങ്ങളുമാണു് ഈ മഹാഗ്രന്ഥത്തിന്റെ കഥാതന്തു. അതി

ന്റെ മനോഹരമായ പൂർത്തീകരണമാണു് പുതിയ നിയമത്തിലെ ഓരോവരികളിലും അടങ്ങിയിരിക്കുന്നതു്.

ഇങ്ങനെ ഉദ്ദേശം രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു പലസ്തീനാ എന്ന ദേശത്തു ജീവിച്ചിരുന്ന ക്രിസ്തു എന്ന മഹാനായ ചരിത്രപുരുഷനിലേക്കു നാം എത്തുന്നു. അദ്ദേഹത്തിന്റെ ചരിത്രം ലോകത്തിന്റെ ചരിത്രമാണു്; അദ്ദേഹത്തിന്റെ കാലം ചരിത്രത്തിന്റെ അതിർത്തിക്കല്ലാണു്; അദ്ദേഹത്തിന്റെ ജീവിതരീതി ലോകോദ്ധാരണപരമാണു്; അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ ജീവസംദായകമാണു്. ക്രിസ്തുവിന്റെ ജീവിതപരിപാവനതയെപ്പററിയോ, പാണ്ഡിത്യപാരമ്യത്തെപ്പററിയോ, മാനവസ്നേഹദാർഢ്യത്തെപ്പററിയോ അപലപിക്കുന്നതിനു നീതിബോധമുള്ള ഒരുത്തനും സാധിക്കുന്നതല്ല. അവിടുന്നു സ്ഥാപിച്ച മതത്തെ നിർമ്മൂലമാക്കുന്നതിനു ബദ്ധകങ്കണരായി രംഗപ്രവേശം ചെയ്തിട്ടുള്ള കടുത്ത മതവിരോധികൾപോലും അവിടുത്തെ വ്യക്തിമാഹാത്മ്യത്തിൽ നമ്രശിരസ്കരായി വാനോളം പുകഴ്ത്തുന്നതിനു നിർബ്ബന്ധിതരായി തീർന്നിട്ടുണ്ടു്. മതവിരോധികളുടെ ഈദൃശ സാക്ഷ്യങ്ങൾ എത്രവേണമെങ്കിലും ഉദ്ധരിക്കാവുന്നതാണു്. അതിനാവശ്യമില്ലാത്തതുകൊണ്ടു വിട്ടുകളയുന്നു.

ക്രിസ്തുവിനെ ഒരു മതപ്രബോധകനായിട്ടാണു് സർവ്വോപരി നാം അറിയുന്നതു്. അദ്ദേഹം ഒരു മതം പഠിപ്പിച്ചു. ദൈവത്തേയും മനുഷ്യരേയും സംബന്ധിക്കുന്ന നിത്യസത്യങ്ങൾ അവിടുന്നു പലസ്തീനായിലെ ജനങ്ങൾക്കു സുവിശദമായി ഉപദേശിച്ചുകൊടുത്തു. പഴയനിയമഗ്രന്ഥങ്ങളിൽ അടങ്ങിയിരുന്ന ദിവ്യവെളിപാടുകളെ അദ്ദേഹം അവർക്കു വിശദീകരിച്ചു കൊടുക്കുകയും, അവയെപ്പററി അവർക്കുണ്ടായിരുന്ന തെററിദ്ധാരണകളെ തിരുത്തുകയും, പുതിയ നിർദ്ദേശങ്ങളെ കൂട്ടിച്ചേർത്തു ആ മതസംഹിതയെ പൂർത്തിയാക്കുകയും ചെയ്തു

ഇതാണ് അവിടുന്നു സ്ഥാപിച്ച മതം അഥവാ നാമറിയുന്ന ക്രിസ്തുമതം.

ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട പഴയനിയമത്തിലെ സത്യസംഹിതയെ ഇത്ര സ്വാതന്ത്ര്യമായി കൈകാര്യം ചെയ്യുന്നതിനു അദ്ദേഹത്തിനുള്ള അവകാശമെന്തായിരുന്നു എന്നു ഒരുപക്ഷേ ചിലർ സംശയിച്ചേക്കാം. അനധികൃതമായ ഒരു പ്രവൃത്തിയായിരുന്നില്ല അതു്. കാരണം ക്രിസ്തു ദൈവം മനുഷ്യനായി അവതരിച്ച ആളായിരുന്നു. അവിടുന്നു യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണ്. ഈ മഹാരഹസ്യത്തെ ലോകത്തിനു ധരിക്കത്തക്കവിധത്തിൽ അനന്തജ്ഞാനമായ ദൈവംതന്നെ വേണ്ടതു പ്രവർത്തിച്ചിരുന്നു. പഴയനിയമത്തിലെ നിരന്തരമായ ദൈവിക പ്രഖ്യാപനങ്ങളും പ്രവചനങ്ങളും ക്രിസ്തുവിൽ നിറവേറി. കൂടാതെ തന്റെ സ്വന്തപ്രവൃത്തികൾകൊണ്ടു് തന്റെ ദിവ്യത്വത്തെ അവിടുന്നു സംശയരഹിതമായി സ്ഥാപിച്ചു. മനുഷ്യശക്തിക്കു് അസാദ്ധ്യമായിട്ടുള്ളതും ദൈവത്തിനുമാത്രം സാദ്ധ്യമായിട്ടുള്ളതുമായ അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടു താൻ ദൈവമാണ് എന്നുള്ള പ്രസ്താവത്തെ അവിടുന്നു തെളിയിച്ചു. ഇങ്ങനെ അവിടുത്തേയ്ക്കുണ്ടായിരുന്ന സ്വതസിദ്ധമായ ദൈവികാധികാരം പ്രയോഗിച്ചാണ് വെളിപ്പെടുത്തപ്പെട്ടിരുന്ന സത്യങ്ങളെ ക്രമീകരിക്കുകയും, വിശദീകരിക്കുകയും, വേണ്ടതെല്ലാം പൂർത്തീകരിക്കുകയും ചെയ്തതു്. ക്രിസ്തുമതത്തിന്റെ ആവിഷ്കൃതസ്വഭാവം — അതിന്റെ ദിവ്യത്വം — എത്രവിശദവും, സംശയരഹിതവും, അധികൃതവുമാണെന്നു നോക്കുക. ക്രിസ്തുമതത്തെ അതിന്റെ ശരിയായ അടിസ്ഥാനത്തിന്മേൽ മനസ്സിലാക്കുന്നവർക്കുമാത്രമേ സത്യൈകമതത്തെപ്പററിയുള്ള യഥാർത്ഥ ജ്ഞാനമുണ്ടാകുകയുള്ളൂ. അവർക്കു മതവിശ്വാസത്തിന്റെ മാഹാത്മ്യവും അതിസ്വാഭാവികതയും ഗ്രഹിക്കുവാൻ സാധിക്കും. മതവിശ്വാസത്തെ സംബന്ധിച്ചുള്ള തെററിധാരണകളും

അന്ധതയും അവരുടെ മനസ്സിൽനിന്നും നീങ്ങി സത്യപ്രകാശം അവരുടെ ബോധത്തിൽ പ്രകാശിക്കും. ഇങ്ങനെ മനുഷ്യൻ വിശ്വസിച്ചു അനുവത്തിക്കുന്നതിനു ദൈവം വെളിപ്പെടുത്തിത്തന്നിരിക്കുന്ന മതം സാക്ഷാൽ ക്രിസ്തുമതമാണെന്നു വിശദമാകുന്നില്ലയോ?

ഈ വിഷയത്തിൽ നിങ്ങൾക്കു് ഏതെങ്കിലും ഭാഗങ്ങളെക്കുറിച്ചു കൂടുതൽ അറിയണമെന്നുണ്ടെങ്കിൽ ചോദിച്ചുകൊള്ളുക.

ജോണി: അച്ചാ, വേദപുസ്തകങ്ങളുടെ ആദ്യം എഴുതിയ ഗ്രന്ഥങ്ങൾ ഇപ്പോൾ എവിടെയുണ്ടു്?

ഫാ. പി: ജോണി, ആ ഗ്രന്ഥങ്ങൾ എത്ര പഴക്കമുള്ളവയാണെന്നറിയാമോ? അവയെല്ലാം കാലാന്തരത്തിൽ നശിച്ചുപോയി. അതിൽ ഒന്നിൻെറപോലും മൂലകൃതി ഇന്നു ലോകത്തിലില്ല. ഏററവും പ്രാചീനമായ മൂശയുടെ "പഞ്ചഗ്രന്ഥി" ക്രിസ്തുവിനു് ഏഴു നൂററാണ്ടു മുമ്പുവരെ ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ടു്. ചുരുക്കത്തിൽ വേദപുസ്തകഗ്രന്ഥങ്ങളുടെ ആദ്യപ്രതികൾ എന്നു നശിച്ചു എന്നോ എങ്ങിനെ നശിച്ചു എന്നോ ഖണ്ഡിതമായി പറയാൻ വേണ്ട തെളിവുകൾ ഇല്ല. അവ ഒന്നും ഇപ്പോൾ ഇല്ല എന്നുമാത്രം.

ജോണി: അങ്ങിനെയാണെങ്കിൽ ഇന്നുള്ള വേദപുസ്തകം ശരിയായിട്ടുള്ളതാണെന്നു് എങ്ങനെ അറിയാം?

ഫാ. പി: ഒരു ഗ്രന്ഥത്തിൻെറ മൂലകൃതി നമ്മുടെ കൈവശമുണ്ടെങ്കിൽ അതിൻെറ വേറൊരു പകപ്പു് അതിനോടു താരതമ്മ്യപ്പെടുത്തി നോക്കി ശരിയാണോ തെററാണോ എന്നറിയാം. അതു ഒരു മാർഗ്ഗം. എന്നാൽ മൂലകൃതി നഷ്ടപ്പെട്ടാലും നമ്മുടെ കൈവശമുള്ള ഒരു പുസ്തകത്തിൻെറ പകപ്പു ശരിയാണോ എന്നു നോക്കാൻ മാർഗ്ഗമില്ലേ? തീർച്ചയായും ഉണ്ടു്. ആ പുസ്തകത്തിൻെറ ഭാഷാരീതി, അതിലെ ശൈലികൾ മുതലായവ ശാസ്ത്രീയമാ

യി പരിശോധിച്ചാൽ അതിൻെറ കാലം നിർണ്ണയിക്കാൻ കഴിയും. അതു സമകാലീനന്മാരും അനന്തരകാലത്തുള്ളവരുമായ ഗ്രന്ഥകർത്താക്കന്മാർ പകർത്തുകയോ, ഉദ്ധരിക്കുകയോ, അതേപ്പററി പ്രതിപാദിക്കുകയോ ചെയ്യുന്ന രേഖകളിൽനിന്നു അതിൻെറ ഉള്ളടക്കത്തിൻെറ സ്വഭാവം മനസ്സിലാക്കാം. ഇങ്ങനെയുള്ള തെളിവുകൾ കൊണ്ടല്ലേ നാം ഓരോപുസ്തകങ്ങളുടേയും ചരിത്രയാഥാർത്ഥ്യം തെളിയിക്കുന്നതു്? അതുപോലെ വേദപുസ്തകത്തിലെ ഓരോ ഗ്രന്ഥത്തെപ്പററിയും ഏററം അവഗാഢമായ പഠനം നടത്തിയതിനുശേഷം അതിൻെറ ചരിത്രയാഥാർത്ഥ്യത്തെ ഉറപ്പിച്ചുകൊണ്ടാണു് തിരുസഭ ഈ ഗ്രന്ഥാവലിയെ വേദപുസ്തകശേഖരമായി പ്രഖ്യാപിച്ചിട്ടുള്ളതു്. തിരുസഭയുടെ അപ്രമാദിത്വം ഇതിനെ സംശയരഹിതമാക്കി ചെയ്യുന്നുമുണ്ടു്.

ജെയിംസ്: അപ്പോൾ അകത്തോലിക്ക വിഭാഗങ്ങൾക്കു വേദപുസ്തകം ഏതെല്ലാമാണെന്നു് എങ്ങനെ അറിയാൻ കഴിയും?

ഫാ. പി: അവരും മറേറാരോ ഗ്രന്ഥങ്ങളുടെ യാഥാർത്ഥ്യം അറിയുന്നതിനുപയോഗിക്കുന്ന നിയമങ്ങൾകൊണ്ടു ഇതു മനസ്സിലാക്കും. പക്ഷെ പല വിഭാഗക്കാർക്കും ഇതു വളരെ വിഷമത ഉണ്ടാക്കുന്ന ഒരു കാര്യമാണു്. പ്രത്യേകിച്ചു വേദപുസ്തകം മാത്രമാണു് വിശ്വാസത്തിനു ആധാരം എന്നു വാദിക്കുന്നവർ ഈ വിഷയത്തിൽ വലിയ അപകടത്തിലാണു് കുടുങ്ങിക്കിടക്കുന്നതു്. അവർ ഏകാവലംബമായികരുതുന്ന വേദപുസ്തകം അവർക്കു എവിടെനിന്നു കിട്ടി അതു ഒരുപക്ഷെ ശരിയായതല്ലെങ്കിലോ എന്നിത്യാദി ചോദ്യങ്ങൾ അവരെ കുഴപ്പത്തിലാക്കുകതന്നെ ചെയ്യും. നമുക്കോ എന്നാൽ വേദപുസ്തകത്തെ പരിശോ

ധിക്കുന്നതിനു പാരമ്പര്യവും അതേപ്പററി വിധിപറയു ന്നതിനു തിരുസഭയുമുണ്ടു്. നമ്മുടെ നില എത്ര സുരക്ഷി തവും യുക്തിയുക്തവുമാണെന്നു നോക്കുക.

ജോസ്: അച്ചൻ പറഞ്ഞു, പഴയനിയമം ക്രിസ്തുവിങ്കലേക്കു നമ്മെ ആനയിക്കുന്നു എന്നു്. പഴയനിയമത്തെ നാം ശരിയായി പഠിക്കുകയാണെങ്കിൽ ക്രിസ്തുവിനെ സംബ ന്ധിച്ചു വിശദമായ തെളിവുകൾ അവയിൽ കണ്ടുപി ടിക്കാം. എന്നാൽ യഹൂദന്മാർ പഴയനിയമം വളരെ കാ ര്യമായി പഠിച്ചിരുന്നവരാണല്ലോ. അവർ എന്തുകൊണ്ടു ക്രിസ്തുവിനെ സ്വീകരിച്ചില്ല. അവർ ഇന്നും രക്ഷകനെ കാത്തിരിക്കുകയാണല്ലോ?

ഫാ. പീ: ഇതിനു ക്രിസ്തുതന്നെ പലപ്പോഴും മറുപടി പറ ഞ്ഞിട്ടുണ്ടു്. പഴയനിയമങ്ങളിൽ പറഞ്ഞിരുന്ന കാര്യങ്ങ ൾ തന്നിൽ എങ്ങിനെ നിറവേറുന്നു എന്നു അവിടുന്നു തന്നെ അവർക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു. പക്ഷെ അവർ അതു സ്വീകരിക്കുന്നതിനു സന്നദ്ധരായില്ല. ഇക്കാര്യ ത്തിൽ അവർക്കു വലിയ ഒരബദ്ധവും പിണഞ്ഞിരുന്നു. കാലാന്തരത്തിൽ അവർ ലൌകികമനസ്ഥിതിക്കാരായി ത്തീർന്നതുകൊണ്ടു രക്ഷകൻെറ ദിവ്യരാജ്യം അവർ ഒരു ഭൌതികരാജ്യമായി വിഭാവനം ചെയ്തു് തങ്ങളുടെ ജാതി യുടെ ഭൌമികാധികാരങ്ങൾ വീണ്ടെടുക്കുന്ന ആളായി രക്ഷകനെ പ്രതീക്ഷിച്ചുപോയി. ക്രിസ്തു ഈ ഭൌമികസ്വാ തന്ത്ര്യം വീണ്ടെടുക്കുന്നില്ല എന്നുകണ്ടു അവർ നിരാശരായി അവിടുന്നു അവരുടെ നീതിവിരുദ്ധമായ ജീവിതക്രമങ്ങ ളെ നിർദ്ദാക്ഷിണ്യം കുററപ്പെടുത്തിയപ്പോൾ അവർ അ വിടുത്തെ ശത്രുക്കളുമായി. യഹൂദജനത്തിൻെറ അപരിഹാ ര്യമായ അധഃപതനചിത്രമാണു് ഇവിടെ നാം കാണുന്നതു്. പഠനംകൊണ്ടുമാത്രം നാം സുരക്ഷിതരാണു് എന്നു തെ

ററിധരിക്കരുതു്. വിനീതഹൃദയരും ദൈവത്തിൽ ആശ്രയി ക്കുന്നവരുമായിരിക്കണം. അതുകൊണ്ടുമാത്രമേ സത്യത്തി ൽ എത്തിച്ചേരാൻ നമുക്കു സാധിക്കുകയുള്ളു എന്നാണു് യഹൂദജനത്തിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നതു്.

ജെയിംസ്: സുവിശേഷങ്ങളിൽ ക്രിസ്തുവിന്റെ ചരിത്രം നാം വായിച്ചാൽ അദ്ദേഹം അത്രയും ജനസ്വാധീനമു ള്ള ഒരു നേതാവായിരിക്കത്തക്കവണ്ണം വേണ്ട വ്യക്തി വിലാസവും ദീനദയാലുത്വവും ധാരാളമായി കാണുന്നു ണ്ടു്. എന്നാൽ അവിടുത്തെ മരണത്തിന്റെ സാഹചര്യ ങ്ങൾ വായിച്ചാൽ ഇതെല്ലാം നിഷ്ഫലമായപോലെ തോന്നുന്നു. സാധാരണഗതിയിൽ സ്വഭാവികമായ ഒരു പരിണാമമല്ല ആ ചരിത്രത്തിൽ കാണുന്നതു്. അതു ചരി ത്രയാഥാർത്ഥ്യത്തിനു ഒരു എതിർതെളിവായി കരുതുന്നതു ന്യായമല്ലേ.

ഫാ. പീ: ഇവിടെ രണ്ടു സംഗതികൾ ഉണ്ടു്. ഒന്നു ക്രിസ്തുവി ന്റെ ചരിത്രം അടങ്ങിയിരിക്കുന്ന സുവിശേഷങ്ങളുടെ ച രിത്രയാഥാർത്ഥ്യം. മറെറാന്നു അതിൽ പ്രതിപാദിച്ചിട്ടുള്ള ചരിത്രത്തിലെ ഉള്ളടക്കങ്ങളും അവ സംബന്ധിച്ചുള്ള വി ഷമതകളും. ഇവ രണ്ടും നാം തിരിച്ചു മനസ്സിലാക്കണം. സുവിശേഷങ്ങൾ എതിർക്കപ്പെടാൻ വഹിയാത്ത ചരിത്ര രേഖകളാണെന്നു നാം സ്ഥാപിക്കുന്നു ഒന്നാമതായി അ തിനു മതിയായ ചരിത്രസാക്ഷ്യങ്ങൾ നാം പരിശോധി ച്ചു് ആ പ്രസ്താവത്തെ ഉറപ്പിക്കണം. അങ്ങിനെ യഥാർത്ഥ മായ ഒരു ചരിത്രരേഖയാണു് എന്നു സ്ഥാപിച്ചുകഴിഞ്ഞാ ൽ അതിലെ ഉള്ളടക്കം വേണ്ടതരത്തിൽ നാം ഗ്രഹിക്കു ന്നതിനു ശ്രമിക്കണം. അതിന്റെ സാഹചര്യങ്ങളും ജ നങ്ങളുടെ മനസ്ഥിതിയും ദൈവത്തിന്റെ അനന്തമായ നിയന്ത്രണവും എല്ലാം ഇവിടെ പരിഗണനീയമാണു്

ക്രിസ്തുവിൻെറ ജീവിതപ്രവൎത്തനങ്ങളെ സമചിത്തതയോടും വിവേചനയോടുംകൂടി നാം നോക്കുകയാണെങ്കിൽ അദ്ദേഹത്തെ സകല മനുഷ്യരും അന്നു സ്നേഹത്തോടും ആദരവോടും കൂടി സ്വീകരിക്കേണ്ടതായിരുന്നു. പക്ഷെ അങ്ങിനെ ഉണ്ടായില്ല. ഇന്നും അവിടുന്നു സൎവ്വജനങ്ങൾക്കും ആദൎശപാത്രമല്ലെ? പക്ഷെ അവിടുത്തെ എതിൎക്കുന്ന എത്രയോ പേരുണ്ടു്. ഇതു എല്ലാക്കാലത്തും ലോകത്തിൻെറ ഗതിവിശേഷമാണു്. രണ്ടാമതായി ഞാൻ മുൻപു പറഞ്ഞു യഹൂദജനം ഭൗതിക മനസ്ഥിതിക്കാരായി അധഃപതിച്ചു പോയിരുന്നു എന്നു്. അവർ ലോകത്തിന്നടുത്ത സൎവ്വസ്വാതന്ത്ര്യവും തങ്ങളുടെ ജാതിയുടെ ആധിപത്യവും സൎവ്വോപരി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഈ ആശയത്തിലല്ല ക്രിസ്തു തൻെറ രാജ്യം സ്ഥാപിക്കുന്നതിനു ഉദ്യമിക്കുന്നതു എന്നു കണ്ടപ്പോൾ അവൎക്കതു രസിച്ചില്ല. അവരുടെ പാപകരമായ പ്രവൎത്തനങ്ങളെ അവിടുന്നു കൎക്കശമായി കുററപ്പെടുത്തിയതു് അവൎക്കു സഹിക്കുന്നതിനു സാധിച്ചില്ല. ഇങ്ങനെയാണു് അവർ ക്രിസ്തുവിൻെറ ബദ്ധവിരോധികളായിതീൎന്നതു്. കൂടാതെ, ഇതിൽ ദൈവത്തിൻെറ അനന്തമായ ഒരു ഉദ്ദേശപൂൎത്തീകരണവും ഉണ്ടായിരുന്നു. രക്ഷകൻ തൻെറ സ്നേഹനാടകം ഈ വിധത്തിൽ അവസാനിപ്പിക്കുന്നതിനാണു് മുൻകൂട്ടിനിശ്ചയിച്ചിരുന്നതു്. മനുഷ്യരുടെ നേരെയുള്ള നിസ്സീമസ്നേഹത്തെ എന്നെന്നും സ്പഷ്ടമായി പ്രഖ്യാപനം ചെയ്യത്തക്ക വിധത്തിൽ തൻെറ അവസാന തുള്ളിരക്തംപോലും ചിന്തുന്നതിനും അതിദാരുണമായ പീഡകളുടെ മദ്ധ്യെ അവൎക്കുവേണ്ടി മരിക്കുന്നതിനും അവിടുന്നു ഇഷ്ടപ്പെട്ടു. അതെല്ലാം നേരത്തെ പ്രവചിക്കപ്പെടുകയും ചെയ്തിരുന്നു. അതനുസരിച്ചു എല്ലാം അവിടുത്തെ ജീവിതത്തിൽ നിറവേറി. അവിടുന്നു പരിത്യക്തനായി ഗാഗു

ൽത്തായിൽ മരിച്ചു എങ്കിലും മനുഷ്യവർഗ്ഗം എന്നാളും ആ കുരിശിനാൽ ഹഠാദാകർഷിക്കപ്പെടുന്നു അതു മനുഷ്യഹൃദയങ്ങളെ അടിപ്പെടുത്തുന്ന ദൈവത്തിൻെറ വഴിയാണു്.

പാൾ: ക്രിസ്തു അവതരിച്ചു വെളിപാടുകളെ പൂർത്തിയാക്കിയപ്പോൾ മററുമതങ്ങളുടെ എല്ലാം സ്ഥാനം നഷ്ടപ്പെട്ടുവോ?

ഫാ. പീ: അതു അനുക്തസിദ്ധമാണല്ലോ. നാം മുൻപറഞ്ഞ സംഗതികളെ അനുസ്മരിച്ചു ഈ നിഗമനത്തിൽ സ്വാഭാവികമായി എത്താതെ നിവൃത്തിയില്ല. ദൈവം നമുക്കു വിശ്വസിച്ചനുസരിക്കുന്നതിനു ഒരു മതം വെളിപ്പെടുത്തി തന്നു. അതിൻെറ എല്ലാഭാഗങ്ങളും ക്രിസ്തു പരിപൂർണ്ണമായി, സംശയരഹിതമായി, ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു. ഓരോമനുഷ്യൻെറയും അനിവാര്യമായ കടമ അതു മനസ്സിലാക്കി വിശ്വസിച്ചു അനുവർത്തിച്ചു ജീവിക്കുന്നതിനാണു്. അതിൽനിന്നൊഴിയാൻ ആർക്കും സാധ്യമല്ല.

അതാ, സമയമായി. ഇന്നത്തെ നമ്മുടെ പഠനക്കളരി അവസാനിപ്പിക്കാം. ഇന്നു നാം പഠിച്ചതായ കാര്യങ്ങളെ സാവധാനത്തിൽ മനസ്സിൽ ഉറപ്പിക്കുക. കൂടുതൽകൂടുതൽ പ്രകാശം നമ്മുടെ ബോധത്തിനു ലഭിക്കുന്നതിനു ദൈവത്തെ പ്രാർത്ഥിക്കുക. നമ്മോടു ദൈവം കാണിക്കുന്ന അനന്തമായ ദയയേയും സ്നേഹത്തേയും അനുസ്മരിച്ചു നാം കൂടുതൽ ദൈവശുശ്രൂഷയിൽ ഉൽസുകരാകുന്നതിനു ശ്രമിക്കുക. എല്ലാവരും പള്ളിയിൽ പോയി പതിവുപോലെ സ്നേഹഈശോയെ സന്ദർശിച്ചിട്ടു പൊയ്ക്കൊള്ളുക.

എല്ലാവരും: ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ. ഗുഡീവനിംഗ് ഫാദർ.

*Study Circle Series No. 2.*

# വിശ്വസിക്കേണ്ട സത്യങ്ങൾ

അന്നു സ്കൂൾ ഒഴിവുദിവസമായിരുന്നു. കാലത്തു പള്ളിയിലെ പരിപാടികളെല്ലാം കഴിഞ്ഞു് പത്രോസച്ചൻ കാപ്പി കഴിച്ചു്, ഒരുനല്ല ചുരുട്ടും വലിച്ചു ചാരുകസേരയിൽ വിശ്രമിക്കുന്നു. പുറത്തുള്ള മുറിയിൽ നല്ല ബഹളമാണു്. പത്രോസച്ചൻെറ പുതിയ ഹമ്മോണിയത്തിൻെറ സ്വരം കുട്ടികൾ അന്നു പരീക്ഷനടത്തുകയായിരുന്നു. വളരെ രസകരമായ ഒരു പാട്ടുകച്ചേരി; സംഗീതമത്സരം. വിജയികൾക്കു പത്രോസച്ചൻ സമ്മാനം കൊടുക്കുന്നതാണു് എന്നറിഞ്ഞു കഴിഞ്ഞപ്പോൾ മത്സരത്തിനു ഗൌരവം കൂടി. ഓരോരുത്തർ മാറിമാറി ശ്രുതിമധുരമായ ഗാനങ്ങൾ ആലപിച്ചു. കൊട്ടും പാട്ടും കേട്ടു അയൽക്കാരും കുറേപ്പേർ കൂടിയിട്ടുണ്ടു്. ഈ ഉല്ലാസത്തിൽ ആക്കെങ്കിലും വല്ല വിരസഭാവവും ഉണ്ടെങ്കിൽ അതു നമ്മുടെ പൌലൊ മൂപ്പിലച്ചു മാത്രമാണു്. പക്ഷെ പലഹാരവിതരണത്തിനുള്ള വിളി കേൾക്കാതിരുന്നതുകൊണ്ടു് അതു സാവധാനത്തിൽ അപ്രത്യക്ഷമാവുകയും ചെയ്തു. ഒടുവിൽ സംഗീതവിദഗ്ധന്മാരായി മൂന്നുപേർ വിധിക്കപ്പെട്ടു. മൂന്നുപേക്കും ആകർഷകങ്ങളായ സമ്മാനങ്ങൾ പത്രോസച്ചൻ കൊടുത്തു് ആ രംഗം സമാപിച്ചു.

പത്തരമണിക്കാണു് പഠനക്കളരി നിശ്ചയിച്ചിരുന്നതു്. കൃത്യസമയത്തു പരിപാടി ക്രമപ്രകാരം ആരംഭിച്ചു.

ഫാ. പി: ഇന്നത്തെ പാട്ടുകച്ചേരി ബഹുരസമായിരുന്നു അല്ലേ.

ജോണി: വളരെ രസമായിരുന്നു. പാളിനെക്കൊണ്ടു ഒരു പാട്ടുപാടിക്കാൻ ഞങ്ങൾ വളരെ പണിപ്പെട്ടു. പക്ഷേ, ചങ്ങാതിയുടെ നാണം പോയി വാ തുറന്നപ്പോൾ നല്ല സ്വ

രം. ഒരുവിധം താളവുമുണ്ടു്. ഒരു പരിഭ്രമംമാത്രം ഇട ക്കിടയ്ക്കു്. പാളിനെ നമ്മുടെ കപ്പയറിൽ ചേക്കാമെന്നാ ണു് എനിക്കു തോന്നുന്നതു്.

ഫാ. പീ: പാളിനു പാട്ടിനു വാസനയുണ്ടു് എന്നാണു് എ നിക്കും തോന്നുന്നതു്. പാളിനെക്കൂടി കപ്പയറിൽ ചേ ത്തിരിക്കുന്നു. എത്ര എത്ര നല്ല വാസനകളാണു് അറിയ പ്പെടാതെ നഷ്ടപ്പെട്ടുപോകുന്നതു്. അതുകൊണ്ടു പോളെ ഇന്നുമുതൽ കപ്പയറിൽ ചേന്നു പാട്ടുകഠ പഠിച്ചുതുടങ്ങുക. ഇപ്പോഠ തോന്നുന്ന ഭയവും സഭാകമ്പവുമെല്ലാം പെട്ടന്നു മാറിപ്പോകും. അതുകൊണ്ടു വിഷമിക്കേണ്ട.

പാഠ: അങ്ങിനെ ചെയ്യാം, അച്ചാ.

ഫാ. പീ: വാസനയില്ലാത്ത ചിലരെല്ലാം പാടിയപ്പോഠ നിങ്ങഠ ഒരു കാൎയ്യം ശ്രദ്ധിച്ചുവോ?

ജോസ്: ഉവ്വ്, അച്ചാ. അവരുടെ സ്വരം ഒരു വഴിക്കു പോ കുന്നു. ഹർമോണിയത്തിൻെറ സ്വരം വേറൊരു വഴിക്കു പോകുന്നു. എന്തൊരു അസുഖമാണു് അതു കേഠക്കാൻ.

ഫാ. പീ: അതെ അതുതന്നെ. അപശബ്ദം വന്നാലത്തെ അ സ്സുഖം. ഇതു പാട്ടിൽ പ്രത്യേകിച്ചു ശ്രദ്ധിക്കണം. അതു കൊണ്ടാണു് സംഗീതജ്ഞന്മാർ പറയുന്നതു് പാട്ടു ചെവി കൊണ്ടാണു് പരിശീലിക്കേണ്ടതെന്നു്. ഓരോ സ്വരവും ഒരേ വൎണ്ണത്തിൽതന്നെ പെട്ടതല്ലെങ്കിൽ അതു കേഠവി ക്കാരുടെ ചെവിക്കു അസഹ്യമാണു്. സംഗീതത്തിൻെറ നിയമത്തിനു വിരുദ്ധവുമാണു്.

ഈ തത്വം തന്നെയാണു് എല്ലാകാൎയ്യത്തിലും അവശ്യം പാ ലിക്കേണ്ടതു്. ക്രമീകരണം. നമ്മുടെജീവിതത്തിൽ ക്രമം വേണം. നമ്മുടെ പഠനത്തിൽ ക്രമം വേണം. നമ്മുടെ കളികളിൽ ക്രമം വേണം. ചുരുക്കത്തിൽ എവിടെയും ക്രമം പാലിക്കുന്നതിനു നാം ബദ്ധശ്രദ്ധരായിരിക്കണം "ക്രമത്തിലാണു് ഭംഗി" എ

ന്നത്രെ ശാസ്ത്രവിധി. ക്രമം തെററിയാൽ സ്വരം തെററിയ പാട്ടുപോലെ ഇരിക്കും ഇതു ഇന്നത്തെ പാട്ടുകച്ചേരിയിൽനിന്നു നാമെടുക്കുന്ന ഒരു ഗുണപാഠമായിരിക്കട്ടെ.

കഴിഞ്ഞദിവസം ക്രിസ്തുമതത്തിന്റെ അതിസ്വാഭാവികതയെപ്പററിയാണല്ലൊ നാം പ്രതിപാദിച്ചതു്. ലോകത്തിൽ ഒരു ദൈവവെളിപാടിന്റെ ചരിത്രമുണ്ടു്. അതു പഴയനിയമഗ്രന്ഥങ്ങളിലും പുതിയനിയമഗ്രന്ഥങ്ങളിലുമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഈ ദൈവവെളിപാടിന്റെ നേതൃത്വം വഹിക്കുന്നതു ക്രിസ്തുവാണു്. അതുകൊണ്ടു ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള ആവിഷ്കൃതമതത്തെ നാം ക്രിസ്തുമതമെന്നു പറയുന്നു. ക്രിസ്തുമതത്തിന്റെ ആവിഷ്കൃതശോഭയിൽ മറെറല്ലാ സ്വാഭാവിക മതങ്ങളും ഭാഗികമായ ആവിഷ്കൃത മതങ്ങളും നിഷ്പ്രഭമായിത്തീരുന്നു. ഇത്രയും കാര്യങ്ങളാണു് നാം സ്ഥാപിച്ചതു്. ഇത്രയും കാര്യങ്ങളിൽ എന്തെങ്കിലും മനസ്സിലാകാതെ ൻ ആർക്കെങ്കിലുമുണ്ടോ?

ആൻറു: അച്ചൻ അവസാനം ഭാഗികമായ ആവിഷ്കൃത മതമെന്നു പറഞ്ഞു. അതു എന്താണെന്നു മനസ്സിലായില്ല.

ഫാ. പി: ഭാഗികമായ ആവിഷ്കൃതമതങ്ങളെന്നു ഞാൻ പറഞ്ഞതു വിശദീകരിക്കാം ക്രിസ്തുമതത്തിലാണു് ആവിഷ്ക്കരണത്തിന്റെ അഥവാ വെളിപാടിന്റെ പൂർത്തീകരണമുള്ളതെന്നു നാം കണ്ടല്ലോ. എന്നാൽ വേറെ ചില മതങ്ങളിൽ വെളിപ്പെടുത്തപ്പെട്ട ഏതാനും സത്യങ്ങൾ അടങ്ങിയിട്ടുണ്ടാകും. ഉദാഹരണമായി യഹൂദമതം വെളിപ്പെടുത്തപ്പെട്ടതാണു്. പക്ഷെ വെളിപാടിന്റെ പൂർത്തീകരണം അതു പ്രാപിച്ചില്ല. ക്രിസ്തുവിന്റെ കാലംവരെ അതു അതിസ്വാഭാവികമതത്തിന്റെ ആവശ്യകത ലോകത്തിൽ നിർവ്വഹിച്ചുപോന്നു. എന്നാൽ ക്രിസ്തുവിനെ അതു പരിത്യജിക്കുകയും അങ്ങനെ വെളിപാടിന്റെ പൂർത്തീകരണത്തിൽനിന്നു അതു വ്യതിചലിക്കുകയും

ചെയ്യപ്പോൾ അതിൻെറ സ്ഥാനം നഷ്ടപ്പെട്ടു. എങ്കിലും പഴയ നിയമത്തിൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ അതു അംഗീകരിച്ചനുവത്തിച്ചു പോരുന്നുണ്ടു്. ഇതുപോലെ മററു പലേ മതങ്ങളിലും സ്വാഭാവികസത്യങ്ങൾക്കു പുറമെ ആവിഷ്കൃത സ്വഭാവത്തോടുകൂടിയ ചില തത്വങ്ങളേയും നാം കാണുന്നുണ്ടു്. ഇവ വെളിപ്പെടുത്തപ്പെട്ട മതത്തിൽനിന്നു ആ മതസ്ഥാപകന്മാർ കടംകൊണ്ടവയൊ, ജനത പണ്ടുമുതൽക്കേ വെളിപാടുകളുമായി പരിചയപ്പെട്ടവരായതുകൊണ്ടു അവർ ഒരു പൊതുതത്വമെന്നവണ്ണം അംഗീകരിച്ചു" അനുവത്തിച്ചു പോരുന്നതോ ആയിരിക്കണം. ഇങ്ങനെയുള്ള മതങ്ങളെ ഉദ്ദേശിച്ചാണു് ഞാൻ ഭാഗികമായ ആവിഷ്കൃതമതങ്ങൾ എന്നുപയോഗിച്ചതു്. കാൎയ്യത്തിൽ അതും അബദ്ധത്തിൽതന്നെ ലയിക്കുന്നു. സത്യം അതിൻെറ സ്വഭാവത്താൽതന്നെ പൂൎണ്ണമായിരിക്കണമല്ലോ. അസത്യത്തിൻെറ ഏതെങ്കിലും ഭാഗം അതിൽ ഉൾപ്പെട്ടാൽ അതിൻെറ സ്ഥാനം താനെ നശിച്ചുപോകുന്നു.

ജോസ്: ഇപ്പോൾ എൻെറ വലിയ ഒരു സംശയം തീൎന്നു. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ പഠിപ്പിക്കുന്ന വളരെ മതങ്ങളുള്ളപ്പോൾ ക്രിസ്തുമതംമാത്രമാണു് വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ഏക മതമെന്നുള്ളതു് എങ്ങിനെ ശരിയാകും എന്നു ഞാൻ വളരെ ചിന്തിച്ചുനോക്കി. ഈ സംശയം ചോദിക്കുന്നതിനു ഞാൻ ഒരുങ്ങിയിരിക്കയായിരുന്നു.

ഫാ. പീ: ഇനി ആൎക്കും ഒന്നും ചോദിക്കാനില്ല? കൊള്ളാം. അടുത്തതായി നാം പരിശോധിക്കേണ്ടതു് ക്രിസ്തുമതത്തിൻെറ തത്വസംഹിത എന്താണു് എന്നത്രേ. എന്തെല്ലാം കാൎയ്യങ്ങളാണു് ഒരു ക്രിസ്ത്യാനി വിശ്വസിക്കേണ്ടതു്.

എൻെറ പ്രിയ കുട്ടികളേ, എന്തെല്ലാം കാൎയ്യങ്ങളാണു് വിശ്വസിക്കേണ്ടതിനായി ദൈവം വെളിപ്പെടുത്തി പഠിപ്പി

ച്ചു തന്നിരിക്കുന്നതു് എന്നു അറിയാതെ വെറും പേരിനുമാത്രം ക്രിസ്ത്യാനികളായി ജീവിക്കുന്നവരുടെ സംഖ്യ അത്ഭുതാവഹമാണു്. നമ്മുടെ അകത്തോലിക്കാ സഹോദരന്മാരിൽ ബഹുഭൂരിപക്ഷവും ഈ ഗണത്തിൽ പെട്ടവരാണു് എന്നു പറയാതെ തരമില്ല. ഒന്നാമതുതന്നെ അവരെ പഠിപ്പിക്കാൻ അധികാരപ്പെട്ട ഒരു സ്ഥാപനം അവക്കില്ല. രണ്ടാമതായി അവശ്യം അറിഞ്ഞു വിശ്വസിക്കേണ്ട ഒരു വിശ്വാസസത്യസംഹിത അവർ സ്വീകരിക്കുന്നില്ല. സ്വാതന്ത്ര്യത്തിന്റെ പേരിൽ സത്യത്തിൽനിന്നു അകന്നു നാമമാത്രക്രിസ്തീയതത്വംകൊണ്ടു അവർ സംതൃപ്തരായി ജീവിതം നയിക്കുന്നു. കത്തോലിക്കരായ നമുക്കു അങ്ങനെയല്ല. നമ്മെ പഠിപ്പിക്കുന്നതിനു ക്രിസ്തു അധികാരസമന്വിതം സ്ഥാപിച്ചിട്ടുള്ള തിരുസഭയെ നാം അംഗീകരിക്കുന്നു. ഈ തിരുസഭ നാം വിശ്വസിക്കേണ്ട ആവിഷ്കൃതതത്വങ്ങൾ ഒരു സംഹിതയാക്കി നമ്മെ പഠിപ്പിക്കുന്നു. ഇതാണു് കത്തോലിക്കരായ നമ്മുടെ നില.

ഇക്കാര്യത്തിൽ കത്തോലിക്കാസഭയുടെ നില വളരെ ദൃഢമാണു്. ഇതിൽ വിട്ടുവീഴ്ചയ്ക്കും ഒത്തുതീർപ്പിനും അതിനു സാദ്ധ്യമല്ല. ക്രിസ്തു ഒരു മതം സ്ഥാപിച്ചു എങ്കിൽ ആ മതം അഭംഗമായി തുടരുകതന്നെ വേണം. അതിനെ അവഗണിക്കുന്നതിനോ, അതു പഠിപ്പിക്കുന്ന സത്യങ്ങളെ മാററുന്നതിനോ മറിക്കുന്നതിനോ, അതിൽ കൂട്ടിച്ചേർക്കുന്നതിനോ ആർക്കാണു് അധികാരമുള്ളതു? ഇങ്ങനെ ദൈവമായ ക്രിസ്തു തിരുസഭയെ ഭരമേല്പിച്ചിരിക്കുന്ന ഒരു മഹാ ദൌത്യമാണു് ആ മതത്തിന്റെ സത്യസംഹിതയെ അഭംഗം കാത്തു സൂക്ഷിക്കുകയും അബദ്ധരഹിതമായി അതിനെ അവസാനംവരെയും ലോകത്തെ പ്രബോധിപ്പിക്കുകയും ചെയ്ക എന്നുള്ളതു്. ഈ ദൌത്യനിർവഹണത്തിൽ തിരുസഭ അചഞ്ചലയാണു്. ഈ നിലയാണു് മററു സഭാവിഭാഗങ്ങളെ പലപ്പോഴും തിരുസഭയെ എതിർക്കുന്നതിനും കുററാരോപണം ചെയ്യുന്നതിനും പ്രേ

രിപ്പിക്കുന്നതു്. പക്ഷെ എന്തുചെയ്യാം. സഹതാപപൂൎവ്വം അവളെയെതിരായി അതിനെ മുറുകെപിടിക്കുകമാത്രമേ കരണീയമായുള്ളൂ. സാദര ഈ പ്രാവശ്യം രണ്ടും രണ്ടും അഞ്ചു് എന്നു പറയുന്നതിന്നു എന്നെ അനുവദിക്കുക എന്നു പറയുന്ന ഒരു വിദ്യാൎത്ഥിയോടു സഹതപിക്കാമെങ്കിലും സഹകരിക്കുവാൻ ഉത്തരവാദിത്വപ്പെട്ട ഒരദ്ധ്യാപകനു സാധിക്കുമോ?

ജോസ്: തീൎച്ചയായും ഇല്ല. അവൻ എത്ര സാഹസപ്പെട്ടാലും അദ്ധ്യാപകൻ സമ്മതിക്കയില്ല.

ഫാ. പി: കത്തോലിക്കാസഭ ഇക്കാൎയ്യത്തിൽ സാഹസങ്ങളെ മാത്രമല്ല എല്ലാവിധത്തിലുള്ള പ്രതിരോധനങ്ങളേയും നേരിടേണ്ടിവന്നിട്ടുണ്ടു്. തിരുസഭയുടെ ഇന്നുവരെയുള്ള ചരിത്രം പരിശോധിച്ചാലറിയാം ഈ ദൌത്യത്തെ ഭദ്രമായി പാലിക്കുന്നതിനായി അവൾ എന്തെല്ലാം സഹിച്ചിട്ടുണ്ടു് എന്നു്. ദയനീയമായ പീഡനങ്ങൾ പ്രബലന്മാരായ ശത്രുക്കളിൽനിന്നു തുടൎച്ചയായി അവൾ സഹിച്ചിട്ടുണ്ടു്; അവളുടെ ആത്മസന്താനങ്ങളിൽ ഗണനീയമായ വിഭാഗങ്ങൾ ആ മാതൃവക്ഷസ്സിൽനിന്നു് വലിച്ചു മാററപ്പെടുന്നതു് കണ്ണുനീരോടുകൂടി അവൾ കണ്ടിട്ടുണ്ടു്; അവാച്യമായവിധം അപലപിക്കപ്പെടുന്നതും പറയപ്പെടാവുന്ന എല്ലാ ദൂഷണങ്ങളും ആരോപിക്കപ്പെടുന്നതും ക്ഷമയോടുകൂടി അവൾ ശ്രവിച്ചുകൊണ്ടിരിക്കുന്നു. ഇതുകളൊന്നും അവളുടെ കൃത്യനിൎഹണത്തിൽനിന്നു അവളെ അണുമാത്രവും വ്യതിചലിപ്പിക്കുന്നതിനു് — അവളുടെ ദിവ്യസ്ഥാപകൻ ഭരമേല്പിച്ചിരിക്കുന്ന സത്യസംഹിതയെ വ്യഭിചരിക്കാൻ ശത്രുക്കളെ അനുവദിക്കുന്നതിനു് — പ്രേരകമായിട്ടില്ല; ലോകാവസാനത്തോളം പ്രേരകമാവുകയുമില്ല. ഈ സത്യസംഹിതയുടെ ചുരുങ്ങിയ രൂപമാണു് ഇന്നു നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തുന്നതിനു ഞാൻ ഉദ്ദേശിക്കുന്നതു്.

ജോണി: അച്ചാ, ഇതു വളരെ മനോഹരമായിരിക്കുന്നു. സാധാരണ നമ്മുടെ വിശ്വാസസത്യങ്ങളെപ്പറ്റി ഈ വെളിച്ചത്തിൽ ആരും ചിന്തിക്കാറില്ല. നമ്മുടെ മതത്തിൽ നാം അവശ്യം സ്വീകരിക്കേണ്ട ഒരു സംഹിത എന്നു മാത്രമേ വിചാരിക്കാറുള്ളൂ. അവ ദൈവത്തിൻെറ ഭൂട്ടപ്പെട്ട നിക്ഷേപപ്പെട്ടിയാണെന്നു്, അതിൻെറ സംരക്ഷണത്തിന്നാണു് വേദസാക്ഷികളുടെ രക്തം പുഴപോലെ ഒഴുക്കപ്പെട്ടതെന്നു്, നമ്മുടെ സ്നേഹമാതാവായ തിരുസഭ എന്നും അലട്ടപ്പെടുന്നതു് എന്നു് അച്ചൻ വിവരിച്ചപ്പോൾ ഞാൻ അത്ഭുതപരവശനായിപ്പോയി.

ജോസ്: അതെ അച്ചാ, ഈ ചിന്ത രോമാഞ്ചംകൊണ്ടു് എൻെറ ശരീരത്തെ തരിപ്പിച്ചുപോയി.

ഫാ പീ: അതെ, ഇതേപ്പറ്റി ഗാഢമായി ചിന്തിക്കുന്നതു് ഏതൊരു മന്ദബുദ്ധിയെപ്പോലും ഉത്സാഹഭരിതനാക്കാതിരിക്കയില്ല. അത്രയ്ക്കു മർമ്മസ്പൃക്കായ ഒരു ശോകാന്തനാടകമാണു് ഇക്കാര്യത്തിൽ ലോകം ആടുന്നതു്. അതിലെ നായിക സത്യത്തിനുവേണ്ടി നിലകൊള്ളുന്ന നമ്മുടെ സഭാമാതാവുമാണു്.

അതുകൊണ്ടു നാം വിശ്വസിക്കുന്നതിനു ദൈവം വെളിപ്പെടുത്തി തന്നിട്ടുള്ള സത്യങ്ങളുടെ ചുരുങ്ങിയ ഒരു വിവരണം ശ്രദ്ധിച്ചുകൊള്ളുക. ഇവയെ ദൈവം, സൃഷ്ടി, രക്ഷണീയകർമ്മം, തിരുസഭ. കൂദാശകൾ, മനുഷ്യാത്മാവു് എന്നീ തലക്കെട്ടുകളിൽ പ്രതിപാദിക്കാം:—

ദൈവം— സർവ്വത്തിൻെറയും സ്രഷ്ടാവും പരിപാലകനുമായ ഒരു പരമദൈവമുണ്ടു്. അവിടുന്നു അനന്ത നീതിമാനും പരമപരിശുദ്ധനും, കൃപാനിധിയുമാണു്. എല്ലാപൂർണ്ണതകളും അതിരില്ലാതവണ്ണം അങ്ങെയിൽ സ്ഥിതിചെയ്യുന്നു.

ഈ ഏകദൈവത്തിൽ തമ്മിൽ വിഭിന്നരും സമന്മാരു

മായ മൂന്നു ദൈവ ആളുകൾ ഉണ്ടു്. അവരെ പിതാവ്, പുത്രൻ, പവിത്രാത്മൻ (റൂഹാദക്കുദശാ) എന്നു വിളിക്കുന്നു.

സൃഷ്ടി—സ്വർഗ്ഗത്തിൽ ദൈവത്തെ ആരാധിക്കുന്നതിനു അവിടുന്നു മാലാഖാമാരെ സൃഷ്ടിച്ചു. പരീക്ഷണഘട്ടത്തിൽ അവരിൽ ഒരുഭാഗം ദൈവത്തോടു എതിർത്തു. ദൈവം അവരെ ശിക്ഷിച്ചു് നിത്യനരകത്തിൽ തള്ളി. ശേഷിച്ചവർ സ്വർഗ്ഗത്തിൽ നിത്യാനന്ദമനുഭവിക്കുന്നു.

അവിടുന്നു ലോകത്തേയും ആദ്യമനുഷ്യരായ ആദത്തേയും ഔവ്വായേയും സൃഷ്ടിച്ചു. ഭൗമ്യപറുദീസായിൽ അവരുടെ പരീക്ഷണഘട്ടത്തിൽ അവർ ദൈവപ്രമാണം ലംഘിച്ചു. നരവംശത്തിന്റെ തലവനായ ആദത്തിന്റെ പ്രമാണലംഘനം വഴിയായി പാപം ലോകത്തിൽ പ്രവേശിച്ചു. ലോകം, സകലമനുഷ്യരും ഉൾപ്പടെ, പാപത്തിന്റെ അടിമത്തത്തിലായി. ദൈവപ്രമാണലംഘനം മൂലമുണ്ടായ ഈ അടിമത്തത്തിൽ നിന്നു- പാപമാലിന്യത്തിൽ നിന്നു- മനുഷ്യർ സ്വയം മോചനം പ്രാപിക്കുക ശക്യമല്ല. എന്നാൽ ദൈവം അവരുടെമേൽ അനുഗ്രഹിച്ചു് ഒരു രക്ഷാമാർഗ്ഗം പ്രദാനം ചെയ്തു.

രക്ഷണീയകർമ്മം— പരിശുദ്ധ പരമ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തു. അവിടുന്നു കന്യകാമറിയത്തിൽനിന്നു, പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ നമുക്കുള്ളതുപോലെ ശരീരവും ആത്മാവും സ്വീകരിച്ചു മനുഷ്യനായി അവതരിച്ചു. ഈ അവതരിച്ച ദൈവമാണു് യേശുക്രിസ്തു. അവിടുന്നു സത്യദൈവവും സത്യമനുഷ്യനുമാണു്. അവിടുത്തെ മാതാവു് പരിശുദ്ധമറിയം നിത്യകന്യകയാണു്. അവളുടെ ഉത്ഭവത്തിൽ ജന്മപാപംപോലും അവളിൽ പ്രവേശിക്കാതെ ദൈവം കാത്തു.

യേശുക്രിസ്തു ലോകത്തിന്റെ പാപങ്ങൾക്കു പരിഹാരമായി തന്നെത്തന്നെ ദൈവപിതാവിനു അർപ്പിച്ചു. അവിടുന്നു

വഴിയായിട്ടല്ലാതെ പാപപങ്കിലമായ ലോകത്തിൽ അനുഗ്രഹമോ, പ്രസാദവരമോ, രക്ഷയോ ഉണ്ടാകുന്നില്ല. രക്ഷണീയകർമ്മം ഏററവും കൂടുതൽ സഫലമാകുന്നതിനു് അവിടുന്നു പീഡകൾ സഹിച്ചു ക്രൂശിൽ മരിച്ചു. മരിച്ചിട്ടു മൂന്നാംദിവസം പുനർജ്ജീവിച്ചു. നാല്പതുദിവസംകൂടി ഭൂമിയിൽ ചെലവഴിച്ചു. അനന്തരം സ്വർഗ്ഗത്തിലേക്കു എഴുന്നെള്ളിപ്പോയി. അവിടുന്നു ലോകത്തിൽ സ്ഥാപിച്ച തിരുസഭയുടെമേലും ശ്ലീഹന്മാരുടെമേലും പരിശുദ്ധാത്മാവിനെ അവിടുന്നു യാത്രയാക്കി.

തിരുസഭ— ലോകത്തുള്ള സർവ്വജനത്തെയും ലോകാവസാനത്തോളവും തൻെറ രക്ഷാമാർഗ്ഗം പഠിപ്പിക്കുവാൻ ക്രിസ്തു തിരുസഭയെ സ്ഥാപിച്ചു. ഇതാണു് ലോകൈക സത്യമതമാകുന്ന കത്തോലിക്കാ തിരുസഭ. മിശിഹാ സഭയുടെ ശിരസ്സും പരിശുദ്ധാത്മാവ് അവളുടെ മാർഗ്ഗദർശിയുമാണു്. സഭയുടെ ലോകത്തുള്ള ദൃശ്യതലവൻ പരിശുദ്ധ മാർപ്പാപ്പായാണു്. മിശിഹാ ലോകത്തിൽ തൻെറ പ്രതിനിധിയും, അപ്പസ്തോല സംഘത്തിൻെറ തലവനുമായി നിയമിച്ച വിശുദ്ധ പത്രോസിൻെറ മുറപ്രകാരമുള്ള പിൻഗാമികൾ എന്നുള്ള നിലയിലാണു് ആ പരമാധിപത്യം റോമാമാർപ്പാപ്പാമാർ സ്വീകരിച്ചുപോരുന്നതു്. തിരുസഭയുടെ പഠനങ്ങൾ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ അപ്രമാദിത്വമുള്ളതാണു്. തിരുസഭ ലോകാവസാനംവരെയും നിലനില്ക്കും. തിരുസഭാംഗങ്ങളെ ഭരിക്കുന്നതിനുള്ള അധികാരവും അതിനുണ്ടു്.

ദൈവവെളിപാടുകളെ വേദപുസ്തകങ്ങളിലും പാരമ്പര്യപഠനങ്ങളിലും നിന്നെടുത്തു ലോകത്തെ പഠിപ്പിക്കുന്നതിനുള്ള അധികാരം തിരുസഭയിലാണു് നിക്ഷേപിച്ചിരിക്കുന്നതു്. അതുകൊണ്ടു വേദപുസ്തകങ്ങളുടേയും പാരമ്പര്യപഠനങ്ങളുടേയും സംരക്ഷികയും വ്യാഖ്യാതാവും തിരുസഭ മാത്രമാണു്. തിരുസഭ വഴിയായിട്ടാണു് അവയെ നാം സ്വീകരിക്കുന്നതു്.

പരിശുദ്ധ മാർപ്പാപ്പാ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന സത്യങ്ങൾ തിരുസഭയെ ഒന്നാകെ ബാധിക്കത്തക്കവണ്ണം അദ്ധ്യവസാനം ചെയ്തു പ്രഖ്യാപിക്കുമ്പോൾ പ്രസ്തുതപഠനം അപ്രമാദവരമുള്ളതാണു്. അതു വിശ്വാസ സത്യമാണു്.

കൂദാശകൾ— മനുഷ്യരക്ഷാമാർഗ്ഗമായി ഏഴു ദൈവപ്രസാദവരസ്രോതസ്സുകളെ- വിശുദ്ധ കൂദാശകളെ- ക്രിസ്തു സ്ഥാപിച്ചിട്ടുണ്ടു്. ഇവ ദൃശ്യമായ അടയാളങ്ങൾ വഴിയായി ആത്മാവിൽ ആന്തരികമായ ദൈവപ്രസാദവരത്തെ ഉൽപാദിപ്പിക്കുന്നു. ഇവയിൽ വിശുദ്ധ കുർബാനവഴിയായി ലോകാവസാനത്തോളവും ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങൾതന്നെ അർപ്പിക്കപ്പെടുന്ന ഒരു മഹോന്നത ബലിയേയും അവിടുന്നു സ്ഥാപിച്ചിരിക്കുന്നു. ഇതാണു് ദിവ്യപൂജയാകുന്ന ബലി. വിശുദ്ധകുർബ്ബാനയിൽ മിശിഹായുടെ തിരുശരീരവും രക്തവും, ആത്മാവും ദൈവസ്വഭാവവും എല്ലാം സത്യമായിട്ടും യഥാർത്ഥമായിട്ടും സാത്വികമായിട്ടും അടങ്ങിയിരിക്കുന്നുണ്ടു്.

വിശുദ്ധന്മാർ— ഈ ലോകത്തിലെ തിരുസഭാംഗങ്ങളായ വിശ്വാസികളും, സ്വർഗ്ഗരാജ്യത്തിലെ പുണ്യാത്മാക്കളും, ശുദ്ധീകരണസ്ഥലത്തിൽ പീഡയനുഭവിക്കുന്ന ആത്മാവുകളും തമ്മിൽ ദൃഢമായ ഐക്യബന്ധമുണ്ടു്. ഈ വിശ്വാസസത്യത്തെയാണു് "പുണ്യവാന്മാരുടെ ഒരുമ്പാടു്" എന്നു പറയുന്നതു്. പ്രാർത്ഥനകൊണ്ടും സൽപ്രവൃത്തികൾകൊണ്ടും വിശ്വാസികൾക്കു തമ്മിൽതമ്മിൽ സഹായിക്കാം. ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകൾക്കുവേണ്ടിയും നമുക്കപേക്ഷിക്കുകയും അവരുടെ പരിഹാരകൃത്യത്തിൽ പങ്കുകൊള്ളുകയും ചെയ്യാം. സ്വർഗ്ഗത്തിലെ പുണ്യവാന്മാരോടു നമുക്കു മാദ്ധ്യസ്ഥം അപേക്ഷിക്കാം. അവരെ ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നതു് ആവശ്യവും ഉചിതവുമായ കൃത്യമാണു്. അവരെല്ലാം

നമുക്കുവേണ്ടി പ്രാത്ഥിക്കുകയും നമ്മെ സഹായിക്കുകയും ചെയ്യും.

മനുഷ്യാത്മാവ് — മനുഷ്യനു അനശ്വരമായ ഒരാത്മാവുണ്ട്. തന്മൂലം ഒരു അനന്തര ജീവിതവും അവനുണ്ട്. മരണശേഷം ആത്മാവ് സ്വഗ്ഗത്തിലേക്കോ, നരകത്തിലേക്കോ, ശുദ്ധീകരണസ്ഥലത്തേക്കോ പോകുന്നു. ലോകജീവിതത്തിലെ കമ്മങ്ങൾക്കനുസരിച്ച സ്വഗ്ഗത്തിൽ നിത്യസമ്മാനമോ, നരകത്തിൽ നിത്യശിക്ഷയോ, ശുദ്ധീകരണസ്ഥലത്തിൽ കാലത്തിന്നടുത്ത ശിക്ഷയോ മരണാനന്തരവിധിയിൽ അവനു നൽകപ്പെടുന്നു. ഈ ലോകം അവസാനത്തിൽ നശിപ്പിക്കപ്പെടും. ലോകാവസാനത്തിൽ പൊതുവിധിക്കായി ക്രിസ്തുനാഥൻ വീണ്ടും പ്രത്യക്ഷപ്പെടും. അപ്പോൾ സകലമനുഷ്യരും ആത്മശരീരങ്ങളിൽ വീണ്ടുംയോജിച്ച പൊതുവിധിക്കായി ആനയിക്കപ്പെടും. നീതിമാന്മാരെ നിത്യമായ സ്വഗ്ഗാനന്ദത്തിനും പാപികളെ നിത്യമായ നരകശിക്ഷയ്ക്കും ആയി പൊതുവിധി അവിടുന്നു പ്രഖ്യാപിക്കുകയും ചെയ്യും.

സത്യൈകമതത്തിൽ വിശ്വസിക്കുന്ന ഏവനും സംശയരഹിതമായി തിരുസഭയുടെ അദ്ധ്യാപനാധികാരത്തിൽ ആശ്രയിച്ച സ്വീകരിക്കേണ്ട വിശ്വാസസത്യങ്ങളുടെ ഒരു സംഗ്രഹമാണ് ഇതു്. ഇതിൽ ഏതെങ്കിലും ഒന്നു നിഷേധിക്കുകയൊ മനഃപൂവ്വം ശഠതയോടുകൂടി സംശയിക്കുകയോ ചെയ്യുന്നു എങ്കിൽ അവനു തിരുസഭയിൽ സ്ഥാനമില്ല. കാരണം അപ്രമാദവും ദിവ്യവുമായ സഭയുടെ അധികാരത്തെയാണ് അവൻ ധിക്കരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നതു്. വിശ്വാസസത്യങ്ങളുടെ ഈ സംഹിതയിൽ, വേദപുസ്തകത്തിലൊ പാരമ്പര്യപഠനത്തിലൊ അടങ്ങിയിട്ടുള്ളതും ഇനിയും തിരുസഭ അദ്ധ്യവസാനംചെയ്ത പഠിപ്പിച്ചിട്ടില്ലാത്തതുമായ സത്യങ്ങളെ തിരുസഭയ്ക്കു് ആവശ്യമെന്നുകണ്ടാൽ ഉൾപ്പെടുത്തി

പ്രഖ്യാപിക്കാവുന്നതാണ്. വെളിപാടുകളെ നാം സ്വീകരിക്കുന്നതു്, ദൈവം വെളിപ്പെടുത്തിയിട്ടുള്ള എല്ലാ സത്യങ്ങളേയും—അവ നമുക്കു അറിയപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ ആയാലും വേണ്ടതില്ല—പൊതുവായും, തിരുസഭ അവയിൽനിന്നു പ്രത്യേകം എടുത്തുകാണിക്കുന്ന സത്യങ്ങളെ പ്രത്യേകമായും ആധാരമാക്കി ആണല്ലോ. ഇതാണ് ചുരുക്കത്തിൽ നാം വിശ്വസിക്കേണ്ട സത്യങ്ങളുടെ സ്വഭാവം.

ജോണി: വെളിപ്പെടുത്തപ്പെട്ട സത്യങ്ങളായി തിരുസഭ പഠിപ്പിക്കുന്നവയെ നിഷേധിക്കുന്നതും മനഃപൂർവ്വം സംശയിക്കുന്നതും വിശ്വാസവിരുദ്ധമാണെന്നും അങ്ങിനെയുള്ള പ്രവൃത്തികൊണ്ടു ഒരുത്തൻ അവിശ്വാസിയായിത്തീരുമെന്നുമല്ലേ അച്ചൻ പറഞ്ഞതു്.

ഫാ. പി: അതെ അങ്ങിനെ ചെയ്യുന്നവൻ തിരുസഭയുടെ അദ്ധ്യാപനാധികാരത്തെയാണ് നിഷേധിക്കുന്നതു്. അതുകൊണ്ടു അവനു സഭയിൽ സ്ഥാനമില്ലാതാകുന്നു. അക്കൂട്ടരെ അവിശ്വാസിയെന്നല്ല സാധാരണ പറയുന്നതു്, പാഷണ്ഡിയെന്നാണ്. സത്യവിശ്വാസത്തെ സ്വീകരിക്കാത്തവരെ പൊതുവെ അവിശ്വാസികൾ എന്നും, സത്യവിശ്വാസത്തെ സ്വീകരിച്ചതിനുശേഷം അതിൽനിന്നും തള്ളപ്പെടുന്നതിനു കാരണമായി വിശ്വാസസത്യങ്ങളെ ഉപേക്ഷിക്കുന്നവരെ പാഷണ്ഡികൾ എന്നും പറയുന്നു.

ജോണി: അങ്ങിനെയായാൽ കത്തോലിക്കർക്ക് അവർ വിശ്വസിക്കുന്നതിനു നിർദ്ദേശിക്കപ്പെടുന്ന സത്യങ്ങളെ സംബന്ധിച്ചു യുക്തിപൂർവ്വം പരിശോധന ചെയ്യാനുള്ള അവകാശം ഇല്ലെന്നു വരികയില്ലേ? സ്വാതന്ത്ര്യത്തെ വിലമതിക്കുന്ന മനുഷ്യനു് ഇതു വളരെ അരോചകമായിരിക്കും.

ഫാ. പി: നമ്മുടെ വിശ്വാസസത്യങ്ങളെ സംബന്ധിച്ചു

അവ ദൈവികാധികാരത്തിൽ പ്രബോധിപ്പിക്കപ്പെട്ടുന്നവയാണൊ അല്ലയോ എന്നു യുക്തിപൂർവ്വം നാമോരോരുത്തരും പരിചിന്തിക്കുന്നതിനുള്ള സ്വാതന്ത്ര്യവും കടമയും നമുക്കുണ്ടു്. ദൈവവെളിപാടിൻെറ സാദ്ധ്യത, അതിൻെറ ആവശ്യകത, യഥാർത്ഥത്തിൽ ദൈവവെളിപാടുകൾ മനുഷ്യൎക്കു നല്കപ്പെട്ടിട്ടുണ്ടോ എന്നുള്ള വസ്തുത, ഉണ്ടെങ്കിൽ അതു എവിടെയാണു്, എന്താണു് എന്നെല്ലാം ഉള്ള ഭാഗങ്ങൾ നാം യുക്തിപൂർവ്വം പഠിച്ചും ചിന്തിച്ചും ഗ്രഹിക്കേണ്ടതാണു്. ഏതാദൃശമായ ഒരു വെളിപാടിൽ നാമെത്തിച്ചേൎന്നാൽ അതിനെ പാടെ സ്വീകരിക്കുകമാത്രമേ നമുക്കു കരണീയമായുള്ളു. കാരണം ദൈവത്തിൻെറ ആ പ്രവൃത്തിയെ—അഥവാ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ—പരിമിതമായ നമ്മുടെ ബുദ്ധികൊണ്ടു മുഴുവൻ ഗ്രഹിക്കണമെന്നു ശഠിക്കുന്നതിൽ യുക്തിയില്ല. അതിലാണു് യുക്തിഭംഗം അതുകൊണ്ടു വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ സംബന്ധിച്ചു യുക്തിപൂർവ്വം പരിചിന്തിക്കാവുന്ന ചിലഭാഗങ്ങളുണ്ടു്; യുക്തികൊണ്ടു പ്രവൎത്തിപ്പിക്കാൻ അപര്യാപ്തമായ ചിലഭാഗങ്ങളുമുണ്ടു്. ഇവയെ തരംതിരിച്ചു ഗ്രഹിക്കുകയും സ്വീകരിക്കുകയും വേണം. ഇതിൽ സ്വാതന്ത്ര്യഭംഗം ഉണ്ടെന്നു വിചാരിക്കുന്നതു് തെററാണു്.

ജോസ്: അച്ചാ, ക്രിസ്തുമതത്തിൻെറ അച്ചുതണ്ടു് ക്രിസ്തു ദൈവമാണെന്നുള്ള വസ്തുതയാണു് എന്നാണു് എനിക്കു തോന്നുന്നതു്. കാരണം, വെളിപാടുകളെ സംബന്ധിച്ചു ക്രിസ്തു പ്രയോഗിച്ചിട്ടുള്ള അധികാരവും അതിനെ ലോകത്തിൽ നിലനിൎത്തുന്നതിനു ചെയ്തിട്ടുള്ള ഏൎപ്പാടുകളും ഏതെങ്കിലും ഒരു ഭാഗത്തിൽ ദുർബലപ്പെട്ടാൽ മുഴുവനും ഒന്നാകെ പൊളിയും. അങ്ങിനെയുള്ള ഒരു ദുർബലത

കൂടാതെ പരമമായ ആധിപത്യം നിലനിൎത്തുന്നതു ക്രിസ്തുവിൻെറ ദൈവത്വമാണു്.

ഫാ. പി: അതു ശരിയാണു്. ക്രിസ്തുവിൻെറ ദൈവത്വം നമ്മുടെ വിശ്വാസത്തിൻെറ അചഞ്ചലമായ അസ്ഥിവാരമാണു്. അവിടുന്നു ദൈവമാകുന്നു. ആകയാൽ സത്യസ്വരൂപനാണു്. അവിടുത്തേയ്ക്കു വഞ്ചിക്കപ്പെടുന്നതിനോ വഞ്ചിക്കുന്നതിനോ സാദ്ധ്യമല്ല. അനിരോധ്യമായ ഈ സത്യത്തെ ആശ്രയിച്ചാണു് നമ്മുടെ നില. അതുകൊണ്ടു് ക്രിസ്തു നേരിട്ടും അവിടുത്തെ സഭവഴിയായും നമ്മെ പഠിപ്പിക്കുന്ന സത്യങ്ങൾ ഒരുതരത്തിലും അബദ്ധമാകാൻ സാദ്ധ്യമല്ല. അതിനെ ഗ്രഹിക്കുന്നതിനു ശക്ത്യനുസരണം നമ്മുടെ ബുദ്ധിയെ നാം ഉപയോഗപ്പെടുത്താവുന്നതാണു്. സത്യമതത്തിൻെറ വിശ്വാസസൌധത്തിൽനിന്നു ഒരു കല്ലു് ഇളക്കുന്നതിനു സഭാശത്രുക്കൾ കഴിവതെല്ലാം ശ്രമിച്ചുനോക്കിയിട്ടുണ്ടു്. പക്ഷേ സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല. കാരണം, അതു ക്രിസ്തുവിൻെറ ദൈവത്വമാകുന്ന പരമാധികാരസിമൻെറിൽ പണുതിട്ടുള്ളതാണു്. ഒരു കല്ലിൻെറ അംശംപോലും അതിൽനിന്നു അടൎന്നു വീഴുകയില്ല തന്നെ.

പാൾ: പൊതുവിധിക്കുശേഷം നീതിമാന്മാർ നിത്യാനന്ദത്തിലേക്കും പാപികൾ നിത്യനരകത്തിലേക്കും പോകുമെന്നാണല്ലോ പറഞ്ഞതു്. അപ്പോൾ ശുദ്ധീകരണസ്ഥലത്തിലേക്കു ആരും പോകയില്ലേ?

ഫാ. പി: പൊതുവിധിയോടുകൂടി സകലമനുഷ്യരുടേയും നിത്യത്വം പ്രഖ്യാപിക്കപ്പെടും. സ്വൎഗ്ഗം അല്ലെങ്കിൽ നരകം ഇവ മാത്രമേ നിത്യകാലത്തേക്കുണ്ടാവുകയുള്ളു. കാലത്തിന്നടുത്ത ശിക്ഷകൾ അതിനുമുമ്പുതന്നെ അവസാനിച്ചിരിക്കും. അതുകൊണ്ടു ശുദ്ധീകരണസ്ഥലത്തിന്നു ആവശ്യമില്ല.

ജെയിംസ്: അപ്പോൾ അവസാനകാലത്തു ജീവിക്കുന്ന മനുഷ്യർക്കു ശുദ്ധീകരണസ്ഥലത്തിൽ പോകേണ്ടിവരികയില്ലല്ലോ.

ഫാ. പീ: പോകേണ്ടിവരികയില്ല. പക്ഷെ ഇതു ഗുണമായിരിക്കുമോ ദോഷമായിരിക്കുമോ എന്നു ആരുകണ്ടു!

ജെയിംസ്: അതെന്താണു്?

ഫാ. പീ: ഒരു കാര്യം തീർച്ചയാണു്. പാപമാലിന്യമുള്ള യാതൊന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല. അതുകൊണ്ടു അവസാനകാലത്തു ജീവിക്കുന്നവർ അവരുടെ പാപങ്ങൾക്കു പരിഹാരം ചെയ്യാതെ ഗത്യന്തരമില്ല. അതു ഏതുവിധത്തിലാണു് എന്നു ദൈവം തന്റെ അനന്തമായജ്ഞാനത്തിൽ ക്രമപ്പെടുത്തും. അവസാനകാലം വളരെ ക്ലേശഭൂയിഷ്ഠമായിരിക്കുമെന്നും. അഗ്നികൊണ്ടാണു് അവസാനത്തിൽ ലോകം ശുദ്ധീകരിക്കപ്പെടുക എന്നും മററുമുള്ള സൂചനകൾ ഇഹത്തിൽവച്ചുതന്നെ പരിഹാരം നിർവ്വഹിക്കുന്നതിനുള്ള ദാരുണമായ മാർഗ്ഗങ്ങളാകാമല്ലോ. അതുകൊണ്ടു ആ കാലത്തു എന്തെല്ലാമാണു് സംഭവിപ്പാനിരിക്കുന്നതെന്നു നാം ഭയപ്പെടുകതന്നെവേണം. യേശുക്രിസ്തുവിന്റെ തിരുവാക്കുകളിലും ഇങ്ങനെയുള്ള അനുമാനത്തിന്റെ സാദ്ധ്യതകളാണു് തെളിഞ്ഞുകാണുന്നതു്.

ഇനി ആർക്കും ഒന്നും ചോദിക്കാനില്ലല്ലൊ. സമയവും ഏതാണ്ടു അവസാനിച്ചു. സത്യമതത്തിൽ നാം വിശ്വസിക്കേണ്ട സത്യങ്ങളെക്കുറിച്ചാണു് ഇന്നു നാം പരിശോധിച്ചതു്. നാം വിശ്വസിക്കേണ്ട സത്യങ്ങൾ ദൈവംതന്നെ തന്റെ ദിവ്യാധികാരത്തിൽ അപ്രമാദമായും സംശയരഹിതമായും നമ്മെ പഠിപ്പിച്ചുതരുന്നു എന്നുള്ളതു അവിടുത്തെ പക്കൽനിന്നു നാം സ്വീകരിച്ചിട്ടുള്ള അനുഗ്രഹങ്ങളിൽ ഏററവും വിശിഷ്ടമായിട്ടുള്ള

താണ് എന്നു നിസ്സംശയംപറയാം. നാം ലോകസമുദ്രത്തിൽ ചുക്കാനില്ലാത്ത തോണിപോലെ വിടപ്പെട്ടിരിക്കയല്ല, അവിടത്തെ പൈതൃകമായ പരിപാലനയിലാണ് ജീവിക്കുന്നതു. ഇതിനു ദൈവത്തോടു നാം എന്നും നന്ദിയുള്ളവരായിരിക്കണം. എളിമയോടുകൂടിയ പ്രാർത്ഥനകൊണ്ടു വിശ്വാസത്തിൽ ഉറച്ചു ജീവിക്കുക.

---

*Study Circle Series No. 3*

# ജീവിതനിയമം

"... ... ... സസ്യത്തോട്ടമാണ് ഏററവും ഉപകാരപ്രദമായിട്ടുള്ളതു്. അതിൽ ഏർപ്പെട്ടു ജോലിചെയ്യുന്നതു് വ്യായാമത്തിനും കൃഷിപഠനത്തിനും ഒടുവിൽ ആദായത്തിനും കാരണമാകുന്നു. ഒരു കൃഷീവലൻെറ സൌഭാഗ്യം അനുഭവിച്ചവർക്കേ അറിയാവൂ അതു ആൾക്കും ഏററക്കുറെ ഗ്രഹിച്ചാസ്വദിക്കത്തക്ക ഒരു പദ്ധതിയാണ്. സസ്യത്തോട്ടങ്ങൾ ഉണ്ടാക്കുക. ഞങ്ങളുടെ തോട്ടത്തിലെ മെഴുത്ത വഴുതിനങ്ങാകളേയും പല നിറത്തിലും ആകൃതിയിലും ഉള്ള മുളകുവർഗ്ഗങ്ങളേയും, അതിത്തികളിൽ ഭംഗിയായി നിരന്നു നില്ക്കുന്ന ചീരച്ചെടികളേയും കണ്ടു എത്രപേർ അത്യാനന്ദപ്പെടുന്നു അതു കൃഷിചെയ്തുണ്ടാക്കിയ ഞങ്ങളുടെ ആനന്ദത്തിനു അതിരുണ്ടോ. പൌലോ മുത്തപ്പൻ പോലും ഞങ്ങളെ കാണുമ്പോൾ ദുർമ്മുഖം മാററി ചിരിച്ചു തുടങ്ങിയിരിക്കുന്നു. എൻെറ വാദമുഖങ്ങളെ സ്ഥാപിക്കുന്നതിനു ന്യായങ്ങൾ ധവണ്ടുവോളമായി എന്നു ഞാൻ കരുതുന്നു. അതു കൊണ്ടു വിദഗ്ദ്ധസമ്മാനം സസ്യത്തോട്ടക്കാരായ ഞങ്ങൾക്കു കിട്ടേണ്ടതാണ്" എന്നു പറഞ്ഞു ജോണി തൻെറ വാദം അവസാനിപ്പിച്ചു.

"പൂന്തോട്ടത്തിൻെറ ഭാഗത്തു പറയാനുള്ള ന്യായങ്ങളെല്ലാം എൻെറ കൂട്ടുകാരൻ വിശദമായി പറഞ്ഞുകഴിഞ്ഞു സസ്യത്തോട്ടമുണ്ടാക്കുന്നതു് ആനന്ദകരമല്ലേന്നോ, ആദായകരമല്ലേന്നോ ഒന്നും ഞങ്ങൾക്കു വാദമില്ല. ഞങ്ങൾതന്നെ പലപ്പോഴും അവയെ കണ്ടാനന്ദിക്കാറുണ്ടു്. പക്ഷെ ഞങ്ങളുടെ ജോലി ഇതിൽനിന്നെല്ലാം ഒരു പടികൂടി ഉയർന്നതാണ്" എന്നത്രെ ഞങ്ങളുടെ വാദം. അതു മാലാഖാമാരുടെ ജോലിയാണ്. ഞങ്ങ

ളുടെ തോട്ടത്തിലെ മനോഹരമായ റോസപ്പൂക്കളും, ലില്ലിപ്പൂക്കളും. ഡാലിയാ, മെറിഗോൾഡു മുതലായ പുതിയ പൂക്കളും അൾത്താരയിൽ ചെണ്ടുചെണ്ടുകളായി ദിവ്യനാഥൻെറ ഇടവും വലവും നിരന്നു കഴിയുമ്പോൾ എൻെറ സ്നേഹിതൻ ജോണിതന്നെ ഞങ്ങളുടെ വാദമുഖത്തെ കൈകൂപ്പി സമ്മതിക്കുമെന്നാണു് എൻെറ വിശ്വാസം" എന്നു ജോസും തൻെറ വാദം സമാപിപ്പിച്ചു.

തോട്ടത്തിലെ ഒരു വാദപ്രതിവാദരംഗമായിരുന്നു അതു്. പത്രോസച്ചൻ പുതുതായി രണ്ടു തോട്ടങ്ങൾ ഉണ്ടാക്കി. ഒന്നു സസ്യങ്ങളുടേയും മറേറതു പൂച്ചെടികളുടേയും. ജോണിയായിരുന്നു സസ്യത്തോട്ടത്തിലെ ജോലിക്കാരിൽ പ്രമുഖൻ. പൂച്ചെടിത്തോട്ടത്തിലേതിൽ ജോസും. അന്നു തോട്ടത്തിലെ ജോലികൾ കഴിഞ്ഞു എല്ലാവരും വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ പത്രോസച്ചനും സ്ഥലത്തെത്തി. ആ പുൽത്തകിടിയിൽതന്നെ എല്ലാവരും ഇരുന്നു ഒരു വിവാദം ആരംഭിച്ചു. സസ്യത്തോട്ടമോ പൂന്തോട്ടമോ ഏതാണു് നല്ലതു് എന്നതായിരുന്നു വാദവിഷയം. ഓരോരുത്തരും തങ്ങൾ ഏറ്റെടുത്തിരിക്കുന്നതിൻെറ വൈശിഷ്ട്യത്തെ സ്ഥാപിക്കുന്നതിനു തീവ്രമായി വാദിച്ചു. രംഗം വളരെ രസകരമായിത്തീർന്നു. ആ രംഗത്തിലെ അവസാനഭാഗമാണു് മേലുദ്ധരിച്ചതു്. അനന്തരം പത്രോസച്ചൻ ഇങ്ങനെ ഉപസംഹരിച്ചു.

"നിങ്ങളുടെ വാദങ്ങൾ സജീവമായിരുന്നു. യുക്തിപൂർവ്വം തങ്ങളുടെ വാദം സ്ഥാപിക്കാൻ ഓരോരുത്തരും ചെയ്ത ശ്രമം ഏറെക്കുറെ വിജയപ്രദമായിട്ടുണ്ടു്. എനിക്കതിൽ വളരെ സന്തോഷവും രസവും അനുഭവിക്കാൻ സാധിച്ചു നിങ്ങൾക്കും അങ്ങനെതന്നെ ആയിരുന്നുവല്ലോ. എന്നാൽ ഈ വിഷയം തർക്കിച്ചു ഒരു ഭാഗം മാത്രം ശരി എന്നു സ്ഥാപിക്കാവുന്നതല്ല. ഓരോന്നിനും അതതിൻെറ മേന്മയുണ്ടു്; ഗുണമുണ്ടു്. രണ്ടും

ഏററവും ഉപകാരപ്രദവും ആവശ്യകവുമാണ്. ഒന്നിനെ ഉപേക്ഷിച്ച് മറേറതിനെ സ്വീകരിക്കുക എന്നതിൽ സ്വീകാൎയ്യം രണ്ടും എടുക്കുക എന്നതാണ്. നിങ്ങളുടെ സസ്യത്തോട്ടത്തിലെ ഫലങ്ങളിൽ ചിലതെല്ലാം എൻെറ കറിപാത്രത്തിലും നിങ്ങളുടെ പൂന്തോട്ടത്തിലെ പൂക്കളിൽ ചിലതെല്ലാം ഞാൻ പുതുതായി വാങ്ങിച്ചിട്ടുള്ള പൂപാത്രങ്ങളിൽ നമ്മുടെ അൾത്താരകളിലും സ്ഥലം പിടിക്കാറായിരിക്കുന്നു. നിങ്ങളുടെ അദ്ധ്വാനങ്ങൾ നല്ല നിയോഗംകൊണ്ട് പുണ്യങ്ങളായിതീരുകയും നിങ്ങളുടെ കൊച്ചുമാലാഖമാർ ആയുസ്സിൻെറ പുസ്തകത്തിൽ അതു അപ്പോഴപ്പോൾ കുറിച്ചിടുകയും ചെയ്യുന്നുണ്ട്."

എല്ലാവരും ഹിപ്പ്, ഹിപ്പ്, ഹുറെ! എന്നു വിളിച്ച് എണീറേറാടുകയും ചെയ്തു. പാഠനക്കളരിക്കു സമയമായതുകൊണ്ട് അങ്കണമുറിയിലേക്കാണ് ഓട്ടത്തിൻെറ ലക്ഷ്യം.

ഫാ. പീ: കഴിഞ്ഞ ദിവസത്തെ പ്രതിപാദ്യവിഷയം എല്ലാവക്കും തെളിവായി മനസ്സിലായോ?

ജെയിംസ്: ഉവ്വ്. അതു വളരെ കാൎയ്യമായ ഒരു ഭാഗമാണെങ്കിലും സംഗതികൾ അത്ര ഗഹനമല്ല. ആൎക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.

ജോസ്: നമ്മുടെ സത്യമതത്തിൻെറ അടിസ്ഥാനതത്വങ്ങൾ ഇത്ര വിശദമാണെന്നും ഇത്ര ഉറച്ച ന്യായങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ടവയാണെന്നും ഞാൻ വിചാരിച്ചിരുന്നില്ല.

ജോണി: ഞാൻ കരുതിയിരുന്നതു് ഈ കാൎയ്യങ്ങളെല്ലാം വലിയ പണ്ഡിതന്മാൎക്കും എട്ടുപത്തുകൊല്ലം സെമ്മിനാരിയിൽ പഠിക്കുന്ന അച്ചന്മാൎക്കുംമാത്രമേ ഗ്രഹിക്കുവാൻ സാധിക്കൂ എന്നാണ്. ഞങ്ങളെല്ലാം സാറന്മാരുടെ തല്ലുംകൊണ്ട് ചെറിയ വേദോപദേശംമാത്രം മനഃപാഠമാക്കി തൃപ്തിപ്പെടാനേ നിവൃത്തിയുള്ളൂ എന്നായിരുന്നു എൻെറ വിശ്വാസം.

ഫാ. പീ: ഞാൻ ആരംഭത്തിൽ പറഞ്ഞകാൎയ്യം ഇപ്പോൾ നിങ്ങൾക്കു കുറേശ്ശെ അനുഭവപ്പെട്ടുതുടങ്ങിയിരിക്കുന്നു. അന്നു നാം നമ്മുടെ പാഠങ്ങളരിവഴിയായി മതത്തെ പഠിക്കണം, മതതത്വങ്ങളെ മനസ്സിലാക്കണം എന്നു പറഞ്ഞപ്പോൾ നിങ്ങൾ അതു വളരെ വിഷമമുള്ള ഒരു കാൎയ്യമാണെന്നു സംശയിച്ചുപോയി. ആ തെററിദ്ധാരണ ഇപ്പോൾ നീങ്ങിയിരിക്കുന്നു. ഇനിയും അതു പാടെ നീങ്ങിപ്പോവുകയും അതിൽ നിങ്ങൾക്കു് വലിയ അഭിരുചി അനുഭവപ്പെടുകയും ചെയ്യും. ഇതാണു് എല്ലാവരുടേയും അനുഭവം.

വിശ്വാസസത്യങ്ങളെപ്പററി പ്രത്യേകമൊന്നും കൂടുതലായി പറയാനില്ലാത്തതുകൊണ്ടു നമുക്കു അടുത്ത വിഷയത്തിലേക്കു കടക്കാം. മതത്തിലെ അവശ്യമായ രണ്ടു ഭാഗങ്ങൾ, ഒന്നു വിശ്വസിക്കാനുള്ള സത്യങ്ങൾ, രണ്ടാമത്തേതു ദൈവത്തിൻെറ നേക്കു അനുവൎത്തിക്കേണ്ട കടമകൾ ഇവയാണല്ലോ. ദൈവത്തിൻെറ നേക്കു അനുവൎത്തിക്കേണ്ട കടമകൾ എന്നു പറയുന്നതുകൊണ്ടു് അതു എപ്പോഴും ദൈവത്തെമാത്രം ലക്ഷീകരിച്ചുള്ളവയാണു് എന്നു ധരിക്കരുതു്. എല്ലാ പ്രമാണങ്ങളും പരമമായി ദൈവത്തെ ലക്ഷ്യമാക്കുന്നു. കാരണം അതുവഴിയായി ദൈവം നൽകിയിട്ടുള്ള ആജ്ഞയെ നാം നിവൎത്തിക്കുകയാണു്. എന്നാൽ ആ പ്രമാണങ്ങൾ പ്രത്യക്ഷത്തിൽ ദൈവത്തേയോ, നമ്മെത്തന്നെയോ, മററു സൃഷ്ടികളേയോ ലക്ഷ്യമാക്കിയുള്ളവയായിരിക്കാം. അതായതു ദൈവപ്രമാണത്താൽ നാം നിറവേററുന്ന കാൎയ്യം ദൈവത്തിൻെറ നേക്കുള്ള നമ്മുടെ കടമയാകാം, നമ്മോടുതന്നെ നമുക്കുള്ള കടമയാകാം. നമ്മുടെ അയൽക്കാരോടും ഇതര സൃഷ്ടികളോടും നമുക്കുള്ള കടമയാകാം, ഇവയിലെല്ലാം നാം ദൈവാജ്ഞയെ നിറവേററുന്നു. അതുകൊണ്ടു ദൈവം തന്നെത്തന്നെ സംബന്ധിച്ചും, നമ്മെ സംബന്ധിച്ചും ഇതര സൃഷ്ടികളെ സംബന്ധിച്ചും നമുക്കു

നിയമങ്ങൾ തന്നിരിക്കുന്നു. പ്രമാണങ്ങളെ അനുസരിച്ചുള്ള ജീവിതമാണു് നമ്മുടെ വിശ്വാസത്തെ സജീവമാക്കുന്നതു്. വിശ്വസിക്കുന്നു എന്നു പറയുകയും പ്രമാണങ്ങളെ ധിക്കരിച്ചു ജീവിക്കുകയും ചെയ്യുകയാണെങ്കിൽ ഒന്നുകിൽ അവൻ മനഃപൂർവ്വം കളവു പറയുന്നു അല്ലെങ്കിൽ ആത്മവഞ്ചനയിൽ പെട്ടുപോയിരിക്കുന്നു. ഇതുകൊണ്ടാണു് പ്രവൃത്തികൂടാത്ത വിശ്വാസം നിർജ്ജീവമാണു് എന്നു വേദപുസ്തകംതന്നെ പറയുന്നതു്.

ആൻഡ്രൂ: അച്ചാ, ഞാൻ ദൈവപ്രമാണത്തെ നിറവേററുന്നില്ല എന്നു വിചാരിക്കുക. എന്റെ വിശ്വാസം എനിക്കു നഷ്ടപ്പെട്ടുമോ?

ഫാ. പി: ദൈവപ്രമാണം നിറവേററുന്നില്ല എന്നതു് ഏതുതരത്തിലാണു്? മനഃപൂർവ്വം ദൈവത്തെ ധിക്കരിച്ചു പ്രമാണത്തെ അനാദരിക്കുന്നതാണോ? അങ്ങിനെയാണെങ്കിൽ എന്തു വിശ്വാസമാണു് അയാൾക്കു ദൈവത്തിലുള്ളതു്? അവിശ്വാസം അഥവാ അനാദരവുമാത്രം അതോ, ദൈവപ്രമാണത്തെ നിറവേററണമെന്നു ആഗ്രഹിച്ചിട്ടും ഏതെങ്കിലും കാരണവശാൽ—പരീക്ഷയുടെ ശക്തികൊണ്ടോ, ദുർബലതകൊണ്ടോ, തഴക്കങ്ങൾകൊണ്ടോ—അതിനെതിരായി പ്രവർത്തിച്ചുപോകുന്നതാണോ? അങ്ങിനെയായാൽ അതു വിശ്വാസത്തെ ഹനിക്കുന്നു എന്നു പറയാൻ വഹിയാ. ഇതാണു് വ്യത്യാസം.

പാൾ: ദൈവപ്രമാണം അറിയാതെ ഒരാൾ അതിനെതിരായി പ്രവർത്തിച്ചാൽ അതു പാപമാകുമോ?

ഫാ. പി. മനസ്സിന്റെ അറിവും സമ്മതവും കൂടാതെ പാപമുണ്ടാകുന്നതല്ല. അപ്പോൾ പ്രമാണത്തെ അറിയാതെ ചെയ്യുന്ന ലംഘനം പാപമാകയില്ലല്ലോ. എന്നാൽ ആ പ്രമാണം നാം അറിയേണ്ടതായിരുന്നുവോ; അതു് അറിയാതിരിക്കുന്നതു നമ്മുടെകുററം കൊണ്ടാണോ എന്നുകൂടി

ഇക്കാൎയ്യത്തിൽ ചിന്തനീയമായിട്ടുണ്ടു്. അവശ്യം നാമ റിയേണ്ട കാൎയ്യങ്ങൾ, കുററകരമായ വിധത്തിൽ നാമ റിയാൻ ശ്രമിക്കാത്തതുകൊണ്ടു് ആ പ്രവൃത്തി 'കാരണ' ത്തിൽ കുററമായി ആരോപിക്കപ്പെടാവുന്നതാണു്.

ജോസ്: അച്ചാ, അതു മനസ്സിലായില്ല

ഫാ. പി: ഞാനൊരുദാഹരണം പറയാം. അഞ്ചു വയസ്സുമുതൽ കുട്ടികൾ വേദപാഠക്ലാസുകളിൽ ഹാജരാകണമെന്നും ഏഴുവയസ്സുകഴിഞ്ഞാൽ ഹാജരാകാതിരിക്കരുതു് എന്നും നമുക്കു കല്പനയുണ്ടു്. ഇതിൻെറ ഉദ്ദേശ്യം എല്ലാ കുട്ടികളും വേദപാഠം സംബന്ധിച്ചു അവശ്യം വേണ്ട അറിവു സമ്പാദിക്കണമെന്നാണു്. ഒരു കുട്ടി മനഃപൂൎവ്വം വേദപാഠക്ലാസ്സുകളിൽ ഹാജരാകുന്നില്ല. അതുകൊണ്ടു പ്രമാണങ്ങളെ സംബന്ധിച്ചും തിരുസഭയുടെ കല്പനകളെ സംബന്ധിച്ചും അവശ്യം ഒരു കത്തോലിക്കൻ അറിയേണ്ട കാൎയ്യങ്ങൾ മനസ്സിലാക്കുന്നില്ല; പല കുററകരമായ പ്രവൃത്തികളും അവൻ ചെയ്യുന്നു. അതിൽ പലതും അതിഗൗരവമായവയാണു്. പക്ഷെ അവൻ അതു സാരമില്ല എന്നുവച്ചു ചെയ്യുന്നു. ഇതു കുററമാകുമോ?

ജോസ്: തീൎച്ചയായും കാരണം അവൻെറ മടികൊണ്ടാണു് അവൻ അവയെ പഠിക്കാഞ്ഞതു്.

ഫാ. പി: അതെ അതുതന്നെ. അവൻ അറിയാൻ കടപ്പെട്ട കാൎയ്യങ്ങൾ അറിയാൻ മനഃപൂൎവ്വം ഉപേക്ഷവരുത്തുന്നു. ആ ഉപേക്ഷമൂലം അവൻ ആ കുററങ്ങൾക്കു ഉത്തരവാദിയായിത്തീരുന്നു.

ജോണി: വേദോപദേശ ക്ലാസ്സുകളിൽ പോകുന്നതും വേദോപദേശം പഠിക്കുന്നതും ഇത്ര ഗൌരവമായതും ഉത്തരവാദപ്പെട്ടതുമായ ഒരു കാൎയ്യമാണോ? എത്രപേർ അതു യാതൊരു കാരണവുംകൂടാതെ മുടക്കിക്കളയുന്നു.

ഹാ. പ്രീ: അതു വലിയ തെററാണ്. എത്ര പറഞ്ഞുകൊടുത്താലും ആളുകൾ അതു ധരിക്കുന്നില്ല. നിങ്ങളെല്ലാവരും അക്കാര്യത്തിൽ മാതൃകയായി പ്രവർത്തിക്കണം. മാത്രമല്ല മടിയായി നടക്കുന്ന കുട്ടികളെ പ്രേരിപ്പിച്ചു വേദപാഠക്ലാസ്സുകളിൽ ഹാജരാക്കണം, നിങ്ങൾ ഒത്തൊരുമിച്ചു ശ്രമിച്ചാൽ വളരെ കാര്യമായ സേവനം ചെയ്യാൻ സാധിക്കും.

അതുകൊണ്ട് അടുത്തതായി മതത്തിൽ—ക്രിസ്തുമതത്തിൽ—നാം അനുവർത്തിക്കേണ്ട കടമകളെ ഞാൻ സംക്ഷേപമായി പ്രതിപാദിക്കട്ടെ. ഇവയിൽ പ്രധാനപ്പെട്ടവ ദൈവപ്രമാണങ്ങളേയും തിരുസഭാകല്പനകളേയും അനുസരിക്കുക; ഏഴു മൌലിക (തലപ്പെട്ട) ദോഷങ്ങളെ അകററുകയും അവയ്ക്കു എതിരായ പുണ്യങ്ങളെ ശീലിക്കുകയും ചെയ്യുക; അവനവൻെറ ജീവിതസ്ഥിതിക്കനുസരിച്ചുള്ള പ്രത്യേക കടമകളെ നിറവേററുക; ഓരോരുത്തരുടെ ആത്മാവിനാവശ്യമായ കൂദാശകളെ തിരുസഭയുടെ നിർദ്ദേശമനുസരിച്ചു സ്വീകരിക്കുക; പാപത്തിന്നടിപ്പെട്ടാൽ അനുതപിച്ചു പാപസങ്കീർത്തനംവഴി ദൈവപ്രസാദവരം വീണ്ടും സമ്പാദിക്കുക; പ്രാർത്ഥനാനിരതരായി ജീവിക്കുക എന്നിവയാണ്. വിശ്വാസസത്യങ്ങളെ സ്വീകരിക്കുന്നതിനു മനുഷ്യനെ നിർബന്ധിക്കുന്ന അതേ ദൈവികാധികാരം തന്നെയാണ് ഈ കർത്തവ്യങ്ങളെ അനുഷ്ഠിക്കുന്നതിനും അവനെ പ്രേരിപ്പിക്കുന്നതു്. അതുകൊണ്ട് അക്കാര്യത്തിലുള്ള നിബന്ധനകളെല്ലാം ഇതിലും അടങ്ങിയിരിക്കുന്നുണ്ട്. ഈ ഓരോ വിഷയത്തെപ്പററിയും ഞാൻ ചുരുക്കമായി പറഞ്ഞു തീർക്കാം.

ദൈവപ്രമാണങ്ങൾ— സീനാമലയിൽവച്ചു മോശവഴിയായി ദൈവം മനുഷ്യവർഗ്ഗത്തിനു നൽകിയ നിയമസംഗ്രഹമാണ് പത്തു ദൈവപ്രമാണങ്ങൾ എന്നറിയപ്പെടുന്നതു്. അവ മനു

ഷ്യൻെറ എല്ലാ ധാൎമ്മികപ്രവൃത്തികളേയും സ്പൎശിക്കുന്നവയാണ്. എന്നുമാത്രമല്ല. മനുഷ്യൻെറ സകല പ്രവൃത്തികൾക്കും അവ ശരിയായ മാൎഗ്ഗദൎശിത്വം വഹിക്കുന്നു. അവയെ അവയുടെ പ്രകടമായ വാച്യാൎത്ഥത്തിൽമാത്രം നിവൎത്തിച്ചാൽ പോരാ. അവ ഉള്ളടക്കുന്ന ആന്തരാൎത്ഥങ്ങളേയും ഗ്രഹിച്ച് അവയുടെ പരിപൂൎണ്ണമായ വ്യാപ്തിയിൽ അനുവൎത്തിക്കേണ്ടതാണ്. അവ ഓരോന്നിനും പ്രധാനമായി രണ്ടുവശങ്ങളുണ്ട്: അതായതു, നിരോധനാപരവും നിൎദ്ദേശപരവും. ഈ രണ്ടുവിധത്തിലും അവ നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. പത്തു പ്രമാണങ്ങളെ ഓൎമ്മയ്ക്കുവേണ്ടി ഞാൻ ഉദ്ധരിക്കട്ടെ.

1 നിൻെറ ദൈവമായ കൎത്താവു ഞാനാകുന്നു; ഞാനൊഴികെ വേറൊരു ദൈവം നിനക്കുണ്ടാകരുതു്;
2 ദൈവത്തിൻെറ തിരുനാമം വൃഥാവിൽ പ്രയോഗിക്കരുതു്;
3 കൎത്താവിൻെറ ദിവസം ശുദ്ധമായിആചരിക്കുവാൻ ഓൎത്തുകൊള്ളുക;
4 മാതാപിതാക്കന്മാരെ ബഹുമാനിക്കുക;
5 കൊല്ലരുതു്;
6 വ്യഭിചാരദോഷം ചെയ്യരുതു്;
7 കളവുചെയ്യരുതു്;
8 കള്ളസാക്ഷി പറയരുതു്;
9 അന്യൻെറ ഭാൎയ്യയെ മോഹിക്കരുതു്;
10 അന്യൻെറ വസ്തുക്കളെ ആഗ്രഹിക്കരുതു്.

ഈ പ്രമാണങ്ങൾ പത്തും കല്പലകകളിന്മേൽ ആലേഖനം ചെയ്താണ് മോശയ്ക്കു നൽകപ്പെട്ടതു്. അവ എത്ര ദൃഢമായി നമ്മുടെ ഹൃദയങ്ങളിൽ പതിഞ്ഞിരിക്കേണ്ടതാണ് എന്നു് ഇതു സൂചിപ്പിക്കുന്നു. സീനായമലയിൽനിന്നു പുറപ്പെട്ട ഈ കാഹ

ളം ലോകത്തുള്ള സകല മനുഷ്യരെയും സ്വർഗ്ഗത്തിലേക്കു വഴി തെളിക്കുന്ന ദിവ്യസ്വരമാണ്. ഇന്നുവരെയും എത്രയോ കോടി ജനം ഇതു ശ്രവിച്ചു തദനുസരണം അവരുടെ ജീവിതത്തെ നയിച്ചു സ്വർഗ്ഗത്തിൽ എത്തിച്ചേർന്നിരിക്കുന്നു. മനുഷ്യവർഗ്ഗത്തിനു് ഇത്രയേറെ നന്മചെയ്തിട്ടുള്ളതും ഇത്ര മഹത്തരമായ ദിവ്യപ്രചോദനം നൽകിയിട്ടുള്ളതുമായ വേറൊരു നിയമാവലിയില്ല. അവയിൽ നാമനുഷ്ഠിക്കേണ്ടതായ ദൈവചിത്തം സുവിശദമായി പ്രത്യക്ഷപ്പെടുന്നു. സർവ്വോത്തമവും, പാവനതമവും, ഉത്തേജകവുമായ ആദർശത്തെ അവ മനുഷ്യനു പ്രദാനം ചെയ്തിരിക്കുന്നു. ക്രിസ്തുനാഥൻ അവ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും അത്യധികം പ്രശംസിക്കുകയും ചെയ്തു. യഹൂദരുടെ ഇടയിൽ ഇവയെപ്പററി കടന്നുകൂടിയിരുന്ന തെററിദ്ധാരണകളേയും ദുർവ്യാഖ്യാനങ്ങളേയും അവിടുന്നു തിരുത്തി പ്രമാണങ്ങളെ അവയുടെ തനിപാവനതയിൽ നമുക്കു പ്രദാനം ചെയ്കയും ചെയ്തു. ഇവയാണു് നമ്മുടെ അനുഷ്ഠാന നിയമങ്ങളുടെ മൂലക്കല്ലു്; സർവ്വപ്രധാനമായ പ്രമാണസംഹിത.

തിരുസഭാകല്പനകൾ — ദൈവപ്രമാണങ്ങളെ ഒഴിച്ചാൽ ഒരു ക്രിസ്ത്യാനിയുടെ ഏററവും പ്രധാനമായ ജീവിതനിയമം തിരുസഭാകല്പനകളാണു്. തിരുസഭ അവളുടെ മക്കൾ അനുവർത്തിച്ചു ജീവിക്കുന്നതിനു ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ള നിയമങ്ങളാണു് ഇവ. പുത്രനിർവ്വിശേഷമായ സ്നേഹബഹുമാനങ്ങളോടുകൂടി ഓരോ കത്തോലിക്കനും അവയെ അനുസരിച്ചു ജീവിക്കാൻ ബാദ്ധ്യസ്ഥനാണു് അവ:—

1 ഞായറാഴ്ചകളിലും മററു കടപ്പെട്ട ദിവസങ്ങളിലും ദിവ്യപൂജ കാണണം;

2 ആണ്ടുവട്ടത്തിൽ ഒരിക്കലെങ്കിലും പാപസങ്കീർത്തനം നടത്തുകയും, പെസഹാക്കാലത്തു യോഗ്യമായി വിശുദ്ധ കുർബാന ഉൾക്കൊള്ളുകയും വേണം;

3 നിശ്ചിത ദിവസങ്ങളിൽ നോമ്പു നോക്കുകയും, മുട ക്കപ്പെട്ട വസ്തുക്കൾ ഭക്ഷിക്കാതിരിക്കയും വേണം;

4 വിലക്കപ്പെട്ട കാലങ്ങളിൽ കല്യാണാഘോഷങ്ങളും മുടക്കപ്പെട്ട ആളുകളുമായി കല്യാണവും നടത്താതി രിക്കണം;

5 മേലദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ളതും, നടപ്പിന്നനുസ രിച്ചതുമായ ഓഹരികൾ കൊടുക്കണം എന്നിവ യാണ്. ഇവയെ അവഗണിക്കുകയൊ ലംഘിക്കുക യൊ ചെയ്യുന്നതു ഒരു കത്തോലിക്കനിൽ ഗൌരവ മായ കുററമാണ്. കാരണം, തിരുസഭയുടെ അധി കാരത്തെയാണ് അവൻ ധിക്കരിക്കുന്നതും അവഗ ണിക്കുന്നതും.

ഏഴു മൌലികപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും— മനുഷ്യജീവിതം പാപവിമുക്തമായി നയിക്കണമെങ്കിൽ പാ പകാരണങ്ങളെ ചികഞ്ഞു കണ്ടുപിടിക്കുകയും അവയെ നി ഹനിക്കുന്നതിൽ ശ്രദ്ധിക്കയും വേണം. പാപകൃത്യങ്ങളിൽ മാത്രം ദൃഷ്ടിവച്ചാൽ ഇതു സാധിച്ചു എന്നു വരികയില്ല. മനു ഷ്യജീവിതത്തെ അധഃപതിപ്പിക്കുന്ന പാപങ്ങൾ ഏഴു പ്രധാ നമൂലങ്ങളിൽനിന്നു് ഉത്ഭവിക്കുന്നവയായിക്കാണാം. ഈ സ ങ്കേതങ്ങളെയാണ് മൌലികപാപങ്ങൾ അഥവാ തലപ്പെട്ടദോ ഷങ്ങൾ എന്നു നാം പറയുന്നതു്. അവ നിഗളം, ലുബ്ധ്, കാമം, കോപം, കൊതി, അസൂയ, മടി എന്നിങ്ങനെ ഏഴെ ണ്ണമുണ്ടു്. ജന്മസിദ്ധമായൊ കർമ്മസിദ്ധമായൊ മനുഷ്യനിൽ ശക്തിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ വികാരങ്ങ ളാണ് പാപകൃത്യങ്ങളിലേക്കു് അവനെ പ്രേരിപ്പിക്കുന്നതും വേണ്ടവിധം പ്രതിരോധിക്കാതിരുന്നാൽ വളരെ എളുപ്പത്തിൽ ദുശ്ശീലങ്ങളായി പരിണമിക്കുന്നതും. ആകയാൽ ഓരോമനു ഷ്യനും ആത്മശോധനചെയ്തു് അവനിലുള്ള പ്രബലമായ

വികാരങ്ങളേയും ദുർവ്വാസനകളേയും മനസ്സിലാക്കി അവയെ ജയിക്കുകയും അവയുടെ പ്രേരണാശക്തികളെ കെടുത്തുകയും അവശ്യാവശ്യമാണ്".

ഏതാദൃശമായ ദുർവ്വാസനകളെ ജയിക്കുന്നതിനുള്ള പരിശ്രമത്തിൽ അത്യധികം സഹായിക്കുന്നതും വിജയത്തെ ഉറപ്പിക്കുന്നതുമായ മാർഗ്ഗം അവയ്ക്കെതിരായ പുണ്യങ്ങളെ സമ്പാദിക്കുകയാണ്. ഇങ്ങനെ നിഗളത്തെ എളിമകൊണ്ടും, ലുബ്ധിനെ ഔദാര്യംകൊണ്ടും, കാമത്തെ വിരക്തികൊണ്ടും, കോപത്തെ ക്ഷമകൊണ്ടും, കൊതിയെ മിതത്വംകൊണ്ടും, അസൂയയെ പരസ്നേഹംകൊണ്ടും, മടിയെ ഉത്സാഹംകൊണ്ടും ഫലപ്രദമായി എതിരിടാം. ആത്മസംയമനം എന്ന മഹത്തായ നേട്ടമാണ് ഈ പരിശ്രമത്തിൽ നമുക്കു സ്വായത്തമാകുന്നത്. വെറും വികാരങ്ങളുടെ തള്ളലുകൾക്കു കീഴ്പെട്ടു മൃഗതുല്യം ജീവിക്കുന്നതിനുള്ള മനുഷ്യൻെറ അധമമായ പ്രേരണകളെ നിയന്ത്രിച്ച്, യഥാർത്ഥത്തിൽ മനുഷ്യൻെറ ഉന്നതമായ ലാലസകൾക്കനുസരിച്ചു ജീവിതത്തെ ഉയർത്തുകയാണ് ഈ പരിശ്രമത്തിൻെറ ലക്ഷ്യം. അവഗാഢമായി മനുഷ്യസ്വഭാവത്തെ പഠിക്കുകയും അവൻെറ ഉൽകൃഷ്ടങ്ങളായ ലാലസകളെപ്പററി ചിന്തിക്കുകയും ചെയ്ത ചില പ്രാചീനതത്വചിന്തകന്മാർ ഇവയിൽ ചിലതെല്ലാം ഗ്രഹിക്കുകയുണ്ടായിട്ടുണ്ട്. ഏതാദൃശ കണ്ടുപിടുത്തങ്ങൾ അവർ അനർഘരത്നങ്ങളായി കരുതുകയും, ശ്രദ്ധാപൂർവ്വം ആ മാർഗ്ഗങ്ങൾ അവലംബിക്കുകയും, അതീവപൂജ്യങ്ങളായി ലോകത്തിന്നു ഉപദേശിക്കുകയും ചെയ്തിട്ടുണ്ട് എന്നു ചരിത്രം സാക്ഷിക്കുന്നു. എന്നാൽ ഇന്നു വെളിപാടിൻെറ പ്രകാശത്തിൽ അവയെല്ലാം നമുക്കു സുവ്യക്തമാക്കപ്പെട്ടിരിക്കുന്നു. പ്രകാശമാനമായ ഈ ആത്മികവെളിച്ചത്തിലാണു നാം ജീവിതം നയിക്കേണ്ടത്. അതിനെതിരായി കണ്ണടയ്ക്കുന്നതും, മനുഷ്യൻെറ അധമമായ മൃഗീയവികാരങ്ങളിലേക്കു സ്വയം അധഃപതിപ്പിക്കുന്നതുമാണ് അക്ഷന്തവ്യമായ അപരാധം.

ജീവിതസ്ഥിതിക്കടുത്ത കടമകൾ— എല്ലാവക്കും പൊതുവാ
യിട്ടുള്ള ഈ കടമകൾക്കുപുറമെ ഓരോ മനുഷ്യനും അവൻെറ
പ്രത്യേക പരിതസ്ഥിതികളും അവൻ സ്വയം തിരഞ്ഞെടുക്കു
ന്ന ജീവിതാവസ്ഥയും അനുസരിച്ചുള്ള പ്രത്യേകകടമകളും
തദനുഗുണമായ ഉത്തരവാദിത്വങ്ങളും നിറവേറേറണ്ടതായി
ട്ടുണ്ടു്. ഇവയെയാണു് ജീവിതസ്ഥിതിക്കടുത്ത കടമകൾ എന്നു
പറയുന്നതു്. ഉദാഹരണത്തിനു്, മാതാപിതാക്കന്മാക്ക അവരു
ടെ മക്കളോടു പ്രത്യേകകടമകളുണ്ടു്; കുട്ടികൾക്കു അവരുടെ
മാതാപിതാക്കന്മാരുടെനേരെ കടമകളുണ്ടു്. രാജാവും പ്രജയും
തമ്മിലും, മുതലാളിയും തൊഴിലാളിയും തമ്മിലും, വൈദ്യനും
രോഗിയും തമ്മിലും, വക്കീലും കക്ഷിയും തമ്മിലും, വൈദിക
നും വിശ്വാസിയും തമ്മിലും എന്നുവേണ്ടാ ഓരോ ജീവിത
സ്ഥിതിയുള്ളവക്കും അവരവർ നിവത്തിക്കേണ്ട പ്രത്യേകതര
മായ ചില കടമകൾ സുസ്പഷ്ടം കാണാവുന്നതാണു്. ഈ കടമ
കളുടെ സ്തുത്യർഹമായ നിവ്വഹണത്തിലാണു് ജീവിതവിജയ
ത്തിൻെറ ഒരു വലിയ പങ്കു അടങ്ങിയിരിക്കുന്നതു്. അതു
കൊണ്ടു് തിരുസഭ ഏതാദൃശമായ കടമകളെ അതിവിശിഷ്ട
മായി പരിഗണിക്കുകയും, അവയെ ആവശ്യാനുസരണം വി
ശദീകരിച്ചു പ്രബോധിപ്പിക്കുകയും, നിഷ്ഠാപൂവ്വമായ അവയു
ടെ അനുഷ്ഠാനത്തെ അനുശാസിക്കുകയും, അതിനുപയുക്തമായ
എല്ലാമാർഗ്ഗങ്ങളേയും ഏപ്പെടുത്തിക്കൊടുക്കുന്നതിൽ ഉൽസു
കയായിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ തിരുസഭയുടെ നിയ
ന്ത്രണത്തിൽ നാം അവയെ നിറവേററുന്നതിനു ബാദ്ധ്യസ്ഥരാ
യിത്തീരുന്നു.

കൂദാശകൾ— മനുഷ്യനെ അവൻെറ ജീവിതോത്തരവാദി
ത്വങ്ങളെ പൊതുവായും പ്രത്യേകമായും നിറവേററുന്നതിനു
സഹായിക്കുവാൻ തിരുസഭ പ്രദാനംചെയ്യുന്ന ഏററവും
ഫലപ്രദമായ മാർഗ്ഗങ്ങളാണു് വിശുദ്ധ കൂദാശകൾ. കൂദാശകളി
ൽ നാം വിശ്വസിക്കേണ്ട ആവശ്യകതയെപ്പററി മുമ്പു പ്ര

തിപാദിച്ചു. അവയുടെ പ്രയോഗത്തേയും ഫലത്തേയും പററി യാണു് ഇവിടെ അല്പം ചിന്തിക്കുവാനുള്ളതു്.

മനുഷ്യരെ വിശുദ്ധീകരിക്കുന്നതിനായി ഈശോമിശിഹാ സ്ഥാപിച്ചിട്ടുള്ളതും, ഇന്ദ്രിയഗോചരമായ ഒരടയാളത്താൽ അഗോചരമായ ദൈവപ്രസാദവരം അതു സ്വീകരിക്കുന്ന ആളിൽ ഉൽപാദിപ്പിക്കുന്നതുമായ കർമ്മമാണു് കൂദാശ എന്നു സാമാന്യമായി അതിനെ നിർവ്വചിക്കാം. വേറെ വാക്കുകളിൽ പറഞ്ഞാൽ, ഭയശുക്രിസ്തു ഏതാനും ബാഹ്യചടങ്ങുകളെ നിശ്ചിതരൂപത്തിൽ ഏർപ്പെടുത്തുകയും, വേണ്ടതായ ഒരുക്കത്തോടുകൂടി അവയെ ക്രമപ്രകാരം സ്വീകരിക്കുന്നവർക്കു അവരുടെ ആത്മാവിൽ തദനുഗുണമായ ദൈവപ്രസാദവരത്തിൻെറ പ്രവാഹം തൻെറ ദൈവികാധികാരത്തിൽ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈവക്കുകർമ്മങ്ങൾ അഥവാ കൂദാശകൾ ഏഴുണ്ടു്. ഇവയിൽ മാമ്മോദീസായും കുമ്പസാരവും പ്രധാനമായി ആത്മാവിനെ പാപബന്ധത്തിൽനിന്നു മോചിക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടവയാണു്. ആത്മാവിൻെറ ജീവൻ എന്നു പറയപ്പെടാവുന്ന ദൈവപ്രസാദവരത്തിൻെറ അഭാവത്തിൽ ക്രമപ്രകാരം അവ സ്വീകരിക്കപ്പെടുമ്പോൾ ദൈവപ്രസാദവരമാകുന്ന ആത്മീയജീവചൈതന്യം ആ ആളിൽ ഉൽപാദിപ്പിക്കപ്പെടുന്നു. ഇക്കാരണത്താൽ അവയെ സാമാന്യമായി മരിച്ചവരുടെ കൂദാശകൾ എന്നു വിളിക്കുന്നു. മററുള്ള കൂദാശകൾ ആത്മാവിലുള്ള ദൈവപ്രസാദവരത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. അതുകൊണ്ടു അവ ജീവിക്കുന്നവരുടെ കൂദാശകളെന്നു വിളിക്കപ്പെടുന്നു. ദൈവപ്രസാദവരത്തോടുകൂടി മാത്രമെ അവയെ സ്വീകരിക്കാവൂ.

ആത്മാവിൽ ദൈവപ്രസാദവരത്തെ ഉൽപാദിപ്പിക്കുക, അതിനെ വർദ്ധിപ്പിക്കുക എന്നീ രണ്ടു കാര്യങ്ങൾക്കുപുറമെ കൂദാശവഴിയായി ലഭിക്കുന്ന മൂന്നാമതൊരു അനുഗ്രഹംകൂടി

യുണ്ടു്. ഇതിനെ കൂദാശസ്കൂടുന്ന വരപ്രസാദം എന്നു പറയുന്നു. ഓരോ കൂദാശയും വഴിയായി മനുഷ്യാത്മാവിൽ ഏതൊരു മഹത്കാര്യം സാധിക്കണമെന്നു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അതിൻെറ സാഫല്യത്തിനായി ആ കൂദാശയെ ആധാരമാക്കി കാലാനുസൃതം ആ കൂദാശ സ്വീകരിച്ചിട്ടുള്ള ആൾക്കു നൽകപ്പെടുന്ന പ്രേരകവരപ്രസാദത്തെയാണു് ഈ പദം കുറിക്കുന്നതു്.

ഒരാൾക്കു ജീവിതകാലത്തിൽ ഒരിക്കൽമാത്രം സ്വീകരിക്കാവുന്ന ചില കൂദാശകളുണ്ടു്. അവ മാമ്മോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നിവയാണു്. ഇതിനുള്ള കാരണം ഈ കൂദാശകൾ അവ സ്വീകരിക്കുന്ന ആളുടെ ആത്മാവിൽ മാഞ്ഞുപോകാൻ വഹിയാത്ത മുദ്ര പതിക്കുന്നു എന്നുള്ളതാണു്. മററു കൂദാശകൾ നിയമാനുസൃതം ആവർത്തിക്കപ്പെടാം.

പുണ്യപൂർണ്ണതാസമ്പാദനത്തിന്നു കൂദാശകൾ ഏററവും ഫലപ്രദമായ മാർഗ്ഗങ്ങളാണു് എന്നു പ്രത്യേകം പറയേണ്ടല്ലോ. അവവഴിയായി അതിവിശിഷ്ടങ്ങളായ ദൈവാനുഗ്രഹങ്ങൾ ആത്മാവുകളിന്മേലക്കു പ്രവഹിക്കുന്നു. അവ പാപങ്ങളെ മോചിക്കുകയും, പുണ്യങ്ങളെ വിളയിക്കുകയും ആത്മികശക്തികളെ പരിപുഷ്ടിപ്പെടുത്തുകയും, മാനുഷിക ദുർബലതകളെ വിജയിക്കുകയും ചെയ്യുന്നു. അവ ദൈവസ്ഥാപിതങ്ങളാകയാൽ അവയുടെ ഫലസിദ്ധിയെപ്പററി സംശയിക്കാവുന്നതല്ല. ആകയാൽ വിശുദ്ധ കൂദാശകളെ സ്വീകരിക്കുന്നതിൽ അലസത ഭാവിക്കുന്നതും അവയുടെനേർക്കു വേണ്ടത്ര ഭക്തി പ്രദർശിപ്പിക്കാതിരിക്കുന്നതും അക്ഷന്തവ്യമായ കൃത്യവിലോപമായിരിക്കും എന്നു സ്പഷ്ടമാകുന്നു.

മനുഷ്യൻെറ ശാരീരികാവശ്യങ്ങൾക്കു പ്രകൃതിയിൽ ദൈവം സജ്ജമാക്കിയിട്ടുള്ള മാർഗ്ഗങ്ങളെ അവൻെറ ആദ്ധ്യാത്മികാവശ്യങ്ങളിൽ ഏററം സമൃക്കായി സദൃശീകരിക്കുന്നു എ

ന്നാണ് ത്രെന്തോസ് സൂനഹദോസ് അംഗീകരിച്ചിട്ടുള്ള വേദാപദേശം പ്രസ്താവിക്കുന്നതു്. മനുഷ്യൻെറ ശരീരസംബന്ധമായ പ്രമുഖാവശ്യങ്ങൾ ജനനം, വളൎച്ച, പോഷണം, ഔഷധം, ആലംബം, നിയന്ത്രണം അഥവാ ഭരണം, ഉൽപാദനം എന്നിവയാണ്. തത്തുല്യമായ ആവശ്യങ്ങളാണ് കൂദാശകൾ ആത്മാവിൽ നിവൎത്തിക്കുന്നതു്. മാമ്മോദീസാവഴിയായി നാം ദൈവപ്രസാദവരത്തിലേയ്ക്കു അതായതു നിത്യജീവനിലേയ്ക്കു ആനയിക്കപ്പെടുന്നു. "വെള്ളത്താലും പവിത്രാത്മനാലും വീണ്ടും ജനിക്കാത്ത യാതൊരുത്തനും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല." സ്ഥൈൎയ്യലേപനം വളൎച്ചയുടെ കൂദാശയാകുന്നു. പരിശുദ്ധാത്മാവിൻെറ പ്രവൎത്തനം വഴിയായും അവിടുത്തെ ദിവ്യദാനങ്ങൾ വഴിയായും ആത്മാവു വിശുദ്ധിയിലും പുണ്യപൂൎണ്ണതയിലും പുരോഗമിക്കുന്നു. വിശുദ്ധകുൎബാനയിൽ മിശിഹായുടെ തിരുശരീരരക്തങ്ങൾ ആത്മാവിൻെറ പോഷണമായ ഭക്ഷണപാനീയങ്ങളായി നൽകപ്പെടുന്നു. ആത്മാവിൻെറ ജീവഹാനിക്കു കാരണമാകുന്ന പാപങ്ങളിൽ നിന്നു രക്ഷപ്രാപിക്കുന്നതിനുള്ള ദിവ്യൗഷധമാണ് കുമ്പസാരം. അതു നമ്മുടെ ആത്മികവ്യാധികളെ നിശ്ശേഷം സുഖപ്പെടുത്തുന്നു. മനുഷ്യൻെറ അന്ത്യവേളയിൽ മരണത്തോടു മല്ലിടുന്നതിനും, ജീവിതം വിജയപ്രദമായി സമാപിപ്പിക്കുന്നതിനും വേണ്ടുന്ന ആലംബം നമുക്കു തരുന്ന കൂദാശയാണ് അന്ത്യലേപനം. തിരുപ്പട്ടം വഴിയായി വ്യവസ്ഥാപിതമായ ആത്മീയഭരണകൂടം സംസ്ഥാപിതമായിരിക്കുന്നു. പരമ്പരയായ മൎത്ത്യോല്പാദനത്തിലും സമുദായത്തിൻെറ വളൎച്ചയിലും ആവശ്യമായ ദൈവികാനുഗ്രഹങ്ങൾ വിവാഹമെന്ന കൂദാശ സമൃദ്ധിയായി പ്രദാനം ചെയ്യുന്നു.

മനുഷ്യൻെറ ശാരീരികാവശ്യങ്ങളും കൂദാശകളും തമ്മിലുള്ള സമ്യക്കായ ഈ സാദൃശ്യം അതിഗൌരവമായ ഒരു ചിന്തയിലേയ്ക്കു നമ്മെ ഹഠാദാകൎഷിക്കുന്നു. നമ്മുടെ ശാരീരിക

വശ്യങ്ങളിൽ ഏതെങ്കിലും അനാസ്ഥ പ്രദർശിപ്പിച്ചാൽ അതിൻെറ ഫലം ഗൌരവാവഹമായിരിക്കും; ജീവഹാനിപോലും അതുമൂലം സംഭവിക്കുമെന്നുള്ളതു് അനുഭവവേദ്യമാണു്. അപ്രകാരംതന്നെ നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൽ കൂദാശകളെ നാം അവഗണിക്കുന്നതു് ആത്മാവിൻെറ നിത്യനാശത്തിനു് നിദാനമാകുന്നതാണു്. അതുകൊണ്ടു പരമകാരുണ്ണികനായ ദൈവം തൻെറ അനുഗ്രഹാധിക്യത്തിൽ നമുക്കു നൽകിയിട്ടുള്ള രക്ഷാമാർഗ്ഗങ്ങളായ വിശുദ്ധ കൂദാശകളെ ആവശ്യാനുസരണം സ്വീകരിക്കുന്നതിൽ എത്രമാത്രം ഉത്സുകത നാം പ്രദർശിപ്പിക്കണമെന്നു സ്വയം വിശദമാണല്ലോ. കൂദാശകൾ നമ്മെ നിർമ്മലഹൃദയരും വിശുദ്ധന്മാരുമാക്കിചെയ്യും.

പ്രാർത്ഥന— മനുഷ്യജീവിതത്തിൻെറ സൗഭാഗ്യപ്രാപ്തിക്കു് അത്യന്താപേക്ഷിതമായ ദൈവാനുഗ്രഹം ലഭിക്കുന്നതിനുള്ള അതിവിശിഷ്ടവും അനുപേക്ഷണീയവുമായ മാർഗ്ഗമാണു് പ്രാർത്ഥന. ദൈവത്തിലുള്ള വിശ്വാസവും സ്നേഹവും ഭക്തിയും മനോഹരമായി പ്രയോഗിക്കുന്ന അവസരമാണു് പ്രാർത്ഥനയുടെ അവസരം. പ്രാർത്ഥനയെ സംക്ഷിപ്തമായി, "മനുഷ്യഹൃദയത്തിൻെറ ദൈവത്തിങ്കലേക്കുള്ള ഉയർച്ച" എന്നു നിർവ്വചിക്കാം. ദൈവത്തെ ആരാധിക്കുന്നതിനും, അവിടുത്തെ അനുഗ്രഹങ്ങൾക്കു കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനും അവിടുത്തോടു ചെയ്തിട്ടുള്ള തെററുകൾക്കു മാപ്പപേക്ഷിക്കുന്നതിനും, നമ്മുടെ ആവശ്യങ്ങളിൽ അവിടുത്തെ സഹായം അഭ്യർത്ഥിക്കുന്നതിനുമായി നമ്മുടെ ഹൃദയങ്ങളെ സ്വർഗ്ഗസ്ഥനായ സത്യദൈവത്തിങ്കലേയ്ക്കു നാം ഉയർത്തുമ്പോൾ ആ പ്രവൃത്തി യഥാർത്ഥപ്രാർത്ഥനയാകുന്നു. പ്രാർത്ഥനയുടെ ആവശ്യം സ്വയം വിശദമാണു്. നമ്മുടെ ദുർബ്ബലതയേയും പാപമാലിന്യങ്ങളേയുംപററിയുള്ള ആത്മബോധവും, നമ്മുടെ പരമപിതാവായ ദൈവത്തിലുള്ള വിശ്വാസവും സ്വാഭാവികമായി നമ്മെ പ്രാർത്ഥനാനിര

തരാക്കുന്നതാണ്. യേശുക്രിസ്തു പ്രാർത്ഥനയുടെ അവശ്യാവശ്യകതയേയും മാഹാത്മ്യത്തെയുംപററി പ്രകടമായി പ്രസ്താവിക്കുകയും, അവിടുത്തെ ജീവിതത്തിൽ ആദ്യന്തം പ്രസ്പഷ്ടമായ മാതൃകയാൽ പ്രബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രാർത്ഥിക്കുന്നതിനുള്ള രീതി അവരെ പഠിപ്പിച്ചുകൊടുക്കണമെന്നപേക്ഷിച്ച ശിഷ്യർക്ക് അവിടുന്നു തിരുവാ തുറന്നു ഉരുവിട്ടുകൊടുത്ത സ്വർഗ്ഗീയപ്രാർത്ഥനയാണല്ലോ "ആകാശങ്ങളിലിരിക്കുന്ന" എന്ന നമസ്കാരം. അതിൻെറ ഓരോ വാക്കുകളും എത്ര മഹനീയമായിരിക്കുന്നു എന്നു നോക്കുക.

"ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ, നിൻെറ തിരുനാമം വിശുദ്ധീകരിക്കപ്പെടട്ടെ; നിൻെറ രാജ്യം വരട്ടെ; നിൻെറ തിരുമനസ്സു ആകാശത്തിലെപ്പോലെ ഭൂമിയിലും ആകട്ടെ; ഞങ്ങളുടെ അന്നന്നത്തെ അപ്പം ഞങ്ങൾക്കു നീ തരിക; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കുക; ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കല്ലെ; വിശേഷിച്ചു തിന്മയിൽനിന്നു ഞങ്ങളെ കാത്തുരക്ഷിച്ചുകൊള്ളണമെ. ആമ്മേൻ"

ദിവ്യമായ ഈ പ്രാർത്ഥന യഥാർത്ഥമായ പ്രാർത്ഥനയുടെ ഒരു ഉത്തമ മാതൃകയാണു്. ദൈവത്തെ ആരാധിക്കുക, പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുക, അനുഗ്രഹങ്ങൾക്കായി അർത്ഥിക്കുക മുതലായ ഭാഗങ്ങൾ ഇതിൽ ഹൃദയാവർജ്ജകമായ വിധത്തിൽ ചുരുങ്ങിയ വാക്കുകളിൽ അടക്കിയിരിക്കുന്നു പ്രാർത്ഥനകളുടെ കൂട്ടത്തിൽ ഈ പ്രാർത്ഥനയ്ക്കുള്ള സ്ഥാനം മറെറാരു പ്രാർത്ഥനയ്ക്കും ഇല്ലതന്നെ. കർതൃപ്രാർത്ഥനയോടു അടുത്തു വിശിഷ്ടമായ വേറൊരു പ്രാർത്ഥനയാണു "നന്മനിറഞ്ഞമറിയം" എന്നുള്ളതു്. പുത്രൻതമ്പുരാൻെറ മനുഷ്യാവതാരരഹസ്യം അറിയിക്കുന്നതിനു പരിശുദ്ധകന്യകാമറിയത്തിൻെറ പക്കലേയ്ക്കു അയയ്ക്കപ്പെട്ട സ്വർഗ്ഗീയദൂതൻ മറിയത്തെ അ

ഭിസംബോധനംചെയ്ത ദൌത്യമറിയിച്ച വാക്കുകളാണ് അതിൻെറ ആദ്യഭാഗം. അതേത്തുടന്നുള്ളതു് ഈ സ്വൎഗ്ഗീയമാതാവിൽ പുത്രനിൎവ്വിശേഷമായ സ്നേഹവിശ്വാസങ്ങൾ അൎപ്പിച്ചുകൊണ്ടു മദ്ധ്യസ്ഥതയൎത്ഥിക്കുന്ന ഒരു മരിയസുതൻെറ ഇംഗിതപ്രകാശനമാണു്. ഇവ കൂടാതെയും ഓരോ വിശ്വാസസത്യങ്ങളെ ഉള്ളടക്കുന്നതും, നമ്മുടെ ആവശ്യങ്ങളിൽ ദൈവസഹായവും വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥവും അഭ്യൎത്ഥിക്കുന്നതുമായ ഒട്ടുവളരെ പ്രാർത്ഥനകൾ തിരുസഭ ഔദ്യോഗികമായി അംഗീകരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പ്രാർത്ഥനയ്ക്കു ഇങ്ങനെ ഏതെങ്കിലും നിശ്ചിതരൂപം ഉണ്ടായിരിക്കണമെന്നും നിർബന്ധമില്ല. ഓരോരുത്തനും അവനവൻെറ ഭക്തവികാരങ്ങൾക്കു യോജിക്കുന്നവിധത്തിലും, ആവശ്യങ്ങൾക്കനുസരിച്ചും ദൈവത്തോടു ഹൃദയംഗമമായ രീതിയിൽ പ്രാർത്ഥിക്കാവുന്നതാണു്.

പ്രാർത്ഥനയിൽ സാമാന്യമായി നമുക്കുണ്ടാകേണ്ട ഉദ്ദേശ്യങ്ങൾ ദൈവസ്തുതി നമ്മുടെ ആവശ്യങ്ങളിൽ ദൈവത്തിൻെറ സഹായം നമ്മുടെ സഹോദരക്കു് ആവശ്യമായ അനുഗ്രഹങ്ങൾ നമ്മുടെ ശത്രുക്കളുടെമേൽ അവിടുത്തേ കൃപ, നമ്മുടെ മേലധികാരികൾക്കു വേണ്ട പ്രകാശനം, ശുദ്ധീകരാത്മാക്കളുടെ പീഡയിൽ സമാശ്വാസം എന്നിവയാണു്. ഏതൊരു സൽകൃത്യവുംപോലെ നമ്മുടെ പ്രാർത്ഥനകൾ നമുക്കു് അമൂല്യമായ ആത്മീയയോഗ്യതാസമ്പാദനത്തിനുള്ള മാൎഗ്ഗമാണു്. "സദാപി നിങ്ങൾ പ്രാർത്ഥിക്കണം" എന്നുള്ള യേശുക്രിസ്തുവിൻെറ നിർദ്ദേശം നാം ഓൎത്തു പ്രവൎത്തിക്കുകയും പ്രാർത്ഥനവഴിയായി സമ്പാദിക്കാവുന്ന നാനാവിധത്തിലുള്ള അനുഗ്രഹങ്ങൾ പൂൎണ്ണമായി പ്രാപിക്കുന്നതിനു് എപ്പോഴും നാം ശ്രദ്ധാലുക്കളാവുകയും വേണം. പ്രത്യേകിച്ചു രാവിലെ ഉണരുമ്പോഴും രാത്രി ഉറക്കത്തിനുമുമ്പും പതിവായി നാം നടത്തിവരുന്ന

പ്രാർത്ഥന ഒരിക്കലും മുടക്കരുതു്. ദൈവചിന്തയോടുകൂടി നമ്മുടെ ജീവിതത്തിലെ ഓരോദിവസവും ആരംഭിക്കുകയും, ദൈവസ്തുതി ഉരുവിട്ടുകൊണ്ടു് അതിനെ സമാപിപ്പിക്കുകയും ചെയ്യുന്നതിൽ വിശിഷ്ടമായ ഒരു കൃത്യം എന്താണു് മനുഷ്യനു ചെയ്യാനുള്ളതു്.

ഇപ്രകാരം ദൈവപ്രമാണം, തിരുസഭാകല്പനകൾ, മൌലികദോഷങ്ങൾ, ജീവിതാന്തസ്സിൻെറ കടമകൾ, വിശുദ്ധ കൂദാശകൾ, പ്രാർത്ഥന എന്നിവയെ ആസ്പദമാക്കി യഥാർത്ഥ ക്രിസ്ത്യാനി അനുവർത്തിച്ചു ജീവിക്കേണ്ട ഒരു ജീവിതനിയമസംഹിത നമുക്കു നൽകപ്പെട്ടിരിക്കുന്നു. ദൈവം നമുക്കു പ്രത്യക്ഷമായും പരോക്ഷമായും നിർദ്ദേശിച്ചുതന്നിട്ടുള്ള ഈ നിയമങ്ങളെ ഏററം വിശ്വസ്തമായി നിറവേററുന്നതാണു് നമ്മുടെ കടമ. ഇതിൽനിന്നൊഴിയുന്നതിനു യാതൊരു മനുഷ്യനും സാദ്ധ്യമല്ല. ആരെങ്കിലും ഔദ്ധത്യപൂർവ്വം അവയെ അനാദരിക്കുന്നുവെങ്കിൽ അവൻ ദൈവികാധികാരത്തെ അവഗണിക്കുകയും അവൻെറ നിത്യസൌഭാഗ്യത്തെ അപകടത്തിലാക്കുകയുമാണു് ചെയ്യുന്നതു്. പ്രമാണങ്ങളെ നാം അനുഷ്ഠിക്കുക; അവ നമ്മെ സുരക്ഷിതമായി കാത്തുകൊള്ളും. ഇവയെ സംബന്ധിച്ചു എന്തെങ്കിലും സംശയനിവാരണം വരുത്തേണ്ട ആവശ്യമുണ്ടെങ്കിൽ ചോദിച്ചുകൊള്ളുക.

ജോണി: ദൈവപ്രമാണങ്ങൾ കാതലായവയും അലംഘനീയങ്ങളുമാണു്. എന്നാൽ തിരുസഭാകല്പനകൾ വെറും ആചാരങ്ങളേയും ചില ആചരണങ്ങളേയുംമാത്രം കുറിക്കുന്നു. ഇവയ്ക്കു രണ്ടിനും തുല്യമായ സ്ഥാനവും ഗൌരവവും കല്പിക്കുന്നതു ശരിയാണോ.

ഫാ. പി: നമ്മുടെ വിശ്വാസത്തെ പ്രായോഗികമാക്കുന്നതിൽ അഥവാ നമ്മുടെ സത്യമതത്തിൻെറ അനുഷ്ഠാനംസംബന്ധിച്ചു് അവരണ്ടും നമുക്കു ഒരുപോലെ അനുസരണാ

ർഹമാണ്. രണ്ടും ദൈവത്തിൻെറ അധികാരത്തെ ആ സ്പദമാക്കിയാണ് നാം അനുഷ്ഠിക്കുന്നതു്. ദൈവം സീനാമലയിൽവച്ചു മനുഷ്യവർഗ്ഗത്തിനു മോശവഴിയായി നേരിട്ടുകൊടുത്തതാണ് ദൈവപ്രമാണങ്ങൾ. മനുഷ്യനെ സത്യവിശ്വാസത്തിലും അനുഷ്ഠാനത്തിലും അപ്രമാദമായി പഠിപ്പിക്കുന്നതിനു ദൈവപുത്രൻ സ്ഥാപിച്ച തിരുസഭവഴിയായി നൽകപ്പെടുന്നതാണ് തിരുസഭാകല്പനകൾ. അതുകൊണ്ടു ഒരു കത്തോലിക്കനു അവ രണ്ടും ഗൌരവത്തിലും സ്ഥാനത്തിലും തുല്യമാണ്. പക്ഷെ ഓരോ പ്രമാണങ്ങളും കല്പനകളും അവ ആജ്ഞാപിക്കുന്ന കാര്യങ്ങളെ ആസ്പദമാക്കിനോക്കിയാൽ വ്യത്യാസമുണ്ടാകും. ദൈവത്തെ ആരാധിക്കുന്നതിനു നിർദ്ദേശിക്കുന്ന ഒരു പ്രമാണവും മററു മനുഷ്യരോടുള്ള കടമകളെ നിർണ്ണയിക്കുന്ന ഒരു പ്രമാണവും തമ്മിൽ അവയുടെ വിഷയത്തെസംബന്ധിച്ച വ്യത്യാസമുണ്ടെന്നുള്ളതു തീർച്ചയാണ്. എന്നല്ലാതെ ഓരോ പ്രമാണവും കല്പനയും ദൈവികാധികാരത്താൽ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിൽ എല്ലാം ഒരുപോലെ അനുസരിക്കുകതന്നെവേണം. ഏതിനെ ലംഘിച്ചാലും ഫലം പ്രമാണനിഷേധംവഴിയുള്ള പാപംതന്നെ.

൧൭൦: മൌലികദോഷങ്ങൾ സാധാരണ തലപ്പെട്ട ദോഷങ്ങൾ എന്നാണ് പറയപ്പെടുന്നതു്. അച്ചൻ പറഞ്ഞതിൽനിന്നും അവയെത്തന്നെ പരിശോധിച്ചാലും അവ അത്ര ഗൌരവമായ പാപങ്ങളല്ല എന്നു കാണാം. പിന്നെ എന്തുകൊണ്ടാണ് അവയെ തലപ്പെട്ടവ എന്നു പറയുന്നതു്.

൧൭൦. പി: തലപ്പെട്ടവ എന്നു പറയുന്നതു അവയുടെ കുററത്തിൽ പ്രത്യക്ഷമായുള്ള ഗൌരവംകൊണ്ടല്ല. നമുക്കറി

യാം അവ നമ്മിൽ ഓരോരുത്തരിലും സാധാരണ എന്ന വണ്ണം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു്. അതുകൊണ്ടാണു് ഞാൻ അവതമ്മിലുള്ള ചില വികാരങ്ങളാണു് എന്നു പറഞ്ഞതു്. അവയുടെ ഗൌരവം സ്ഥിതിചെയ്യുന്നതു്, അവയെ നാം വേണ്ടവിധത്തിൽ നിയന്ത്രിച്ചില്ലെങ്കിൽ അവ നമ്മിൽ ഉറച്ചതായ ദുശ്ശീലങ്ങൾ ഉണ്ടാക്കിതീക്കും എന്നുള്ളതിലാണു് ഉദാഹരണമായി പറഞ്ഞാൽ അരിശം നമ്മിലെല്ലാം ഉണ്ടു്. ഞാൻ ഏതെങ്കിലും കാരണവശാൽ ഒന്നരിശപ്പെട്ടു. അതു എന്നിൽ ഒരു തെററാവാം; ചിലപ്പോൾ തെററല്ലാതെയും വരാം. എന്നാൽ ഞാൻ എൻെറ അരിശത്തെ നിയന്ത്രിക്കാതെ വിട്ടാൽ വലിയ കോപിഷ്ഠനായിതീന്നു അവസാനം മററുള്ളവരുമായി വഴക്കടിച്ചു ഒരു കൊലപാതകത്തിനുതന്നെ ഇടവന്നു എന്നു വരാം. കൊലപാതകം! അതു ഭയങ്കരമായ ഒരു കുററമാണു്. അതിൻെറ കാരണം എൻെറ അരിശവികാരത്തെ നിയന്ത്രിക്കുന്നതിനു ഞാൻ ഉദ്യമിക്കാതിരുന്നു എന്നുള്ളതു്. അപ്പോൾ കോപത്തിന്നു്, അതിൽതന്നെ അതു നിസ്സാരമായി തോന്നുന്നു എങ്കിലും, വലിയ ഒരു സാദ്ധ്യതയുണ്ടെന്നു തെളിയുന്നില്ലേ. ഇതാണു് മൌലികപാപങ്ങളുടെ സ്വഭാവം. വലിയ പുഴകൾ അപ്രതിഹതമായ ശക്തിയോടുകൂടി ഒഴുകി പോകുന്നതു നാം കണ്ടിട്ടുണ്ടു്. ഇവയുടെ ഉത്ഭവം നാം പരിശോധിച്ചാൽ അവ ചെറിയ അരുവികളായിട്ടാണു് ആരംഭിക്കുന്നതു് എന്നു കാണാം. സാവധാനത്തിൽ തുടച്ചയായി പല അരുവികൾ ചേന്നു് അതു വിസ്താരത്തിലും താഴ്ചയിലും വദ്ധിച്ചു ഒരു വലിയ പുഴ ആയിത്തീരുന്നു. ഇതുതന്നെയാണു് മൌലികപാപങ്ങളെക്കുറിച്ചും ഉള്ള അനുഭവം. അവ വലിയ സാദ്ധ്യതകളുള്ള കേന്ദ്രങ്ങളാണു്. ഏതൊരു കഠിനപാപത്തിലേയ്ക്കും അതു വ

ഴിതെളിക്കാവുന്നതാണു്. അതുകൊണ്ടാണു് അവയെ ത ലപ്പെട്ട ദോഷങ്ങൾ എന്നു സാധാരണ പറയുന്നതു്.

ജോസ്: കൂദാശകളെല്ലാം ഈശോമിശിഹാതന്നെ സ്ഥാപി ച്ചതാണോ. വേദപുസ്തകത്തിൽ അതിനു തെളിവില്ല എന്നുപറഞ്ഞു പ്രോട്ടസ്റ്റൻറുകാർ കൂദാശകളെ സ്വീകരി ക്കുന്നില്ലല്ലോ.

ഹാ. പി: കൂദാശകളെല്ലാം ഈശോമിശിഹാതന്നെ സ്ഥാപി ച്ചവയാണു്. കൂദാശയെ സ്ഥാപിക്കുന്നതിനു ദൈവത്തി നുമാത്രമേ അധികാരമുള്ളു. കാരണം ദൈവപ്രസാദവ രം പ്രദാനം ചെയ്യുന്നതിനു മററാക്കു സാധിക്കും? കൂദാ ശകളെല്ലാം മിശിഹാതന്നെ സ്ഥാപിച്ചതാണെന്നും അ വ എണ്ണത്തിൽ ഏഴുമാത്രമാണെന്നും തിരുസഭ ഔദ്യോ ഗികമായി നമ്മെ പഠിപ്പിക്കുന്നു. ഇതിനുള്ള തെളി വുകൾ വേദപുസ്തകത്തിലും പാരമ്പര്യപഠനത്തിലും അ വ വേണ്ടവിധത്തിൽ പരിശോധിച്ചാൽ നമുക്കു കാണാ ൻ സാധിക്കും. വേദപുസ്തകത്തെമാത്രവും അതു് ഓരോ രുത്തരും സ്വതന്ത്രമായി വ്യാഖ്യാനിക്കുന്നവിധത്തിലും വിശ്വാസത്തിൻെറ അടിസ്ഥാനമായി സ്വീകരിക്കുന്ന പ്രോട്ടസ്റ്റൻറുകാർ ഇക്കാര്യത്തിൽ വിലപനീയമായവി ധത്തിൽ തെററിപ്പോയിരിക്കുന്നു എന്നതു ശരിയാണു്. അവർക്കു രണ്ടു കൂദാശമാത്രമേയുള്ളു; അതും നാമമാത്രം; എ ന്തുചെയ്യാം! എന്നാൽ ക്രിസ്തീയസഭയിൽ ആരംഭകാലം മുതൽ എല്ലാ കൂദാശകളും പ്രയോഗത്തിലിരുന്നു എന്നു പാരമ്പര്യപഠനത്തിൽ വിശദമായിക്കാണാം. അവയു ടെ രീതിയിലും പ്രവൎത്തനങ്ങളിലും ബാഹ്യമായ വ്യ ത്യാസങ്ങൾ കാലാന്തരത്തിൽ ഉണ്ടായിട്ടുണ്ടു് എന്നുള്ളതു ശരിയാണു്. എന്നാൽ അവയുടെ സ്ഥാപനവും പ്രയോ ഗവും ക്രിസ്തുസഭയോളംതന്നെ പഴക്കമുള്ളതും ക്രിസ്തുവി നാൽതന്നെ നിൎദ്ദിഷ്ടവുമാണു്.

ആൻഡ്രൂ: വിവാഹം ലോകാരംഭംമുതലുള്ളതാണല്ലോ. എങ്ങനെയാണു് ക്രിസ്തു സ്ഥാപിച്ച ഒരു കൂദാശയാണു് അതെന്നു പറയുന്നതു്?

ഫാ. പീ: വിവാഹം ഒരു സാമുദായിക വ്യവസ്ഥയായി എന്നും നിലനിന്നിട്ടുള്ളതാണു്. പക്ഷെ ക്രിസ്തു ആ വ്യവസ്ഥയെ ഒരു കൂദാശയുടെ സ്ഥാനത്തേയ്ക്കു് ഉയൎത്തി. ഒരു പുരുഷനും സ്ത്രീയും വൈവാഹികജീവിതത്തിനു സന്നദ്ധരായി തമ്മിൽ വാഗ്ദാനം ചെയ്തു വ്യവസ്ഥാപിതമായ ഒരു ജീവിതം ആരംഭിക്കുന്നു. ഇതാണു് സ്വാഭാവികമായ വിവാഹിതജീവിതം. എന്നാൽ ക്രിസ്തു ഇപ്രകാരം വിവാഹത്തിനണയുന്ന സ്ത്രീപുരുഷന്മാരുടെ വാഗ്ദാനവ്യവസ്ഥയെ ചില നിയമങ്ങൾക്കു വിധേയമാക്കി അതു് ഒരു കൂദാശയുടെ വിഷയമാക്കി നിൎണ്ണയിച്ചു. അതുകൊണ്ടു് നിശ്ചിതവ്യവസ്ഥകൾക്കു കീഴ്പ്പെട്ട തിരുസഭയുടെ അംഗീകരണത്തിൽ ഈ വാഗ്ദാനം നടത്തപ്പെടുമ്പോൾ ആ ബാഹ്യാടയാളത്താൽ ആന്തരികമായ ദൈവപ്രസാദവരത്തിൻെറ പ്രവാഹം ഉണ്ടാകുന്നു. ഇതാണു് ക്രിസ്തീയ വിവാഹം എന്ന കൂദാശ.

ജോസ്: ഒരു ക്രിസ്ത്യാനിക്കു കൂദാശയായിട്ടല്ലാതെ വിവാഹത്തിൽ ഏൎപ്പെടാമോ?

ഫാ. പീ: പാടില്ല. ക്രിസ്തീയവിവാഹം എപ്പോഴും കൂദാശയായിരിക്കണം. ആ ബന്ധം യഥാൎത്ഥത്തിൽ വിവാഹമാകണമെങ്കിൽ അതു കൂദാശയായി സ്വീകരിക്കപ്പെടണം.

ജോണി: നാം പലപ്പോഴും ദൈവത്തോടു ഓരോ കാര്യങ്ങൾ ചോദിച്ചിട്ടും കിട്ടാറില്ലല്ലോ. പ്രാൎത്ഥന എപ്പോഴും ഫലസിദ്ധിയുള്ളതായിരിക്കുമോ?

ഫാ. പീ: തൻെറ നാമത്തിൽ പിതാവിനോടപേക്ഷിക്കുന്ന

യാതൊന്നും നൽകപ്പെടാതിരിക്കയില്ല എന്നു മിശിഹാ തന്നെ വാഗ്ദാനംചെയ്തിട്ടുണ്ടു്. ഈ ഉറപ്പു ഒരുതരത്തിലും നമുക്കു അവിശ്വസിക്കാൻ പാടില്ല. എങ്കിലും പലപ്പോഴും നാം ഓരോന്നു അപേക്ഷിച്ചിട്ടു അതു നമുക്കു കിട്ടുന്നില്ല എന്നുള്ള അനുഭവം ഉണ്ടു്. ഇതു എന്തുകൊണ്ടായിരിക്കാം. അപേക്ഷയുടെ ഫലസിദ്ധിയിലുള്ള കുറവുകൊണ്ടായിരിക്കുമോ. അങ്ങിനെ ആകാൻ വഴിയില്ല. കാരണം യഥാൎത്ഥമായ പ്രാൎത്ഥന മിശിഹായുടെ വാക്കുകളെ ആസ്പദമാക്കി സൎവ്വശക്തം തന്നെയാണു് എന്നു പറയാം. അതുകൊണ്ടു പ്രാൎത്ഥനകൾ വിഫലമാകുന്നതിനോ, പ്രത്യക്ഷമായ ഫലം പുറപ്പെടുവിക്കാത്തതിനോ വേറെ കാരണമുണ്ടാകും. ഒന്നുകിൽ നാം വേണ്ടവിധത്തിൽ പ്രാൎത്ഥിക്കുന്നില്ല. അല്ലെങ്കിൽ നമ്മുടെ അൎത്ഥിതം നാം കാണുന്ന വിധത്തിൽ നമുക്കു ഗുണകരമല്ല എന്നു അറിയുന്ന സൎവ്വജ്ഞനായ നമ്മുടെ സ്വൎഗ്ഗീയപിതാവു നമുക്കു കൂടുതൽ ഗുണകരമായ അനുഗ്രഹങ്ങളെ അതിനുപകരം പ്രദാനംചെയ്യുന്നതുകൊണ്ടാവാം. അതുകൊണ്ടു നമ്മുടെ പ്രാൎത്ഥനകളിൽ എപ്പോഴും ദൈവതിരുമനസ്സിനും അവിടുത്തെ അനുഗ്രഹസമൃദ്ധമായ പരിപാലനത്തിന്നും വിധേയമായ ഒരു വ്യവസ്ഥ അത്യന്താപേക്ഷിതമാണു്. നാം ദൈവസന്നിധിയിൽ ദുശ്ശാഠ്യം പിടിക്കുകയല്ല ചെയ്യുന്നതു്; പ്രത്യുത നമ്മുടെ പരിമിതമായ ബോധത്തിൽ നമുക്കു നല്ലതു് എന്നു തോന്നുന്നതിനെ അൎത്ഥിക്കുന്നു, അതിന്റെ കൂടുതൽ ഗുണഗണങ്ങളെ വിവേചനചെയ്തു് ഏററവും ഉത്തമമായതിനെക്കൊണ്ടു നമ്മെ അനുഗ്രഹിക്കുന്നതിനുള്ള പരിപൂൎണ്ണസ്വാതന്ത്ര്യം നാം ദൈവത്തിൽ അൎപ്പിക്കുകയും ചെയ്യുന്നു. ഇതാണു് പ്രാൎത്ഥനയിൽ നമുക്കുണ്ടാകേണ്ട മനോഭാവം. നാം പലപ്പോഴും ഓരോ ലൗകിക നന്മകൾക്കായി അപേക്ഷിക്കുന്നു. അതു

ഒരുപക്ഷെ നമ്മുടെ പുണ്യപൂർണ്ണതയ്ക്കു തടസ്സമാകുമോ എന്നു ആരറിഞ്ഞു. നാം ദുരുപയോഗിക്കുന്നതിനു് ഇടയായേക്കാവുന്ന ഒരു ലൗകിക നന്മ നമുക്കു നൽകപ്പെടുന്നതിനേക്കാൾ അതു നിഷേധിക്കപ്പെടുന്നതിനല്ലയോ നാം യഥാർത്ഥത്തിൽ ആഗ്രഹിക്കേണ്ടതു്. "ദൈവം അവിടുത്തെ സ്നേഹത്തിൽ നിഷേധിക്കുന്ന ചിലകാര്യങ്ങൾ അവിടുത്തെ കോപത്തിൽ അനുവദിക്കാവുന്നതാണു്" എന്നു വിശുദ്ധ ആഗുസ്തീനോസു് പറഞ്ഞിരിക്കുന്നതു് നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം ചിന്താർഹമാണു്. നമുക്കു വേണ്ടതും വേണ്ടാത്തതും, തിന്മയായതും നന്മയായതും ഏതെല്ലാമെന്നു ശരിയായി അറിയുന്ന നമ്മുടെ സ്വർഗ്ഗീയപിതാവു നമുക്കുത്തമമായതിനെ പ്രദാനം ചെയ്യുമെന്നുള്ള ഉറപ്പോടുകൂടി നാം നമ്മുടെ പ്രാർത്ഥനകളിൽ വ്യാപൃതരാവണം.

*Study Circle Series No. 4.*

# മതനിഷ്പക്ഷത

ജെയിംസ്: ഹേ, മിസ്റ്റർ, ഈ പുസ്തകം വളരെ 'ടഫ്'. ഇതൊന്നു മാറിത്തരണം.

പാൾ: സ്നേഹിതൻ പുസ്തകം നോക്കിയെടുക്കാത്തതു് എൻെറ കുററമാണോ. ഇങ്ങോട്ടുതരിക. ഞാൻ മടക്കി വരവുവയ്ക്കട്ടെ. ജെയിംസിനു ലൈബ്രറിയിൽ വരുമ്പോളെക്കും പരവശമാണു്. സാവധാനത്തിൽ പരിശോധിച്ചു നല്ലപുസ്തകങ്ങൾ തിരഞ്ഞെടുക്കുക. എന്തുതരത്തിലുള്ള പുസ്തകങ്ങൾ വായിക്കാനാണു് അഭിരുചിയെന്നു നോക്കി ആ സെക്ഷനിൽനിന്നു എടുക്കാമല്ലോ അതിനായിട്ടല്ലെ എല്ലാം തരംതിരിച്ചു ശാസ്ത്രപരം, ജീവചരിത്രം, ഭക്തിപരം, നോവൽ, പലവക എന്നെല്ലാം ലേബൽ എഴുതി പതിച്ചിരിക്കുന്നതു്.

ജെയിംസ്: സ്നേഹിതാ, കഴിഞ്ഞതവണ എനിക്കു കുറെധൃതിയായിരുന്നു. അതുകൊണ്ടാണു് ഞാൻ കിട്ടിയ പുസ്തകവുംകൊണ്ടു ഓടിയതു്. അതു വളരെ ശാസ്ത്രീയമായിപ്പോയി. കുറെ ഞാൻ ക്ഷമാപൂർവ്വം വായിച്ചുനോക്കി. ഒന്നും ശരിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടാണു് മടക്കി വേറൊന്നു എടുക്കാമെന്നു വച്ചതു്. നിങ്ങൾക്കു ഞാൻ അനാവശ്യമായ ബുദ്ധിമുട്ടിനു കാരണമാകുന്നതിൽ ക്ഷമിക്കണം.

പാൾ: അതു സാരമില്ല. ദൈവത്തിനുവേണ്ടിയും സഹോദരന്മാക്കുവേണ്ടിയും അല്പമെങ്കിലും ബുദ്ധിമുട്ടാമെന്നു കരുതിയാണല്ലോ ഞാൻ ഈ ജോലി സ്വീകരിച്ചതു്. അതുകൊണ്ടല്ല, നിങ്ങളുടെ സമയം പാഴാകുമല്ലോ എന്നു കരുതി പറഞ്ഞതാണു്.

ആൻഡ്രൂ: എന്റെ പുസ്തകം വായിച്ചുകഴിഞ്ഞു. ദിവസം ആയില്ല എങ്കിലും ദയവായി ഒന്നു മാറിതരാമോ.

ജെയിംസ്: അതെന്തു പുസ്തകമാണ്. വായിക്കാൻ രസമുണ്ടോ?

ആൻഡ്രൂ: ഒന്നാംതരം പുസ്തകം. എന്തുരസം. നവമാലിക എന്നാണു പേരു്. വിശുദ്ധ കൊച്ചുത്രേസ്യാതന്നെ എഴുതിയ വിശുദ്ധയുടെ ജീവചരിത്രമാണ്. കയ്യിലെടുത്താൽ വായിച്ചുതീരാതെ താഴെവയ്ക്കാൻ തോന്നുകയില്ല. ഞാനതു രണ്ടുപ്രാവശ്യം വായിച്ചു. കുറച്ചുകഴിഞ്ഞു ഇനിയും വായിക്കണം.

ജെയിംസ്: പാഠം, അതു എന്റെ പേരിൽ എഴുതിതരിക. ജീവചരിത്രങ്ങളാണു് വായിക്കാൻ എനിക്കു കൂടുതൽ ഇഷ്ടം.

പത്രോസച്ചന്റെ ലൈബ്രറിയിലെ ഒരു രംഗമാണു് മേലുദ്ധരിച്ചതു്. സ്റ്റഡിസർക്കിൾ അംഗങ്ങളുടെ നേതൃത്വത്തിൽ അതിലുള്ള പുസ്തകങ്ങൾ എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുന്നു. പുസ്തകവായനയിൽ അഭിരുചി ഉണ്ടാകുവാൻ ബ. പത്രോസച്ചൻ കുട്ടികളെ തേടിപ്പിടിക്കുകയാണു്. പല തരത്തിലുള്ള അനേകം പുസ്തകങ്ങൾ അദ്ദേഹം സംഭരിച്ചു കഴിഞ്ഞു. സാവധാനത്തിൽ ധാരാളംപുസ്തകങ്ങൾ പുറത്തു പോയിക്കൊണ്ടിരിക്കുന്നു. നല്ല പുസ്തകങ്ങളുടെ വായനകൊണ്ടുണ്ടാകുന്ന ഗുണത്തെ പരിപൂർണ്ണമായി തന്റെ ഇടവകജനങ്ങൾ അനുഭവിക്കണമെന്നുള്ളതാണു് അദ്ദേഹത്തിന്റെ ലക്ഷ്യം. നിശ്ചിതസമയങ്ങളിൽ ആർക്കും ലൈബ്രറിയിൽ ചെന്നു പുസ്തകങ്ങൾ വാങ്ങിക്കൊണ്ടുപോരാം. ഒരാഴ്ചകഴിയുമ്പോൾ അതു കേടുകൂടാതെ മടക്കി ഏല്പിക്കണം. ഒരാഴ്ചകൊണ്ടു വായിച്ചു തീർന്നിട്ടില്ലെങ്കിൽ അടുത്ത ആഴ്ചകൂടി പുതുക്കി എടുക്കാം. ഇതാണു് നിയമം. പുസ്തകവില്പനയുടെ ഒരു ശാഖകൂടി

അടുത്തുതന്നെ തുറക്കുന്നതിനും വേണ്ട ഏൎപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുന്നു.

അന്നും പതിവുപോലെ സക്കിൾ നടത്തുവാൻ സമയമായപ്പോൾ ലൈബ്രറി അടച്ചു പോളും ജെയിംസും എല്ലാം അങ്ങനെ മുറിയിൽ എത്തിക്കഴിഞ്ഞു. പഠനക്കളരി ആരംഭിച്ചു.

ഫാ. പി: നിങ്ങളുടെ ലൈബ്രറിയുടെ പ്രവൎത്തനം എങ്ങിനെ ഇരിക്കുന്നു.

പാൾ: ഇന്നു മുപ്പത്തഞ്ചുപുസ്തകം ഇഷ്യൂചെയ്തിട്ടുണ്ടു്. ഇപ്പോൾ ആകെ അഞ്ഞൂറോളം ആയിട്ടുണ്ടു്.

ഫാ. പി: പുസ്തകങ്ങൾ കൊണ്ടുപോയി വായിക്കുന്നതിനുള്ള ഉത്സാഹം വൎദ്ധിച്ചുവരുന്നുണ്ടു്. അതു നല്ല അടയാളമാണു്. ആളുകൾ അധികവും വേണ്ടത്ര അറിവില്ലാഞ്ഞിട്ടാണു് വിശ്വാസവിഷയങ്ങളിൽ മന്ദത ഭാവിക്കുന്നതു്. അറിവു വൎദ്ധിക്കാനുള്ള ഏററവും പ്രായോഗികവും ഫലപ്രദവുമായ മാൎഗ്ഗം വായനയാണു്. നമ്മുടെ സൌകൎയ്യംപോലെ നമ്മെ പഠിപ്പിക്കുന്നതിനു സന്നദ്ധരായിരിക്കുന്ന ഗുരുക്കന്മാരാണു് പുസ്തകങ്ങൾ. അവൎക്കു ഫീസുകൊടുക്കേണ്ട. അവർ തല്ലുകയില്ല. വഴക്കുപറയുകയില്ല. ഒന്നുമില്ല. ക്ഷമയോടുകൂടി നമ്മുടെ സൗകൎയ്യം നോക്കി നമ്മെ ഉപദേശിച്ചുകൊണ്ടിരിക്കും. അതുകൊണ്ടു് വായനയ്ക്കുള്ള അഭിരുചി എല്ലാവരിലും ഉണ്ടാക്കുന്നതിനു നിങ്ങൾ പാടുള്ളത്ര പരിശ്രമിക്കണമെന്നാണു് എനിക്കു പ്രത്യേകം പറയാനുള്ളതു്. ഇക്കാലത്തു മനുഷ്യർ വേണ്ടത്ര ദൈവവിശ്വാസമില്ലാതെയും മതഭക്തിയില്ലാതെയും ജീവിക്കുന്ന മന്ദതയിൽനിന്നു അവരെ ഉണൎത്തുവാനുള്ള ഒരു മാൎഗ്ഗമാണു് ഇതുകൊണ്ടു നാം തെളിയിക്കുന്നതു്. മനുഷ്യന്റെ ഈ മന്ദത എന്തുമാത്രം ദൂഷ്യങ്ങൾക്കും എത്രയെത്ര ആത്മനാശങ്ങൾക്കുമാണു് കാരണമാകുന്നതെന്നു പറയുക സാദ്ധ്യ

മല്ല. ഇതിൻെറ ഫലമായിട്ടാണ് ഇക്കാലത്തു മതനി ഷ്പക്ഷത എന്ന ഒരു പുതിയ മതം—മതമില്ലാമതം— ലോകത്തെവിടെയും പ്രചരിച്ചിരിക്കുന്നതു്. ഇന്നത്തെ നമ്മുടെ പ്രതിപാദ്യവിഷയമായിട്ടു് ഞാൻ ഉദ്ദേശിക്കുന്ന തും ഈ മതനിഷ്പക്ഷത എന്നതാണ്.

ജോണി: അച്ചാ, വളരെ നല്ലതു്. ഞങ്ങൾ പലപ്പോഴും ഞങ്ങ ളുടെ കൂട്ടുകാരുമായി ഓരോന്നു വാദിക്കുമ്പോൾ അവർ പറയുന്ന സമാധാനം ഇതാണ് "നിങ്ങൾ വലിയ മക്കട മുഷ്ടിക്കാരാണ്. നിങ്ങൾക്കുമാത്രമേ ദൈവവും മോക്ഷവു മുള്ളൂ! ഞങ്ങളെയെല്ലാം ദൈവം അറിയുകയില്ലായിരിക്കും. നിങ്ങളുടെ വൈദികന്മാരുടെ ഈ കൾനനിയമമൊന്നു മല്ല മനുഷ്യനെ രക്ഷിക്കുന്നതു്. നല്ലവരായി ജീവിക്ക ണം. അപ്പോൾ ദൈവം രക്ഷ തരും. മതത്തിൻെറ പേരു നോക്കിയല്ല ദൈവം മോക്ഷത്തിലേക്കു ശീട്ടുകൊടുക്കുന്ന തു്." കാര്യം ഇതെല്ലാം തെററാണെന്നറിയാം. എങ്കിലും എങ്ങിനെയാണ് അവരോടു സമാധാനം പറയേണ്ടതു് എന്നു അറിഞ്ഞുകൂടാ.

ജോസ്: ബേബിയും ഞാനുമായി എന്നും ഈ വാദമാണ്. ഇന്ന മതവിഭാഗമെന്നുള്ളതല്ല നോക്കേണ്ടതു്. ആരാണ് നന്നായി ജീവിക്കുന്നതു് എന്നു നോക്കണം എന്നുതന്നെ അവൻ എപ്പോഴും പറയും.

ഫാ. പീ: കൊള്ളാം, അതുകൊണ്ടുതന്നെയാണ് ഞാൻ ഈ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കാൻ ഉദ്ദേശിച്ചതു്. നമ്മുടെ ഇതുവരെയുള്ള പ്രതിപാദ്യങ്ങളിൽനിന്നു നാം കണ്ടതായ സംഗതികൾ ഇവിടെ ഒന്നു സമഗ്രമായി ഓ ൎമ്മിക്കേണ്ടതുണ്ടു്. അതായതു് ഒരു ദൈവമുണ്ടു്; അവിടു ന്നു മനുഷ്യൎക്കു വിശ്വസിക്കുന്നതിനും അനുഷ്ഠിക്കുന്നതി നുമായി മതം വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടു്; ആക

യാൽ ആ മതം ആരാഞ്ഞറിഞ്ഞു അതിൽ വിശ്വസിച്ചു അതു നിഷ്ഠയായി അനുവർത്തിക്കേണ്ട കടമ മനുഷ്യനു അനിവാര്യമാണു്, അതാണു് രക്ഷാമാർഗ്ഗം. പിന്നീടു് വെളിപാടുകളെപ്പററി ചരിത്രപരമായി നാം പരിശോധിച്ചു അതിൻെറ ചരിത്രത്തെ നിഷ്പക്ഷയായി പരിശോധിച്ചാൽ ക്രിസ്തുമതമാണു് ഈ വെളിപാടുകളെ ഉള്ളടക്കുകയും അപ്രമാദമായി ദൈവികാധികാരത്തിൽ ലോകത്തെ പ്രബോധിപ്പിക്കുകയും ചെയ്യുന്നതെന്നു വിശദമാകുമെന്നും നാം കണ്ടു. യേശുക്രിസ്തു ലോകത്തിൽ സ്ഥാപിച്ചതായ വ്യവസ്ഥാപിതമതം ഇന്നും യാതൊരു തെററും കലർപ്പുംകൂടാതെ നിലനിന്നു പോരുന്ന കത്തോലിക്കസഭമാത്രമാണെന്നും യുക്തിപൂർവ്വം നാം മനസ്സിലാക്കി. അടുത്തതായി കത്തോലിക്കസഭ പ്രബോധിപ്പിക്കുന്ന വിശ്വാസസത്യസംഹിതയേയും പ്രമാണശേഖരത്തേയും കടമകളേയും നാം പരിശോധിച്ചു ഗ്രഹിക്കുകയും ഉണ്ടായി. ഇങ്ങനെ മതത്തെപ്പററിയുള്ള നമ്മുടെ പഠനം ഒരുപൂർണ്ണരൂപം എടുത്തുകഴിഞ്ഞിട്ടുണ്ടു്. ഇവയെല്ലാം നാം യുക്തിപൂർവ്വം ചിന്തിച്ചു ചെയ്തിട്ടുള്ള നിഗമനങ്ങളാണു്. അവയിൽ നമുക്കു ചാഞ്ചല്യമില്ലതന്നെ.

ഇപ്പോൾ വേറൊരു വശത്തുനിന്നാണു് നിരാക്ഷേപം വരുന്നതു്. ലോകത്തിൽ വളരെ വളരെ മതങ്ങളും ഓരോമതങ്ങളിൽ ഒട്ടേറെ അവാന്തരവിഭാഗങ്ങളും അവയെ ചിന്തിച്ചും ചിന്തിക്കാതെയും അവലംബിച്ചു പോരുന്ന ലക്ഷോപലക്ഷം ആളുകളുമുണ്ടു്. ഇവരിൽ പലരും ഉത്തമവിശ്വാസത്തിൽ ഇരിക്കുന്നവരും വളരെപ്പേർ സദാചാരനിഷ്ഠയിലും ഭക്തജീവിതത്തിലും കഴിഞ്ഞുകൂടുന്നവരുമാണു്. ഇവരെല്ലാം അവരുടെ കടമയെ നിറവേററുന്നില്ല എന്നും നിത്യരക്ഷയുടെ

മാഗ്ഗത്തിലല്ല എന്നും കത്തോലിക്കസഭയിൽ വിശ്വസിച്ചു ജീവിക്കുന്നവക്കുമാത്രമേ ഈ സ്ഥാനത്തിന്നവകാശമുള്ളു എന്നും പറയുന്നതു് ഒരു സങ്കുചിതമനസ്ഥിതിയല്ലേ എന്നാണു് സൂചന. പ്രത്യക്ഷത്തിൽ ഇതു ബലമുള്ള ഒരു വാദമായി തോന്നുകയും ചെയ്യുന്നു. ഇതിനെ അനുകൂലിക്കുന്നവരുടെ ബാഹുല്യവും ഇന്നത്തെ ലൌകായതികത്വത്തോടു ഇതിനുള്ള യോജ്യതയും ഇതിനെ ഒരു ആധുനിക മതമാക്കിത്തീത്തിട്ടുമുണ്ടു്. അതു ശരിയല്ല എന്നു അവരെ ബോദ്ധ്യപ്പെടുത്തുന്നതിനു എത്ര ന്യായങ്ങൾ പറഞ്ഞാലും അവർ പ്രയോഗത്തിൽ അതുതന്നെ മുറുകെപ്പിടിക്കുന്നതിനു സന്നദ്ധരായിരിക്കുകയും ചെയ്യും. ഈ പ്രസ്ഥാനത്തിൽ ഒരു പ്രത്യേകതരമായ വിശേഷതയുള്ളതു് മനുഷ്യൻ അവൻെറ മറെറല്ലാ ജീവിതവൃത്തികളിലും തെററായി തള്ളുന്ന ഒരു നയം മതകാര്യത്തിൽമാത്രം അപ്രമാദമായി മുറുകെപ്പിടിക്കുന്നു എന്നുള്ളതാണു്. ഒരു കച്ചവടക്കാരൻ അവൻെറ കച്ചവടത്തിൽ നിഷ്പക്ഷതാനയം അവലംബിക്കുമോ? ഞാൻ കച്ചവടം ചെയ്യുന്നു. അതെനിക്കു ലാഭമുണ്ടാക്കട്ടെ, നഷ്ടത്തിനു കാരണമാകട്ടെ, എനിക്കതിൽ നിർബന്ധമില്ല എന്നു ഏതെങ്കിലും കച്ചവടക്കാരൻ വിചാരിക്കുമോ? അതുപോലെ മനുഷ്യജീവിതത്തിലെ ഓരോ ഉദ്ദേശ്യസാദ്ധ്യത്തിന്നായി ഓരോരുത്തരും നിഷ്ഠയോടുകൂടി അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവരാരും നിഷ്പക്ഷതകൊണ്ടു് അക്കാര്യങ്ങളിൽ തൃപ്തിയടയുന്നില്ല. മതത്തിൻെറ കാര്യം വരുമ്പോൾമാത്രം മനുഷ്യൻ ഈ നയം അത്യാവേശത്തോടുകൂടി അവലംബിക്കുകയും അതിനുവേണ്ടി വാദിക്കുകയും ചെയ്യുന്നു. ഇതു് ആശ്ചര്യാവഹമല്ലയോ! എങ്കിലും അതു വാസ്തവത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

"മതമേതായാലും തരക്കേടില്ല" എന്നുള്ള ഈ കൂട്ടരുടെ വാദംതന്നെ ഏററവും വലിയ ഒരു പൂർവ്വാപരവൈരുദ്ധ്യത്തെ

യാണു് ഉളവാക്കുന്നതു്. ഒരുമതം മററൊരു മതത്തിൽനിന്നു ഭിന്നമായിതീരുന്നതു് അതു പഠിപ്പിക്കുന്ന തത്വങ്ങളിൽ ഉള്ള വ്യത്യാസംകൊണ്ടാണല്ലോ. ഒരുമതം ദൈവം ഒന്നേയുള്ളു എന്നു പഠിപ്പിക്കുന്നു; വേറൊരുമതം പല ദൈവങ്ങളുണ്ടു് എന്നു സിദ്ധാന്തിക്കുന്നു; മററൊരു മതമാകട്ടെ പ്രപഞ്ചം ദൈവമാണെന്നു പറയുന്നു. ഇങ്ങനെ പരസ്പരം വിരുദ്ധങ്ങളായ സിദ്ധാന്തങ്ങളെ പഠിപ്പിക്കുന്ന മതങ്ങൾ എല്ലാം സത്യമാണു് എന്നു വാദിക്കുന്ന വാദരീതി എങ്ങിനെയാണു് അക്കൂട്ടർക്കു സ്വീകാര്യമാകുന്നതു് എന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാക്കാൻ സാധിക്കുന്നില്ല. നേരെമറിച്ചു പരസ്പരവിരുദ്ധമായ കാര്യങ്ങളിൽ ഒന്നുമാത്രമേ സത്യമാകാവൂ എന്നുള്ളതു വെറും സാമാന്യ ബുദ്ധി നമ്മെ കാണിച്ചുതരുന്ന ഒരു വസ്തുതയാണു്. യഥാർത്ഥത്തിൽ ഒരു ദൈവമേയുള്ളുവെങ്കിൽ പല ദൈവങ്ങളുണ്ടു എന്നുള്ള പ്രസ്താവം പരമാബദ്ധമായിരിക്കേണ്ടയോ? അതു ശരിയാണു് എന്നു വാദിക്കുന്നവനെ അക്കൂട്ടർക്കായുള്ള പ്രത്യേക സങ്കേതങ്ങളിലോ ബന്ധനങ്ങളിലോ എത്തിക്കേണ്ടയോ? പക്ഷെ അതു പരിപൂർണ്ണമായി അനുവദിച്ചുകൊടുക്കുന്നതിനുള്ള ഒരു സഹിഷ്ണുതയാണു് ലോകത്തിൽ കാണുന്നതു്. അതുകൊണ്ടു് പരസ്പരവിരുദ്ധങ്ങളായ തത്വങ്ങൾ സ്വീകരിക്കുന്ന മതങ്ങൾ അനുസരിച്ചു ജീവിക്കുന്നതു് ഒരുപോലെ സത്യവും സ്വീകാര്യവുമാണു് എന്നു പറയുന്നതു പരമാബദ്ധവും പച്ചയായി പറഞ്ഞാൽ ഒരു മാതിരി ഭ്രാന്തുമാണു്. കാരണം അത്രയ്ക്കു സ്പഷ്ടമായ ഒരു മൌലികതത്വത്തെയാണു് അതു് അനാദരിക്കുന്നതു്. അതുകൊണ്ടു മതനിഷ്പക്ഷതാവാദത്തെ സാധൂകരിക്കണമെങ്കിൽ ഒന്നുകിൽ യുക്തിയെ കൊലപ്പെടുത്തണം; അല്ലെങ്കിൽ ദൈവം ഇതൊന്നും കണക്കാക്കുന്നില്ല; സത്യസ്വരൂപനായ അവിടുന്നു സത്യത്തേയും അസത്യത്തേയും ഒരുപോലെ അംഗീകരിക്കുന്നു എന്നു സ്ഥാപിക്കണം. ഇത്ര അർത്ഥമില്ലാത്ത ഒരു നിലയാണു് മതനിഷ്പക്ഷതാവാദത്തിനുള്ളതു്.

ഞാൻ മുമ്പൊരു ദിവസം പറഞ്ഞതുപോലെ, വേറൊരു കൂട്ടരുണ്ടു് മതനിഷ്പക്ഷതയുടെ കുറെക്കൂടി പരിമിതമായ ഒരു ആദർശം സ്വീകരിക്കുന്നവരായിട്ടു്. ഇതു ക്രിസ്തീയ സഭകളാണു്. ഹിന്ദുമതമോ, ബുദ്ധമതമോ മഹമ്മദുമതമോ ക്രിസ്തുമതമോ ഏതായാലും വേണ്ടതില്ല: എല്ലാം ഒരുപോലെ നിത്യരക്ഷയ്ക്കു സഹായമാണു് എന്നു പറഞ്ഞാൽ അവർ ആ വാദത്തോടനുകൂലിക്കയില്ല. ക്രിസ്തുമതംമാത്രമാണു് സത്യമതമെന്നും എല്ലാവരും അതു സ്വീകരിക്കാൻ ബാദ്ധ്യസ്ഥരാണു് എന്നും വീറോടുകൂടി അവർ വാദിക്കും. ഈ ബോദ്ധ്യത്തിനനുസരിച്ചു ക്രിസ്തുമതം പ്രസംഗിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അവർ ബദ്ധശ്രദ്ധരായി പ്രവത്തിക്കുകയും ചെയ്യും. എന്നാൽ ക്രിസ്തുമതവിഭാഗങ്ങളിൽതന്നെ പരസ്പരവിരുദ്ധങ്ങളായ മതതത്വങ്ങളെപ്പററിയുള്ള വാദം വരുമ്പോൾ മുൻപറഞ്ഞ ന്യായങ്ങളെല്ലാം അവർ മറന്നുകഴിയും: ദൈവം ഒന്നേയുള്ളു. അതുകൊണ്ടു പലദേവന്മാരുണ്ടു് എന്നു പഠിപ്പിക്കുന്ന മതങ്ങൾ അബദ്ധങ്ങളാണു്; അസത്യങ്ങളാണു്: എന്നവർ കൈയടിച്ചു സ്ഥാപിക്കും. പക്ഷെ അടുത്ത നിമിഷത്തിൽ ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടു്: മനുഷ്യസ്വഭാവവും ദൈവസ്വഭാവവും; അതുകൊണ്ടു് ഒരു സ്വഭാവം മാത്രമേയുള്ളു എന്നു പറയുന്നതു് അബദ്ധമാണു് എന്നോ വിശുദ്ധ കുർബാനയിൽ മിശിഹാ സത്യമായി സന്നിധിചെയ്യുന്നു, അതുകൊണ്ടു മിശിഹായുടെ സാക്ഷാൽ സാന്നിദ്ധ്യം വിശ്വസിക്കാത്തവർ തെററിലാണു് എന്നോ മററൊ പറയുമ്പോൾ അവക്കതു സ്വീകാര്യമാകുന്നില്ല. അതെല്ലാം ശരിയാണു്, ക്രിസ്തുവിൽ വിശ്വസിക്കുക, സ്നാനം സ്വീകരിക്കുക; വേദപുസ്തകം വായിക്കുക, എല്ലാം പരിശുദ്ധാത്മാവു തോന്നിക്കും എന്നുപറഞ്ഞു തൃപ്തിപ്പെടുകയും ചെയ്യും. ഒരുവിധത്തിൽ പറഞ്ഞാൽ ഇക്കൂട്ടരുടെ വാദരീതിയാണു് ഒരുവിധത്തിലും മനസ്സിലാക്കാൻ സാധിക്കാത്തതു്. തത്വത്തെ അവർ സ്വീകരിക്കുകയും ഒരു കാര്യത്തി

ൽ പ്രയോഗിക്കുകയും ചെയ്യുന്നു. അതേസമയംതന്നെ വേറൊന്നിൽ അതിനെ തീരെ അഗണ്യമായും അസ്വീകാര്യമായും വിട്ടുകളയുകയും ചെയ്യുന്നു. അതുകൊണ്ടു് ആദ്യത്തെ കൂട്ടരെ ന്യായപൂർവ്വം ഇവർ ഭ്രാന്തന്മാർ എന്നു വിളിക്കുകയാണെങ്കിൽ ഇതു ആ ഭ്രാന്തിന്റെ ഒരു പടികൂടി കടന്ന മൂത്ത ഭ്രാന്തു് എന്നു തന്നെ പറയണം. ചുരുക്കത്തിൽ മതനിഷ്പക്ഷത എന്നുള്ള വാക്കു ഒരു "ഫാഷനാ"യിമാത്രം ഇന്നത്തെ ലോകം കൈക്കൊണ്ടിരിക്കുന്നതാണു്. അവരുടെ ഉദ്ദേശം മതം വേണ്ട എന്നാണെങ്കിൽ അതു മനസ്സിലാക്കാൻ സാധിക്കും. പക്ഷെ അതു യുക്തിപൂർവ്വമായ ഒരു നിലയല്ലല്ലോ എന്നു ഭയന്നിട്ടു അതു പറയുവാൻ ധൈര്യപ്പെടുന്നില്ല. അതിനുപകരം അതേഅർത്ഥത്തിൽ വേറൊരു വാക്കു ഉപയോഗിക്കുന്നു എന്നുമാത്രമേയുള്ളു. ഇന്ത്യക്കു ഹിന്ദുമതം മതി എന്നു ഒരു വലിയ മാന്യൻ ഒരിക്കൽ പ്രസ്താവിച്ചതു് എന്റെ ഓർമ്മയിൽ വരുന്നു. അദ്ദേഹത്തിന്റെ നോട്ടത്തിൽ മതം ഓരോ രാജ്യത്തിന്റെ ആചാരങ്ങളിൽ പെട്ടതായിരിക്കാം. ഇന്ത്യക്കാർ മുണ്ടുടുക്കുന്നു. അതുപോലെ ഹിന്ദുമതവും വിശ്വസിച്ചുകൊള്ളാം. യൂറോപ്പിൽ കളസം ധരിക്കുന്നു. അവർക്കു ക്രിസ്തുമതവും ഇരിക്കട്ടെ. എത്ര നിരർത്ഥകമായ ഒരു പ്രസ്താവനയാണു് ഇതെന്നു നോക്കുക. അതുകൊണ്ടു മതത്തിന്റെ സ്വഭാവവിശേഷങ്ങൾ എന്തൊക്കെ ആയിരിക്കണമെന്നു ശരിയായി മനസ്സിലാക്കിയാൽ- സത്യമതം എന്താണെന്നു ഗ്രഹിച്ചാൽ - മതനിഷ്പക്ഷത എന്ന ആശയത്തിനു സൽബുദ്ധിയിൽ സ്ഥാനമില്ല എന്നു സ്വയം വിശദമാകും.

ഈ വിഷയത്തിൽ ഒരു കാര്യംകൂടി ചിന്തിക്കേണ്ടതുണ്ടു്. മതനിഷ്പക്ഷതാവാദികൾ അവരുടെ വാദത്തിലുള്ള യുക്തിഭംഗത്തെ മറയ്ക്കുന്നതിനു് ഒരു തിരശ്ശീലയെ ആലംബമാക്കുന്നുണ്ടു്. അവർ പറയുന്നതു്: മതമേതായാലും തരക്കേടില്ല; നന്മയായ ഒരു ജീവിതം ആണു് സർവ്വപ്രധാനം എന്നാണു്. ഒരു നല്ല ജീവിതചര്യയാണു് ചിന്തനീയമെന്നു കാണിച്ചിട്ടു്

ആദ്യഭാഗം ഗോപനം ചെയ്യുന്നു. പക്ഷെ ഇതും ഇരുട്ടുകൊണ്ടു ദ്വാരമടയ്ക്കുവാൻ ശ്രമിക്കുന്നതുപോലെയാണു്. ഒരു നല്ല ജീവിതം, നീതിയുക്തമായ ഒരു ജീവിതം മനുഷ്യനു് അത്യന്താപേക്ഷിതമാണു്; തീർച്ചതന്നെ. എന്നാൽ എന്താണു് നീതിയുക്തമായ ഒരു നല്ല ജീവിതത്തിൻെറ അസ്ഥിവാരം? ദൈവം മനുഷ്യനു് എന്തുചെയ്യണമെന്നുദ്ദേശിച്ചിരിക്കുന്നുവോ അതു ചെയ്യുക എന്നതാണു് നീതി അഥവാ മനുഷ്യൻെറ കടമ. ഈ ദൈവികവ്യവസ്ഥയെ നമ്മെ അറിയിച്ചുതരുന്ന മാർഗ്ഗമേതാണു്? സത്യമതം തന്നെ. തീർച്ചയായിട്ടും. സ്രഷ്ടാവായ ദൈവം സൃഷ്ടിയായ മനുഷ്യൻ ഇന്നതരത്തിൽ ജീവിക്കണമെന്നു് വെളിപ്പെടുത്തിത്തരുന്ന സത്യമതമാകുന്ന മാർഗ്ഗത്തെ വിട്ടിട്ടു് സ്വന്തം ഇഷ്ടംപോലെയോ മറേറതെങ്കിലും ജീവിതനിയമം അനുവർത്തിച്ചിട്ടോ ജീവിക്കുന്നതു നന്മയായ, നീതിയുക്തമായ, കർത്തവ്യനിരതമായ ഒരു ജീവിതമാണെന്നു വാദിക്കുവാൻ ആർക്കെങ്കിലും സാധിക്കുമോ? അതുകൊണ്ടു മതംമതെങ്കിലും ആയിക്കൊള്ളട്ടെ, ജീവിതം നന്നായിരിക്കണം എന്നു പറയുന്നതു് വെറും പൊള്ളയായ ഒരു പ്രസ്താവംമാത്രമാണു്. തത്വത്തിലുള്ള അബദ്ധത്തെ മറക്കുന്നതിനു പൊക്കിപ്പിടിച്ചിരിക്കുന്ന ആകർഷകമായ ഒരു തിരശ്ശീല മാത്രമാണു് അതു്. യുക്തിപൂർവ്വം ചിന്തിക്കുന്ന യാതൊരുത്തനേയും സമാധാനിപ്പിക്കുന്നതിനു് അതിനു സാധിക്കുകയുമില്ല. ഇതാണു് ഇന്നത്തെ മതനിഷ്പക്ഷതാവാദത്തിൻെറ ശരിയായ നിറം. യാതൊരു നിബന്ധനകൾക്കും വഴിപ്പെടാതെ തങ്ങൾക്കു സൌകര്യപ്രദമെന്നു തോന്നുന്ന ഒരു ജീവിതം നയിക്കുന്നതിനും അതേസമയംതന്നെ മററുള്ളവരുടെ മുമ്പിൽ യുക്തിയായി പ്രവർത്തിക്കുന്നു എന്നു നടിക്കുന്നതിനും ഉള്ള ഒരു പ്രകടനം എന്നു മാത്രമേ ഇതിനർത്ഥമുള്ളൂ. എങ്കിലും ആധുനികകാലത്തെ വിശ്വാസപരവും ധാർമ്മികവുമായ അധഃപതനത്തിനു ഇതു ഒരു തിരശ്ശീലയായി തീർന്നിരിക്കുന്നു എന്നതുകൊണ്ടു മാനവവംശ

ത്തിന്നു ഇതു ഗണ്യമായ നാശം വരുത്തിവെക്കുന്നുണ്ടു്. വേണ്ടത്ര ചിന്തിക്കാതെതന്നെ ഒട്ടവളരെപ്പേർ ഈ മാനസികമായ സാംക്രമികരോഗത്തിന്നു ഇരയായിത്തീരുന്നു. ഈ വിപത്തു നീങ്ങുന്നതിന്നുവേണ്ടി— അതായതു, താരതമ്യേന നിസ്സാരങ്ങളായ മററു തുറകളിലെന്നപോലെയെങ്കിലും സർവ്വപ്രധാനമായ മതകാര്യത്തിൽ മനുഷ്യൻ ബുദ്ധിപൂർവ്വകമായി ചിന്തിച്ചു കരണീയമായതിനെ ചെയ്യുന്നതിന്നുള്ള സന്മനസ്സു ലഭിക്കുന്നതിന്നു വേണ്ടി— നിങ്ങൾ പ്രത്യേകം ദൈവത്തെ പ്രാർത്ഥിക്കുകയും, സൌകര്യമുള്ളപ്പോഴെല്ലാം ഈദൃശ ആബദ്ധ്യങ്ങളിൽ കുടുങ്ങിയിരിക്കുന്ന നിങ്ങളുടെ സ്നേഹിതന്മാൎക്കു നീതിയുക്തമായ ചിന്തനത്തിന്നുള്ള ന്യായങ്ങളെ കാണിച്ചുകൊടുക്കുകയും ചെയ്ക എന്നാണു് പ്രത്യേകമായി നിങ്ങളെ ഉൽബോധിപ്പിക്കുവാനുള്ളതു്. അചഞ്ചലമായ തത്വങ്ങളിൽ അടിയുറച്ചു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സത്യതിരുസഭയേയും സത്യത്തിൽനിന്നു വ്യതിചലിക്കാതെയുള്ള അവളുടെ നിർദ്ദേശങ്ങളെയും മററും അക്രൂട്ടർ അന്ധമായി അപഹസിക്കുകയോ കുററാരോപണം ചെയ്യുകയോ ചെയ്യുന്നതായി കേൾക്കുമ്പോൾ ക്ഷമാപൂൎവ്വം വൎത്തിക്കുകയും അവൎക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. കുരിശിൽകിടന്നുകൊണ്ടു ദിവ്യരക്ഷകൻ പറഞ്ഞതുപോലെ അവർ ചെയ്യുന്നതെന്താണെന്നു് അവരറിയുന്നില്ല എന്നു പറയുകയും, 'പിതാവെ, അവരോടു ക്ഷമിക്കേണമേ' എന്നുള്ള പ്രാർത്ഥന ഉരുവിടുകയും ചെയ്യുക. സത്യത്തെ കൈവെടിയുവാൻ നമുക്കു നിവൃത്തിയില്ല. അതിന്നുവേണ്ടി നാം കുററം ആരോപിക്കപ്പെട്ടാലും, മക്കടമുഷ്ടിക്കാരായി മുദ്രയടിക്കപ്പെട്ടാലും, പീഡനങ്ങളോ മരണം തന്നെയോ നമ്മുടെമേൽ കെട്ടിവെക്കപ്പെട്ടാലും അവയെല്ലാം തിരുസഭാചരിത്രത്തിലെ ജ്യോതിസ്സുകളായ വേദസാക്ഷികളെ അനുകരിച്ചു സസന്തോഷം സ്വീകരിക്കുകയാണു് നമ്മുടെ കരണീയം.

ജോസ്: നാമോരുത്തരും പ്രവൎത്തിക്കേണ്ടതെന്താണെന്നു ദൈവം നമ്മെ കാണിച്ചുതരുന്നതു് നമ്മുടെ മനസാക്ഷി വഴിയായിട്ടല്ലേ. അപ്പോൾ അവനവന്റെ മനസ്സാക്ഷി അനുസരിച്ചുള്ള മതം സ്വീകരിക്കുന്നതിൽ എന്താണു് കുററമുള്ളതു്?

ഫാ. പീ: നമ്മുടെ ഓരോ പ്രവൃത്തിയുടേയും അവസാനത്തെ നിയമോപദേഷ്ടാവു് നമ്മുടെ മനസ്സാക്ഷിതന്നെയാണു്. അതുകൊണ്ടു ആത്മാൎത്ഥമായി മനസ്സാക്ഷിപ്രകാരം ചെയ്യുന്ന ഒരു പ്രവൃത്തി കുററകരമാണു്, ശിക്ഷാൎഹമാണു് എന്നു ഞാൻ പറയുകയില്ല. പക്ഷെ നമ്മുടെ മനസ്സാക്ഷി എന്നതു നമുക്കുള്ള മററു ശക്തികളേയും കഴിവുകളേയും ആശ്രയിച്ചിരിക്കുന്ന ഒരു ശക്തിവിശേഷം മാത്രമാണു് എന്നും അതു് അതിനു കിട്ടുന്ന മററുതരത്തിലുള്ള അറിവുകൾ അനുസരിച്ചു രൂപീകരിക്കപ്പെടുന്നതാണെന്നും നാം മറന്നുകളയരുതു്. ആകയാൽ നമ്മുടെ മനസ്സാക്ഷിയുടെ രൂപീകരണത്തിൽ ഗൌരവതരമായ ചില കടമകൾ നമുക്കുണ്ടു്. ഒരു കേസിൽ ജഡ്ജിയുടെ വിധിതീൎപ്പാണു് അവസാനതീരുമാനം. പക്ഷെ ആ വിധിതീൎപ്പു് സത്യമാണെങ്കിൽ കേസ്സിന്റെ വിചാരണയിൽ സത്യസ്ഥിതികൾ സാക്ഷികളിൽനിന്നും മററു സാഹചര്യങ്ങളിൽനിന്നും പ്രത്യക്ഷപ്പെട്ടിരിക്കണം. അല്ലെങ്കിൽ വിധിതീൎപ്പു സത്യത്തിനു കടകവിരുദ്ധമായിപ്പോകാം. എത്രയോ ഉദാഹരണങ്ങൾ നാം സാധാരണ കേൾക്കുന്നു. ഒരുത്തൻ വേറൊരുത്തനെ അടിച്ചു. അടിച്ചതും അടികൊണ്ടതും സത്യം. എന്നാൽ വിധി അടിച്ചതായി തെളിയുന്നില്ല; അതുകൊണ്ടു പ്രതി കുററക്കാരനല്ല എന്നായിരിക്കും. ഇതുപോലെ സത്യാവസ്ഥയ്ക്കും വിരുദ്ധമായ ഒരു അവസാനതീരുമാനം നമ്മുടെ മനസ്സാക്ഷിയിൽ ഉണ്ടാകാതിരി

ക്കാൻ അതിനെ സഹായിക്കുന്നതിനുള്ള ശക്തികളെ നാം ശ്രദ്ധാപൂർവ്വം ഉപയോഗിക്കണം. സത്യത്തെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനുള്ള ശക്തി നമ്മുടെ ബുദ്ധിയാണ്. ബുദ്ധി ഓരോ വിഷയത്തിലും സൂക്ഷ്മമായ അന്വേഷണം നടത്തി വേണ്ട തെളിവുകളെല്ലാം മനസ്സാക്ഷിയാകുന്ന വിധിയാളനു പ്രദാനംചെയ്യണം. ഇതിനാണ് നാം കാര്യങ്ങളെപ്പററി പഠിക്കുകയും ചിന്തിക്കുകയും ചെയ്യണമെന്നു പറയുന്നതു്. ആകയാൽ എന്റെ മനസ്സാക്ഷി ഇതാണ് എന്നു ഉപരിപ്ലവമായ ഒരു വിധിയുണ്ടാക്കുകയും അതു പിടിച്ചു ജീവിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതുകൊണ്ടു ഒരുത്തന്റെ പ്രവൃത്തികളെ നീതീകരിക്കുവാൻ സാധിക്കുമോ? തീർച്ചയായും ഇല്ല. കൂടാതെയും മതകാര്യങ്ങൾ നമ്മുടെ ഏററവും കൂടുതലായ ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു വിഷയമാണെന്നു, അതിൽ നാം ചെയ്യുന്ന വിധിയും അതനുസരിച്ചുള്ള നമ്മുടെ ജീവിതവും നമ്മുടെ നിത്യതയെ സ്പർശിക്കുന്നതാണെന്നും ഓർക്കുമ്പോൾ ഇക്കാര്യത്തിലുള്ള നമ്മുടെ ഗൌരവാവഹമായ ഉത്തരവാദിത്വം കൂടുതൽ വിശദമാകും.

ജോസ്: ഒരാൾ അയാളുടെ ശക്തിക്കും സാഹചര്യത്തിനും സാധിക്കുന്നവിധത്തിൽ ഇക്കാര്യത്തെപ്പററി ചിന്തിച്ചിട്ടും യഥാർത്ഥസത്യമതത്തിൽ എത്തിച്ചേരുന്നതിനു സാധിച്ചില്ല. എന്നാൽ അയാളുടെ സ്ഥിതി എന്തായിരിക്കും?

ഫാ. പി: ഈ പ്രശ്നത്തിൽ നാം വളരെ നീതിയായും ഉദാരമായും ഉള്ള ഒരു നില സ്വീകരിക്കുകയായിരിക്കും ഉത്തമം. ചില പ്രമാണതത്വങ്ങൾ നാം അനുസ്മരിക്കണം. "ദൈവം നമ്മുടെ ശക്തിയെ കവിഞ്ഞൊന്നും നമ്മിൽ നിന്നാവശ്യപ്പെടുകയില്ല." "ശക്ത്യനുസരണം സഹക

രിക്കുന്നവക്കു ദൈവം ആവശ്യമായ അനുഗ്രഹങ്ങളും മാർഗ്ഗങ്ങളും പ്രദാനം ചെയ്യാതിരിക്കയില്ല." അതുകൊണ്ടു ഓരോ മനുഷ്യനും അവനവൻെറ കഴിവിൽ പെട്ടിട ത്തോളം അവൻെറ ആത്മരക്ഷയ്ക്കായി— സത്യമതാന്വേഷണത്തിനായി-- പ്രവർത്തിക്കട്ടെ. അവൻെറ നിത്യരക്ഷയെപ്പററി വിധിക്കേണ്ട. അതു ദൈവം നീതിയുക്തമായി വിധിച്ചുകൊള്ളും.

ജോണി: "അപ്പോൾ കത്തോലിക്കാസഭയ്ക്കു പുറമെ രക്ഷയില്ല" എന്നു നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതു ശരിയല്ലല്ലോ.

ഫാ. പീ: ഇതു നല്ലവണ്ണം മനസ്സിലാക്കേണ്ട ഒരു ഭാഗമാണു്. പലക്കും ഇതേപ്പററി വലിയ തെററിദ്ധാരണകളുണ്ടു്. കത്തോലിക്കാസഭയ്ക്കുപുറമെ രക്ഷയില്ല എന്നുള്ളതു നാം വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു സത്യമാണു്. എന്നാൽ ഈ വാക്യത്തിൻെറ അർത്ഥമെന്താണു്, എങ്ങിനെയാണു് അതു നാം മനസ്സിലാക്കേണ്ടതു് എന്നീ സംഗതികൾ നാം പഠിക്കണം. മററുള്ളവർ അതു ശരിയായി മനസ്സിലാക്കുകയും വേണം. കത്തോലിക്കാസഭയിലെ ദൈവശാസ്ത്രജ്ഞന്മാർ ഈ വാക്യത്തെ എങ്ങനെ മനസ്സിലാക്കുന്നു എന്നു നോക്കുക. കത്തോലിക്കാസഭയുടെ ദൃശ്യാംഗമായി ആ സഭയിൽ ജീവിക്കാത്ത മനുഷ്യരെല്ലാം ഒന്നടങ്കം നരകത്തിലേക്കു വീഴുന്നു എന്നോ, കത്തോലിക്കാസഭയുടെ ദൃശ്യാംഗങ്ങൾ എല്ലാം ഒരു അപവാദവുംകൂടാതെ സ്വർഗ്ഗത്തിലേക്കു പോകുന്നു എന്നോ സഭ ഒരിക്കലും പഠിപ്പിച്ചിട്ടില്ല; ആ വാക്യത്തിനു ആ അർത്ഥവിവക്ഷയുമില്ല. കത്തോലിക്കർ ഒരു കാര്യം വിശ്വസിക്കുന്നു. അതായതു് മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ മനുഷ്യരുടെ രക്ഷയ്ക്കായിട്ടു സ്ഥാപിച്ചിട്ടു

ള്ള സത്യമതം കത്തോലിക്കാ തിരുസഭയാണ്. വേറെ വാക്കുകളിൽ പറഞ്ഞാൽ സ്വർഗ്ഗരാജ്യത്തിലേക്കു വെട്ടിത്തുറന്നിരിക്കുന്ന രാജപാഥ കത്തോലിക്കാതിരുസഭമാത്രമാണ്. ഈ സത്യം അവർ ദൃഢമായി വിശ്വസിക്കുന്നൊന്നാണ്. അതുകൊണ്ടു കത്തോലിക്കരല്ലാത്തവർക്കു രക്ഷപെടാൻ വഴിയില്ല എന്നു അനുമാനിക്കുന്നതു ശരിയല്ല. കത്തോലിക്കാസഭയുടെ സത്യതയേയും സ്ഥാനത്തേയും അറിഞ്ഞിട്ട അതിൽ ചേരാതിരിക്കുന്നതും, അഥവാ അതേപ്പററി അറിയുന്നതിനു ശക്ത്യനുസരണം ശ്രമിക്കാതിരിക്കുന്നതും അക്ഷന്തവ്യമായി തന്നെ സഭ കരുതുന്നുണ്ടു. എന്നാൽ തങ്ങളുടെ സ്വന്തകുററം കൂടാതെ, തിരുസഭയ്ക്കു പുറത്തുജീവിക്കുന്നവർ മററുതരത്തിൽ ദൈവതിരുമുമ്പാകെ അയോഗ്യവും ശിക്ഷാർഹവുമായി പ്രവത്തിക്കുന്നില്ല എങ്കിൽ നിഗൂഢവും അജ്ഞേയവുമായ ദൈവകൃപ അവരിൽ പ്രവത്തിക്കുമെന്നാണ് സഭ പഠിപ്പിക്കുന്നതു്. അവരും ക്രിസ്തുവിൻെറ രക്ഷണീയ കൃത്യത്തിൻെറ അംശഭാക്കുകളായി തീരുന്നതും അദൃശ്യമായവിധത്തിൽ ക്രിസ്തുവിൻെറ അനുയായികളും സഭാംഗങ്ങളും ആയിരിക്കുന്നതുമാണ് എന്നത്രെ സഭാശാസ്ത്രജ്ഞന്മാർ ഈ വാക്യത്തെ വിശദീകരിച്ചു പ്രബോധിപ്പിക്കുന്നതു്. അതുകൊണ്ടു ക്രിസ്തുവഴിയായിട്ടുമാത്രമേ രക്ഷയുള്ളു എന്നും, കത്തോലിക്കാതിരുസഭയെയാണ് രക്ഷാമാർഗ്ഗമായി അവിടുന്നു സ്ഥാപിച്ചിട്ടുള്ളതു് എന്നും ഈ സഭയെ പഠിച്ചറിഞ്ഞു ആശ്ലേഷിക്കുന്നതിനു് എല്ലാമനുഷ്യർക്കും അനിവാര്യമായ കടമയുണ്ടെന്നും, എന്നാൽ തങ്ങളുടെ ശക്തിക്കൊത്തവണ്ണം ശ്രമിച്ചതിനുശേഷവും ബോദ്ധ്യപ്പെടാതെ സഭയ്ക്കു പുറമെ ജീവിക്കുന്നവരെ സംബന്ധിച്ച് ദൈവത്തിൻെറ അനന്തമായ കൃപാവരത്താൽ നിർമ്മലമനസ്സാക്ഷിയോടു കൂടി നയിക്കപ്പെടുന്ന ഒരു ജീവിതംമൂലം അവരും തി

രുസഭയുടെ അദൃശ്യാംഗങ്ങളായി പരിഗണിക്കപ്പെടുന്നു എന്നും അവർക്കും മോക്ഷഭാഗ്യത്തിന്നവകാശികളായി തീരാമെന്നും ഈ പ്രശ്നത്തെസംബന്ധിച്ച നാം പ്രത്യേകം മനസ്സിലാക്കിയിരിക്കണം. ഇതു തിരുസഭ പലപ്പോഴും ഔദ്യോഗികമായി പഠിപ്പിക്കുകയും സഭാശാസ്ത്രജ്ഞന്മാർ വിശദീകരിക്കുകയും ചെയ്തിട്ടുള്ള ഒരു കാര്യമാണു്. എങ്കിലും തിരുസഭയെ കരിതേച്ചു കാണിക്കുന്നതിനു കച്ചകെട്ടി പുറപ്പെട്ടിട്ടുള്ള ചിലർക്കു ഈ വാക്യം അവരുടെ വിജയത്തിന്നുള്ള വജ്രായുധമായി പ്രയോഗിക്കുന്നതിനു ഒരു പ്രത്യേക വാസനയുണ്ടു്. അവരുടെ ഈ വാദഗതിയിൽ ചിലപ്പോൾ സാധാരണന്മാർ ഭ്രമിച്ചുപോകും. അതുകൊണ്ടു സാധുക്കളെ വഞ്ചിച്ചു് തിരുസഭ വളരെ സങ്കുചിതമനസ്ഥിതിയോടുകൂടിയ ഒരു സ്ഥാപനമാണെന്നും, ദൈവത്തിന്റെ കൃപാവരങ്ങളെ അതു അതിന്റെ അംഗങ്ങൾക്കുമാത്രമായി അവകാശപ്പെട്ടുകൊണ്ടു മറ്റുള്ള മനുഷ്യവർഗ്ഗത്തെ മുഴുവനും ആ സ്വർഗ്ഗീയപിതാവിന്റെ ശത്രുക്കളായി മുദ്രയടിക്കുന്നു എന്നും മറ്റും സരസമായും ആകർഷകമായും വീരവാദം നടത്തി സഭയുടെ നേരെ വെറുപ്പും അസഹിഷ്ണുതയും വളർത്തുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതു ഒരു വെറും അപവാദ വ്യവസായമാണെന്നു കാണിച്ചുകൊടുക്കേണ്ടതു നമ്മുടെ കടമയാണു്

പാൾ: അങ്ങിനെയാണെങ്കിൽ തിരുസഭയിൽ ചേരാൻ മറ്റുള്ളവരെ നാം നിർബന്ധിക്കുന്നതു ശരിയാണോ?

ററാ. പി: തിരുസഭയാണു് ഔദ്യോഗികമായി ക്രിസ്തു സ്ഥാപിച്ചിട്ടുള്ള രക്ഷാമാർഗ്ഗം എന്നു ഞാൻ പറഞ്ഞു. അതു ലോകത്തെ മുഴുവനും മനസ്സിലാക്കുന്നതിനുള്ള ഉദ്യോഗവും ശാസനയും ക്രിസ്തു നൽകുകയും ചെയ്തു. അപ്പോൾ

ആ കടമ നാം നിർവ്വഹിക്കേണ്ടയോ? മാത്രമല്ല കത്തോലിക്കാസഭയിൽ ആത്മരക്ഷക്കായി സജ്ജമാക്കിയിട്ടുള്ള സുനിശ്ചിതമായ ദിവ്യസഹായങ്ങൾ എത്ര ധാരാളവും വിപുലവുമാണ് എന്നു ഗ്രഹിക്കുമ്പോൾ നമ്മുടെ സഹോദരന്മാർ അതറിയാതെ ലോകസാഗരത്തിൽ നിരാലംബരായി കഷ്ടപ്പെട്ടു നശിക്കുന്നതിനു നാം അനുവദിക്കുന്നതു സാഹസമല്ലേ? അതുകൊണ്ടു നമ്മുടെ സർവ്വ കഴിവുകളും പ്രയോഗിച്ചു ലോകത്തിലുള്ള ഓരോ മനുഷ്യനും സത്യതിരുസഭയെ അന്വേഷിച്ചറിഞ്ഞു സൌഭാഗ്യമടയുന്നതിനു നാം ശ്രമിക്കണം. ഇതു് ദൈവസ്നേഹവും സഹോദരസ്നേഹവും നമ്മിൽ നിന്നാവശ്യപ്പെടുന്നു. ക്രിസ്തുവിന്റെ ദിവ്യശാസനം അതു നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നു. ആകയാൽ കത്തോലിക്കാസഭയെ എല്ലാവരെയും അറിയിക്കുന്നതിനും നാം അക്ഷീണം യത്നിക്കണം.

DHARMARAM COLLEGE LIBRARY, BANGALORE
19849

# മതപാഠം

(രണ്ടാം ഭാഗം)

(FOR JUNIORS)

*Study Circle Series No. 5.*

## ക്രൂദാശകൾ

ഞായറാഴ്ച വേദോപദേശത്തിനു വരുന്ന കുട്ടികളിൽ രണ്ടും മൂന്നും ക്ലാസ്സുകളിലെ കുട്ടികളെ ഒന്നിച്ചുചേർത്തു എല്ലാ ഞായറാഴ്ചയും വേദോപദേശത്തിനുശേഷം പത്രോസച്ചൻ തന്നെ ഒരു പഠനക്കളരി ആരംഭിച്ചിട്ടുണ്ടു്. കുട്ടികൾക്കു ഈ പ്രസ്ഥാനത്തോടുള്ള സ്നേഹവും അതിലുള്ള ഉത്സാഹവും അവർണ്ണനീയമാണു്. അതുകൊണ്ടു വേദോപദേശ ക്ലാസ്സുകളിൽ മുമ്പു മുടങ്ങിയിരുന്നവർപോലും ഇപ്പോൾ ക്രമമായി ഹാജരാകുന്നതിനു ബദ്ധകങ്കണരായിരിക്കുന്നു.

ഫാ. പീ: എന്റെ പ്രിയ കുട്ടികളെ, ഞാൻ കഴിഞ്ഞദിവസം പറഞ്ഞ റോസച്ചെടിയുടെ കഥ നിങ്ങൾ ഓർക്കുന്നുണ്ടോ?

എല്ലാവരും കൂടി: ഉവ്വ്.

റോസി: അച്ചാ, ഞാൻ കേട്ടില്ല.

ഫാ. പീ: എന്തുപററി. മകൾ കഴിഞ്ഞ ദിവസം വന്നില്ലേ?

റോസി: ഇല്ല അച്ചാ, അമ്മ വീട്ടിലില്ലായിരുന്നു. ഞാൻ കുഞ്ഞിനെ നോക്കുകയായിരുന്നു.

ഫാ. പി: അയ്യോ, കഷ്ടം. അപ്പോൾ വേദോപദേശവും മുടങ്ങിയല്ലോ. പോകട്ടെ. നിങ്ങളിൽ എത്രപേർ കഴിഞ്ഞ ദിവസം വരാത്തവരുണ്ട്? എഴുന്നേററു നില്ക്കുക.

(പന്ത്രണ്ടുപേർ എഴുന്നേററു.) നിങ്ങളെന്തുകൊണ്ടാണു വരാതിരുന്നതു്?

അവുസേപ്പു: അപ്പൻ എന്നോടു പത്തുവിനെ തീററാൻ പറഞ്ഞു.

മറിയം: അമ്മ വിട്ടില്ല.

വറിസ്തു: എനിക്കു പനിയായിരുന്നു.

തോമൻ: എൻെറ മുണ്ടു വേലത്തി കൊണ്ടുവന്നില്ല.

ഫാ. പി: മതി, മതി. പ്രിയ കുഞ്ഞുങ്ങളെ, നിങ്ങൾ ചെറുപ്പം മുതൽ കുർബാന മുടങ്ങാതിരിക്കുന്നതിനും വേദോപദേശത്തിനു ക്രമമായി പോകുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം. ഇതു ഒരിക്കലും നിങ്ങളുടെ മടികൊണ്ടു സംഭവിക്കരുതു്. ചിലരെ ഓരോ കാരണങ്ങൾ കൊണ്ടു മാതാപിതാക്കന്മാർ മുടക്കുന്നതായും എനിക്കറിയാം. അവർ അങ്ങിനെ നിർബന്ധം പറയുകയാണെങ്കിൽ നിങ്ങൾ അതു് അനുസരിച്ചാൽ മതി. അനുസരണം ഒരിക്കലും കൈവെടിയരുതു്. എന്നാൽ തക്കതായ കാരണങ്ങൾക്കൂടാതെ അവർ അങ്ങിനെ പറയാതിരിക്കുന്നതിനു ഞാൻ വേണ്ട ശട്ടംകെട്ടുകൾ ചെയ്തുകൊള്ളാം.

പത്രോസ്: അച്ചൻെറ ഇന്നത്തെ പ്രസംഗംകൊണ്ടാണു് അപ്പൻ വേഗം പോയി മുണ്ടുവാങ്ങിച്ചു കൊണ്ടുവന്നു എന്നെ അയച്ചതു്.

ഫാ. പി: കൊള്ളാം. ഇത്രയും പേർ കേൾക്കാത്തതുകൊണ്ടു റോസച്ചെടിയുടെ കഥ ഞാൻ ഒരിക്കൽ കൂടി പറയാം.

നീങ്ങളെല്ലാവരും വലിയ റോസപ്പൂവുണ്ടാകുന്ന ചെടി കണ്ടിട്ടില്ലേ. വളരെ മനോഹരമായ പൂക്കൾ ധാരാളമുണ്ടാകുന്ന അത്തരം ഒരു റോസക്കൊമ്പു കൊണ്ടുവന്നു ഞാൻ തോട്ടത്തിൽ നട്ടു. സാവധാനത്തിൽ അതു പൊടിച്ചുവളന്നു നീണ്ട കൊമ്പുകൾ നാലുവശത്തേക്കു വീശി. ഒരു കൊമ്പിൻെറ അററത്തു നാലഞ്ചു പൂമൊട്ടുകളും ഇട്ടു. എൻെറ സന്തോഷം എന്തുമാത്രമായിരുന്നു എന്നു പറയണ്ടല്ലോ! മൊട്ടുകൾ വലുതായപ്പോൾ അതിൻെറ ഭാരംകൊണ്ടു് കൊമ്പു വളഞ്ഞു പൂമൊട്ടുകൾ നിലത്തു മുട്ടാറായി. ഞാൻ ഒരു കുററി ഇട്ടു് കൊമ്പു പൊക്കിവച്ചു ഒരു വള്ളികൊണ്ടു് കെട്ടി. വള്ളിക്കു നീളം കൂടുതലായിരുന്നതുകൊണ്ടു് പേനക്കത്തിയെടുത്തു വള്ളിയുടെ അററം കൊമ്പിനടുത്തുവച്ചു മുറിച്ചുകളഞ്ഞിട്ടു ഞാൻ പോന്നു. പ്രിയ കുട്ടികളെ, പിറെറദിവസം പൂക്കൾ വിടന്നു നില്ക്കുന്നതുകാണാൻ സന്തോഷത്തോടുകൂടി ഞാനവിടെ ചെന്നു. സങ്കടകരമായ കാഴ്ച! ആ കൊമ്പുകൾ ഉണങ്ങി പൂമൊട്ടുകൾ വാടിത്തളന്നു കിടക്കുന്നു! ഇതെന്തുപററി എന്നു വ്യസനത്തോടുകൂടി ഞാൻ പരിശോധിച്ചുനോക്കി. വള്ളിയുടെ അററം കണ്ടപ്പോൾ ഞാനറിയാതെ പേനാക്കത്തികൊണ്ടു കൊമ്പു മുറിഞ്ഞുപോയിരുന്നു! നിങ്ങൾക്കതിൽ സങ്കടം തോന്നുന്നുണ്ടോ?

കുട്ടികൾ: അയ്യോ അച്ചാ കഷ്ടമായിപ്പോയി.

ചാണ്ടി: ഒരു ദിവസം വീട്ടിൽ അപ്പൻ മാവിൻെറ ഒരു കൊമ്പു മുറിച്ചപ്പോൾ കുരുമുളകിൻെറ തണ്ടു മുറിഞ്ഞു അതു മുഴുവനും ഉണങ്ങിപോയി.

ഫാ. പി: ഇങ്ങനെയുള്ള സംഭവങ്ങൾ നീങ്ങളിൽ പലരും കണ്ടിട്ടുണ്ടാകും. എന്നാൽ ഞാൻ ഇനി ഇതു സംബന്ധിച്ചു ചില ചോദ്യങ്ങൾ ചോദിക്കട്ടെ. തോമൻ, എന്തുകൊണ്ടാണു് ചെടിക്കൊമ്പു ഉണങ്ങിപ്പോയതു്.

തോമൻ: കൊമ്പുമുറിഞ്ഞാൽ ഉണങ്ങിപ്പോവുകയില്ലേ!

ഫാ. പി: അതെ, ഏതെങ്കിലും ഒരു ചെടിയുടേയോ വൃക്ഷത്തിന്റെയോ കൊമ്പു അതിന്റെ തായ്ത്തണ്ടിൽനിന്നു വെട്ടിനീക്കിയാൽ ഉണങ്ങിപ്പോകും അല്ലേ. പക്ഷെ എന്തുകാരണംകൊണ്ടാണ് അതു ഉണങ്ങുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അതു ഞാൻ പറഞ്ഞുതരാം. ഒരു ചെടിക്കു അതിന്റെ തായ്ത്തണ്ടുണ്ട്; അതിന്മേൽ പല ശിഖരങ്ങളുണ്ട്; അവയുടെ അററത്തു ഇലകളും ചിലപ്പോൾ പൂക്കളും കായ്കളുമുണ്ട്; അതുകൂടാതെ ഭൂമിക്കടിയിൽ വേരുകളുമുണ്ട്. ഇല്ലേ?

കുട്ടികൾ: ഉവ്വ്, എല്ലാമുണ്ട്.

ഫാ: പി: ഒരു ചെടി ഉണങ്ങാതെ നന്നായി നില്ക്കണമെങ്കിൽ ഭൂമിയിലുള്ള വളം വേരുകൾ വലിച്ചെടുത്തു ഒരു തരം നീരാക്കി തായ്ത്തണ്ടിലേക്കയയ്ക്കണം; തായ്ത്തണ്ടുവഴി അതു ഓരോ കൊമ്പിലും ചില്ലയിലും ഓരോ ഇലയുടെ അററംവരെയും എത്തണം. എന്നാലെ അതു നല്ലവണ്ണം തഴച്ചു നില്ക്കുകയുള്ളു. ഒരു കൊമ്പു എന്തെങ്കിലും കാരണംകൊണ്ടു തായ്ത്തണ്ടിൽനിന്നു മുറിഞ്ഞോ ഒടിഞ്ഞോ പോയാൽ ഈ നീരു് അതിലേക്കു് ഓടുകയില്ല. അപ്പഴാണ് അതു വാടി വരണ്ടുപോകുന്നതു്. മനസ്സിലായോ?

കുട്ടികൾ: ഉവ്വ്.

ഫാ: പി: ഇതാണു് എന്റെ റോസച്ചെടിക്കു പററിയതു്. ഇതുതന്നെയാണു ചാണ്ടിയുടെ വീട്ടിലെ കുരുമുളകിനും പററിയതു്. ഇതു ഏതുചെടിക്കും പററാവുന്നതാണു്. അതുകൊണ്ടു നിങ്ങൾ വളർത്തുന്ന ചെടികളുടെ എല്ലാം കാര്യത്തിൽ സൂക്ഷിക്കണം. അതിന്റെ കൊമ്പുകളോ ശിഖരങ്ങളോ ഒന്നും ആരും മുറിക്കാതെയും ഒടിക്കാതെയും നോക്കണം. ഏതെങ്കിലുംവിധത്തിൽ ഒടിഞ്ഞു പോയാ

ൽ തായ്ത്തണ്ടിലെ ജീവനീര് അതിൽ ഓടുകയില്ല; അതു് ഉണങ്ങി പോവുകയും ചെയ്യും,കേട്ടോ.

കൊള്ളാം, എന്നാൽ ഞാനിനി ഒരു പ്രത്യേകകാര്യം പറയാം. അതെല്ലാവരും ശ്രദ്ധവെച്ചു കേൾക്കണം. ആ നല്ല റോസച്ചെടിയെക്കാൾ വിശേഷതരം റോസച്ചെടികളും പൂച്ചെടികളും വളരുന്ന ഒരു നല്ല തോട്ടം നിങ്ങളിൽ ഓരോരുത്തക്കുമുണ്ടു്. അതാണു് നിങ്ങളുടെ നിർമ്മലഹൃദയമാകുന്ന — ആത്മാവാകുന്ന തോട്ടം. നിങ്ങളുടെ ഓരോരുത്തരുടേയും ഉള്ളിലുള്ള ആ തോട്ടം സൂക്ഷിച്ചു രക്ഷിക്കേണ്ടതു നിങ്ങൾതന്നെയാണു്. അതിലെ ചെടികൾ മുള്ളും കൊമ്പും ഉള്ളതല്ല, പുണ്യങ്ങളാണു്. ഈ പുണ്യച്ചെടികൾക്കാണു് കേടുപററാതെ നിങ്ങൾ സൂക്ഷിക്കേണ്ടതു്. അതിലുള്ള ഓരോ പുണ്യച്ചെടിയും നിങ്ങൾ ദിവസവും സൂക്ഷിച്ചുകൊണ്ടിരിക്കണം. എൻെറ റോസക്കൊമ്പിനു പററിയതുപോലെ യാതൊരപകടവും വരാതെ ശ്രദ്ധിക്കണം.

റോസി: നമ്മുടെ ഉള്ളിലുള്ള പുണ്യമാകുന്ന ചെടികൾക്കു് എങ്ങിനെയാണച്ചാ, വെട്ടുകൊള്ളുന്നതു്?

ഫാ: പി: ഞാൻ വളരെ ഇഷ്ടപ്പെടുന്ന എൻെറ ചെറിയ പോനക്കത്തിയാണു് എൻെറ റോസക്കൊമ്പു മുറിച്ചുകളഞ്ഞതു്. അതുപോലെ നമ്മൾ സ്നേഹിക്കുന്ന ചില കാര്യങ്ങളുണ്ടു്. അവ സൂക്ഷിച്ചുപയോഗിച്ചില്ലെങ്കിൽ ആപത്തുണ്ടാകും. ഞാനൊരുദാഹരണം പറയട്ടെ. നമുക്കു് നാവുണ്ടു് സംസാരിക്കാൻ എത്രനല്ലകാര്യം. സംസാരിക്കാൻ സാധിക്കാത്തതു എത്ര കഷ്ടമാണു്. എന്നാൽ നാം സൂക്ഷിക്കാതെ നമ്മുടെ നാവുകൊണ്ടു് ഒരു ചീത്ത വാക്കു പറഞ്ഞു. ഒരു കളവു പറഞ്ഞു. അപ്പോൾ നമ്മുടെ ആത്മാവിലെ പുണ്യമാകുന്ന ചെടിയാണു് ആ വെട്ടു കൊള്ളുന്നതു്. മനസ്സിലായോ?

റോസി: ഉവ്വ്, അങ്ങിനെ ഒരിക്കലും വരാതിരിക്കാൻ എന്തു ചെയ്യണം?

ഫാ: പി: അതാണ് ഞാൻ പറയാൻ പോകുന്നതു്. നമ്മുടെ ആത്മാവുകളാകുന്ന തോട്ടത്തിലെ പുണ്യച്ചെടികൾ ഒന്നും കേടുകൂടാതെ വളരുന്നതിനു നാം എപ്പോഴും ശ്രദ്ധിക്കണം. അതിനു ചെയ്യേണ്ടകാര്യങ്ങൾ ദൈവം നമുക്കു തന്നിട്ടുള്ള എല്ലാപ്രമാണങ്ങളും കാക്കണം. അതിനെ നാം ലംഘിച്ചാൽ നമുക്കുതന്നെയാണ് നാം നാശംവരുത്തുന്നതു്. നമ്മുടെ ഓമനച്ചെടികളാണ് വാടിവരണ്ടു പോകുന്നതു്. അതുവരാതിരിക്കാൻ ദൈവംതന്നെ ചില നിർദ്ദേശങ്ങളെല്ലാം തന്നിട്ടുണ്ടു്. ദൈവത്തിൻെറ പ്രമാണങ്ങൾ അനുസരിച്ചു പുണ്യമായി ജീവിക്കുന്നതിനു നമ്മെ ശക്തിപ്പെടുത്തുന്ന ദൈവാനുഗ്രഹം സദാ നമ്മിലേക്കു് ഒഴുകികൊണ്ടിരിക്കുന്നു ഒരു ചെടിയുടെ വേരുകളിൽനിന്നു തായ്ത്തണ്ടു വഴിയായി ജീവനീരു കൊമ്പുകളിലേക്കു വ്യാപിക്കുന്നതുപോലെ വിശുദ്ധ കൂദാശകൾമൂലം തിരുസഭയാകുന്ന തായ്ത്തടിയിൽക്കൂടി ദൈവാനുഗ്രഹം ശിഖരങ്ങളായ നമ്മുടെ ആത്മാവുകളിലേക്കു ഒഴുകുന്നു. ഇതാണ് ഞാൻ പറഞ്ഞ ആ ഉദാഹരണത്തിൽനിന്നു നിങ്ങൾ ഗ്രഹിക്കേണ്ടതു്. എൻെറ തോട്ടത്തിൻെറ സ്ഥാനത്തു നിങ്ങൾ നിങ്ങളുടെ ആത്മാവാകുന്ന തോട്ടത്തെ കാണുക; എൻെറ റോസ്ച്ചെടിയുടെ സ്ഥാനത്തു അതിലുള്ള പുണ്യച്ചെടികളെ കാണുക ആ തോട്ടംപണിയിലാണ് നിങ്ങൾ ഏർപ്പെട്ടിരിക്കുന്നതു്. ആ ഓരോ ചെടിയും വളരുന്ന മാർഗ്ഗം ഏതാണെന്നു ഓർക്കുക നാമോരോരുത്തരും തിരുസഭയാകുന്ന മരത്തിൻെറ കൊമ്പുകളാണ്. കൂദാശകളാകുന്ന വേരുകളിൽകൂടി ദൈവേഷ്ടപ്രസാദം ഈ തടിയിലേക്കു വരികയും അവിടന്നു അതോടു ചേർ

ന്നുനില്ലുന്ന കൊമ്പുകളാകുന്ന നാമോരോരുത്തരിലേക്കും അതു കടന്നു നമ്മെ ജീവനുള്ളതും ഫലവത്തുമാക്കിത്തീർക്കുകയും ചെയ്യുന്നു. ഈ വായ്ത്തടിയിൽനിന്നു നാം മുറിഞ്ഞുപോയാൽ ജീവജലമാകുന്ന ദൈവേഷ്ടപ്രസാദം കിട്ടാതെ നാം വരണ്ടുണങ്ങിപ്പോകും. ഇതാണു് തിരുസഭയിലും കൂദാശകളിലും നാം വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യേണ്ടതിനുള്ള കാരണം. മനസ്സിലായോ? നോക്കട്ടെ. മറിയം, നീ തിരുസഭയുടെ അംഗമാണോ?

മറിയം: അതെ.

ഫാ: പീ: എന്നു നീ തിരുസഭയുടെ അംഗമായി?

മറിയം: മാമ്മോദീസാ കൈക്കൊണ്ടപ്പോൾ ഞാൻ തിരുസഭയുടെ അംഗമായി.

ഫാ: പീ: അപ്പോൾ എന്താണു് നിന്നെ തിരുസഭയുടെ അംഗമാക്കിയതു്?

മറിയം: തിരുസഭയിൽനിന്നു ഞാൻ കൈക്കൊണ്ടതായ മാമ്മോദീസാ എന്ന കൂദാശ.

ഫാ: പീ: ഒന്നുകൂടി ചോദിക്കട്ടെ. മാമ്മോദീസാ കൈക്കൊണ്ടപ്പോൾ നിനക്കെന്തുകിട്ടി?

മറിയം: മാമ്മോദീസാ മുങ്ങിയപ്പോൾ എന്റെ ഉത്ഭവദോഷം നീങ്ങി ദൈവേഷ്ടപ്രസാദം എനിക്കു കിട്ടി.

ഫാ: പീ: കൂദാശകളുടെ പ്രവൃത്തി ഇതാണു്, നമ്മുടെ ആത്മാവിലേക്കു ദൈവേഷ്ടപ്രസാദം ഒഴുക്കുക. അതില്ലാത്തപ്പോൾ അതു കൊടുക്കുക. ഉള്ളപ്പോൾ അതു വർദ്ധിപ്പിക്കുക. അതുകൊണ്ടു നാമെല്ലാവരും കൂദാശകൾ സംബന്ധിച്ചു നല്ല അറിവുള്ളവരായിരിക്കണം. കൂദാശകളെപ്പററിയുള്ള വിവരങ്ങൾ നിങ്ങൾക്കു തരുന്നതിനാണു് ഈ ക്ലാസ്സുകൾകൊണ്ടു ഞാനുദ്ദേശിക്കുന്നതു്. ആകയാൽ ഓരോ കൂദാശകളേക്കുറിച്ചു അറിയേണ്ട കാര്യങ്ങൾ ഞാൻ

നിങ്ങൾക്കു തുടർച്ചയായി പറഞ്ഞുതരാം. നിങ്ങൾ അതുകേട്ടു ഗ്രഹിക്കുകയും, സംശയങ്ങൾ തോന്നുന്നതു ചോദിച്ചു മനസ്സിലാക്കുകയും, കൂദാശകളോടു വലിയ ഭക്തിയും അതിനെ പാടുപോലെ യോഗ്യമായി കൈക്കൊള്ളുന്നതിനു ഉത്സാഹവും ഉള്ളവരായിരിക്കുകയും വേണം.

തോമൻ, കൂദാശകൾ എത്രയുണ്ടു്?

തോമൻ: ഏഴ്:—1 മാമ്മോദീസാ, 2 മമ്പിലത്തെ ഒപ്രൂശുമ, 3 കുമ്പസാരം, 4 കുർബാന, 5 ഒടുക്കത്തെ ഒപ്രൂശുമ, 6 തിരുപ്പട്ടം, 7 വിവാഹം.

ഫാ. പി: ഒന്നാമത്തെ കൂദാശ മാമ്മോദീസായാണു്. ദിവ്യരക്ഷകൻ യോർദ്ദാൻ നദിയിൽവച്ചു യോഹന്നാൻ മാംദാന എന്നു പേരായ തൻെറ "മുന്നോടി"യിൽനിന്നു മാമ്മോദീസാ ആദ്യമായി സ്വീകരിച്ചു. അതായിരുന്നു ഈ വിശുദ്ധ കൂദാശയുടെ സ്ഥാപനം. യോഹന്നാൻ നൽകിയിരുന്നതു അനുതാപത്തിൻെറ ക്ഷാളനമായിരുന്നു. എന്നാൽ ഈശോ വെള്ളംകൊണ്ടുള്ള ക്ഷാളനം സ്വീകരിച്ചപ്പോൾ പരിശുദ്ധാത്മാവു മാടപ്രാവിൻെറ രൂപത്തിൽ അവിടുത്തെമേൽ എഴുന്നരുളുകയും പിതാവിൻെറ സ്വരം ആകാശത്തിൽ മാറെറാലിക്കൊള്ളുകയും ചെയ്തു. പിന്നീടു ദിവ്യരക്ഷകൻ അവിടുത്തെ പരസ്യജീവിതത്തിൽ ശിഷ്യന്മാരോടു് "നിങ്ങൾ പോയി എല്ലാ ജനങ്ങളേയും പഠിപ്പിക്കുകയും, ബാവായുടേയും പുത്രൻെറയും റൂഹാദക്കുദശായുടേയും നാമത്തിൽ അവരെ മാമ്മോദീസാ മുക്കുകയും ചെയ്യുവിൻ" എന്നു ആജ്ഞാപിച്ചപ്പോൾ ഈ കൂദാശ കൊടുക്കുന്നതിനുള്ള അധികാരവും അതു സ്വീകരിക്കുന്നതിനുള്ള കടമയും ഉത്ഭവിച്ചു. അതുകൊണ്ടു എല്ലാ മനുഷ്യരും നിത്യരക്ഷയ്ക്കു ഈ കൂദാശ സ്വീകരിക്കാൻ നിർബന്ധിതരായിത്തീൎന്നു. അതു സ്വീകരിക്കാതെ സ്വർഗ്ഗ

രാജ്യത്തിൽ പ്രവേശനത്തിനു അർഹതയില്ല. കാരണം, മിശിഹാ പറഞ്ഞിരിക്കുന്നു, "വെള്ളത്താലെയും പരിശുദ്ധാത്മാവിനാലെയും വീണ്ടും ജനിക്കാത്തവൻ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല" എന്നു്.

മാമ്മോദീസായാണു് ക്രിസ്തീയ സമൂഹത്തിലേക്കുള്ള പ്രവേശനദ്വാരം; അതാണു് തിരുസഭയുടെ പടിവാതിൽ. അതു സ്വീകരിക്കുമ്പോൾ ആത്മാവിലുള്ള ഉത്ഭവപാപവും നാളതുവരെയുള്ള കർമ്മപാപങ്ങളും നീക്കപ്പെടുന്നു. ഈ കൂദാശയുടെ ഫലപ്രദമായ സ്വീകരണത്തിനു തിരുസഭ നിർദ്ദേശിച്ചിട്ടുള്ള ക്രമത്തിൽ അതു കൈക്കൊള്ളണം. തിരിച്ചറിവു വന്നിട്ടുള്ളവർക്കു അവർ ചെയ്തുപോയിട്ടുള്ള പാപങ്ങളെപ്പററിയുള്ള അനുതാപവും ആവശ്യമാണു്. ഇങ്ങനെ മാമ്മോദീസാമൂലം നാം പാപത്തിന്റെ അടിമത്തത്തിൽനിന്നു വിമുക്തരാകുന്നു; നല്ല ഇടയനായ ദൈവത്തിന്റെ ആട്ടിൻകൂട്ടത്തിലേക്കു ചേർക്കപ്പെടുന്നു; ക്രിസ്തീയമുദ്ര പതിക്കപ്പെടുന്നു; ദൈവത്തിന്റെ അരുമസന്താനവും സ്വർഗ്ഗത്തിന്റെ അവകാശിയുമായിത്തീരുകയും ചെയ്യുന്നു.

നിത്യരക്ഷ പ്രാപിക്കുന്നതിനു മാമ്മോദീസാ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കാര്യമാണു് എന്നു പറഞ്ഞുവല്ലോ. അതുകൊണ്ടാണു് ഒരു കുട്ടി ജനിച്ചാൽ അപകടംകൂടാതെ സൌകര്യമായി അതിനെ ദേവാലയത്തിൽ കൊണ്ടുവരാൻ സാധിക്കുന്ന അവസരത്തിൽ അതിനു മാമ്മോദീസാ കൊടുക്കണമെന്നു തിരുസഭ നിഷ്കർഷിക്കുന്നതു്. തക്കകാരണംകൂടാതെ മാമ്മോദീസാ നീട്ടിക്കൊണ്ടു പോകുന്നതു് ആപൽക്കരമാണു്. അങ്ങിനെ ചെയ്യുന്ന മാതാപിതാക്കന്മാർക്കു വളരെ ഗൌരവമായ ഉത്തരവാദിത്വമാണുള്ളതു്. മാമ്മോദീസാ സംബന്ധിച്ച കർമ്മങ്ങൾ വളരെ പ്രധാനമായിട്ടുള്ളതാണു്. സാധാരണയായി കുട്ടിയുടെ പിതാവുതന്നെ നേരിട്ടു അവയിൽ ശ്രദ്ധിക്കയാണു്

വേണ്ടതു്. മാമ്മോദീസാ മുക്കുന്നതിന്നു കൊണ്ടുപോകുന്ന കുട്ടിക്കു ഒരു സ്വർഗ്ഗീയ മദ്ധ്യസ്ഥനെ നിശ്ചയിക്കുകയും ആ മദ്ധ്യസ്ഥന്റെ പേർ ഇടുകയും വേണം.

കുട്ടിയെ പള്ളിയിൽ കൊണ്ടുചെന്നു ആഘോഷപൂർവ്വം മാമ്മോദീസാ കൊടുക്കാൻ സാധിക്കാത്ത അവസരങ്ങളിൽ വീടുകളിൽതന്നെവച്ചു ഈ കൂദാശ രഹസ്യമായി കൊടുക്കാവുന്നതാണു്. ഇതാണു് വീട്ടുമാമ്മോദീസാ എന്നു പറയുന്നതു്. വീട്ടുമാമ്മോദീസാ കൊടുക്കുമ്പോൾ തലതൊടുന്നവർ ആവശ്യമില്ല. പേരിടണമെന്നും നിർബന്ധമില്ല. അത്യാവശ്യസമയത്തു വീട്ടുമാമ്മോദീസാ ആർക്കും കൊടുക്കാവുന്നതാണു്. എന്നാൽ ഒരു വൈദികനെ വിളിച്ചുവരുത്താൻ സൌകര്യമുണ്ടെങ്കിൽ അതായിരിക്കും ഉത്തമം. ചുററുപാടുകൾ അനുസരിച്ചു അതിന്നു സൌകര്യമില്ലെങ്കിൽ ആരെങ്കിലും ആ കൂദാശ കൊടുക്കണം. ഈ കൂദാശ ക്രമമായി കൊടുക്കുന്നതിന്നു അറിയാവുന്ന വേറേ ആരും ഇല്ലെങ്കിൽമാത്രമേ കുട്ടിയുടെ മാതാപിതാക്കന്മാർ അതു കൊടുക്കാവൂ. മാമ്മോദീസാ മുക്കുന്നതിന്നു് എല്ലാവരും ശീലിച്ചിരിക്കേണ്ടതാണു് എന്നു പ്രത്യേകം പറയേണ്ടല്ലോ. അതു വളരെ എളുപ്പമാണു്. കുട്ടിയുടെ തലയിലോ നെററിയിലോ സാധാരണ വെള്ളം ഒഴിച്ചുകൊണ്ടു് അതേസമയത്തുതന്നെ "ബാവായുടേയും പുത്രന്റേയും റൂഹാദക്കുദശായുടേയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു" എന്നുള്ള കൂദാശവചനങ്ങളെ തിരുസഭയുടെ നിയോഗത്തിൽ ചൊല്ലിയാണു് മാമ്മോദീസാ മുക്കേണ്ടതു്. കുട്ടിയുടെ തലയിലോ നെററിയിലോ വെള്ളം ഒഴിക്കാൻ സൌകര്യപ്പെടാത്ത അവസരത്തിൽ ശരീരത്തിന്റെ പ്രധാനഭാഗത്തു വെള്ളം ഒഴിക്കേണ്ടതാകുന്നു.

വീട്ടുമാമ്മോദീസാ കൊടുത്തശേഷം കുട്ടി സുഖപ്പെടുന്നു എങ്കിൽ അതിനെ ദേവാലയത്തിൽ കൊണ്ടുപോയി മാമ്മോദീ

സായുടെ മററു കർമ്മങ്ങൾ പൂർത്തിയാക്കണം ആഘോഷവും പരസ്യവുമായ ഈ കർമ്മങ്ങൾ ദേവാലയത്തിൽവച്ചുമാത്രമേ നടത്തപ്പെടാവൂ. മാമ്മോദീസായിലെ നിത്യകർമ്മങ്ങൾ വളരെ പുരാതനങ്ങളും അർത്ഥസമ്പൂർണ്ണങ്ങളുമാണ്. അവയിൽ പലതും അപ്പസ്തോലന്മാരുടെ കാലത്തുതന്നെ ഉണ്ടായിരുന്നവയാണ്. ഇവയെല്ലാം തിരുസഭയിൽ ആദ്യകാലം മുതൽ നടപ്പിലിരുന്നു എന്നു സഭാപിതാക്കന്മാരുടെ പുരാതന ഗ്രന്ഥങ്ങളിൽനിന്നു കാണാം. തിരുസഭ ഈ കർമ്മങ്ങളെ വളരെ പൂജ്യമായിട്ടാണ് ആചരിച്ചുപോന്നിട്ടുള്ളത് ആഘോഷമായി നൽകപ്പെടുന്ന മാമ്മോദീസായിൽ തലതൊടുന്നതിനു ഒരാളെങ്കിലും വേണം സാധാരണയായി തലതൊട്ടപ്പനും തലതൊട്ടമ്മയും ഇങ്ങനെ ഒരു പുരുഷനും ഒരു സ്ത്രീയുമാണ് തലതൊടുന്നത്. രണ്ടുപേരിൽ കൂടുതൽ അനുവദിക്കപ്പെടുന്നതല്ല. തലതൊടുന്നതുമൂലം ഉണ്ടാകുന്ന ആത്മീയബന്ധം നിയന്ത്രിക്കപ്പെടുന്നതിനാണ് ഈ നിബന്ധന വച്ചിട്ടുള്ളത്.

മാമ്മോദീസായിൽ നടത്തപ്പെടുന്ന തിരുകർമ്മങ്ങളും അവയുടെ അർത്ഥവത്തായ സൂചനകളും, വൈദികർ ചൊല്ലുന്ന വിശിഷ്ടങ്ങളായ പ്രാർത്ഥനകളും എല്ലാവരും അറിഞ്ഞിരിക്കുന്നതു ഉത്തമമാണ്. അവയിൽ പ്രധാനമായ ചിലതിനെപ്പററി മാത്രമേ ഇവിടെ പ്രതിപാദിക്കാൻ നിവൃത്തിയുള്ളൂ. ഓരോരുത്തരും സൌകര്യംപോലെ അവയെപ്പററി കൂടുതൽ ഗ്രഹിക്കുന്നതിനു പരിശ്രമിക്കണം.

ആദ്യമായി വൈദികൻ തലതൊടുന്നവരോടു കുട്ടിക്കു കൊടുക്കേണ്ട പേരെന്താണെന്നു ചോദിക്കുന്നു. ഓരോ കുട്ടിക്കും ഏതെങ്കിലും ഒരു വിശുദ്ധൻെറ പേരാണ് കൊടുക്കേണ്ടതെന്നു മൻപു പറഞ്ഞുവല്ലോ. നാമകാരണനായ ആ വിശുദ്ധൻ പ്രത്യേകവിധത്തിൽ ആ കുട്ടിയുടെ മദ്ധ്യസ്ഥനും മാതൃകയുമായിരിക്കും. പേരു നിശ്ചയിച്ചതിനുശേഷം വൈദികൻ

ആ പേരു വിളിച്ചുകൊണ്ടു് മാമ്മോദീസാ സ്വീകരിക്കാനുള്ള ആളോടു ഏതാനും ചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടിയാണെങ്കിൽ, പകരം തലതൊടുന്നവർ അതിനു മറുപടി പറയുന്നു.

വൈദികൻ: (പേരു വിളിച്ചുകൊണ്ടു്) ദൈവത്തിൻെറ പള്ളിയിൽനിന്നു നീ എന്താവശ്യപ്പെടുന്നു?

തലതൊടുന്നവൻ: വിശ്വാസം.

വൈദികൻ: വിശ്വാസം നിനക്കു് എന്തു പ്രദാനംചെയ്യുന്നു?

തലതൊടുന്നവൻ: നിത്യായുസ്സ്.

അനന്തരം വൈദികൻ നിത്യായുസ്സു പ്രാപിക്കുവാൻ വിശ്വസിക്കേണ്ട സത്യങ്ങളേയും നിറവേറേറണ്ട കടമകളേയും കുറിച്ചു പ്രസ്താവിക്കുകയും അവയെ സ്വീകരിച്ചു അനുവത്തിക്കുന്നതിനു വേണ്ടതായ ദൈവാനുഗ്രഹങ്ങൾക്കുവേണ്ടി ദൈവത്തെ പ്രാത്ഥിക്കുകയും ചെയ്യുന്നു. തുടന്നു ഉത്ഭവപാപം മൂലം മനുഷ്യവഗ്ഗത്തെ ആവസിക്കുന്ന ദുഷ്ടാരൂപിയെ നിഷ്കാസനം ചെയ്യുന്നതിനുള്ള മന്ത്രങ്ങൾ ഉരുവിട്ടശേഷം കുട്ടിയെ ദൈവഭവനത്തിലേക്കു പ്രവേശിപ്പിക്കുന്നു. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണവും "ആകാശങ്ങളിലിരിക്കുന്ന" എന്ന കർത്തൃപ്രാത്ഥനയും തലതൊടുന്നവരോടു് മുട്ടുകുത്തി ചെയ്യുന്നതിനു നിർദ്ദേശിച്ചിട്ടു് വൈദികനും ചൊല്ലുന്നു. അതിനുശേഷം വൈദികൻ ചോദിക്കുന്നു: പിശാചിനെ നീ ഉപേക്ഷിക്കുന്നുവോ?

തലതൊടുന്നവൻ: ഞാൻ അവനെ ഉപേക്ഷിക്കുന്നു.

വൈ: അവൻെറ എല്ലാ പ്രവൃത്തികളേയും നീ ഉപേക്ഷിക്കുന്നുവോ?

തലതൊ: ഞാൻ ഉപേക്ഷിക്കുന്നു.

വൈ: അവൻെറ എല്ലാ ആഡംബരങ്ങളേയും നീ ഉപേക്ഷിക്കുന്നുവോ?

തലതൊ: ഞാൻ ഉപേക്ഷിക്കുന്നു.

അനന്തരം തിരുസൈത്തുകൊണ്ടു കുട്ടിയുടെ നെഞ്ചിലും പുറത്തും വൈദികൻ പൂശുന്നു. ഈ ആദ്യത്തെ പൂശലിനു ശേഷം വൈദികൻ വീണ്ടും ചോദിക്കുന്നു:—

വൈ: ആകാശവും ഭൂമിയും സൃഷ്ടിച്ചു സർവ്വതും കൈയാണ്ടിരിക്കുന്ന ബാവാതമ്പുരാനിൽ നീ വിശ്വസിക്കുന്നുവോ?

തലതൊ: ഞാൻ വിശ്വസിക്കുന്നു.

വൈ: നമുക്കുവേണ്ടി മനുഷ്യനായി അവതരിച്ചു പാടുപെട്ട തന്റെ ഏകപുത്രൻ നമ്മുടെ കർത്താവീശോമിശിഹായിൽ നീ വിശ്വസിക്കുന്നുവോ?

തലതൊ: ഞാൻ വിശ്വസിക്കുന്നു.

വൈ: റൂഹാദക്കുദശായിലും, വിശുദ്ധ കത്തോലിക്കാ പള്ളിയിലും, പുണ്യവാന്മാരുടെ "ഒരുമ്പാടിലും". പാപങ്ങളുടെ പൊറുതിയിലും. നമ്മുടെ ശരീരങ്ങളുടെ ഉയിപ്പിലും നിത്യജീവനിലും നീ വിശ്വസിക്കുന്നുവോ?

തലതൊ: ഞാൻ വിശ്വസിക്കുന്നു.

വൈ: (പേരു വിളിച്ചുകൊണ്ടു്) മാമ്മോദീസാ മുങ്ങുന്നതിനു നീ മനസ്സാകുന്നുവോ?

തലതൊ: ഞാൻ മനസ്സാകുന്നു.

ഇവിടെയാണു് മാമ്മോദീസാ മുക്കുന്നതു്. വൈദികൻ മാമ്മോദീസാക്കല്ലിനടുത്തുനിന്നു ഒരു ചെറിയ പാത്രത്തിൽ പ്രത്യേകം വെഞ്ചരിച്ച വെള്ളമെടുത്തു് കുട്ടിയുടെതലയിൽ ഒഴിച്ചു കൂദാശവചനങ്ങൾ ചൊല്ലുന്നു. തലതൊട്ടമ്മ കുട്ടിയുടെ തല മാമ്മോദീസാക്കല്ലിലേക്കു കാണിച്ചുപിടിക്കുന്നു. തലതൊട്ടപ്പൻ കുട്ടിയുടെ വലത്തെ കൈയിൽ (ഉരത്തിൽ) പിടിക്കുന്നു. തലതൊടുന്നവർ കുട്ടിയെ തൊട്ടിരിക്കേണ്ടതു ആവശ്യമാണു്. ഇങ്ങനെ മാമ്മോദീസാ മുക്കിയശേഷം വൈദികൻ

തിരുസൈത്തു (മൂറോൻ അഥവാ ക്രീസ്മാ)കൊണ്ടു കുട്ടിയുടെ ശിരസ്സിൽ പൂശുന്നു. തുടന്നു കുട്ടിയുടെ കൈയിൽ ഒരു വെള്ളത്തുവ്വാല കൊടുക്കുകയും അനന്തരം ഒരു കത്തിച്ച മെഴുകുതിരി പിടിപ്പിക്കുകയും ചെയ്യുന്നു. കുട്ടിയുടെ ആത്മാവു ദൈവേഷ്ടപ്രസാദമാകുന്ന വെള്ളവസ്ത്രത്താൽ അലംകൃതമായിരിക്കുന്നതും അതിൽ വിശ്വാസത്തിൻേറയും ദൈവസ്നേഹത്തിൻേറയും അഗ്നി കത്തിക്കാളുന്നതിനേയും ഈ കമ്മങ്ങൾ സൂചിപ്പിക്കുന്നു. മാമ്മോദീസായിൽ സ്വീകരിച്ച വരപ്രസാദവരത്തെ ഒരിക്കലും മലിനമാക്കാതെ സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനത്തിനു വേണ്ടി അതിനെ സൂക്ഷിച്ചുകൊള്ളുക എന്നുള്ള ഏററം അത്ഥവത്തായ ഒരുൽബോധനമാണു് ഈ കമ്മസമയത്തു വൈദികൻ വഴിയായി തിരുസഭ നടത്തുന്നതു്. "കത്തിജ്ജ്വലിക്കുന്ന ഈ മെഴുകുതിരി നീ സ്വീകരിക്കുക. നീ കൈക്കൊണ്ടതായ കൂദാശയെ കുററമില്ലാത്തവിധത്തിൽ പരിരക്ഷിക്കുകയും ചെയ്ക. നമ്മുടെ നാഥൻ അവിടുത്തെ വിവാഹപന്തലിൽ എഴുന്നരുളുമ്പോൾ സ്വർഗ്ഗവാസികളായ എല്ലാ വിശുദ്ധന്മാരോടുംകൂടി നീയും അവിടുത്തെ എതിരേല്ക്കുന്നതിനും നിത്യകാലം വാഴത്തക്കവണ്ണം നിത്യായുസ്സു പ്രാപിക്കുന്നതിനുംവേണ്ടി ദൈവപ്രമാണങ്ങളെ അനുസരിക്കുക" എന്നാണു് തിരി കൊടുക്കുമ്പോൾ ഉൽബോധിപ്പിക്കുന്നതു്. അവസാനമായി "സമാധാനത്തിൽ നീ പോകുക. കത്താവു നിൻെറ ഹൃദയത്തിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ" എന്നാശംസിച്ച തിരുക്കമ്മം സമാപിപ്പിക്കുകയും ചെയ്യുന്നു.

നോക്കുക. ഈ കൂദാശ എത്ര മനോഹരമായിരിക്കുന്നു. നമ്മെ ഓരോരുത്തരേയും ദൈവത്തിൻെറ മക്കളായി വീണ്ടും ജനിപ്പിക്കുന്ന ഈ കൂദാശ അതിൻെറ സൂചനയിലും തിരുക്കമ്മങ്ങളിലും ഫലത്തിലും സ്വർഗ്ഗീയമാണു്. ദൈവത്തിൻെറ ഈ അനുഗ്രഹത്തിനു നാം അവിടുത്തോടു് എപ്പോഴും നന്ദി പറയണം. ഈ കൂദാശയുടേയും, അതുവഴിയായി നാം പ്രാ

പിച്ചിട്ടുള്ള ഉന്നതസ്ഥാനത്തിന്റെയും, നാം ഏറെറടുത്തിരി ക്കുന്ന ഗൌരവമായ കടമകളുടേയും ഓൎമ്മ എപ്പോഴും നമ്മിൽ ഉണ്ടായിരിക്കണം. നിങ്ങളെല്ലാവരും അങ്ങിനെ ചെയ്യുമെ ന്നു ഞാൻ വിചാരിക്കുന്നു. ഇനി ഈ സംഗതികളെക്കുറി ച്ചു നിങ്ങൾക്കറിയേണ്ട കാൎയ്യങ്ങൾ ചോദിക്കാം.

ജോൎജ്ജ്: വീട്ടുമാമ്മോദീസാ മുക്കിയാൽ പള്ളിയിൽവച്ചു അ ച്ചൻ വീണ്ടും മാമ്മോദീസാ മുക്കുമോ?

ഫാ. പി: മാമ്മോദീസാ ഒരു പ്രാവശ്യംമാത്രമേ മുക്കുകയുള്ളൂ. അതുകൊണ്ടാണല്ലോ ഞാൻ പറഞ്ഞതു വീട്ടുമാമ്മോദീസാ മുക്കിയ കുട്ടി സുഖപ്പെട്ടാൽ പള്ളിയിൽ കൊണ്ടുപോയി മററു തിരുകൎമ്മങ്ങൾ പൂൎത്തിയാക്കണമെന്നു്.

ജോൎജ്ജ്: എന്തുകൊണ്ടാണു് മാമ്മോദീസാ മററു കൂദാശകളെ പ്പോലെ വീണ്ടും ആവൎത്തിക്കപ്പെടാത്തതു്? തിരിച്ചറിവി ല്ലാതിരുന്നപ്പോൾ ആണല്ലോ എല്ലാവരും മാമ്മോദീസാ കൈക്കൊണ്ടതു്. അതു ആവശ്യംതന്നെ. എന്നാൽ തി രിച്ചറിവു വച്ചശേഷം നന്നായി ഒരുങ്ങി ആ കൂദാശ ഒന്നുകൂടി സ്വീകരിക്കുന്നതു നല്ലതല്ലേ?

ഫാ. പി: കൂദാശകൾ രണ്ടുതരമുണ്ടു്. ചിലതു് ആവൎത്തിക്ക പ്പെടാവുന്നതു്; ചിലതു് ആവൎത്തിക്കാൻ പാടില്ലാത്തതു്. ആവൎത്തിക്കാൻ പാടില്ലാത്തവയെ മുദ്രപതിക്കുന്ന കൂദാ ശകൾ എന്നും പറയും. എന്തുകൊണ്ടെന്നാൽ അവ ഒരിക്ക ൽ സ്വീകരിച്ചാൽ ആ ആത്മാവിൽ ആ കൂദാശയുടെ മാ ഞ്ഞുപോകാത്ത അടയാളം അല്ലെങ്കിൽ മുദ്ര പതിക്കപ്പെടു ന്നു. ഇവയാണു് മാമ്മോദീസാ, മുമ്പിലത്തെ ഒപ്രുശുമാ, തി രുപ്പട്ടം എന്ന കൂദാശകൾ. ചെറുപ്പത്തിൽതന്നെ മാമ്മോ ദീസാ കൊടുക്കുന്നതു് അതിന്റെ അത്യാവശ്യകതയെ ഉദ്ദേശിച്ചാണു്. പലതരത്തിൽ പെട്ടെന്നു് ജീവഹാനി വരാവുന്ന ചെറുപ്രായത്തിൽ ആത്മാവു് എപ്പോഴും സുര

ക്ഷിതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണല്ലോ. എന്നാൽ ഈ കൂദാശയെപ്പററി തിരിച്ചറിവു വന്നശേഷം പഠിക്കുകയും വലിയ ആഗ്രഹത്തോടുകൂടി അതിനെ ഹൃദയം കൊണ്ടു നാം നവീകരിക്കുകയും ചെയ്യണം. തലതൊട്ടവർ നമുക്കുവേണ്ടിചെയ്ത വാഗ്ദാനങ്ങൾ നാം നമ്മുടെ സ്വന്തമനസ്സുകൊണ്ടു ആവർത്തിക്കണം. അങ്ങിനെ ആ കൂദാശയുടെ ചൈതന്യം നമ്മിൽ നാം വർദ്ധിപ്പിക്കണം.

മേരി: തലതൊടുന്നതു ആക്കും ആകാമോ? ഞങ്ങളുടെ വികാരിയച്ചൻ എഴുത്തു വേണമെന്നു പറയുന്നുവല്ലൊ.

ഫാ. പി: തലതൊടുന്നവരെ സ്വീകരിക്കുന്നതിൽ ചില വ്യവസ്ഥകൾ ഉണ്ടു്. ഒന്നാമതുതന്നെ തിരിച്ചറിവുള്ള ആളായിരിക്കണം. രണ്ടാമതായി ആ ആൾ മാമ്മോദീസാ മുങ്ങിയിട്ടുള്ള ആളായിരിക്കണം. മൂന്നാമതായി മാമ്മോദീസാ മുങ്ങുന്നതിനുള്ള കുട്ടിയുടെ മാതാപിതാക്കന്മാരാലോ മാമ്മോദീസാ കൊടുക്കുന്ന വൈദികനാലോ നിയോഗിക്കപ്പെടണം. ഇങ്ങനെ തലതൊടുന്നതിനു ക്രമപ്രകാരം സ്വീകരിക്കപ്പെടുന്നവർ മാമ്മോദീസാ മുക്കുന്ന സമയത്തു കുട്ടിയുടെ ശരീരത്തിൽ തൊട്ടിരിക്കണം; തലതൊട്ടവരുടെ കടമകൾ നിറവേററുന്നതിനുള്ള ഉദ്ദേശ്യവും അവർക്കുണ്ടായിരിക്കണം.

ചിലരെയെല്ലാം തലതൊടുന്നതിൽനിന്നു തിരുസഭ മുടക്കിയിട്ടുണ്ടു്. 1) പരസ്യമായ വ്രതമെടുത്തിട്ടുള്ള സന്യാസികൾ. 2) ഭാര്യാഭർത്താക്കന്മാർ തമ്മിൽ തമ്മിലും, മാതാപിതാക്കന്മാർ അവരുടെ കുട്ടികളുടേയും തലതൊടാൻ പാടില്ല. 3) ദുഷ്കീർത്തിയിൽ പെട്ടവരും, മോഹവ്യാപാരികളും, മുടക്കപ്പെട്ട ഏതെങ്കിലും സംഘത്തിൽ ചേർന്നിട്ടുള്ളവരും, ഇടത്തുട്ടുകാരും, ശീശ്മക്കാരും, ഇതിൽ മുടക്കപ്പെട്ടവരാണു്. സത്യവിശ്വാസത്തെപ്പററി അറിയാ

ത്താവരും അതിനെ സ്നേഹിക്കാത്തവരും എങ്ങിനെയാണ് അതിൽ നിന്നുളവാകുന്ന കടമകളെ നിർവ്വഹിക്കുക? അതുകൊണ്ടാണ് തിരുസഭ അങ്ങിനെ ഉള്ളവരെ അതിൽ സംബന്ധിച്ചുകൂടാ എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതു്. തലതൊടുവാൻ വരുന്ന ആൾ ഈ വിധമുള്ള തടസ്സങ്ങളൊന്നും ഇല്ലാത്ത ആളാണ് എന്നു ബോദ്ധ്യപ്പെടുന്നതിനാണ് അപരിചിതർ സ്വന്ത വികാരിയുടെ ലക്ഷ്യം കൊണ്ടുവരണമെന്നു സ്ഥലത്തെ വികാരി ആവശ്യപ്പെടുന്നതു്.

റോസി: തലതൊടുന്നവർക്കു എന്താണ് കടമയുള്ളതു്?

ഫാ. പീ: തലതൊടുന്നവരും മാമ്മോദീസാ മുങ്ങുന്ന കുട്ടിയും ആ കുട്ടിയുടെ മാതാപിതാക്കന്മാരും തമ്മിൽ ആത്മീയമായ രക്തബന്ധം ഉണ്ടാകുന്നു. ഈ ബന്ധംമൂലം അവർ തമ്മിലുള്ള വിവാഹം മുടക്കപ്പെടുന്നു. കൂടാതെ തലതൊടുന്നവർക്കു തങ്ങളുടെ തലതൊട്ട മക്കളുടെനേരെ ഗൌരവതരമായ ചില കടമകളുമുണ്ടു്. അവരുടെ മാതാപിതാക്കന്മാർ മരിച്ചുപോവുകയോ, അവരെ വിട്ടകന്നുപോവുകയോ ഉപേക്ഷിച്ചു പോവുകയോ ചെയ്താൽ തലതൊട്ടവരാണ് ആ കുട്ടികളുടെ രക്ഷാകർത്തൃത്വം വഹിക്കേണ്ടതു്. കുട്ടികൾ യഥാകാലം വേണ്ടതായ വേദോപദേശജ്ഞാനം കൊടുക്കുന്നതിനും, കൂദാശകൾ, പ്രത്യേകിച്ചു കുമ്പസ്സാരം, കുർബാന, സ്ഥൈര്യലേപനം ഇവ സ്വീകരിപ്പിക്കുന്നതിനും, ബാല്യംമുതൽ കത്തോലിക്കാ വിദ്യാഭ്യാസം നൽകുന്നതിനും, അവർ ജാഗരൂകരായിരിക്കണം. മിശ്രവിവാഹത്തിൽ അതായതു ഒരു കത്തോലിക്കാ സഭാംഗവും ഒരു അകത്തോലിക്കാ സഭാംഗവും തമ്മിൽ നടക്കുന്ന വിവാഹത്തിൽനിന്നുണ്ടാകുന്ന കുട്ടിയുടെ കത്തോലിക്കാ രക്ഷകർത്താവു മരിച്ചു

പോയാൽ തലതൊട്ടവർ അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇങ്ങനെ ഒരു കുട്ടിയുടെ വിശ്വാസവും സന്മാൎഗ്ഗവും ഭക്തജീവിതവും സംബന്ധിച്ച മാതാപിതാക്കന്മാരെക്കഴിഞ്ഞാൽ പ്രധാന ഉത്തരവാദികൾ തലതൊട്ടവരാണു്.

തോമസ്: ഒരു ഹിന്ദുകുട്ടിയെ ആരും അറിയാതെ മാമ്മോദീസാ മുക്കാമോ? അതു രക്ഷപെടുമല്ലോ.

ഫാ: പി: ഒരു ഹിന്ദുകുട്ടിയെ സാധാരണ ചുററുപാടുകളിൽ ആ കുട്ടിയുടെ മാതാപിതാക്കന്മാരുടെ അനുവാദംകൂടാതെ മാമ്മോദീസാ മുക്കാൻ പാടില്ല. അങ്ങിനെ മുക്കുന്നതായാൽ കൂദാശ വാസ്തവമാകും. പക്ഷെ അതു കൂദാശയുടെ ദുർവ്വിനിയോഗത്തിനായിരിക്കും എളുപ്പമുണ്ടാക്കുക. ആ കുട്ടി ഇതേപ്പററി അറിയാതെ ഹിന്ദുവായി വളരുകയും ആ കൂദാശ അവനിൽ നിരുപയോഗമായി പരിണമിക്കുകയും ചെയ്യും. എന്നാൽ ഒരു ഹിന്ദുകുട്ടി തീൎച്ചയായും മരിക്കുമെന്നുള്ള അപകടത്തിൽ നമുക്കതിനു മാമ്മോദീസാ കൊടുക്കാം. അതിൻെറ മാതാപിതാക്കന്മാർ അറിഞ്ഞാൽ തടസ്സം ചെയ്യുമെങ്കിൽ അവരറിയാതെയും ഇതു ചെയ്യാം. കാരണം, ആ കുട്ടിയുടെ ആത്മാവിനെ നാം നിത്യരക്ഷയുടെ മാൎഗ്ഗത്തിൽ ആക്കുകയാണു് ചെയ്യുന്നതു്. അതിൽനിന്നു കൂദാശയുടെ ഒരു ദുർവ്വിനിയോഗം വരുന്നതുമല്ല.

മറിയം: മാമ്മോദീസാ മുങ്ങാതെ മരിച്ചാൽ കുട്ടിയുടെ ആത്മാവു് എവിടെ പോകും?

ഫാ. പി: മാമ്മോദീസാ മുങ്ങാതെ മരിക്കുന്ന കുട്ടിയുടെ ആത്മാവിൽ ജന്മപാപമുള്ളതുകൊണ്ടു അതു മോക്ഷത്തിൽ പ്രവേശിക്കുകയില്ല. മനഃപൂൎവ്വമായ കൎമ്മപാപമൊന്നും ചെയ്തിട്ടില്ലാത്തതുകൊണ്ടു ദൈവം അതിനെ നരകത്തിൽ ശി

ക്ഷിക്കുകയുമില്ല. അവരുടെ സ്ഥിതി നമുക്കു അജ്ഞാതമാണു്. ദൈവം തന്റെ കരുണയിൽ അവരുടെ കാൎയ്യം ശരിപ്പെടുത്തും എന്നു നമുക്കു സമാധാനിക്കാം. സാധാരണ പറയപ്പെടുന്നതു് അവർ സ്വാഭാവികസൌഭാഗ്യങ്ങൾ അനുഭവിച്ചു 'ഇരുട്ടുകുഴി' എന്നറിയപ്പെടുന്ന സ്ഥലത്തു ആയിരിക്കും എന്നാണു്. അവർ സ്വഭാവത്തിനടുത്ത സൌഭാഗ്യം മാത്രമെ ലഭിക്കയുള്ളു. അതുകൊണ്ടാണു് ഒരാത്മാവുപോലും മാമ്മോദീസാ സ്വീകരിക്കാതെ ലോകം വിടുവാൻ ഇടവരാതിരിക്കുന്നതിനുവേണ്ടി നാം പ്രാൎത്ഥിക്കുകയും കഴിവതു പരിശ്രമിക്കുകയും ചെയ്യണമെന്നു പറയുന്നതു്.

---

*Study Circle Series No. 6.*

# കൂദാശകൾ (തുടൎച്ച)

ഫാ. പീ: പ്രിയകുട്ടികളെ, കഴിഞ്ഞദിവസം കൂദാശകളെപ്പറ്റി പൊതുവായും ഒന്നാമത്തെ കൂദാശയായ മാമ്മോദീസായെപ്പറ്റി പ്രത്യേകമായും ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം നിങ്ങൾക്കെല്ലാവൎക്കും മനസ്സിലായോ?

കുട്ടികൾ: ഉവ്വ്.

ഫാ. പീ: അതിൽ എന്തെങ്കിലും സംശയങ്ങൾ നിങ്ങൾക്കു ആൎക്കെങ്കിലും ചോദിക്കാനുണ്ടോ?

മേരി: അച്ചാ, സ്ത്രീകൾക്കു മാമ്മോദീസാ മുക്കാമോ? റോസി പറഞ്ഞു മുക്കാൻ പാടില്ലെന്നു.

ഫാ. പീ: ഞാൻ പറയുന്നു മുക്കാമെന്നു്. മനസ്സിലായോ? അത്യാവശ്യനേരത്തു ആൎക്കും—സ്ത്രീക്കോ പുരുഷനോ— ഈ കൂദാശ കൊടുക്കാം. ആരാണു് ഒരു പ്രത്യേക അവസരത്തിൽ ഈ കൂദാശ കൊടുക്കേണ്ട ആൾ എന്നു നിശ്ചയിക്കുന്ന നിയമവും ഉണ്ടു്. ഉദാഹരണമായി ഒരു വീട്ടിൽ ഒരു കുട്ടിക്കു സുഖക്കേടു അത്യാസന്നമായി കിടക്കുന്നു. അതിനു വീട്ടുമാമ്മോദീസാ കൊടുക്കണം. അവിടെ ഒരു അച്ചനുണ്ടെന്നു വിചാരിക്കുക. ആ അച്ചനാണു് അതു കൊടുക്കേണ്ടതു്. അച്ചനില്ല. വേറെ പരിചയമുള്ള സ്ത്രീകളും പുരുഷന്മാരുമുണ്ടു് എന്നു വിചാരിക്കുക. അവരിൽ ആരാണു് കൊടുക്കേണ്ടതു്? പുരുഷന്മാരിൽ പരിചയമുള്ള ആരെങ്കിലും വേണം. പരിചയമുള്ള പുരുഷന്മാരില്ല എന്നു വയ്ക്കുക. പരിചയമുള്ള സ്ത്രീകളിൽ ആരെങ്കിലും കൊടുക്കണം. ഇതാണു് ക്രമം. എന്നാൽ ആവശ്യവും സൌകര്യവും അനുസരിച്ചു് ഈ ക്രമം വ്യത്യാസപ്പെ

ടുത്താവുന്നതുമാണു്. അതുകൊണ്ടു് സ്ത്രീകൾക്കു മാമ്മോദീസാ മുക്കാൻ യാതൊരു തടസ്സവുമില്ല. എന്നുതന്നെയല്ല പലപ്പോഴും അവൾക്കായിരിക്കും അതു നടത്തുന്നതിനു കൂടുതൽ സൌകര്യം. അതുകൊണ്ടു് എല്ലാവരും വീട്ടമാമ്മോദീസാ ക്രമമായി കൊടുക്കുന്നതിനു പഠിച്ചിരിക്കണം.

തോമസ്: ഒരാൾ ഒരു കുട്ടിയെ മാമ്മോദീസാ മുക്കി. അതു ശരിയായോ ഇല്ലയോ എന്നു അയാൾക്കു സംശയമാണു്. അയാൾ എന്തുചെയ്യണം?

ഫാ. പ്: ഇതു ചിലപ്പോൾ സംഭവിക്കാറുണ്ടു് ഇതിൽ എന്താണു് ചെയ്യേണ്ടതെന്നു് എല്ലാവരും നല്ലവണ്ണം ഗ്രഹിച്ചിരിക്കേണ്ടതാണു്. ആ ആൾ മാമ്മോദീസാ മുക്കുന്ന സമയത്തു പരിചയമുള്ള വേറെ ആരെങ്കിലും അടുത്തുണ്ടു് എന്നു വിചാരിക്കുക. അയാൾ ഈ കർമ്മത്തിൽ ശ്രദ്ധിക്കുന്നുണ്ടായിരുന്നു എന്നും കരുതുക. അയാൾ വെള്ള മൊഴിക്കുന്നതും അതേസമയത്തു കൂദാശവചനങ്ങൾ ചൊല്ലുന്നതും കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ടു്. അയാൾ പറയുന്നു മാമ്മോദീസാ ക്രമമായിട്ടാണു് കൊടുത്തതെന്നു്. അതിൽ സംശയിക്കാനില്ല. എന്നാൽ മിക്കപ്പോഴും ഇങ്ങനെ ഉറപ്പുള്ള ഒരു സാക്ഷിയുണ്ടായില്ല എന്നുവരും. അപ്പോൾ എന്തുചെയ്യണം? കുട്ടിയെ പള്ളിയിൽ കൊണ്ടുചെല്ലുമ്പോൾ മാമ്മോദീസാകൊടുത്ത ആൾകൂടി പോകുക. അച്ചനോടു ഞാൻ ഇന്നഇന്ന വിധത്തിലാണു് മാമ്മോദീസാ മുക്കിയതു്. അതിൽ ഇന്ന സംശയം എനിക്കു തോന്നുന്നുണ്ടു് എന്നു പറയുക. അദ്ദേഹം വേണ്ടവിധത്തിൽകാര്യം ഗ്രഹിച്ചു് ആവശ്യമെന്നു തോന്നുന്നു എങ്കിൽ സംശയത്തിൻകീഴ് വീണ്ടും മാമ്മോദീസാകൊടുത്തു ആ കർമ്മം പൂർത്തിയാക്കിക്കൊള്ളും

ഈ വസ്തുത അദ്ദേഹത്തോടു പറയാതെ മറച്ചു വയ്ക്കുന്നതു് വലിയ തെററാണു്. കാരണം, ഒരുപക്ഷെ ആ കുട്ടിയ്ക്കു ഈ കൂദാശ കിട്ടിയില്ല എന്നു വന്നേയ്ക്കും. കൂദാശ വാസ്തവമാകുന്നതിനു് അതിൻെറ അത്യാവശ്യമായ കർമ്മഭാഗം തെററുകൂടാതെ നിർവ്വഹിച്ചിരിക്കണമല്ലോ. ഇങ്ങനെയാണു് അക്കാര്യത്തിൽ പ്രവർത്തിക്കേണ്ടതു്.

ഇനി ആർക്കും ഒന്നും ചോദിക്കാനില്ലല്ലോ. കൊള്ളാം. അതുകൊണ്ടു നമുക്കു അടുത്ത കൂദാശയെപ്പററി ചിലതെല്ലാം പഠിക്കാം. രണ്ടാമത്തെ കൂദാശയാണു് സൈ്ഥര്യലേപനം അഥവാ

മുമ്പിലത്തെ ഒപ്രൂശുമാ

മുമ്പിലത്തെ ഒപ്രൂശുമാ എന്നതു നമ്മെ പൂർണ്ണ ക്രിസ്ത്യാനികളാക്കുന്ന ഒരു കൂദാശയാണു്. അതുവഴിയായി പരിശുദ്ധാത്മാവിനേയും അവിടുത്തെ ദാനങ്ങളേയും നാം സ്വീകരിക്കുന്നു. നമ്മുടെ വിശ്വാസത്തിൽ ഉറപ്പും ദൃഢതയും അതു നമുക്കു തരുന്നു. നാം ഈശോമിശിഹായുടെ ഭടന്മാരായിത്തീരുന്നു. ഈ കൂദാശയും മാമ്മോദീസാപോലെ മാഞ്ഞുപോകാത്ത മുദ്ര നമ്മുടെ ആത്മാവിൽ പതിക്കുന്നതാണു്.

എല്ലാവർക്കും സാധിക്കുന്നപക്ഷം ഈ കൂദാശ സ്വീകരിക്കാൻ ഗൌരവമായ കടമയുണ്ടു്. സാധിക്കുന്നപക്ഷം എന്നു പറയുന്നതു മററുകൂദാശകൾപോലെ എല്ലാ വൈദികർക്കും ഈ കൂദാശകൊടുക്കാൻ പാടില്ലാത്തതുകൊണ്ടാണു്. ഈ കൂദാശയുടെ സാധാരണ കാർമ്മികൻ മെത്രാനാണു്. മെത്രാനുപകരം മാർപ്പാപ്പായാൽ അനുവദിക്കപ്പെടുന്ന വൈദികർക്കും ഇതു കൊടുക്കാം. അതുകൊണ്ടു മുമ്പിലത്തെ ഒപ്രൂശുമാ കൊടുക്കുന്നതിനു മെത്രാനോ പ്രത്യേകം നിയോഗിക്കപ്പെടുന്ന വൈദികനോ ഒരു ഇടവകയെ സന്ദർശിക്കുന്നു എന്നു അറിവുകിട്ടുമ്പോൾ അതു സ്വീകരിക്കാൻ പ്രായമായ എല്ലാവരും

ശ്രദ്ധാപൂർവ്വം ഒരുങ്ങേണ്ടതാണ്. കുട്ടികൾ അതിനായി വേദോപദേശം നേരത്തെ പഠിച്ചിരിക്കണം ഈ കൂദാശ ഏററം ഫലപ്രദമായി സ്വീകരിക്കുന്നതിനു മനസ്സിലാക്കേണ്ട പ്രത്യേകസംഗതികളും അവർ ഗ്രഹിച്ചിരിക്കണം മാതാപിതാക്കന്മാർക്ക് ഇക്കാര്യത്തിൽ അവരുടെ കുട്ടികളെ സംബന്ധിച്ച പ്രത്യേകശ്രദ്ധയുണ്ടായിരിക്കണം. പ്രായമായിട്ടില്ലായി എന്നുള്ള കാരണത്താൽ ഈ കൂദാശ സ്വീകരിക്കുന്നതിൽനിന്നു് ആരും ഒഴിവാകുന്നതല്ല. ഏതു പ്രായക്കാരും പുതുക്രിസ്തവരും എല്ലാം ഈ കൂദാശ സ്വീകരിക്കണം.

മുമ്പിലത്തെ ഒപ്രൂശുമാ യോഗ്യമായി സ്വീകരിക്കുന്നതിനു ആ കൂദാശയുടെ സ്വഭാവത്തേയും ഫലസിദ്ധിയേയും പററി പഠിക്കുന്നതിനുപുറമെ വേണ്ടതരത്തിൽ ഭക്തിയായി ഒരുങ്ങുകയും ഒരു നല്ല കുമ്പസ്സാരംകൊണ്ടു ആത്മാവിലുള്ള പാപമാലിന്യം കഴുകി ശുദ്ധിയാക്കുകയും വേണം. ഇതിനു സഹായകമായിട്ടാണ് ഈ കൂദാശ കൊടുക്കുന്നതിനുമുമ്പായി സാധാരണ പൊതുധ്യാനം നടത്തുന്നതു്.

ഈ കൂദാശയിലും തലതൊടുന്നവരുണ്ടു്. സാധാരണ ആൺകുട്ടികൾക്കു് ഒരു പുരുഷനും പെൺകുട്ടികൾക്കു ഒരു സ്ത്രീയും തലതൊടുന്നു. മാമ്മോദീസായിലെപോലെതന്നെ ഈ കൂദാശയിലും തലതൊടുന്നതുകൊണ്ടു് ആത്മീയമായ ബന്ധം ഉണ്ടാകുന്നതാണ്.

നിങ്ങളിൽ പലരും മുമ്പിലത്തെ ഒപ്രൂശുമാ കൈക്കൊണ്ടിട്ടില്ലാത്തവരായതുകൊണ്ടു് അതു സ്വീകരിക്കുമ്പോൾ ചെയ്യേണ്ട പ്രധാനകാര്യങ്ങൾ ഞാൻ പറഞ്ഞു മനസ്സിലാക്കിത്തരാം. കുട്ടികളുടെ വേദോപദേശപഠനവും മററും പരിശോധിച്ച് ഈ കൂദാശ സ്വീകരിക്കാൻ തിരഞ്ഞെടുക്കപ്പെടുന്നവർക്കു് ഇടവകയിലെ വികാരി അവരവരുടെ പേരെഴുതീട്ടുള്ള ഓരോ ശീട്ടു കൊടുക്കുന്നു. ആക്കെങ്കിലും മാമ്മോദീസായിൽ എടുത്തിട്ടുള്ള

പേരിനുപുറമെ രണ്ടാമതൊരു പേരു് ക്രമപ്രകാരം സ്വീകരിക്കണമെങ്കിൽ ഈ കൂദാശയിൽ അതിനു സൗകര്യമുണ്ടു്. ശീട്ടു വാങ്ങിക്കുമ്പോൾ ആദ്യത്തെ പേരോടുകൂടി ഈ പേരും എഴുതിവാങ്ങിക്കണം. അതും മാമ്മോദീസായിലെന്നപോലെ ഏതെങ്കിലും ഒരു വിശുദ്ധൻെറ പേരായിരിക്കണമെന്നു പറയേണ്ടല്ലോ. ഈ ശീട്ടുംകൊണ്ടു മുമ്പിലത്തെ ഒപ്രൂശുമാ കൊടുക്കുന്നതിനു നിശ്ചയിക്കപ്പെട്ട സ്ഥലത്തും സമയത്തും ഹാജരാകണം. കൂദാശ കൊടുക്കുന്നതിനുള്ള തിരുക്കർമ്മങ്ങളുടെ ആരംഭം മുതൽതന്നെ ഭക്തിപൂർവ്വം അതിൽ സംബന്ധിക്കണം. ആ തിരുക്കർമ്മത്തിൻെറ അവസാനത്തിൽ എല്ലാവർക്കും മെത്രാൻ ആശീർവ്വാദം കൊടുത്തുകഴിയുന്നതുവരെ അവിടെ നിന്നു പൊയ്ക്കളയുകയും അരുതു്. ഇങ്ങനെ ആദ്യംമുതൽ അവസാനംവരെ തിരുക്കർമ്മത്തിൽ സംബന്ധിക്കണം. സാധാരണ ഓരോസ്ഥലങ്ങളിലും ഈ കൂദാശ സ്വീകരിക്കുന്നതിനു് അധികമാളുകൾ ഉണ്ടാകുന്നതുകൊണ്ടു് തിരുക്കർമ്മം കുറെ നേരം ദീർഘിക്കാറുണ്ടു് അതുകൊണ്ടു ക്രമക്കേടായി ഇടയ്ക്കു വന്നു ചേരുന്നതിനോ ഇടയ്ക്കു വിട്ടുപൊയ്ക്കളയുന്നതിനോ സംഗതിയാകാതിരിക്കാൻവേണ്ടിയാണു് ഇതു പ്രത്യേകം ഊന്നി പറയുന്നതു്.

ഈ കൂദാശ കൊടുക്കുമ്പോൾ കാർമ്മികനായ മെത്രാൻ നടത്തുന്ന പ്രധാന കർമ്മങ്ങൾ, അദ്ദേഹത്തിൻെറ കൈകൾ രണ്ടും കൂദാശ സ്വീകരിക്കുന്നതിനു ഒരുങ്ങി മുട്ടുകുത്തി നിൽക്കുന്നവരുടെ മേൽ നീട്ടി നിവർത്തി പിടിച്ചുകൊണ്ടു പരിശുദ്ധാരൂപി അവരുടെമേൽ എഴുന്നള്ളിവരുന്നതിനു പ്രാർത്ഥിക്കുക; അതിനുശേഷം ഓരോരുത്തരുടേയും പേരു വിളിച്ചുകൊണ്ടു് "ബാവായുടേയും പുത്രൻേറയും പരിശുദ്ധാരൂപിയുടേയും നാമത്തിൽ കുരിശിൻെറ അടയാളംകൊണ്ടു നിന്നെ ഞാൻ അടയാളപ്പെടുത്തുകയും രക്ഷയുടെ സൈത്തുകൊണ്ടു നിന്നെ ഞാൻ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു: ആമ്മേൻ" എന്നു ചൊല്ലി നെററിയിൽ

കുരിശാകൃതിയിൽ തിരുസൈത്തുകൊണ്ടു പൂശുക; തുടൎന്നു അദ്ദേഹം വലത്തുകൈകൊണ്ടു കൂദാശ സ്വീകരിച്ച ആളുടെ കവിളിന്മേൽ ലഘുവായി ഒന്നടിക്കുകയും "നിന്നോടുകൂടി സമാധാനം ഉണ്ടായിരിക്കട്ടെ" എന്നു പറയുകയും ചെയ്യു; അവസാനം മുമ്പിലത്തെ ഒപ്പുശുമാ സ്വീകരിച്ച എല്ലാവരേയും നിയമാനുസരണം ആഘോഷമായി ആശീൎവ്വദിക്കുക എന്നിവയാണു്. കൂദാശയുടെ സ്വരൂപമായ വചനങ്ങൾ ചൊല്ലി തിരുസൈത്തുകൊണ്ടു് പൂശുന്ന സമയത്തു തലതൊടുന്ന ആൾ കൂദാശ സ്വീകരിക്കുന്ന ആളുടെ തോളിൽ പിടിച്ചിരിക്കണം ഇങ്ങനെയാണു് ഈ കൂദാശ നൽകപ്പെടുന്നതു്.

ഇപ്രകാരം മുമ്പിലത്തെ ഒപ്പുശുമ ക്രമമായും ഭക്തിയായും സ്വീകരിക്കുന്നതിനും അതിൽനിന്നു പ്രാപിക്കാവുന്ന വിശിഷ്ടങ്ങളായ അനുഗ്രഹങ്ങൾ പൂൎണ്ണമായി പ്രാപിക്കുന്നതിനും എല്ലാവരും ഒരുങ്ങുവിൻ. നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രകാശവും പ്രേരണയും ശക്തിയുമായ പരിശുദ്ധാത്മാവു തന്നെയാണു് ഈ കൂദാശവഴി നമുക്കു നൽകപ്പെടുന്നതെന്നോൎക്കുക. അവിടുത്തെ വിശിഷ്ടമായ ഏഴു ദാനങ്ങൾ ജീവിതകാലം മുഴുവനിലും നമ്മിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുവാനുള്ള അനുഗ്രഹത്തെ പ്രാൎത്ഥിക്കുക. ഈ കൂദാശ സ്വീകരണം വഴിയായി നാമോരോരുത്തരും മിശിഹായുടെ വീരയോധാക്കളായി തീൎന്നിരിക്കുന്നു എന്നുള്ള വസ്തുത നമ്മുടെ അനന്തര ജീവിതത്തിൽ പ്രകാശിക്കണം. ശ്ലീഹന്മാരിൽ ഉണ്ടായ പരിവൎത്തനം എന്തായിരുന്നു? പരിശുദ്ധാത്മാവു വരുന്നതിനുമുമ്പു അവർ യഹൂദന്മാരെ ഭയപ്പെട്ട ഭീരുക്കളായി കഴിഞ്ഞുകൂടിയിരുന്നു. പരിശുദ്ധാത്മാവു അവരുടെമേൽ എഴുന്നള്ളി വന്നപ്പോൾ അവരുടെ ഭീരുത്വം ദൂരെ വലിച്ചെറിഞ്ഞിട്ടു് മിശിഹായുടെ വീരഭടന്മാരായി ശത്രുക്കളെയോ ശക്തന്മാരായ ചക്രവൎത്തികളെ തന്നെയോ ഭയപ്പെടാതെ മിശിഹായുടെ സുവിശേഷം പ്രസംഗിച്ചു. അവർ മനഃപൂൎവ്വം ഇല്ലാത്തകുററം വിധിച്ചു കുരിശിൽ തൂക്കിക്കൊ

ന്ന നസ്രായക്കാരനായ ഈശോ സത്യദൈവത്തിന്റെ പുത്രനാണ് എന്നും അവരുടെ ഘോരകൃത്യം ദൈവഹത്യയായിരുന്നു എന്നും അവരെ കുററപ്പെടുത്തുകയും അനുതപിച്ചു മിശിഹായുടെരക്ഷാമാർഗ്ഗം സ്വീകരിക്കുന്നതിനു് ഉൽബോധിപ്പിക്കുകയും ചെയ്തു. നാമും നമ്മുടെ ജീവിതത്തിൽ സ്വീകരിച്ചിരിച്ചിരിക്കുന്ന സത്യവിശ്വാസത്തെ ആരുടെമുമ്പിലും സധൈര്യം ഏററുപറയുന്നതിനും, നമ്മുടെ പ്രവൃത്തികളെല്ലാം ഈ വിശ്വാസത്തിന്നു യോജിക്കുന്നവിധത്തിൽമാത്രം നിർവ്വഹിക്കുന്നതിനും സന്നദ്ധരായിരിക്കണം. വെറുതെ പേരിൽമാത്രം ക്രിസ്ത്യാനികളായിരിക്കാതെ നമ്മുടെ ജീവിതത്തിൽ ക്രിസ്തീയ ചൈതന്യം നാലുപാടും പ്രസരിക്കുന്നതിനു പരിശ്രമിക്കുക. നമ്മുടെ ക്രിസ്തീയതത്വത്തെ വേണ്ടവിധം വിലമതിക്കാതിരിക്കുമ്പോഴാണ് പലപല വീഴ്ചകൾ നമുക്കു വന്നുപോകുന്നതു്. ചില കുട്ടികളുണ്ട്: അവരുടെ കൂട്ടുകാർ അധിക്ഷേപിക്കുമെന്നു ഭയപ്പെട്ടു വെന്തീങ്ങയോ കാശുരൂപമോ ധരിക്കുന്നതിനു മടി കാണിക്കുന്നു; മററുചിലർ കൂട്ടുകാരോടുകൂടിയിരിക്കുമ്പോൾ പ്രാർത്ഥനാസമയമോ കുർബാനയുടെ സമയമോ അറിയിക്കുന്ന മണിനാദം കേൾക്കുന്നു. അപ്പോൾ സംസാരം നിർത്തി പ്രാർത്ഥിച്ചാൽ അല്ലെങ്കിൽ പള്ളിയിലേക്കു പോയാൽ മററുള്ളവർ എന്തു വിചാരിക്കുമെന്നു കരുതി അതു നീട്ടിവയ്ക്കുന്നു; വേറെ ചിലർ ചങ്ങാതിമാരുമായി നടക്കുമ്പോൾ ഒരു വൈദികനെ കാണുന്നു. അദ്ദേഹത്തെ ഈശോമിശിഹായുടെ നാമത്തിൽ അഭിവാദ്യം ചെയ്തു സ്തുതിപറഞ്ഞാൽ ബാക്കിയുള്ളവർ പരിഹസിക്കുമെന്നു വിചാരിച്ചു ഒഴിഞ്ഞുമാറുന്നു. ഇങ്ങനെ നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന ക്രിസ്തീയ കടമകൾ മററുമനുഷ്യരുടെ മുഖം നോക്കി നാം വിട്ടുകളയുന്നു. അതല്ല ഒരു ഉത്തമ ക്രിസ്ത്യാനി അനുവർത്തിക്കേണ്ട നയം. മററുള്ളവർ കാണട്ടെ, കാണാതിരിക്കട്ടെ, അവർ നമ്മെ അനുമോദിക്കട്ടെ, അപമാനിക്കട്ടെ, ധീരമാ

യി നമ്മുടെ കടമയെ നിവ്വഹിക്കുക. ഈ ധീരോദാത്തതയാണ് യഥാത്ഥത്തിൽ നമ്മെ മററുള്ളവരുടെ ബഹുമാനത്തിനു പാത്രമാക്കുന്നതു്. അറിവില്ലാത്തവർ ആരംഭത്തിൽ ചിലപ്പോൾ നമ്മെ പരിഹസിക്കുകയോ കുററം പറയുകയോ ചെയ്യും. പക്ഷെ അറിവുള്ളവർ നമ്മെ ബഹുമാനിക്കുകയും സ്തുതിക്കുകയും ചെയ്യും. നേരേമറിച്ച നാം ഭീരുക്കളായി വത്തിച്ചാൽ അവക്കു നാം പുഛത്തിനു കാരണമാകും. അതുകൊണ്ടു നമ്മുടെ വിശ്വാസം നമ്മെ ഉത്തേജിപ്പിക്കുന്ന കാര്യങ്ങളിലെല്ലാം പരിശുദ്ധാരൂപിയുടെ ശക്തിവഴിയായി നാം യഥാത്ഥ ക്രിസ്തു ഭടന്മാരായി പെരുമാറണം. ഒരു വീരഭടനു യോജിച്ചതും ഭൂഷണമായതുമായ ഈ നിലയാണു് ഈ കൂദാശ നമ്മിൽ ഉളവാക്കേണ്ടതു്. അതിനായി എല്ലാവരും പരിശ്രമിക്കുകയും സന്നദ്ധതയോടും ത്യാഗമനോഭാവത്തോടുംകൂടി പ്രവത്തിക്കുകയും ചെയ്യണമെന്നു നിങ്ങളോടു ഞാൻ പ്രത്യേകം പറയുന്നു. അങ്ങിനെ എല്ലാവരും ചെയ്യുമോ?

എല്ലാവരും: ഉവ്വ്. ഞങ്ങൾ തീച്ചയായും ചെയ്യാം.

ഹാ. പീ: മുമ്പിലത്തെ ഒപ്പുശുമാ അഥവാ സ്ഥൈര്യലേപനം എന്ന കൂദാശയെപ്പററി കൂടുതലായി പറയുന്നതിനു തല്ക്കാലം ആവശ്യമില്ലാത്തതുകൊണ്ടു നമുക്കു അടുത്ത കൂദാശയെപ്പററി പഠിക്കാം. മൂന്നാമത്തെ കൂദാശ നിങ്ങൾക്കറിയാവുന്നതുപോലെ

വിശുദ്ധ കുർബാന എന്നതാകുന്നു.

ഈ കൂദാശയെപ്പററി നിങ്ങൾ പ്രത്യേകം ശ്രദ്ധാപൂവ്വം പഠിക്കണം. കാരണം ഇതാണു് കൂദാശകളുടെകൂട്ടത്തിൽ ഏററവും മഹത്തായ കൂദാശ. മററു കൂദാശകൾ നമുക്കു ദൈവത്തിന്റെ ഇഷ്ടപ്രസാദവരം നൽകുന്നു. ഈ കൂദാശയോ നമുക്കു ദൈവത്തെത്തന്നെ യഥാത്ഥത്തിൽ നൽകുകയാണു് ചെയ്യുന്നതു്. വി. കുർബാന എന്താകുന്നു എന്നു നിങ്ങൾ പഠിച്ചിട്ടുണ്ടു്. തോമസ്, എന്താണു് കുർബാന എന്ന കൂദാശ?

തോമസ്: അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ നമ്മുടെ കത്താവീശോമിശിഹായുടെ തിരുശരീരവും, രക്തവും, ആത്മാവും, ദൈവസ്വഭാവവും അടക്കിക്കൊള്ളുന്ന ഒരു കൂദാശയാകുന്നു വിശുദ്ധ കുർബാന.

ഹാ. പി: അതെ, ഇങ്ങനെയാണ് വേദോപദേശത്തിൽ നാം പഠിച്ചിട്ടുള്ളതു്. മിശിഹാ മരിക്കുന്നതിനു തലേ രാത്രി, പെസഹാ വ്യാഴാഴ്ച തൻെറ ശിഷ്യന്മാരൊരുമിച്ച നടത്തിയ അവസാന അത്താഴത്തിൽ വച്ചാണ് ഈ കൂദാശ സ്ഥാപിക്കപ്പെട്ടതു്. അവിടുന്നു അപ്പം കൈയിലെടുത്തു വാഴ്ത്തി മുറിച്ചുകൊണ്ടു പറഞ്ഞു. "നിങ്ങൾ എടുത്തു ഭക്ഷിക്കുക; ഇതു് എൻെറ ശരീരമാകുന്നു." അതിനുശേഷം ഒരു കാസായിൽ വീഞ്ഞെടുത്തു ആശീർവ്വദിച്ചു ശിഷ്യന്മാൎക്കു കൊടുത്തുകൊണ്ടു പറഞ്ഞു, "നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുക: പാപമോചനത്തിനുവേണ്ടി ചിന്തപ്പെടുവാനിരിക്കുന്ന എൻെറ രക്തമാകുന്നു ഇതു്. എൻെറ ഓൎമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്യുവിൻ." ഇപ്രകാരം അവിടുന്നുതന്നെ അപ്പവും വീഞ്ഞും അവിടുത്തെ ശരീരരക്തങ്ങളായി വസ്തുഭേദം വരുത്തി ശിഷ്യന്മാൎക്കു കൊടുക്കുകയും, ആ കൃത്യം ആവൎത്തിച്ചു ചെയ്യുന്നതിനുള്ള അധികാരാവകാശങ്ങൾ നൽകുകയും ചെയ്തു. ഈ ദൈവികാധികാരം ഉപയോഗിച്ചാണ് ലോകാവസാനത്തോളവും വൈദികർ ദിവ്യപൂജയിൽ അപ്പവും വീഞ്ഞും കൂദാശചെയ്തു മിശിഹായുടെ തിരുശരീരരക്തങ്ങളായി വസ്തുഭേദപ്പെടുത്തുന്നതു് നോക്കുക, എത്ര വിസ്മയാവഹമായ ഒരു പ്രവൃത്തിയാണ് ഈ കൂദാശയിൽ യഥാൎത്ഥത്തിൽ നടന്നുകൊണ്ടിരിക്കുന്നതെന്നു്. സൎവ്വശക്തനും, സൎവ്വവല്ലഭനുമായ ദൈവം ഒരു പാപിയായ, വെറും സൃഷ്ടിയായ വൈദികൻെറ വാക്കുകൾമൂലം നമ്മുടെ അൾത്താരകളിൽ എഴുന്നള്ളിവരുന്നു. അന

ന്തമഹിമയുള്ള അവിടുന്നു അപ്പത്തിൻെറയും വീഞ്ഞി ൻെറയും സാദൃശ്യങ്ങളിൽ തന്നെത്തന്നെ മറച്ചുവച്ചിരി ക്കുന്നു. അവിടുന്നു നമ്മുടെ ഭക്ഷണവും പാനീയവുമാ യിട്ട് നമ്മിലേക്കു എഴുന്നള്ളിവരുന്നു. മാലാഖാമാർ അ ത്ഭുതപരതന്ത്രരായി നോക്കിനില്ക്കുന്നു. സ്വർഗ്ഗം നമ്മുടെ ദേവാലയങ്ങളിലേക്കും നമ്മുടെ വിനീത ഹൃദയങ്ങളിലേ ക്കും ഇറങ്ങിവരുന്നു. അത്ഭുതങ്ങളിൽവച്ച് വലിയ അ ത്ഭുതമാണ് വി കുർബാന.

വിശുദ്ധ കുർബാനയെപ്പററി രണ്ടു വിധത്തിൽ നമ്മുടെ പഠനത്തെ നാം തിരിക്കണം. ഒന്ന്, ഈശോമിശിഹാ അപ്പ ത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ എഴുന്നരുള കയും നമ്മുടെ ആത്മാവിൻെറ ഭക്ഷണമായി അവിടുത്തെ നാം സ്വീകരിക്കുകയും ചെയ്യുന്ന വിശുദ്ധ കൂദാശയായിട്ട്; രണ്ട്, നമ്മുടെ ബലിപീഠങ്ങളിന്മേൽ പാപപരിഹാരമായി പട്ടക്കാ രൻെറ കൈകളാൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയായിട്ട്. ഇങ്ങനെ വിശുദ്ധ കുർബാനയെ കൂദാശയായിട്ടും ബലിയാ യിട്ടും നമുക്കു തരംതിരിക്കാം. സൌകര്യത്തിനുവേണ്ടി ആദ്യം വിശുദ്ധ കുർബാനയാകുന്ന ബലിയെപ്പററിയും രണ്ടാമതു വി ശുദ്ധ കുർബാന കൂദാശയെന്നുള്ളനിലയിലും നമുക്കു പരിചി ന്തിക്കാം.

ഈശോമിശിഹായുടെ തിരുശരീരരക്തങ്ങൾ അദൃശ്യ മായ വിധത്തിൽ—അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃ ശ്യങ്ങളുടെ കീഴിൽ—അർപ്പിക്കപ്പെടുന്ന ദിവ്യബലിയാണ് വി. കുർബാന അല്ലെങ്കിൽ ദിവ്യപൂജ. അവിടുന്നു ഒടുവില ത്തെ അത്താഴത്തിൽവച്ചു തൻെറ തിരുശരീരരക്തങ്ങൾ നി ത്യപിതാവിനർപ്പിച്ചു അതേ കൃത്യംതന്നെയാണ് ദിവ്യപൂജ യിൽ ആവർത്തിക്കപ്പെടുന്നതു്. ഒന്നാമത്തെ പൂജ അവിടുന്നു നേരിട്ടർപ്പിച്ചു. അതിനുശേഷം ലോകാവസാനത്തോളവും അ വിടുന്നുതന്നെ അപ്പസ്തോലന്മാർ വഴിയായിട്ടും പുരോഹിത

ന്മാർ വഴിയായിട്ടും തിരുസഭയിൽ അതേകൃത്യം തുടന്നു നടത്തുകയും ചെയ്യുന്നു. "എൻെറ ഓൎമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" എന്നുള്ള ആജ്ഞമൂലം അവൎക്കു അതിനുള്ള അധികാരം നൽകപ്പെട്ടിരിക്കുന്നു.

അവസാന അത്താഴത്തിൽ അവിടുന്നു രക്തം ചിന്താത്ത ഒരു വിധത്തിൽ തൻെറ തിരുശരീരരക്തങ്ങൾ നിത്യപിതാവിനു ബലിയൎപ്പിച്ചു. ഈ വിധത്തിൽ തന്നെയാണു് ദിവ്യപൂജയും ഒരു രക്തം ചിന്താത്ത ബലിയായിരിക്കുന്നതു്. എന്നാൽ അവിടുന്നു തൻെറ ജീവരക്തം അവസാനത്തുള്ളിവരെയും ചിന്തിക്കൊണ്ടു് ഗാഗുൽത്തായിലെ പരമബലി നിത്യപിതാവിനൎപ്പിച്ചപ്പോഴും ഇതിൽ കൂടുതലായി ഒന്നും അവിടുന്നു ചെയ്തില്ല. അതു ദൃശ്യമായ ഒരു വിധത്തിലായിരുന്നു. അവിടുന്നു രക്തം ദൃശ്യമായ രീതിയിൽ ചിന്തി കുരിശിൽ തൂങ്ങി മരിച്ചു. തന്നെത്തന്നെ പരമപിതാവിനു പാപപരിഹാരമായി ബലിയൎപ്പിച്ചു. ഇപ്രകാരം ഗാഗുൽത്തായിലെ പരമബലിയും നമ്മുടെ അൾത്താരകളിന്മേൽ ആവൎത്തിക്കപ്പെടുന്ന ദിവ്യബലികളും തമ്മിൽ അൎപ്പിക്കപ്പെടുന്ന രീതിയിലുള്ള വ്യത്യാസം മാത്രമേയുള്ളു. ദിവ്യപൂജയിൽ അപ്പവും വീഞ്ഞും തിരിച്ചുതിരിച്ചു കൂദാശചെയ്യപ്പെടുന്നതുകൊണ്ടു് ജ്ഞാനവിധത്തിൽ മിശിഹായുടെ മരണത്തെ സദൃശീകരിക്കുന്നുണ്ടു്. ഗാഗുൽത്തായിലെ ബലിയിലും പീഠങ്ങളിലെ ബലിയിലും അൎപ്പിക്കപ്പെടുന്ന ബലിസാധനം ഒന്നുതന്നെ—ദിവ്യചെമ്മരിയാടാകുന്ന ഈശോമിശിഹാ; ബലി അൎപ്പിക്കുന്ന കാൎമ്മികൻ ഒന്നുതന്നെ—നിത്യപുരോഹിതനായ ഈശോമിശിഹാ; ബലിയൎപ്പണത്തിൻെറ ഉദ്ദേശ്യങ്ങളും ഒന്നുതന്നെ. അൾത്താരയിൽ അപ്പവും വീഞ്ഞും കൂദാശചെയ്യുന്നതു് മനുഷ്യനായ പട്ടക്കാരനാണു്. എങ്കിലും പട്ടക്കാർ അവരുടെ സ്വന്തം നിലയിലല്ല ഈ കൎമ്മം ചെയ്യുന്നതു്; മിശിഹായുടെ നാമത്തിലും അവിടുത്തെ വ്യക്തിത്വത്തിലുമാണു്.

ഇതര മിശിഹാ എന്നുള്ള നിലയിൽ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാധനത്തിൻെറ സ്ഥാനത്തു മിശിഹായുടെ തിരുശരീരരക്തങ്ങൾ അവർ വസ്തുഭേദംചെയ്യുന്നു. മനുഷ്യബുദ്ധിക്കു എത്തിനോക്കുവാൻപോലും സാദ്ധ്യമല്ലാത്ത അത്യത്ഭുതത്തിൻെറ ഒരു പ്രവൃത്തിയാണു് ഇതിൽ നടക്കുന്നതു്.

ദിവ്യരക്ഷകൻ ലോകത്തിനു നൽകിയ ഏററം വലിയതും വിശിഷ്ടവുമായ അനുഗ്രഹം ദിവ്യബലി അർപ്പിക്കപ്പെടുന്നതിനുള്ള അവകാശമാണു്. അതുവഴിയായി നാം ദൈവത്തെ യോഗ്യമായവിധത്തിൽ ബഹുമാനിക്കുന്നു; സ്വീകാര്യമായ വിധത്തിൽ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു; അനന്തമായ അവിടത്തെ അനുഗ്രഹത്തിനു നന്ദി പ്രദർശിപ്പിക്കുന്നു; അവിടത്തെ നീതിക്കു പരിഹാരം ചെയ്യുന്നു; അവിടത്തെ ദയയും, കൃപയും, സ്നേഹവും നമ്മുടെനേരെ ഉണ്ടാകുന്നതിനു ഫലപ്രദമായി പ്രാർത്ഥിക്കുന്നതിനു നമുക്കു സാദ്ധ്യമാകുന്നു. ലോകത്തിൻെറ അമൂല്യമായ നിക്ഷേപമാണു് ദിവ്യബലി. "സൂര്യോദയം മുതൽ അസ്തമനംവരെ എനിക്കായി ഒരു നിർമ്മലബലി അർപ്പിക്കപ്പെടുന്നു" എന്നുള്ള ദിവ്യവാക്യം ദിവ്യപൂജയിൽ അർത്ഥവത്തായിരിക്കുന്നു.

ദിവ്യപൂജയിൽ ഫലപ്രദമായി സംബന്ധിക്കേണ്ടവിധം എങ്ങിനെ ആയിരിക്കണമെന്നു ഞാൻ അടുത്തതായി പറയാം. നാം ദൈവത്തിൻെറ വിശുദ്ധ ഭവനത്തിൽ നില്ക്കുന്നു എന്നും ദൈവപുത്രൻെറ പരമബലിയിൽ സംബന്ധിക്കുന്നു എന്നും ഉള്ള സജീവമായ വിശ്വാസം നമ്മിൽ ഉത്തേജിപ്പിക്കണം. പരിശുദ്ധമായ സ്ഥലം! പരിപാവനമായ കർമ്മം!! നാം യഥാർത്ഥത്തിൽ ഗാഗുൽത്തായിൽ നില്ക്കുന്നു എന്നതിൽ നിന്നു കാര്യമായ യാതൊരു വ്യത്യാസവും ഇതിലില്ലതന്നെ. ആകയാൽ ഏററം നിസ്സാരമായ അനാചാരംപോലും ദിവ്യപൂജയുടെ അവസരത്തിൽ നമ്മിലുണ്ടാകരുതു്. വർത്തമാനം പറയുക, നാലുപാടും തിരിഞ്ഞുനോക്കുക, ചിരിക്കുക ആദി

യായ ക്രമക്കേടുകൾ ശ്രദ്ധാപൂർവ്വം പരിവർജ്ജിക്കണം. നമ്മുടെ മനസ്സു ഭക്തിപൂർവ്വം പ്രാർത്ഥനയിലും ധ്യാനത്തിലും ഏർപ്പെട്ടിരിക്കണം. ഇതിനു നമ്മെ സഹായിക്കുന്ന പ്രാർത്ഥന പുസ്തകവും ജപമാലയും ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനു പോകുമ്പോൾ നമ്മോടുകൂടി കൊണ്ടുപോകുവാൻ ഒരു പ്രത്യേകനിഷ്ഠതന്നെ നമുക്കുണ്ടായിരിക്കണം.

ദിവ്യപൂജയിൽ പങ്കെടുക്കുന്നതിനു അത്യധികം സഹായിക്കുന്ന പലേ രീതികളുണ്ട്. അവയിൽ ഓരോരുത്തർക്കും കൂടുതൽ ഭക്തിജനകമായ രീതിയെ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. പൂജയുടെ ഓരോ ഭാഗങ്ങളിലും വൈദികൻ ചൊല്ലുന്നതായ പ്രാർത്ഥനകൾ പ്രാർത്ഥനപുസ്തകങ്ങളിൽനിന്നു് അദ്ദേഹത്തോടൊരുമിച്ചു ചൊല്ലിക്കൊണ്ടു് അതിൽ സഹകരിക്കയാണ് ഒരു രീതി. ഏററവും വിശിഷ്ടവും ദിവ്യവുമായ ആ പ്രാർത്ഥനകളോരോന്നും ധ്യാനനിഷ്ഠയോടുകൂടി ഭക്തിപൂർവ്വം ചൊല്ലണം. പൂജയിൽ വൈദികൻ ഉപയോഗിക്കുന്ന കർമ്മഭാഷയും നാമുപയോഗിക്കുന്ന പരിഭാഷയും തമ്മിലുള്ള വ്യത്യാസംകൊണ്ടോ മറേറതെങ്കിലും സാഹചര്യംകൊണ്ടോ വൈദികനോടൊപ്പം അവയെ ചൊല്ലിതീർക്കുന്നതിനു സാധിക്കുന്നില്ല എന്നുവച്ചു നാം വിഷമിക്കേണ്ട ആവശ്യമില്ല. ദിവ്യപൂജയുടെ ഓരോ ഭാഗങ്ങൾക്കും അനുയോജ്യമായ വിധത്തിൽ അവയിൽനിന്നു പ്രാർത്ഥനകളെ തിരഞ്ഞെടുത്തു് ഉപയോഗിക്കുകയും ബാക്കിയുള്ളതു് ഉപേക്ഷിക്കുകയും ചെയ്യുന്നതാണ് കൂടുതൽ പ്രായോഗികമായിരിക്കുക. ഇങ്ങനെ ദിവ്യപൂജയിൽ വൈദികനോടൊന്നിച്ചു അതേ പ്രാർത്ഥനകളിൽതന്നെ മനസ്സിരുത്തി ആ പരമബലി അർപ്പിക്കുന്നതിൽ പങ്കെടുക്കുന്നതു് ഏററവും വിശിഷ്ടവും ആശാസ്യവുമായ ഒരു രീതിയാകയാൽ എല്ലാവരും ഈ രീതി പരിശീലിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുന്നതു് ഉത്തമമായിരിക്കും.

വേറൊരുരീതി സാധാരണ പ്രാൎത്ഥനപുസ്തകങ്ങളിൽ കൊടുത്തിട്ടുള്ള ജപങ്ങളിൽ നമുക്കു ഭക്തിജന്യമായവയെ ശ്രദ്ധാപൂൎവ്വം ചൊല്ലിക്കൊണ്ടു ദിവ്യപൂജയിൽ സംബന്ധിക്കുകയാണു് ഇതിൽ പൂജയിലെ കൎമ്മാനുഷ്ഠാനങ്ങളോടു ഗാഢമായി യോജിക്കുന്നതിനുള്ള സൌകൎയ്യം കുറവാണെങ്കിലും നമ്മുടെ ഭക്തവികാരങ്ങളെ കൂടുതൽ പ്രവൎത്തിപ്പിക്കുന്നതിനും ആവശ്യമായ അനുഗ്രഹങ്ങൾ തീവ്രമായി അഭ്യൎത്ഥിക്കുന്നതിനും എളുപ്പമുണ്ടു്. ഇതിൽ സൎവ്വസാധാരണമായി പ്രയോഗിച്ചുപോരുന്ന ഒരു സമ്പ്രദായമാണു് ദിവ്യരഹസ്യങ്ങളെപ്പററി ധ്യാനിച്ചുകൊണ്ടു കൊന്തജപിക്കുന്നതു്. ഇതു എല്ലാവൎക്കും സ്വീകാൎയ്യവും എളുപ്പവും കൂട്ടമായി അനുഷ്ഠിക്കാവുന്നതുമായ ഒരു മാൎഗ്ഗമാണെന്നുള്ളതാണു് ഒരു പ്രത്യേകത.

ധ്യാനനിരതമായ മനസ്സാന്നിദ്ധ്യമാണു് മൂന്നാമത്തൊരു രീതി. അൾത്താരയിൽ പ്രധാനകാൎമ്മികനും, ബലിവസ്തുവുമായി സന്നിധിചെയ്യുന്ന ദിവ്യനാഥനെ വിശ്വാസക്കണ്ണുകൾ തുറന്നു ദർശിക്കുക; അവിടുത്തോടു ഹൃദയം തുറന്നു സംസാരിക്കുക; നമ്മുടെ ആവശ്യങ്ങളെ അറിയിക്കുക; തെററുകൾക്കു മാപ്പപേക്ഷിക്കുക; മേലിൽ അവിടുത്തെമാത്രം ശുശ്രൂഷിച്ചു ജീവിക്കുന്നതാണെന്നു പ്രതിജ്ഞചെയ്യുക; വിശ്വാസത്തിൻേറയും ശരണത്തിൻേറയും സ്നേഹത്തിൻേറയും പ്രകരണങ്ങൾ ചൊല്ലുക. കൎത്താവിൻെറ ജീവിതത്തേയും മരണത്തേയും ബോധത്തിൽ വരുത്തുക. ഇങ്ങനെ ഏററം വലിയ ഒരു സ്നേഹിതനോടെന്നവണ്ണം വിശ്വാസത്തോടും പരമാൎത്ഥതയോടും സ്നേഹത്തോടുംകൂടി ആത്മീയ സംഭാഷണം നടത്തുക. ഇതിനു പ്രത്യേക വാചകങ്ങളോ നിശ്ചിതഭാഷയോ ഒന്നും ആവശ്യമില്ല. സ്നേഹത്തിൻെറ മൂകഭാഷ ധാരാളം മതി. ഈ രീതി വളരെ അഭികാമ്യമാണു്, എങ്കിലും വളരെ വിഷമകരമാണു്. ധ്യാനനിരതമായി ആരംഭിക്കുന്ന ഒരു ദിവ്യപൂജയിൽതന്നെ നമ്മുടെ ബോധത്തെ അലട്ടി പാടെ

വ്യതിചലിപ്പിക്കുന്ന ഒട്ടുവളരെ അന്യചിന്തകൾക്കു നാം വിധേയരായിപ്പോകും നാമെവിടെയാണെന്നോ, എന്തുചെയ്യുയാണെന്നോതന്നെ മറന്നിട്ട് വിദൂരസ്ഥിതങ്ങളും കേവലം വിജാതീയങ്ങളുമായ ചിന്തകളിൽ മനസ്സു നാമറിയാതെതന്നെ ആണ്ടുപോയേക്കും ഈ സ്ഥിതിയിൽ സമയം മുഴുവനും നഷ്ടപ്പെടുന്നതും അപൂർവ്വമായിരിക്കയില്ല അതുകൊണ്ടു് നമ്മുടെ മനസ്സിന്റെ ധ്യാനനിരതയെപ്പററി ദൃഢമായി ഉറച്ചില്ലെങ്കിൽ ഈ രീതി സ്വീകരിക്കുന്നതു ഔദ്ധത്യമായിരിക്കും. ഇതിലുണ്ടാകാവുന്ന വിഷമതകളെ മുൻകൂട്ടികണ്ടു് ആപല്ക്കരമാണു് എന്നുതോന്നുന്നു എങ്കിൽ ഇതിനെ ഉപേക്ഷിച്ചു മറേറതെങ്കിലും ഒന്നു സ്വീകരിക്കുകയായിരിക്കും ഉത്തമം.

നാം സ്വീകരിക്കുന്നരീതി ഏതുതന്നെ ആയിരുന്നാലും അതിലെല്ലാം അവശ്യം ആവശ്യമായി ചില ബാഹ്യനിയന്ത്രണങ്ങൾ നമുക്കുണ്ടാകണം. ഒന്നാമതായിതന്നെ ബോധപ്പതർച്ചക്കു ഇടയാക്കുന്ന സാഹചര്യങ്ങൾ നാം അകററണം അനാവശ്യമായും അശ്രദ്ധയായും നാലുപാടും നോക്കിക്കൊണ്ടിരിക്കുക വാതിലിനും ജനലിനും നേരെയിരുന്നു പുറത്തുള്ള കാര്യങ്ങൾ ശ്രദ്ധിക്കുക, വല്ല കോണിലോ തൂണിനുപുറകിലോ പോയി അലസമായിഇരിപ്പുറപ്പിക്കുക, പ്രാർത്ഥനകൾ ചൊല്ലുന്നതിനു മനസ്സിരുത്താതെ കഴിക്കുക. പള്ളിയിൽ പ്രവേശിക്കുന്നവരിൽ അവസാനത്തെ ആളും പുറത്തുപോകുന്നവരിൽ മുമ്പനുമായിരിക്കുക ഇവയെല്ലാം ശ്രദ്ധാപൂർവ്വം അകറേറണ്ട ചിലസാഹചര്യങ്ങളാണു്. അല്ലാത്തപക്ഷം ഏററവും ഫലപ്രദമായി ചിലവഴിക്കുന്നതിനു നാം നിയോഗിക്കുന്ന വിശിഷ്ടമായ ദിവ്യപൂജയുടെ സമയം നാമറിയാതെതന്നെ കേവലം നിരുപയോഗപരവും പലപ്പോഴും കുററകരവുമായി പരിണമിച്ചേക്കും. ആകയാൽ ദിവ്യപൂജയിൽ സംബന്ധിക്കുന്നതു് എപ്പോഴും വലിയ ശ്രദ്ധയോടും നിഷ്ഠയോടുംകൂടി ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

ദിവ്യപൂജയിലും അതുപോലെതന്നെ സാമൂഹ്യമായി നടത്തപ്പെടുന്ന മററു മതകർമ്മങ്ങളിലും നാമനുഷ്ഠിക്കേണ്ട ബാഹ്യാചാരങ്ങളെപ്പററി ഈ അവസരത്തിൽ കുറച്ചൊന്നു മനസ്സിലാക്കുന്നതു നന്നായിരിക്കും. ബാഹ്യമായ ഈ ആചരണങ്ങൾ നാം സംബന്ധിക്കുന്ന തിരുകർമ്മത്തോടു അവസരോചിതമായി ബന്ധപ്പെട്ടതും അർത്ഥവത്തുമാണെന്ന് എന്നു നാമോർക്കണം. ഉദാഹരണമായി നാം എഴുന്നേററു നില്ക്കുന്നു; മുട്ടുകുത്തുന്നു; മുട്ടിന്മേൽനില്ക്കുന്നു; സാഷ്ടാംഗപ്രണാമം ചെയ്യുന്നു. ഇരിക്കുന്നു ഇവയ്ക്കോരോന്നിനും അവസരോചിതമായി ഓരോ അർത്ഥമുണ്ട്. സാമാന്യമായിട്ടു മുട്ടുകുത്തുക, മുട്ടിന്മേൽ നിൽക്കുക, സാഷ്ടാംഗപ്രണാമം ചെയ്യുക, ഇവ ആരാധനാകൃത്യത്തേയും പ്രാർത്ഥനാസമയത്തേയുമാണ് കുറിക്കുന്നതു്. ഈ ആചാരങ്ങൾ നടത്തപ്പെടുന്ന സമയങ്ങൾ കർമ്മത്തിൽ താരതമ്യേന കൂടുതൽ പ്രാധാന്യമുള്ളവയായിരിക്കും. ഇരിക്കുന്നതിനുള്ള സമയങ്ങൾ ശരീരത്തിന്റെ അല്പമായ വിശ്രമത്തോടുകൂടി എന്തെങ്കിലും ശ്രവിക്കുന്നതിനുള്ളതായിരിക്കും കുർബാനയിൽ എംഗത്താ (ലേഖനം) വായിക്കുന്നു, ഉൽബോധനപരങ്ങളായ ഭാഗങ്ങൾ ചൊല്ലുന്നു, വൈദികൻ ദൈവവചനം പ്രസംഗിക്കുന്നു. ഈ ദശസമയങ്ങളിൽ നാം ഇരുന്നുകൊണ്ടാണ് അതു ശ്രദ്ധിക്കുന്നതു്. ആഹ്ളാദസൂചകമായ അവസരങ്ങളിലും, അനുകരണത്തിനുള്ള സന്നദ്ധതയെ കാണിക്കുന്നതിനുള്ള സമയങ്ങളിലുമാണ് സാധാരണ എഴുന്നേററു നില്ക്കുന്നതു്. ഉദാഹരണമായി "ലാക് ആലാഹാ" എന്ന സ്തോത്രഗീതം പാടുന്നു, ദിവ്യപൂജയിൽ സുവിശേഷം വായിക്കുന്നു, ഇങ്ങനെയുള്ള അവസരങ്ങളിൽ സന്തോഷസൂചകമായിട്ടും സുവിശേഷത്തെ കേൾക്കുന്നതിനും അനുകരിക്കുന്നതിനുമുള്ള സന്നദ്ധതയെ കാണിക്കുന്നതിനായിട്ടുമാണ് വിശ്വാസികൾ എഴുന്നേററു നില്ക്കുന്നതു്. വി. പൌലോസ് ശ്ലീഹാ നിർദ്ദേശിച്ചിട്ടുള്ളതു്, "ആകയാൽ സത്യത്തിൽ നിങ്ങളുടെ അരകെട്ടുകളെ മുറുക്കിയും നീതിയു

ടെ കവചത്തെ നിങ്ങളുടെ മാറ്വിൽ ധരിച്ചും, സമാധാന സു വിശേഷത്തിൻെറ സന്നദ്ധതയിൽ നിങ്ങളുടെ പാദരക്ഷകളെ അണിഞ്ഞും നിങ്ങൾ ഒരുങ്ങിനില്ലുവിൻ" എന്നാണു്. അതുകൊണ്ടു് നാം എഴുന്നേററു നില്ക്കുന്ന നില ദൈവവചനത്തെ ശ്രവിച്ചു സുവിശേഷകമ്മങ്ങളെ അനുഗമിക്കുന്നതിനുള്ള സന്നദ്ധതയെ പ്രദ്യോതിപ്പിക്കുന്നു.

മുട്ടുകുത്തുന്നതിൽ രണ്ടുതരം ആചാരങ്ങളുണ്ടു്. ഒന്നു സാധാരണ ആരാധന, മറേറതു പൂണ്ണമായ ആരാധന. സാധാരണ ആരാധനയുടെ ക്രമം, വലത്തെ മുട്ടുമടക്കി നിലത്തു കുത്തുകയും തലയും ഉരങ്ങളും അല്പം കുനിച്ചു ആചാരം ചെയ്യുകയുമാണു്. വിശുദ്ധ കുർബാന തിരുസക്രാരിയിൽ എഴുന്നള്ളിച്ചു വച്ചിട്ടുള്ള പീഠത്തിൻെറ മുമ്പിലും, തിരുപാഥേയമായിട്ടോ മറേറാ വി. കുർബാന എഴുന്നള്ളിച്ചുകൊണ്ടുപോകുന്ന ഒരു വൈദികനെ വഴിമദ്ധ്യേ കൂട്ടിമുട്ടുമ്പോഴും മററും ഈ വിധത്തിലാണു് ആചാരം ചെയ്യേണ്ടതു്. രണ്ടാമത്തെ ആരാധനക്രമം രണ്ടു മുട്ടുകളും നിലത്തുകുത്തി തലയും ഉരങ്ങളും നല്ലവണ്ണം താഴ്ത്തി ആചാരം ചെയ്യുകയാണു്. വിശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചു വച്ചിരിക്കുന്ന സ്ഥലത്തും, ദിവ്യപൂജയിൽ പട്ടക്കാരൻ തിരുവോസ്തിയും വീഞ്ഞും കൂദാശചെയ്യുമ്പോഴും മററും ഈ ആരാധനക്രമമാണു് നാമനുഷ്ഠിക്കേണ്ടതു്.

ഇപ്രകാരം വിശുദ്ധ കുർബാനയെന്ന പരമോന്നതബലി അപ്പിക്കപ്പെടുന്ന അവസരം ഏററവും മഹനീയമായ ഒന്നാണു് എന്നുള്ള ബോദ്ധ്യം നമ്മിൽ കൂടുതൽ കൂടുതൽ ഉറപ്പിക്കുന്നതിനും, ഭക്തിതീക്ഷ്ണതയോടുകൂടി അതിൽ സംബന്ധിച്ചു വിശിഷ്ടമായ ദൈവാനുഗ്രഹങ്ങൾ അതുവഴി പ്രാപിക്കുന്നതിനും നാം പ്രത്യേകം ശ്രദ്ധിക്കണം. ആ സമയത്തു അനാചാരമായി എന്തെങ്കിലും നമ്മിൽ ഉണ്ടാകുന്നതിനു ഒരിക്കലും ഇടയാകരുതു്. തിരുസഭ ഓരോ കമ്മാനുഷ്ഠാനങ്ങൾക്കും നി

ദ്ദേശിച്ചിട്ടുള്ള അൎത്ഥവത്തായ ആചാരങ്ങൾ ഏതെല്ലാമെന്നു മനസ്സിലാക്കുകയും നിഷ്ഠയോടുകൂടി അതനുസരിച്ചു പ്രവൎത്തിക്കുകയും വേണം. ബാഹ്യമായ ഈ നിയന്ത്രണം ആദ്ധ്യാത്മികമായ മനസ്സാന്നിദ്ധ്യത്തിനും ധ്യാനനിഷ്ഠയ്ക്കും നമ്മെ വളരെ സഹായിക്കുന്നതാണു്. ദിവ്യപൂജയിൽ ഫലപ്രദമായി സഹകരിക്കുന്നതിനു നിൎദ്ദേശിക്കപ്പെട്ടിട്ടുള്ളതിൽ നമുക്കു ഏററവും സ്വീകാൎയ്യമായ രീതിയെ നാം തിരഞ്ഞെടുക്കുകയും അതനുസരിച്ചു സജീവമായി ആ തിരുകൎമ്മത്തിൽ പങ്കുകൊള്ളുകയും ചെയ്ക. പ്രാൎത്ഥനപുസ്തകത്തിന്റേയും ജപമാലയുടേയും ഉപയോഗത്തെപ്പററി അടുത്തദിവസം ഞാൻ ചില കാൎയ്യങ്ങൾ പറയാം. അതുകൊണ്ടു വി. കുർബാനയെപ്പററി നിങ്ങൾ കൂടുതലായി പഠിക്കുകയും ധ്യാനിക്കയും ചെയ്ക. ഇതേപ്പററി ഏററം ഉത്തമമായി പഠിക്കുന്നതിനുള്ള മാൎഗ്ഗം ദിവസവും ഈ ദിവ്യബലിയിൽ ഉത്സാഹപൂൎവ്വം സംബന്ധിക്കുന്നതാണു്. നാം വിശ്വസ്തതയോടുകൂടി പ്രവൎത്തിച്ചാൽ അൾത്താരയിൽ എഴുന്നരുളുന്ന ഈശോ വേണ്ടതെല്ലാം നമ്മെ പഠിപ്പിക്കുകയും തന്റെ സ്നേഹത്താൽ കൂടുതൽ കൂടുതലായി നമ്മെ ആകൎഷിച്ചു തന്നിലേയ്ക്കു അടുപ്പിക്കുകയും ചെയ്യും. അതുകൊണ്ടു് നിവൃത്തിയുള്ളപക്ഷം ഒരു ദിവസവും നിങ്ങളാരും കുർബാന മുടക്കരുതു് എന്നു ഞാൻ പ്രത്യേകം നിങ്ങളെ ഓൎമ്മിപ്പിക്കുന്നു.

## ക്രൂദാശകൾ (തുടച്ച്)

ഫാ. പി: പ്രിയ കുട്ടികളെ, വിശുദ്ധ കുർബാനയാകുന്ന ദിവ്യബലിയെപ്പററി ഞാൻ കഴിഞ്ഞദിവസം പറഞ്ഞ കാര്യങ്ങൾ നിങ്ങൾ വീണ്ടും ചിന്തിച്ചുവോ?

കുട്ടികൾ: ഉവ്വ്അച്ചാ, ഞങ്ങൾ പലപ്രാവശ്യം അതേപ്പററി ഓത്തുനോക്കി.

ഫാ. പി: റോസി, എപ്പോഴാണ് നീ ഇക്കാര്യത്തെപ്പററി കൂടുതൽ ഓത്തതു്?

റോസി: ഞാൻ ദിവസവും പള്ളിയിൽ കുർബാന കാണാൻ വന്നപ്പോൾ കുർബാനചൊല്ലുന്നവിധവും മററും കൂടുതൽ ശ്രദ്ധിക്കുകയും അച്ചൻ പറഞ്ഞ കാര്യങ്ങളെ പ്രത്യേകം ഓക്കുകയും ചെയ്തു.

ഫാ. പി: വളരെ നന്നായി. മുമ്പു കുർബാന കാണുന്നതിൽ കൂടുതൽ ഭക്തി തോന്നിയോ?

റോസി: ഈ ആഴ്ചയിൽ കുർബാനയുടെ സമയം കടന്നുപോകുന്നതു ഞാനറിഞ്ഞുതന്നെയില്ല എന്നു പറയാം. മുമ്പ് എത്ര വിഷമിച്ചാണ് ആ സമയം ക്രമമായി കഴിച്ചുകൂട്ടുന്നതു്. ഇപ്പോൾ ആ വിഷമം അശേഷം തോന്നുന്നില്ല. മാത്രമല്ല, കുർബാന കഴിയുമ്പോഴെല്ലം ഇത്രവേഗം കഴിഞ്ഞുപോയല്ലോ എന്നു തോന്നിപ്പോകുകയും ചെയ്യുന്നു.

ഫാ. പി: കുർബാനയെ നാം വേണ്ടവിധത്തിൽ മനസ്സിലാക്കുകയും ഭക്തിയോടുകൂടി അതിൽ പങ്കെടുക്കുന്നതിനുള്ള സന്മനസ്സു കാണിക്കുകയും ചെയ്താൽ ആ സമയം നമ്മുടെ ജീവിതത്തിലെ ഏററവും സൗഭാഗ്യകരമായ ഘട്ടമായി നമുക്കു അനുഭവപ്പെടും. എത്രയോ പേരാണ് ഇതറിയാ

തെ വിശുദ്ധ കുർബാനയിൽനിന്നകന്നു ജീവിക്കുന്നതു്. എത്രപേരാണു് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനു് ത്യാഗപൂർവ്വം വന്നതിനുശേഷവും അതിൽനിന്നു വേണ്ട ഫലമെടുക്കാൻ സാധിക്കാതെ ആ വിശിഷ്ടമായ സമയം പാഴാക്കുന്നതു്. നിങ്ങൾക്കു് ഈ നഷ്ടം ഒരിക്കലും ഉണ്ടാകാതിരിക്കട്ടെ. ജോർജ്ജ്, നീ എല്ലാ ദിവസവും പള്ളിയിൽ കുർബാനയ്ക്കു വന്നോ?

ജോർജ്ജ്: ഇല്ല, മൂന്നു ദിവസം മുടങ്ങിപ്പോയി. ഞാൻ എഴുന്നേററപ്പോൾ നേരം വളരെ വൈകിപ്പോയതുകൊണ്ടു വരാൻ സാധിച്ചില്ല.

ഫാ. പി: ചില കുട്ടികൾക്കു രാവിലെ എഴുന്നേല്ക്കാൻ വിഷമമുണ്ടാകും. അതു സ്വാഭാവികമാണു്. പക്ഷെ പരിചയംകൊണ്ടു ആ വിഷമം മാററാം. കാലത്തേ എഴുന്നേററു ശീലിക്കുന്നതു ആരോഗ്യത്തിനും നല്ലതാണു്. അതിനു നിങ്ങൾക്കു ഒരു സൂത്രം പറഞ്ഞുതരാം. വീട്ടിൽ നേരത്തേ എഴുന്നേൽക്കുന്ന ആരെയെങ്കിലും, അമ്മയേയോ മൂത്ത സഹോദരിമാരേയോ—നിങ്ങൾ ശട്ടം കെട്ടണം. നിശ്ചിതസമയത്തു നിങ്ങളെക്കൂടി വിളിക്കണമെന്നു അവരെ ഏല്പിച്ചാൽ അവർ അതു ചെയ്തുകൊള്ളും. ഏതാനും ദിവസം ഇങ്ങനെ എഴുന്നേററു പരിചയിച്ചാൽ ആ സമയത്തു ഉണരുന്നതു നിങ്ങൾ പതിവായിത്തീരുകയും ചെയ്യും. ആരംഭത്തിൽ കുറച്ചു ബുദ്ധിമുട്ടു തോന്നാതിരിക്കയില്ല. അതു നല്ല മനസ്സുകൊണ്ടും ത്യാഗസന്നദ്ധതകൊണ്ടും ജയിക്കണം.

മേരി: വീട്ടിൽ അമ്മയാണു് എന്നെ വിളിക്കുന്നതു്. എത്ര വിളിച്ചാലും തോമ്മസ് എഴുന്നേൽക്കയില്ല. അവനെ കാത്തുനിന്നതുകൊണ്ടു ഒരു ദിവസം ഞാൻ വന്നപ്പോൾ കുർബാന പകുതിയായി.

ഫാ. പി: അതു സാരമില്ല നിങ്ങൾ തമ്മിൽതമ്മിൽ സഹാ

യിക്കണം. അന്നു മേരി കാത്തുനിന്നതുകൊണ്ടു തോമസിനു പകുതിഭാഗത്തെങ്കിലും സംബന്ധിക്കാൻ സാധിച്ചുവല്ലോ. അല്ലെങ്കിൽ തോമ്മസ് അന്നത്തേ കുർബാന മുടക്കിക്കളഞ്ഞേനെ. അങ്ങിനെ തമ്മിൽതമ്മിൽ സഹായിക്കാൻ ശ്രമിക്കുമ്പോൾ നമുക്കു എന്തെങ്കിലും കുറവുവന്നാലും അതിനുപകരം നല്ല കർത്താവു കൂടുതൽ അനുഗ്രഹങ്ങൾ തരും. അതുകൊണ്ടു് എല്ലാവരും മുടക്കം കൂടാതെയും ഭക്തിയായും കുർബാനയിൽ സംബന്ധിക്കുവാൻ ഉത്സാഹിക്കുക. ഇതു വളരെ വിശിഷ്ടമായ ഒരു നേട്ടമായിരിക്കും നിങ്ങളുടെ ജീവിതത്തിൽ. നിങ്ങളോരോരുത്തരുടേയും നല്ലമാതൃക മററുള്ളവരെക്കൂടി ചുട്ടു പിടിപ്പിക്കട്ടെ. എല്ലാദിവസവും കുർബാനസമയത്തു നമ്മുടെപള്ളി കൊച്ചുമാലാഖാമാരെക്കൊണ്ടു നിറയണം. കർത്താവു സ്വർഗ്ഗത്തിൽനിന്നു എഴുന്നള്ളിവരുമ്പോൾ നമ്മുടെ പള്ളി വിജനമായി കാണുവാൻ ഇടയാക്കരുതു്. അതവിടുത്തേക്കു് എത്ര സങ്കടകരമാണെന്നു ഓത്തുകൊള്ളുക. അതുകൊണ്ടു് ഓരോരുത്തരും നല്ല ഈശോയോടു ഓരോ ഉറച്ച പ്രതിജ്ഞ ചെയ്യണം. എൻെറ ഈശോ! നീ എൻെറ നേരെയുള്ള സ്നേഹത്തെപ്രതി ദിവസവും ഞങ്ങളുടെ ദേവാലയത്തിൽ ബലിപീഠത്തിന്മേൽ എഴുന്നള്ളിവരുമ്പോൾ സ്നേഹത്തോടുകൂടി നിന്നെ സ്വീകരിക്കുന്നതിന്നും നിത്യപിതാവിനു അപ്പിക്കുന്ന ആ പരമോന്നതബലിയിൽ ഹൃദയപൂർവ്വം സഹകരിക്കുന്നതിനും ഉള്ള അനുഗ്രഹം എനിക്കു തരേണമേ. എൻെറ അലസതകൊണ്ടു ഇതു ഒരിക്കലും ഞാൻ മുടക്കുകയില്ല എന്നു പ്രതിജ്ഞചെയ്യുന്നു. ഈ പ്രതിജ്ഞയെ നീ സ്വീകരിച്ചു അതിനെ നിവത്തിക്കുന്നതിനു് എന്നെ സഹായിക്കേണമെ എന്നായിരിക്കട്ടെ നമ്മുടെ പ്രാത്ഥന.

കഴിഞ്ഞ ദിവസം പ്രാർത്ഥനപുസ്തകത്തിൻെറയും ജപമാലയുടെയും ഉപയോഗത്തെപ്പററി ചില സംഗതികൾ ഇന്നു പറയാമെന്നാണല്ലോ ഞാൻ പറഞ്ഞതു്. ദേവാലയത്തിൽ ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനും മററു കൂദാശകൾ ഭക്തിയായി സ്വീകരിക്കുന്നതിനും ഒരു നല്ല പ്രാർത്ഥനപുസ്തകം നമുക്കു വലിയസഹായമാണു്. അതു വേണ്ടവിധത്തിൽ ഉപയോഗിക്കുന്നതിനു നാം പരിചയിച്ചിരിക്കണം. അതിലുള്ള പ്രാർത്ഥനകളെല്ലാം ആദ്യന്തം വായിച്ചു സമയം കടത്തിവിടുന്നതിൽ വലിയ പ്രയോജനമില്ല. നേരെമറിച്ചു് ഓരോ അവസരങ്ങൾക്കും, നമ്മുടെ ആവശ്യങ്ങൾക്കും, നമ്മുടെ ഭക്തവികാരങ്ങളുടെ പ്രചോദനങ്ങൾക്കും യോജിക്കുന്ന പ്രാർത്ഥനകൾ തിരഞ്ഞെടുത്തു് ധ്യാനനിഷ്ഠയോടുകൂടി അവയെ ചൊല്ലുകയാണു് വേണ്ടതു്. ഈ വിധത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു നമ്മുടെ പ്രാർത്ഥനപ്പുസ്തകത്തോടു് നമുക്കു നല്ല പരിചയം ഉണ്ടായിരിക്കണം. പ്രത്യേകിച്ചു ദിവ്യപൂജയിൽ വൈദികനോടുകൂടി ജപങ്ങൾ ഒത്തുചൊല്ലുന്നതിനു് ആ ജപങ്ങളെല്ലാം നമുക്കു വളരെ പരിചിതങ്ങളായിരിക്കണം. എന്നുമാത്രമല്ല ദിവ്യപൂജയുടെ ഓരോഭാഗങ്ങളും അവയിൽ നടത്തപ്പെടുന്ന തിരുക്കമ്മങ്ങളുടെ അത്ഥവും സൂചനകളും നാം ഹൃദിസ്ഥമാക്കിയിരിക്കുകയും വേണം. ദിവ്യബലിയിൽ നാം വെറും ശ്രോതാക്കളൊ സന്ദശ്കരൊ അല്ല; നാമോരോരുത്തരും പ്രധാനകാമ്മികനായ മിശിഹായോടും പൂജ അനുഷ്ഠിക്കുന്ന വൈദികനോടും ചേൎന്നുകൊണ്ടു് ബലി അപ്പിക്കുന്നവരാണു്. ഈദൃശമായ ഒരു സാന്നിദ്ധ്യവും സഹകരണവുമാണു് നമുക്കുണ്ടാകേണ്ടതു്. അതിൽനിന്നു വളരെ പുണ്യഫലങ്ങൾ നമുക്കു ലഭിക്കുകയും ചെയ്യും. ദിവ്യപൂജയിലെന്നപോലെ മററു തിരുക്കമ്മങ്ങളിലും പ്രാർത്ഥനപ്പുസ്തകത്തിനു പ്രത്യേകമായ പ്രാധാന്യമുണ്ടു്. അതിൻെറ സഹായംകൊണ്ടുമാത്രമേ നമുക്കു പ്രസ്തുത കമ്മങ്ങളിൽ പൂണ്ണമായും ഫലപ്രദമായും സംബ

ന്ധിക്കുന്നതിന്നു സാധിക്കുകയുള്ളൂ. വിശിഷ്ടവും അനുഗ്രഹസമൃദ്ധവുമായ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്ന എത്രയോ വിശ്വാസികൾ അവരുടെ പ്രാർത്ഥനപ്പുസ്തകത്തെ ഉപയോഗിക്കുന്നതിന്നു കാണിക്കുന്ന വിരസതമൂലം നിഷ്ഫലമായി ആ സമയം പാഴാക്കുന്നു! അതുകൊണ്ടു് പ്രാർത്ഥനപ്പുസ്തകത്തെ ഒരിക്കലും നാമുപേക്ഷിക്കരുതു്. ഇക്കാര്യത്തിൽ ചിലർക്കു വലിയ മടി കാണുന്നു. ചിലർ അതു പരിഷ്കാരത്തിന്നു യോജിക്കാത്തതായും ആക്ഷേപകരമായും തെററിധരിക്കുന്നു. ഇതെത്ര നിരർത്ഥകവും നിർഭാഗ്യകരവുമാണെന്നു നന്നായി മനസ്സിലാക്കുക. ഇങ്ങനെയുള്ള ഓരോ അബദ്ധചിന്തകൾക്കു കീഴ്പ്പെട്ടു നല്ല നല്ല ആചാരമുറകളെ അവഗണിച്ചു സാവധാനത്തിൽ വളരെപ്പേർ തിരുക്കർമ്മങ്ങളിൽ ശ്രദ്ധയില്ലാത്തവരും കാലാന്തരത്തിൽ തണുത്ത നാമമാത്ര കത്തോലിക്കരുമായി ഭവിക്കുന്നു. അവരുടെ സത്യവിശ്വാസംതന്നെ അവസാനം നഷ്ടപ്പെടുന്നതിന്നു ഇടയായേക്കാം. ഈ ഭയങ്കരവിപത്തിന്നു വിധേയമാകുന്ന നിർഭാഗ്യം ആർക്കും ഉണ്ടാകാതിരിക്കുന്നതിന്നു നമുക്കു നമ്മുടെ പ്രാർത്ഥനപ്പുസ്തകങ്ങളെ സ്നേഹിക്കാം. അതുകളിൽ നിന്നു നാം സംബന്ധിക്കുന്ന തിരുക്കർമ്മങ്ങൾ പഠിക്കുകയും അവയുടെ സഹായത്തോടുകൂടി ഭക്തിയായും സജീവമായും തിരുക്കർമ്മങ്ങളിൽ പങ്കുകൊള്ളുകയും തന്മൂലം നമ്മുടെ വിശ്വാസത്തെ ഉപര്യുപരി ഉത്തേജിപ്പിക്കുകയും ചെയ്യാം.

ഏതെങ്കിലും കാരണവശാൽ നമ്മുടെ പ്രാർത്ഥനപ്പുസ്തകം കൊണ്ടുപോകുവാൻ നമുക്കു സാധിക്കുന്നില്ല എങ്കിൽ നമ്മുടെ ജപമാലയെ എങ്കിലും നാം ഉപേക്ഷിക്കരുതു്. ജപമാല പ്രയോഗിക്കുന്നതിന്നു കുറെക്കൂടി എളുപ്പമുള്ള ഒരു പ്രാർത്ഥനപ്പുസ്തകമാണു്. അതിലെ ഓരോ ധ്യാനവിഷയങ്ങളെയുംപററി ചിന്തിച്ചു അതു ജപിക്കുന്നതുകൊണ്ടു പ്രാർത്ഥനപ്പുസ്തകത്തിൻെറ കുറവിനെ പരിഹരിക്കാൻ സാധിക്കും. ആകയാൽ മാതാപിതാക്കന്മാർ അവരുടെ കുട്ടികൾക്കു അത്യാവശ്യമായ ഈ ആ

ത്മീയോപകരണങ്ങൾ രണ്ടും തക്കസമയത്തു വാങ്ങിക്കൊടുക്കുകയും അവയെ ഏററം ഫലപ്രദമായി ഉപയോഗിക്കുന്നതിനു അവരെ ചെറുപ്പത്തിൽതന്നെ പരിശീലിപ്പിക്കുകയും വേണം. കൊച്ചുകുട്ടികൾ ഈവിധത്തിൽ പരിശീലിക്കപ്പെടാത്തതുമൂലം പള്ളിയിലിരുന്നു് അനാചാരമായി വർത്തമാനം പറഞ്ഞും കളിച്ചും ചിരിച്ചും സമയം കളയുന്നതിനിടയാകുന്നതു് എത്ര കഷ്ടമാണു്; മററുള്ളവർക്കു എത്ര ഉപദ്രവകരമാണു്. നേരെമറിച്ചു ആ കുഞ്ഞുങ്ങൾ അവരുടെ പ്രാർത്ഥനപ്പുസ്തകവും കൊന്തയും ഉപയോഗിച്ചു അവരുടെ നിർമ്മലഹൃദയങ്ങളും ഓമനച്ചുണ്ടുകളും തുറന്നു ദൈവവുമായി സ്നേഹപൂർവ്വം സംസാരിക്കുന്നതും വിശ്വാസംനിറഞ്ഞ നിഷ്ക്കളങ്കനയനങ്ങളെ ഇടയ്ക്കിടയ്ക്കു തിരുസക്രാരിയിലേയ്ക്കു തിരിക്കുന്നതും കാണുന്നതുതന്നെ എത്ര മനോഹരവും ഭക്തിദ്യോതകവുമാണു്. ആ സംഭാഷണത്തിൻെറ അനുഗ്രഹലാഭം ആരറിയുന്നു?

നിങ്ങൾ ദിവ്യബലിയോടു കൂടുതൽ അടുപ്പവും പരിചയവുമുണ്ടാകുന്നതിനു സഹായകമായി ബലി അർപ്പിക്കുന്നതിനു അൾത്താരയിൽ പ്രവേശിക്കുന്ന വൈദികൻ ധരിക്കുന്ന തിരുവസ്ത്രങ്ങളെപ്പററി കൂടി ഞാൻ അല്പംപറയാം. ദിവ്യബലി അർപ്പിക്കുന്നതിനു ചില പ്രത്യേക തിരുവസ്ത്രങ്ങൾ ധരിച്ചിരിക്കണമെന്നു നിബന്ധനയുണ്ടു്. അവയ്ക്കോരോന്നിനും ഓരോ പ്രത്യേക സൂചനയും വളരെ പുരാതനമായ ഓരോ ചരിത്രവുമുണ്ടു്. ബലിയർപ്പണത്തിന്നായി ഒരുങ്ങുന്ന വൈദികൻ ധരിക്കുന്ന തിരുവസ്ത്രങ്ങൾ തലമുണ്ടു്, ആൾവാ, ചരടു്, കൈഉറാല, നെടിയഉറാല, കുർബാനക്കുപ്പായം എന്നിവയാണു്. ആദ്യമായി വൈദികൻ സങ്കീർത്തിയിൽ വെള്ളം വച്ചിരിക്കുന്ന സ്ഥലത്തു ചെന്നു തന്നത്താൻ കുരിശടയാളം വരച്ചു് കൈകൾ കഴുകി തുടച്ചശേഷം തിരുവസ്ത്രങ്ങൾ വിരിച്ചു ക്രമപ്പെടുത്തിയിരിക്കുന്ന തിരുമുമ്പിൽ നിൽക്കുന്നു. കുരിശുരൂപത്തിനു അഭിമുഖമായി നിന്നുകൊണ്ടു് ചതുരാകൃതിയി

ലുള്ള തലമുണ്ടു് കൈയിലെടുത്തു് അതിൻെറ മദ്ധ്യത്തിലുള്ള കുരിശടയാളം മുത്തി അതു തലയിൽ വയ്ക്കുകയും പിന്നീടു് ചുമലിൽ ഇറക്കിവച്ച അതിൻെറ രണ്ടു കോണുകളിൽ പിടിപ്പിച്ചിട്ടുള്ള പീത്തകൊണ്ടു മാറ്വിൽ വട്ടംകെട്ടുകയും ചെയ്യുന്നു. പൂർവ്വകാലങ്ങളിൽ യോദ്ധാക്കൾ ഇരുമ്പുകൊണ്ടുള്ള ഒരു തലമൂടി ധരിക്കുക പതിവുണ്ടായിരുന്നു. തലമുണ്ടു് "നിത്യരക്ഷയുടെ തലമൂടി"യെയാണു് സൂചിപ്പിക്കുന്നതു്. വൈദികൻെറ കഴുത്തുമുതൽ കാലററംവരെ എത്തുന്ന വെള്ളക്കുപ്പായമാണു് ആൾംവാ എന്നു പറയുന്നതു്. ദിവ്യരക്ഷകൻ ധരിച്ചിരുന്ന വെള്ളയങ്കിയുടെ സ്ഥാനത്താണു് ഇതു് ഉപയോഗിക്കുന്നതു്. ഇതു ശുദ്ധതയുടെ അടയാളമാണു്. നിർമ്മലരായി നാം ദിവ്യബലിയിൽ സംബന്ധിക്കണമെന്നു് അതു് ഉൽബോധിപ്പിക്കുന്നു. അതിനുമീതെ അരയിൽ ഒരു ചരടുകൊണ്ടു കെട്ടുന്നു. ദിവ്യരക്ഷകൻെറ പീഡാനുഭവവേളയിൽ ഗാഗ്ഗുൽത്തായിലേക്കു കൊണ്ടുപോകപ്പെട്ടപ്പോൾ പട്ടാളക്കാർ അവിടുത്തെ അരയിൽ കയറുകെട്ടിപിടിച്ച വലിച്ചു നടത്തിയിരുന്ന സംഭവത്തെ ഈ ചരടു സൂചിപ്പിക്കുന്നു. വൈദികൻെറ ഇടത്തെ കൈത്തണ്ടിൽ തൂക്കിയിടുന്ന ഒരു കഷണം പട്ടുതുണിയാണു് കൈഊറാല. കത്താവീശോമിശിഹായുടെ കൈകൾ അവിടുത്തെ പീഡകർ കൂട്ടി ബന്ധിച്ച ബന്ധനത്തെയാണു് ഇതു ഓർമ്മിപ്പിക്കുന്നതു്. നീളമുള്ള ഒരു കഷണം പട്ടുതുണിയാണു് നീണ്ട ഊറാല. ഇതു വൈദികൻ കഴുത്തിൽ ധരിച്ചിട്ടു് അതിൻെറ രണ്ടു് അററങ്ങളും എടുത്തു തൻെറ മാറ്വിൽ കുരിശാകൃതിയിൽ വച്ച വീണുപോകാതെ ചരടിൻെറ നീണ്ട തുമ്പുകൾകൊണ്ടു് അരയിൽ തൊടുക്കുന്നു. മിശിഹായുടെ കുരിശാകുന്ന നുകത്തെ ഇതു സമൃക്കായി സൂചിപ്പിക്കുന്നുണ്ടു്. ഇവയെല്ലാം പുറമെ ധരിക്കുന്നതും മുമ്പിലും പുറകിലും മുട്ടുവരെ മറഞ്ഞുകിടക്കുന്നതുമായ തിരുവസ്ത്രമാണു് കുർബാനക്കുപ്പായം എന്നു പറയുന്നതു്. ഇതു ക്രിസ്തീയ സ്നേഹത്തിൻെറ സൂചന

യാണു്. അതിൻെറ പുറത്തു ചിത്രീകരിച്ചിട്ടുള്ള കുരിശു നമ്മുടെ ദിവ്യരക്ഷകൻ വഹിക്കുകയും തൂങ്ങിമരിക്കുകയും ചെയ്ത വിശുദ്ധ കുരിശിനെ നമ്മെ അനുസ്മരിപ്പിക്കുന്നു. ഇങ്ങനെ ഏററവും അത്ഥവത്തായ സൂചനകളോടുകൂടിയ തിരുവസ്ത്രങ്ങളാണു് ദിവ്യപൂജ അപ്പിക്കുന്ന പട്ടക്കാരൻ ധരിക്കുന്നതു്.

ഓരോ അവസരങ്ങളിൽ ഓരോ നിറത്തിലുള്ള തിരുവസ്ത്രങ്ങൾ ധരിക്കുന്നതായി നിങ്ങൾ കണ്ടിട്ടുണ്ടു്. അതിനും ചില സൂചനകളുണ്ടു്. വൈദികൻ ധരിക്കുന്ന കൈഊറാലയും, നെടിയ ഊറാലയും, കുർബാനക്കുപ്പായവുമാണു് ഈ നിറവ്യത്യാസങ്ങളോടുകൂടിയവ. എപ്പോഴും ഇതു മൂന്നും ഒരു നിറത്തിലായിരിക്കും. വെള്ള, ചുവപ്പു, റോയീസ്, പച്ച, കറുപ്പു ഇങ്ങനെ അഞ്ചു നിറങ്ങൾ ഉപയോഗിക്കപ്പെടുന്നു. ഓരോദിവസത്തിലും അനുസ്മരിക്കപ്പെടുന്ന ദിവ്യരഹസ്യങ്ങളുടേയും, ആഘോഷിക്കപ്പെടുന്ന തിരുനാളുകളുടെയും വ്യത്യാസമനുസരിച്ചാണു് ഓരോ പ്രത്യേക നിറങ്ങൾ ഉപയോഗിക്കുന്നതു്. നമ്മുടെ കത്താവിനെ സംബന്ധിക്കുന്ന സന്തോഷപ്രദമായ രഹസ്യങ്ങളെ അനുസ്മരിക്കുമ്പോഴും, പരിശുദ്ധ കന്യകമറിയത്തിൻെറയോ രക്തസാക്ഷികളല്ലാത്ത വിശുദ്ധന്മാരുടെയോ തിരുനാളുകൾ കൊണ്ടാടുമ്പോഴും വെള്ളനിറമാണു് ഉപയോഗിക്കേണ്ടതു്. രക്തസാക്ഷികളായ വിശുദ്ധന്മാരുടെ തിരുനാളുകളിൽ അവരുടെ രക്തംചിന്തലിനേയും സ്നേഹതീക്ഷ്ണതയേയും സൂചിപ്പിച്ചുകൊണ്ടു് ചുവപ്പുനിറം ഉപയോഗിക്കുന്നു. അനുതാപത്തിൻേറയും പ്രായശ്ചിത്ത പ്രവൃത്തിയുടേയും കാലങ്ങളെ കുറിക്കുന്നതാണു് റോയീസ്നിറം. പ്രത്യേകമായ യാതൊരു തിരുനാളും കൊണ്ടാടപ്പെടാത്ത അവസരത്തിൽ പച്ചനിറം ഉപയോഗിക്കുന്നു. മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള കമ്മത്തിൽ കറുപ്പുനിറമാണു് ഉപയോഗിക്കേണ്ടതു്. ഇങ്ങനെ പട്ടക്കാരൻ വിശുദ്ധബലിയിൽ ഉപയോഗിക്കുന്ന തിരുവസ്ത്രത്തിൻെറ നിറവ്യത്യാസത്തിൽനിന്നുതന്നെ ആ

ബലി ആക്കുവേണ്ടി നിയോഗിക്കപ്പെടുന്നു എന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. ഇതാണ് വ്യത്യാസപ്പെട്ട ഓരോനിറത്തിലുള്ള തിരുവസ്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള കാരണവും, ആ നിറവ്യത്യാസത്തിൽനിന്നു നമുക്കു ഗ്രഹിക്കുവാനുള്ള നിയോഗവും. ഇനി നിങ്ങൾക്കു അൾത്താരയിലെ ഈ ദിവ്യബലിയെപ്പററി എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ആവാം. ആരും മടിക്കേണ്ട. യാതൊരു സംശയവും ഈ കാൎയ്യത്തിൽ ഉണ്ടാകരുതു്.

തോമസ്: അച്ചാ, നമ്മുടെ പള്ളികളിലെ അൾത്താരകൾ പലതും പല തരത്തിൽ കാണുന്നുണ്ടല്ലോ. ചിലതു വളരെ ഭംഗിയായി പണുതതായിരിക്കും. ചിലതിൽ നല്ല നല്ല പൂച്ചെണ്ടുകളും വളരെ മെഴുകുതിരികളും ഉണ്ടായിരിക്കും. ചിലതു അലങ്കാരമൊന്നുമില്ലാതെയിരിക്കും. അതെന്താണു്. എല്ലാം ഈശോ എഴുന്നള്ളിവരാനുള്ളതല്ലേ.

ഫാ. പി: അതെ, നമ്മുടെ അൾത്താരകളോരോന്നും ഈശോ എഴുന്നള്ളിവരാനും പരമബലി അൎപ്പിക്കാനുമുള്ളതാണ്. അതുകൊണ്ടു് അവ ഓരോന്നും ഏററവും മഹനീയമായിരിക്കുന്നതു് അഭിലഷണീയമാണു്. പക്ഷെ അതു എപ്പോഴും സാദ്ധ്യമാകുകയില്ലല്ലോ. അതുകൊണ്ടു് ഒരു അൾത്താരയിൽ അത്യാവശ്യം വേണ്ട കാൎയ്യങ്ങൾ ഇന്ന ഇന്നതായിരിക്കണമെന്നു തിരുസഭ നിൎദ്ദേശിച്ചിട്ടുണ്ടു്. അതിലുപരിയായി ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ചു് അവയെ മോടിയാക്കണം. സാധാരണ ഒരു പള്ളിയിൽതന്നെ എല്ലാ അൾത്താരകളും ഒരുപോലെ മഹനീയമാക്കുവാൻ സാധിക്കയില്ല. അതുകൊണ്ടു് പ്രധാന അൾത്താരയും വേറെ പ്രത്യേക അൾത്താരയുണ്ടെങ്കിൽ അതും കൂടുതൽ മോടിപിടിപ്പിച്ചിരിക്കും. അതിലാണല്ലോ സാധാരണ തിരുകൎമ്മങ്ങൾ നടത്തുന്നതു്.

ഇതുകൊണ്ടാണു് ചില അൾത്താരകൾമാത്രം കൂടുതൽ അലങ്കരിച്ചിരിക്കുന്നതായി നാം സാധാരണ കാണുന്നതു്.

ജോർജ്ജ്: എന്തൊക്കെയാണു് അത്യാവശ്യം ഒരു ദിവ്യബലി അർപ്പിക്കാൻ വേണ്ടതെന്നു് അറിഞ്ഞാൽ കൊള്ളാം.

ഫാ. പീ: അതു ഞാൻ പറഞ്ഞുതരാം. ദിവ്യബലി അർപ്പിക്കുന്നതിനു് അത്യാവശ്യമായ കാര്യങ്ങൾ ഒന്നു് ഒരു മേശ. ഇതാണു് ബലിപീഠം എന്നാൽ വെറും ഒരു മേശകൊണ്ടു മാത്രം ബലിപീഠം പൂർത്തിയാകുന്നില്ല. അതിൻെറ മദ്ധ്യത്തിൽ ഒരു മാർബിൾക്കല്ലു നിങ്ങൾ കണ്ടിരിക്കാം. ഇതാണു കുർബാനക്കല്ലു എന്നു പറയുന്നതു്. വാസ്തവത്തിൽ പറഞ്ഞാൽ ഇതാണു് ബലിപീഠം. ഈ കല്ലു മെത്രാൻ പ്രത്യേകം വെഞ്ചരിച്ച തിരുതൈലംകൊണ്ടു അഭിഷേകം ചെയ്തിട്ടുള്ളതാണു്. അതിൻെറ മദ്ധ്യത്തിൽ ഒരു ചെറിയ ദ്വാരമുണ്ടു്. അതിൽ വെഞ്ചരിപ്പു കർമ്മത്തിനിടയിൽ വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളും സുഗന്ധ ദ്രവ്യങ്ങളും നിക്ഷേപിക്കുകയും ഒരു മൂടികൊണ്ടു ഭദ്രമായി അടച്ചുറപ്പിക്കുകയും ചെയ്തിരിക്കും. ആദിമകാലങ്ങളിൽ രക്തസാക്ഷികളുടെ ശവകുടീരങ്ങളാണു് ബലിപീഠമായി ഉപയോഗിച്ചിരുന്നതു്. ഈ മുറതന്നെ നിലനിൎത്തുന്നതിനാണു് ഇന്നും വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ നിക്ഷേപിച്ചിട്ടുള്ള കുർബാനക്കല്ലുകൾ ബലിപീഠമായി സ്വീകരിക്കുന്നതു്. കുർബാനക്കല്ലിനും മേശക്കും മീതെ മൂന്നു നീണ്ട വെള്ളത്തുവാലകൾ വിരിച്ചിരിക്കും. അൾത്താരയുടെ പുറകിൽ പടിപടിയായി പദവികൾ ഇണക്കിയിരിക്കും. ഇതു കുരിശുരൂപവും മെഴുകുതിരിക്കാലുകളും പൂച്ചെണ്ടുകളും വയ്ക്കുന്നതിനാണു്. അൾത്താരയിൽ മദ്ധ്യത്തിൽ ഒരു കുരിശുരൂപവും ഓരോ വശത്തും നല്ലമെഴുകുകൊണ്ടുള്ള തിരികളും അത്യാവശ്യ

മാണ്. ഒററക്കുർബാനയ്ക്കു രണ്ടുതിരിയും പാട്ടുകുർബാനയ്ക്കു നാലുതിരിയും കത്തിക്കണം. തിരുകർമ്മങ്ങളുടെ ആഡംബരമനുസരിച്ചു കൂടുതൽ തിരികളും കത്തിക്കുന്നതാണു്. കൂടാതെ അൾത്താരയിൽ പുസ്തകം വയ്ക്കുന്നതിനുള്ള ഒരു സ്റ്റാൻറും വൈദികൻെറ കൈ തുടയ്ക്കുന്നതിനുള്ള ഒരു ചെറിയ തുവാലയും ആവശ്യമുണ്ടു്. ഇത്രയുമാണു് ഒരു അൾത്താരയ്ക്കു് അവശ്യം ആവശ്യമായിട്ടുള്ളതു്.

കൂടാതെ തിരുകർമ്മസമയത്തു് ആവശ്യമായ വേറെ ചില ഉപകരണങ്ങളും അതിനടുത്തുണ്ടാകണം. നിങ്ങൾ കണ്ടിരിക്കും ഒരു വശത്തു ഒരു ചെറിയ മേശമേൽ വീഞ്ഞും വെള്ളവും വച്ചിട്ടുള്ള രണ്ടു ചെറിയ പാത്രങ്ങളും അവ വയ്ക്കുന്നതായ ഒരു തട്ടും അതോടുകൂടി ഒരു ചെറിയ കയിലും വച്ചിരിക്കുന്നതു്. ഇവ അത്യാവശ്യമാണു്. അതുപോലെതന്നെ ഓസ്തി സൂക്ഷിച്ചു വച്ചിട്ടുള്ള ഒരു ചെപ്പും അതിനടുത്തുണ്ടാകും. അതിനുതാഴെയായി ഒരു ചെറിയ മണി വച്ചിരിക്കും. സുഗന്ധദ്രവ്യം അഥവാ കുന്തുരുക്കം സൂക്ഷിക്കുന്ന 'കപ്പൽ' എന്നു പറയുന്ന ഒരു പാത്രവും ധൂമിക്കുന്നതിനുപയോഗിക്കുന്ന ധൂമക്കുററിയും ദിവ്യപൂജയ്ക്കു ആവശ്യമുണ്ടു്. ഇത്രയും ഉപകരണങ്ങൾ അൾത്താരയുടെ അടുത്തുണ്ടാകണം.

ഇതിനുപുറമെ വൈദികൻ പൂജാവസ്ത്രങ്ങൾ ധരിച്ചു അൾത്താരയിലേക്കു വരുമ്പോൾ ചില ഉപകരണങ്ങളെല്ലാം കൈയിൽ കൊണ്ടുവരുന്നതു നിങ്ങൾ സൂക്ഷിച്ചിരിക്കുമല്ലോ. സഹായി കുർബാനപുസ്തകം അഥവാ "തക്സാ" മാറ്വിൽ താങ്ങിക്കൊണ്ടു മുമ്പുവരുന്നു. അതിനെ അൾത്താരയിലുള്ള പുസ്തകസ്റ്റാൻറിന്മേൽ വയ്ക്കുന്നു. വൈദികൻ കൊണ്ടുവരുന്നതിൽ പല സാധനങ്ങളുണ്ടു്. ഒന്നു് ഒരു കാസ. ഇതിലാണല്ലോ വീഞ്ഞൊഴിച്ചു കൂദാശചെയ്യുന്നതു്. വേറൊന്നു അതിനുമീതെ വച്ചിട്ടുള്ള പീലാസാ—ഒരു പരന്ന വട്ടപ്പാത്രം. ഇതിലാണു് ഓസ്തി വയ്ക്കുന്നതു്. കാസാ മൂടുന്നതിനു "കബലാന" എന്നു

പറയുന്ന ഒരു ചതുരാകൃതിയിലുള്ള തടിച്ച വെള്ളത്തുണിക്കഷണവും. കാസായും പീലാസായും വൈദികൻെറ കൈവിരലുകളും തുടയ്ക്കുന്നതിനുപയോഗിക്കുന്ന "സങ്കീഞ്ഞു"എന്നു പറയുന്ന നീണ്ട ഒരു തുണിക്കഷണവും, അൾത്താരക്കല്ലിന്മേൽ വിരിക്കുന്നതിനു "കൊത്താന" എന്നു പേരുള്ള ഒരു ചതുരത്തൂവാലയും അക്കൂട്ടത്തിലുള്ള മൂന്നു പ്രധാന ഉപകരണങ്ങളാണു്. കൂടാതെ കർമ്മത്തിനിടയ്ക്കു കാസായും മററും മൂടുന്നതിനു "ശോശപ്പാ" എന്നു പറയുന്ന ചതുരാകൃതിയിലുള്ള ഒരു പട്ടുകഷണവും "കൊത്താന" മടക്കി ഭദ്രമായി വയ്ക്കുന്നതിനുള്ള പാസ്സയും അക്കൂട്ടത്തിലുണ്ടാകും. ഇവയുടെ നിറം തിരുക്കർമ്മത്തിനുപയോഗിക്കുന്ന കുർബാനക്കുപ്പായം മുതലായവയുടെതായിരിക്കും. ഇത്രയും കാര്യങ്ങൾ ഒരു ദിവ്യപൂജ അർപ്പിക്കുന്നതിനു് ആവശ്യമാണു്. ഇതിനു പുറമേയുള്ളതെല്ലാം ആഘോഷത്തിനും ആഡംബരത്തിനുംവേണ്ടി നമ്മുടെ ഭക്തിയ്ക്കും തിരുസഭയുടെ നിയന്ത്രണത്തിനും വിധേയമായി ചെയ്യപ്പെടുന്നവയാണു്. ഇങ്ങനെ നാമേററം വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ദിവ്യപൂജയിൽ ഉപയോഗിക്കപ്പെടുന്ന വസ്തുക്കളെന്തെല്ലാമാണെന്നും അവ ഓരോന്നിൻേറയും ഉപയോഗമെന്താണെന്നും മനസ്സിലാക്കുന്നതു് അവയോടും തന്മൂലം ആ ദിവ്യകർമ്മത്തോടും നമുക്കുള്ള ബഹുമാനം വർദ്ധിക്കുന്നതിനു സഹായിക്കുന്നതായിരിക്കും. മാത്രമല്ല ദിവ്യബലി അർപ്പിക്കുന്നതായ പീഠവും അതിലെ അലങ്കാരങ്ങളും ഏററവും വിശിഷ്ടമായിരിക്കുന്നതിനു നമുക്കു് എങ്ങിനെസഹായിക്കാമെന്നും നാം ചിന്തിക്കേണ്ടതാണു്. നമ്മുടെ ഓരോരുത്തരുടേയും കഴിവുപോലെ അവയെ മോടിപിടിപ്പിക്കുന്നതിനു നാം ശ്രമിക്കണം. പ്രത്യേകിച്ചു കുട്ടികളായ നിങ്ങൾ അൾത്താരകൾ അലങ്കരിക്കുന്നതിനു വളരെ ഉത്സാഹമുള്ളവരായിരിക്കണം പൂക്കൾ ശേഖരിച്ചു പൂച്ചെണ്ടുകൾ ഉണ്ടാക്കി അൾത്താരയെ അലങ്കരിക്കേണ്ടതു നിങ്ങളുടെ കടമയാണു്. നിങ്ങൾക്കു വിചാരിച്ചാൽ നിങ്ങളുടെ വീടുക

ളിൽ ചില പൂച്ചെടികൾ നട്ടുവളത്താൻ സാധിക്കും. അവയിൽ ഉണ്ടാകുന്ന പൂക്കൾ വിടന്നുകഴിയുമ്പോൾ നിങ്ങൾ ഇറുത്തെടുത്തു് ഈശോയുടെ അൾത്താര അലങ്കരിക്കുന്നതിനു കൊണ്ടുവന്നു കൊടുക്കുകയോ, കഴിയുമെങ്കിൽ നിങ്ങൾതന്നെ അതു അലങ്കരിക്കുകയോ ചെയ്യണം. അങ്ങിനെ ചെയ്യുന്നതു് ഈശോയ്ക്കു് എത്ര ഇഷ്ടമുള്ള ഒരു പ്രവൃത്തിയായിരിക്കും.

അവുസേപ്പു്: അച്ചാ, തെക്കേപ്പള്ളിയിലെ കുർബാനയും നമ്മുടെ പള്ളിയിലെ കുർബാനയും തമ്മിൽ എന്തുമാത്രം വ്യത്യാസമാണുള്ളതു്. അതു വേഗം കഴിയുമെന്നു പറഞ്ഞു് അപ്പൻ ഞായറാഴ്ച അവിടെയാണു് പോകുന്നതു്.

ഫാ. പീ: അവിടത്തെ കുർബാനയും ഇവിടത്തെ കുർബാനയും തമ്മിൽ കാര്യത്തിൽ മാററമൊന്നുമില്ല. വ്യത്യാസമുള്ളതു് കുർബാന ചൊല്ലുന്ന ഭാഷയിലും ചില കമ്മങ്ങളിലുമാണു്. ഈ രണ്ടു ഭാഷയും നിങ്ങൾക്കറിഞ്ഞുകൂടാ. നമ്മുടെ കുർബാന ചൊല്ലുന്ന ഭാഷ എന്താണെന്നു ആക്കു പറയാം?

തോമസ്: അതു സുറിയാനിഭാഷയാണു്.

ഫാ. പീ: അതെ, അതു കൽദായ സുറിയാനിഭാഷയാണു്. ഈ ഭാഷയാണു് നമ്മുടെ കത്താവും സംസാരിച്ചിരുന്നതു്. മാത്തോമ്മാശ്ലീഹാ ഈ രാജ്യത്തുവന്നു സുവിശേഷം പ്രസംഗിച്ചു നമ്മുടെ പണ്ടുപണ്ടുള്ള കാരണവന്മാരെ സത്യവിശ്വാസികളാക്കി. അന്നുമുതൽ നമുക്കു സുറിയാനിസഭകളുമായിട്ടാണു് ബന്ധമുണ്ടായിരുന്നതു്. അതുകൊണ്ടു് ആ മൂലഭാഷതന്നെ ഉപയോഗിച്ചു നാം നമ്മുടെ മതകമ്മങ്ങൾ നടത്തിപ്പോന്നു. അതുതന്നെയാണു് ഇന്നും ഉപയോഗിക്കുന്നതു്. കത്താവു സംസാരിച്ചിരുന്ന ആ ഭാഷയിൽതന്നെ നമ്മുടെ തിരുക്കമ്മങ്ങൾ ഇന്നും അനുഷ്ഠിക്കുന്നു എന്നുള്ളതു് നമുക്കെത്ര അഭിമാനകരമാ

ണ്. ഇനി തെക്കേപ്പള്ളിയിൽ തിരുകമ്മങ്ങൾ നടത്തുന്നതു് എന്തു ഭാഷയിലാണെന്നു ആക്കറിയാം.

ജോർജ്ജ്: അതു ലത്തീൻ ഭാഷയാണു്. അവരെ ലത്തീൻകാരെന്നാണു് പറയുന്നതു്.

ഫാ. പി: അതെ, അവർ ഉപയോഗിക്കുന്ന ഭാഷ ലത്തീൻ ഭാഷയാണു്. ഈ ഭാഷയുടെ വ്യത്യാസത്തെ അടിസ്ഥാനമാക്കിയാണു് അവരെ ലത്തീൻകാരെന്നും നമ്മെ സുറിയാനിക്കാരെന്നും പറയുന്നതു്.

അവുസേപ്പ്: ഇവിടെ മാത്തോമ്മാശ്ലീഹായുടെ കാലംമുതൽ സുറിയാനിഭാഷയാണുപയോഗിച്ചിരുന്നതെങ്കിൽ പിന്നെ എന്തിനാണു് കുറേപ്പേർ ലത്തീൻ ഉപയോഗിക്കുന്നതു്?

ഫാ. പി: ഈ വ്യത്യാസങ്ങളും അവയുടെ ഉത്ഭവവുമെല്ലാം മനസ്സിലാക്കണമെങ്കിൽ നമ്മുടെ പഴയ ചരിത്രം കുറെ പഠിക്കാതെ നിവൃത്തിയില്ല. അതിനു് ഇപ്പോൾ നമുക്കു് സൗകയ്യവുമില്ല. അതിൻെറ ഏതാണ്ടൊരു ആശയം നിങ്ങൾക്കു കിട്ടുന്നതിനു ഞാൻ ചുരുക്കി പറയാം. മാത്തോമ്മാശ്ലീഹായുടെ കാലംമുതൽ ഇവിടെ ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നും അവർ അവരുടെ വൈദികകമ്മങ്ങൾ സുറിയാനിഭാഷയിൽ നടത്തിയിരുന്നു എന്നും ഞാൻ പറഞ്ഞല്ലൊ. ആ കൂട്ടരെ സുറിയാനിക്കാരെന്നും മാത്തോമ്മാ ക്രിസ്ത്യാനികൾ എന്നും നസ്രാണികൾ എന്നും എല്ലാമാണു് ചരിത്രത്തിൽ നാമകരണം ചെയ്യുന്നതു്. ക്രിസ്തീയസഭയിൽ പലറീത്തുകൾ ഉണ്ടായിരുന്നു എന്നു നിങ്ങൾ മനസ്സിലാക്കണം. തിരുകമ്മം നടത്തുന്ന ഭാഷ അനുസരിച്ചു് റീത്തു നാമകരണം ചെയ്യുക സാധാരണമാണു്. ഉദാഹരണമായി ഗ്രീക്കുഭാഷ ഉപയോഗിച്ചവർ ഗ്രീക്കു റീത്തുകാർ, ലത്തീൻ ഭാഷ ഉപയോഗിച്ചവർ ലത്തീൻ റീത്തുകാർ എന്നെല്ലാം.

കേരളത്തിലെ ക്രിസ്തുസഭ സുറിയാനി റീത്തുമായി കഴി ഞ്ഞുകൂടിക്കൊണ്ടിരിക്കുമ്പോൾ 16-ാം നൂററാണ്ടിൽ ഒരു പ്രത്യേക സാഹചര്യമുണ്ടായി. കേരളവുമായി കച്ചവടം നടത്തിയിരുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ അന്നു പോർത്തുഗീസുകാരും ഉണ്ടായിരുന്നു. പോർത്തുഗൽരാജ്യം വളരെ വിശ്വാസമുള്ള ഒരു രാജ്യമായിരുന്നു. അക്കാലത്താണു് വിശുദ്ധ ശൌര്യാർ പുണ്യവാൻ ജീവിച്ചിരുന്നതു്. ആ വിശുദ്ധൻ ഇന്ത്യയിൽ ക്രിസ്ത്യാനികൾ കുറവാണെന്നും മനസ്സുതിരിയുന്നതിനു വളരെ ജനമുണ്ടു് എന്നും അറിഞ്ഞപ്പോൾ ഇവിടെയുള്ള അജ്ഞാനികളെ മനസ്സുതിരിക്കുന്നതിനായി പോർത്തുഗലിൽനിന്നും ഇങ്ങോട്ടുതിരിച്ചു. അദ്ദേഹത്തിൻെറ പുണ്യംകൊണ്ടും അത്ഭുതങ്ങൾകൊണ്ടും തീക്ഷ്ണതയേറിയ പ്രസംഗങ്ങൾകൊണ്ടും അനേകം പേരെ മാനസാന്തരപ്പെടുത്തി സത്യക്രിസ്ത്യാനികളാക്കി. അദ്ദേഹത്തെ സഹായിക്കുന്നതിനു വേറെയും മിഷ്യനറിമാർ വന്നുകൊണ്ടിരുന്നു. അവരുടെയെല്ലാം കർമ്മഭാഷ ലത്തീനായിരുന്നു. ഇതുകൊണ്ടു പ്രസ്തുത വൈദികർ പോർത്തുഗലിൽ അവരുപയോഗിച്ചിരുന്ന ഭാഷതന്നെ തിരുക്കർമ്മങ്ങളിൽ ഉപയോഗിക്കുകയും മാനസാന്തരപ്പെട്ടു ക്രിസ്ത്യാനികളായിത്തീർന്നവർ ഈ കർമ്മങ്ങളോടു പരിചയപ്പെട്ടു ഒരു ലത്തീൻസഭ ഇവിടെ സ്ഥാപിതമാവുകയും ചെയ്തു. ഈവിധത്തിലാണു് ലത്തീൻ റീത്തു അതായതു ലത്തീൻഭാഷ തിരുക്കർമ്മങ്ങളിൽ ഉപയോഗിക്കുന്ന രീതി കേരളത്തിൽ നടപ്പായതു്. ഈ രണ്ടു റീത്തുകളും ഇപ്പോഴും ഇടകലർന്നു നമ്മുടെ ഇടയിൽ നിലവിലിരിക്കുന്നുണ്ടു്. അതുകൊണ്ടാണു് അടുത്തടുത്തുള്ള രണ്ടു പള്ളികളിൽ ഒന്നിൽ സുറിയാനിറീത്തും മറേറതിൽ ലത്തീൻ റീത്തും അനുകരിക്കുന്നതായി നാം കാണുന്നതു്. ഇതു ഒരു വിധത്തിൽ പറഞ്ഞാൽ നമുക്കു അഭിമാനകരമാണു്. വിവിധഭാഷകളിൽ നാം ദൈവത്തെ സ്തുതിക്കുന്നു. ഭാഷയുടെയും കർമ്മത്തിൻെറയും വൈവിധ്യത്തിൽ വിശ്വാസത്തിൻെറ ഐക്യത്തെ നാം പ്രസ്പഷ്ടമായി പുലർത്തുന്നു.

ഈ രണ്ടു റീത്തുമാത്രമല്ല നമുക്കുള്ളതു്. ഇപ്പോൾ പുനരൈക്യപ്പെടുന്ന യാക്കോബായ സഭാംഗങ്ങൾക്കായി അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മലങ്കര സുറിയാനി റീത്തും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ചിട്ടുണ്ടു്. ഇങ്ങനെ ഈ ചെറിയ മലയാളക്കരയിൽ അംഗീകൃതമായ മൂന്നുറീത്തുകളാണു് നമുക്കുള്ളതു്. നമ്മുടെ ഏതെങ്കിലും ഒരു ദേവാലയത്തിൽ കൽദായ സുറിയാനി റീത്തിലുള്ള ഒരു വൈദികനോ മെത്രാനോ ആ ഭാഷയിൽ ദിവ്യബലി അർപ്പിക്കും; ലത്തീൻ റീത്തിൽ പെട്ട ഒരു വൈദികനോ മെത്രാനോ ആ ഭാഷയിൽ അതേ ദിവ്യബലി അർപ്പിക്കും; മലങ്കരസുറിയാനി റീത്തിലെ ഒരുവൈദികനോ മെത്രാനോ ആ റീത്തിലും അതേ ദിവ്യബലി അർപ്പിക്കും. അവർ ധരിക്കുന്ന തിരുവസ്ത്രങ്ങളിൽ വ്യത്യാസം ഉണ്ടാകും, ചൊല്ലുന്ന പ്രാർത്ഥനകളുടെ ശബ്ദങ്ങൾ വ്യത്യസ്തങ്ങളായിരിക്കും, അനുഷ്ഠിക്കുന്ന ആചാരങ്ങൾ വിവിധങ്ങളായിരിക്കും. എന്നാൽ സത്യകവിശ്വാസത്തിലും, കർമ്മസാരത്തിലും അവരെല്ലാം ഒന്നുതന്നെ ചെയ്യുന്നു. "ഒരു കർത്താവും, ഒരു വിശ്വാസവും, ഒരു മാമ്മോദീസായും" എന്നുള്ള വി. പൌലോസിന്റെ വാക്കുകൾ ഇതിൽ പ്രകടമായി പ്രകാശിക്കുന്നു. അതുകൊണ്ടു നിങ്ങൾ ഏതു റീത്തിൽപെട്ട കുർബാനയിലോ കർമ്മത്തിലോ സംബന്ധിക്കയാണെങ്കിലും അവയിലെല്ലാം മേൽപറഞ്ഞ കാര്യങ്ങൾ പ്രായോഗികങ്ങളാണു്. റീത്തുസംബന്ധിച്ചിട്ടുള്ള വ്യത്യാസങ്ങൾ ഇത്രമാത്രമേയുള്ളു.

കൂടുതലായി ആർക്കും ഒന്നും ചോദിച്ചറിയാനില്ലല്ലോ. അതുകൊണ്ടു അടുത്ത ദിവസം വിശുദ്ധ കുർബാന ഒരു കൂദാശ എന്ന നിലയിൽ നാം ഗ്രഹിക്കേണ്ട കാര്യങ്ങളെപ്പററി പ്രതിപാദിക്കാം. ദിവ്യബലിയെപ്പററി നിങ്ങൾ കൂടുതൽ കൂടുതൽ ചിന്തിക്കുക.

*Study Circle Series No. 8.*

# കൂദാശകൾ (തുടച്ച്)

൧൦. പീ: വിശുദ്ധകുർബാന ഒരു ബലി എന്നുള്ള വിധത്തിലാണ് ഇതുവരെയും നാം പരാമർശിച്ചതു്. വിശുദ്ധ കുർബാനയിൽ കൂദാശയായിട്ടുള്ള ഒരുവിധം കൂടിയുണ്ടു് എന്നു ആരംഭത്തിൽ പറഞ്ഞതു് നിങ്ങൾ ഓർക്കുന്നുണ്ടാകും. ഈ രണ്ടാമത്തെ വിധത്തിലാണു് ഇനി അതേപ്പററി നാം പര്യാലോചിക്കേണ്ടതു്. അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ നമ്മുടെ ദിവ്യരക്ഷകൻെറ തിരുശരീരരക്തങ്ങൾ തിരുസക്രാരികളിൽ സന്നിധിചെയ്യുന്നതും അവ നമ്മുടെ ആത്മാവിൻെറ ഭക്ഷണവും പാനീയവുമായി സ്വീകരിക്കപ്പെടുന്നതും ഈ വിധത്തിലാണു്. കൂദാശചെയ്യപ്പെട്ട തിരുവോസ്തിയിൽ കർത്താവിൻെറ തിരുശരീരവും രക്തവും ദൈവസ്വഭാവവും എല്ലാം മുഴുവനായിട്ടും അതുപോലെതന്നെ കൂദാശചെയ്യപ്പെട്ട വീഞ്ഞിലും അടങ്ങിയിരിക്കുന്നതുകൊണ്ടു് സൌകര്യാർത്ഥം കൂദാശയിൽ തിരുവോസ്തിമാത്രമാണു് സക്രാരികളിൽ നിക്ഷേപിക്കപ്പെടുന്നതും കൂദാശ സ്വീകരണത്തിൽ നാം ഉൾക്കൊള്ളുന്നതും വിശുദ്ധകുർബാന ഉൾക്കൊള്ളുന്നതു വഴിയായി നാം നിത്യജീവൻെറ അപ്പത്തെയാണു് ഭക്ഷിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ദിവ്യരക്ഷകൻ തന്നെ പറഞ്ഞിരിക്കുന്നു: "എൻെറ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യായുസ്സുണ്ടാകും" എന്നു്. അതുകൊണ്ടു് നിത്യജീവനെ പ്രദാനം ചെയ്യുന്ന ഈ സ്വർഗ്ഗീയ അപ്പത്തെ അത്യാർത്തിയോടുകൂടി നാം ഭക്ഷിക്കേണ്ടയോ?

വിശുദ്ധ കുർബ്ബാനയെ യോഗ്യമായി സ്വീകരിക്കുന്നതിന്നു പ്രധാനമായി വേണ്ട ഒരുക്കങ്ങൾ മൂന്നാണു്. ഒന്നു് ആത്മാവിൽ ദൈവപ്രസാദവരം ഉണ്ടായിരിക്കുക; അതായതു ഏതെങ്കിലും ചാവുദോഷംമൂലം ആത്മാവിലെ ദൈവേഷ്ടപ്രസാദവരം നഷ്ടപ്പെട്ടുപോയെങ്കിൽ ഒരു നല്ലകുമ്പസാരംമൂലം അതിനെ വീണ്ടെടുത്തശേഷംവേണം നാം വിശുദ്ധ കുർബ്ബാന സ്വീകരിക്കുവാൻ. രണ്ടു് പാതിരാത്രി മുതൽ വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നതുവരെ ഉപവസിക്കുക. ഈ സമയത്തു ഭക്ഷണമായോ പാനീയമായോ ഒന്നും കഴിക്കുവാൻ പാടില്ലന്നാണു് ഈ നിയമത്തിൻെറ വിവക്ഷ. ഉപവാസംകൂടാതെ സാധാരണഗതിയിൽ വിശുദ്ധ കുർബ്ബാന സ്വീകരിപ്പാൻ പാടില്ല. എന്നാൽ മരണകരമായ ആപത്തിൽ ഉപവാസം കൂടാതെ വിശുദ്ധ കുർബ്ബാന തിരുപാഥേയമായി സ്വീകരിക്കാവുന്നതും നിവൃത്തിയുള്ളപക്ഷം സ്വീകരിക്കേണ്ടതുമാണു്. ഇതിനുംപുറമെ ചില പ്രത്യേക സാഹചര്യങ്ങളിൽ ഉപവാസനിയമം സംബന്ധിച്ചു തിരുസഭ ചില അപവാദങ്ങൾ അനുവദിക്കാറുണ്ടു് ഇപ്രകാരമുള്ള അപവാദങ്ങളിൽ നാം പ്രത്യേകം അറിഞ്ഞിരിക്കേണ്ടതു് ദീർഘകാലത്തേക്കു രോഗത്തിൽ കിടക്കുന്നവരെ സംബന്ധിച്ചുള്ളതാണു്. രോഗം അത്ര എളുപ്പത്തിൽ മാറി ആരോഗ്യം പ്രാപിക്കുമെന്നു പ്രതീക്ഷയില്ലാത്തവരും ഒരു മാസത്തിലധികം രോഗത്തിൽതന്നെ കിടക്കുന്നവരുമായ ദീനക്കാർക്കു് അവരുടെ കുമ്പസാരക്കാരുടെ അനുമതിയോടുകൂടി ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം ഉപവാസംകൂടാതെ വിശുദ്ധ കുർബ്ബാന സ്വീകരിക്കാവുന്നതാണു്. എന്നാൽ അവർ കഴിക്കുന്നതായ ഭക്ഷണം പാനീയരൂപത്തിലേ ആകാൻ പാടുള്ളൂ. മരുന്നാണു് കഴിക്കുന്നതെങ്കിൽ ആ പാനീയരൂപത്തിലായിരിക്കണമെന്നു നിർബന്ധമില്ല. ദിവ്യപൂജഅർപ്പിക്കുന്നതിനു അനുവദിക്കപ്പെട്ടിട്ടുള്ള മഠങ്ങളിലോ കൊവേന്തകളിലോ ഉള്ള രോഗികളായ സന്യാസിനീസന്യാസികൾ രോഗാധീനരായിട്ടു് ഒരുമാ

സമായില്ലെങ്കിലും മേൽപറഞ്ഞവണ്ണം ദിവസംതോറും വി. കുർബാന ഉൾക്കൊള്ളുന്നതിനു അനുമതിനൽകാൻ മെത്രാനു അധികാരമുണ്ട്. മൂന്നാമത്തെ ഒരുക്കം, വിശുദ്ധ കുർബാന ഉൾക്കൊള്ളുവാൻ തക്കതായ "ആയത്തത" ആത്മാവിലും ശരീരത്തിലും ഉണ്ടായിരിക്കണമെന്നാണ്. ഒരു നല്ല കുമ്പസാരം മൂലം നമ്മുടെ ആത്മാവിലുള്ള ദൈവവരപ്രസാദത്തെ ഭദ്രമാക്കാതെയും കുമ്പസാരത്തിൻെറ അനുമതി കൂടാതെയും ഒരിക്കലും നാം വിശുദ്ധ കുർബാന സ്വീകരിക്കാൻ അണയരുത്. എന്നാൽ വിശുദ്ധ കുർബാനയുടെ യോഗ്യമായ സ്വീകരണത്തിനു നമ്മുടെ ആത്മാവു ദൈവേഷ്ടപ്രസാദസ്ഥിതിയിലാണ് ഇരിക്കുന്നതു എന്നതുകൊണ്ടു മാത്രമായില്ല. ആത്മാവിനെ പാപദോഷങ്ങളിൽനിന്നും പാപക്കറകളിൽനിന്നും പാടപോലെ വിമുക്തമാക്കണം. നമ്മുടെ ഹൃദയം എത്ര നിർമ്മലമായിരിക്കുമോ വിശുദ്ധ കുർബാനയുടെ ഫലവും അത്ര മഹത്തായിരിക്കും. അതുകൊണ്ടു വിശുദ്ധ കുർബാന സ്വീകരണത്തിനുമുമ്പു നാം അന്യചിന്തകളെല്ലാം അകററുകയും പ്രാർത്ഥനയിൽ ഏർപ്പെടുകയും വേണം. ഒരു കാൽമണിക്കൂറു നേരമെങ്കിലും ഇപ്രകാരമുള്ള ഒരു താല്ക്കാലിക ഒരുക്കത്തിനു ചിലവഴിക്കാതെ ബദ്ധപ്പെട്ടു കുർബാന ഉൾക്കൊള്ളാൻ നാം ഒരിക്കലും തുനിയരുതു്.

ബാഹ്യമായ ഒരുക്കങ്ങളും ഈ കൂദാശസ്വീകരണത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശാരീരികമായ ശുചിത്വവും യോഗ്യമായ വസ്ത്രധാരണവും അശ്രദ്ധമൂലം നാം ഉപേക്ഷിക്കരുതു്. നമ്മുടെ വസ്ത്രങ്ങൾ അസാധാരണരീതിയിലുള്ളതോ വളരെ വിലപിടിച്ചതോ ഒന്നും ആയിരിക്കണമെന്നല്ല ഇവിടെ വിവക്ഷിക്കുന്നതു്. പ്രത്യുത അവനവൻെറ സ്ഥിതിക്കും സാമ്പത്തിക സാഹചര്യങ്ങൾക്കും യോജിക്കുന്ന വസ്ത്രങ്ങൾ വൃത്തിയായും ക്രമമായും ഉപയോഗിക്കണം. വിലപിടിച്ച വസ്ത്രമില്ല എന്നുള്ള ന്യായം പറഞ്ഞു ഈ വിശിഷ്ടമായ കൂദാശ

യിൽനിന്നു അകന്നുകളയുവാൻ ഇടയാകരുതു്. വിശുദ്ധ കുർബാന ഉൾക്കൊള്ളുവാൻ പോകുന്നതിലും മടങ്ങി പോരുന്നതിലും വളരെ അച്ചടക്കവും വിനയവും ഉണ്ടായിരിക്കണം. വിശുദ്ധ കുർബാന എഴുന്നള്ളിച്ചുകൊടുക്കുന്ന സമയമാകുമ്പോൾ ഭക്തിപൂർവ്വം കൈകൾ നെഞ്ചിൽ കൂപ്പിപ്പിടിച്ചു തല അല്പം കുനിച്ചു വിനയപൂർവ്വം അഴിക്കാലിങ്കലേയ്ക്കു അടുക്കുക. അവിടെ ചെന്നുപററുന്നതിനു ബദ്ധപ്പെടുകയോ സമയം കഴിഞ്ഞിട്ടും സ്വന്തസ്ഥലത്തുനിന്നു ഇളകാതെ താമസിക്കുകയോ ചെയ്യുന്നതു അനാചാരവും അഭംഗിയുമാണു്. അഴിക്കാലിങ്കൽ എത്തുമ്പോൾ വിശുദ്ധ കുർബാനയെ യഥാക്രമം ആചാരംചെയ്തു മുറയ്ക്കു നിരന്നു മുട്ടുകുത്തുക. ഒരിക്കലും നിരവിട്ടു തിക്കിക്കയറരുതു്. ഞാൻ മുമ്പു എന്നുള്ള ഒരു രീതിയിൽ തിക്കിക്കയറുന്നതു് ഉപചാരമില്ലാത്ത സ്ത്രീകളുടെ ഒരു പ്രത്യേകസ്വഭാവമാണു്. എത്ര ഉപദേശിച്ചാലും ചിലർ ഇതു മനസ്സിലാക്കുകയില്ല. പട്ടക്കാരൻ വിശുദ്ധ ഓസ്തി എഴുന്നള്ളിച്ചുതരുമ്പോൾ തല നിവത്തിപ്പിടിച്ചു വായ് തുറന്നു് നാവു ചുണ്ടററംവരെ നീട്ടി ക്രമമായും ഭക്തിയായും അതു സ്വീകരിക്കുക. അതിനുശേഷം വന്നതുപോലെതന്നെ സ്വന്തസ്ഥലത്തേയ്ക്കു ഭക്ത്യാദരപൂർവ്വം മടങ്ങിപോകയും വേണം. വിശുദ്ധ കുർബാന എഴുന്നള്ളിച്ചു കൊടുക്കുമ്പോൾ അതിൽനിന്നു ഏതെങ്കിലും പൊടിയോ വല്ലപ്പോഴും യാദൃച്ഛികമായി തിരുഓസ്തിതന്നെയോ വഴുതിവീണാൽ അതു തടയുന്നതിനാണു് കുർബാന ഉൾക്കൊള്ളുന്ന ആളുടെ താടിയുടെ താഴെയായി ഒരു വെള്ളത്തുവാലയോ പരന്ന പാത്രമോ പിടിക്കുന്നതു് എന്നു ഓർമ്മയുണ്ടാകണം. “മനംപുരട്ടുക”, വയററിൽ ക്രമാതീതമായ ഏതെങ്കിലും അസുഖം തോന്നുക എന്നീ അവസരങ്ങളിൽ വളരെ കരുതലോടുകൂടിമാത്രമേ വിശുദ്ധ കുർബാന സ്വീകരിക്കാവൂ. ഒരുപക്ഷേ പെട്ടെന്നു ഛർദ്ദി ഉണ്ടായേക്കും അല്ലെങ്കിൽ മററസുഖങ്ങൾ എന്തെങ്കിലും ഉണ്ടായേക്കും എന്നു വിവേചനാപൂർവ്വം സംശയിക്കുന്ന അവസ

രങ്ങളിൽ വിശുദ്ധകുർബാന ഉൾക്കൊള്ളാതിരിക്കുകയാണു വേണ്ടതു്.

എല്ലാവരും അടുത്തടുത്തു വിശുദ്ധ കുർബാന ഉൾക്കൊള്ളണമെന്നു പരിശുദ്ധ മാർപ്പാപ്പാമാർ തുടർച്ചയായി ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടു്. മാത്രമല്ല സൗകര്യമുള്ളവരെല്ലാം പ്രതിദിനം വിശുദ്ധവിരുന്നിൽ പങ്കെടുക്കണമെന്നാണു് തിരുസഭയുടെ ആദർശം. കാരണം, ഈവിധത്തിൽ നമുക്കു് പ്രാപിക്കാവുന്ന പുണ്യാഭിവൃദ്ധിയും ആത്മീയവിശുദ്ധീകരണവും അന്യാദൃശമത്രെ. ഈ ദിവ്യൗഷധം നമ്മിലുള്ള പാപപ്രേരണകളെ നശിപ്പിക്കുകയും ദൈവസ്നേഹാഗ്നിയെ എരിയിക്കുകയുംചെയ്യും. അതുകൊണ്ടു വിശുദ്ധ കുർബാന ക്രമമായി ഉൾക്കൊള്ളുന്നതിനു നമുക്കു ലഭിക്കുന്ന യാതൊരവസരവും നഷ്ടപ്പെടാതിരിക്കാൻ നാം ജാഗ്രതയുള്ളവരായിരിക്കണം.

വിശുദ്ധ കുർബാന ഉൾക്കൊണ്ടതിനുശേഷം ചെയ്യാനുള്ള ഉപകാരസ്മരണയുടെ കാര്യം നമ്മുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണു്. നമ്മുടെ കർത്താവീശോമിശിഹായുമായി ഒന്നിച്ചു് ഏററം ഹൃദയംഗമമായ ഒരു സംഭാഷണത്തിനു ലഭിക്കുന്ന ഭാഗ്യനിമിഷങ്ങളാണു് അവ. ഹൃദ്യമായ ഈ ചടങ്ങു ആരാധനപ്രകരണംകൊണ്ടാരംഭിക്കുകയും കൃതജ്ഞതാപ്രകാശനത്തിൽ പുരോഗമിക്കുകയും വിനീതവും വിശ്വാസപൂർണ്ണവുമായ അപേക്ഷകളിൽ അവസാനിക്കുകയും വേണം. നമുക്കു ആവശ്യമായിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും നമ്മുടെ ഹൃദയത്തിൽ സന്നിധിചെയ്യുന്ന ആ സ്നേഹനാഥനോടു് അപേക്ഷിക്കുവാൻ ഇതിനെക്കാൾ സ്വീകാര്യമായ സമയമില്ല. വിശുദ്ധകുർബാന ഉൾക്കൊണ്ടശേഷം ഒരു കാൽമണിക്കൂറെങ്കിലും ഉപകാരസ്മരണയിൽ ചിലവഴിക്കേണ്ടതു് ഏററവും ആവശ്യമാണു്. അതുകൂടാതെ ദേവാലയം വിട്ടുപോകുന്നതു വലിയ അനാചാരവും വിശ്വാസക്കുറവിൻെറ പ്രത്യക്ഷയടയാളവുമാണു്. ധ്യാനനിഷ്ഠയിൽ ഇതു ചെയ്യുന്നതിനു നമ്മുടെ മനസ്സു

സന്നദ്ധമല്ലെങ്കിൽ ബോധോദയടക്കത്തോടുകൂടി നമ്മുടെ പ്രാത്ഥനപ്പുസ്തകത്തെ ആശ്രയിക്കണം.

വിശുദ്ധകുർബാന സ്വീകരണത്തെപ്പററി പൊതുവായി ഇത്രയും പറഞ്ഞിട്ടു ചില പ്രത്യേകാവസരങ്ങളിൽ വിശുദ്ധകുർബാന കൈക്കൊള്ളുന്ന കാര്യത്തെപ്പററിക്കൂടി ചിലതു നിങ്ങളെ ഓമ്മിപ്പിക്കട്ടെ. നിങ്ങളിൽ ചിലർ ഇനിയും ആദ്യകുർബാന കൈക്കൊള്ളാനുണ്ടു്. അതു കഴിച്ചിട്ടുള്ളവരും അതിൻെറ പ്രാധാന്യത്തെപ്പററി പലപ്പോഴും ഓത്തു ധ്യാനിക്കേണ്ടതാണു്. ഒരാളുടെ ജീവിതത്തിൽ ഏററവും പ്രധാനമായ സംഭവമാണു് ആദ്യകുർബാന ഉൾക്കൊള്ളൽ. അനർഘമായ ദൈവികാനുഗ്രഹങ്ങളുടെ ഒരവസരംതന്നെയാണതു്. അതിൻെറ ആനന്ദപൂണ്ണമായ ഓമ്മ ജീവിതകാലം മുഴുവനും അവശേഷിക്കേണ്ടതാണു്. അതിനെ അതിശയിക്കുന്ന മറെറാരു സംഭവം ജീവിതത്തിൽ സാദ്ധ്യമല്ല. ഈ സംഭവത്തെ ഏററവും മഹനീയമാക്കുന്നതിനു് ആദ്യകുർബാന ഉൾക്കൊള്ളുന്ന കുട്ടിയും അതിൻെറ മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും എല്ലാവരും ഒത്തൊരുമിച്ചു പരിശ്രമിക്കണം. ഇടവകയിലെ വൈദികർ നൽകുന്നതായ നിദ്ദേശങ്ങൾ അനുസരിച്ചു ഈ കമ്മത്തെ സ്മരണീയമാക്കുന്നതിൽ ആരും മടികാണിക്കരുതു്. അതിനു ആവശ്യമായ സാമാന്യഒരുക്കത്തെപ്പററിമാത്രമെ ഇവിടെ പ്രതിപാദിക്കുവാൻ നിവൃത്തിയുള്ളൂ.

ആദ്യകുർബാന കൈക്കൊള്ളുന്നതിനു ഒരു നിശ്ചിതവയസ്സു നിണ്ണയിച്ചിട്ടില്ല. സാധാരണ ഏഴുവയസ്സാകണമെന്നു് ഒരു "വെപ്പു"ണ്ടു്. അതിൽ കാര്യമായ അത്ഥമില്ല. ഒരു കുട്ടിക്കു വിശുദ്ധകുർബാന സ്വീകരിക്കാൻ വേണ്ട തിരിച്ചറിവു ണ്ടോ എന്നുള്ളതാണു ചിന്തിക്കേണ്ടതു്. സത്യവിശ്വാസത്തിൻെറ പ്രധാന തത്വങ്ങളെയും, വിശുദ്ധകുർബാനയിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ എഴുന്നരുളുന്ന ഈശോയുടെ ദിവ്യസാന്നിദ്ധ്യത്തെയും, വിശുദ്ധകുർബാന സ്വീ

കരണത്തിൻെറ ആവശ്യത്തെയും ഫലത്തെയും സംബന്ധിച്ച വേണ്ടവിധത്തിൽ ആ കുട്ടിയുടെ സ്ഥിതിക്കനുസരിച്ച മനസ്സിലാക്കിയിരിക്കണം. ഈ അറിവു തക്കസമയത്തു അവർക്കുണ്ടാകുന്നതിനു വേദോപദേശപഠനത്തിലും മതകാര്യങ്ങൾ വീടുകളിൽവച്ചു പറഞ്ഞു മനസ്സിലാക്കുന്നതിലും ശ്രദ്ധിക്കണം. അഞ്ചുവയസ്സുമുതൽ കുട്ടികളെ വേദോപദേശക്ലാസുകളിൽ അയക്കണമെന്നും, കത്തോലിക്കാവിദ്യാലയങ്ങളിൽ മാത്രമേ അവരെ പഠിപ്പിക്കാവൂ എന്നും മററും മതാദ്ധ്യക്ഷന്മാർ നിഷ്കർഷിക്കുന്നതിൻെറ ഉദ്ദേശ്യം ഈ വേദജ്ഞാനം തക്കസമയത്തു ലഭിക്കുന്നതിനാണു്. ഒരു ഇടവകയിൽ ആദ്യകുർബാന കൈക്കൊള്ളുന്നതിനുവേണ്ട അറിവും ഒരുക്കവുമുള്ള കുട്ടികളെ ഒന്നിച്ചുകൂട്ടി ആഘോഷമായി ആ ചടങ്ങു നിർവ്വഹിക്കുകയാണു് പതിവു്. അതിനായി അവക്കു ഏതാനും ദിവസത്തെ ഒരു പ്രത്യേകപരിശീലനം നടത്തുന്നതാണു്. ഇതിലെല്ലാം അവർ സംബന്ധിക്കുന്നതിനും ഫലമെടുക്കുന്നതിനും ഇടവകവികാരിയുടെ നിർദ്ദേശത്തിൽ മാതാപിതാക്കന്മാർ മുൻനിന്നു പ്രവർത്തിക്കണം. ഇതിൽ അവക്കു വലിയ ഉത്തരവാദിത്വമുണ്ടു്. ഇതു് അവരുടെ പരിപാവനമായ ഒരു അവകാശവുമാണു്. ഇടവക വൈദികൻ അവരോരോരുത്തരുടേയും വേദജ്ഞാനത്തെപ്പററി പരിശോധിക്കുമ്പോൾ പ്രായപൂർത്തിവന്ന കുട്ടികൾ വിശുദ്ധകുർബാന സ്വീകരിക്കുന്നതിനു തടയത്തക്കവിധം അജ്ഞന്മാരായി കാണുന്നതു് കഷ്ടമാണു്. ഇങ്ങനെ ചിലപ്പോൾ മാതാപിതാക്കന്മാരുടെ ഉദാസീനതമൂലം എട്ടും പത്തും പന്ത്രണ്ടും വയസ്സായ കുട്ടികളെപ്പോലും ഈ മഹാകർമ്മത്തിൽ സംബന്ധിപ്പിക്കുവാൻ സാധിക്കാതെവരുന്നു എങ്കിൽ അതേപ്പററി എന്തുപറയാനാണു്!

വേദകാര്യങ്ങളെപ്പററി പഠിക്കുന്നതോടൊപ്പംതന്നെ ഈ മഹാസംഭവത്തിനുള്ള ഒരുക്കത്തിൽ പുണ്യസമ്പാദനത്തിനുള്ള പരിശീലനവും അവക്കു നൽകണം. ഓരോരോ ചെറിയ

പുണ്യകൃത്യങ്ങൾ ഈശോയ്ക്കുവേണ്ടി അനുഷ്ഠിക്കുന്നതിനും അനുസരണയും സഹോദരസ്നേഹവും ത്യാഗശീലവും ഉള്ളവരായിരിക്കുന്നതിനും അവരെ പരിശീലിപ്പിക്കണം. അവരിൽ ഏതെങ്കിലും ചെറിയചെറിയ ദുർഗ്ഗുണങ്ങൾ ഉള്ളതായി കാണുന്നു എങ്കിൽ അതു വേരുപറിച്ചു കളയുന്നതിനുള്ള മാർഗ്ഗങ്ങൾ അവരെ പഠിപ്പിച്ചുകൊടുക്കണം. ആ മഹാദിവസം അടുക്കുമ്പോൾ അവർക്കായിട്ട ഒരു പൊതുധ്യാനം നടത്തുന്നതും ഏററം അഭിലഷണീയമാണു്. ഒരു കുടുംബത്തിൽ ഒരു കുട്ടി ആദ്യകുർബാന ഉൾക്കൊള്ളാൻ ഒരുങ്ങുമ്പോൾ ആ കുടുംബത്തിലുള്ള എല്ലാഅംഗങ്ങളും ആ ഒരു മനോഭാവംതന്നെ ഉണ്ടായിരിക്കാൻ പാടുപോലെ ശ്രമിക്കേണ്ടതാണു്. അതു ആ കുട്ടിക്കു വലിയ സഹായമായിരിക്കും. ഈ മഹാസംഭവത്തിൻെറ ഓർമ്മയ്ക്കായി ഓരോ കുട്ടിക്കും ഒരു നല്ല ചെറിയ പ്രാർത്ഥനപ്പുസ്തകവും ജപമാലയും സമ്മാനിക്കുന്നതു വളരെ സമുചിതമായിരിക്കും. അതു സ്മരണീയമായ ഒരു പാരിതോഷികമായിരിക്കുന്നതിനുപുറമെ ഞാൻ മുൻപു പറഞ്ഞതുപോലെ അവയെ ഫലപ്രദമായി ഉപയോഗിക്കുന്നതിനു ആരംഭിക്കാനുള്ള പ്രത്യേക സന്ദർഭവും ഇതാണല്ലോ. ആദ്യകുർബാനസ്വീകരണത്തിനു ഒരു പ്രത്യേക ഉടുപ്പും ഓരോരുത്തർക്കും ഉണ്ടാക്കിക്കൊടുക്കണം. വസ്ത്രം ഓരോരുത്തരുടേയും കുടുംബസ്ഥിതിക്കും സാഹചര്യങ്ങൾക്കും അനുസരിച്ചുള്ളതും എന്നാൽ വളരെ കൂടുതൽ അടക്കത്തിനു യോജിച്ചതുമായിരിക്കണം. എല്ലാവർക്കും പൊതുവെ ഏതെങ്കിലും രീതി നിർദ്ദേശിക്കപ്പെടുന്നുണ്ടെങ്കിൽ ഈദൃശമായ പൊതുചടങ്ങുകളിൽ അതിനാണു് പ്രാധാന്യം നൽകേണ്ടതു്. വീട്ടിലും അന്നു ചില പ്രത്യേക ആഘോഷങ്ങളെല്ലാം ഉണ്ടാക്കുന്നതു് ആദരണീയമായിരിക്കും. ഈവിധ പരിപാടികൾ നിർമ്മലമായ ബാലമനസ്സിൽ ആ സുദിനത്തിൻെറ സ്മരണ കൂടുതൽ ഗാഢമായി പതിക്കുന്നതിനു സഹായിക്കുമെന്നുള്ളതാണു് അവയ്ക്കുള്ള പ്രാധാന്യം.

ഇപ്രകാരം ഒരു കുട്ടിയുടെ ആദ്യകുർബാനസ്വീകരണത്തിൻെറ വിശിഷ്ടാവസരം നേരത്തെകൂട്ടി പ്രതീക്ഷിക്കുകയും, യോഗ്യമായ രീതിയിൽ ആ കുട്ടിയെ ഒരുക്കുകയും, ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും തക്കസമയത്തു ഉണ്ടാക്കികൊടുക്കുകയും, ആ ഭാഗ്യപൂൎണ്ണമായ ചടങ്ങിൽ കുടുംബാംഗങ്ങൾ എല്ലാം പങ്കുകൊള്ളുകയും ചെയ്യണം. അതു കുടുംബത്തിൻെറ വിജയദിവസമാണു്; അന്നു ദൈവത്തിൻെറ അനുപമമായ വിശിഷ്ടാനുഗ്രഹങ്ങൾ ധാരാളമായി കുടുംബത്തിൽ വർഷിക്കപ്പെടും. എന്തുകൊണ്ടെന്നാൽ ഈശോയുടെ മനോഹരമായ ഒരു ഹൃദയസക്രാരി അവിടെ അന്നു പ്രതിഷ്ഠിക്കപ്പെടുന്നു.

ആദ്യകുർബാനസ്വീകരണം കഴിഞ്ഞാൽ അതിൻെറ അനുഗ്രഹങ്ങൾ നിലനിർത്തുന്നതിനുള്ള സൗകര്യങ്ങളെപ്പററിയാണു് കൂടുതൽ ശ്രദ്ധിക്കേണ്ടതു്. അടുത്തടുത്തു ഓരോ പ്രത്യേകാവസരങ്ങളിൽ വിശുദ്ധകുർബാന സ്വീകരിക്കുന്നതിനു അവരെ പ്രോത്സാഹിപ്പിക്കുകയും അതിൽ അവരെ സഹായിക്കുകയും വേണം. ഇടവകയിൽ നടത്തിപ്പോരുന്ന ഓരോ ഭക്തസഖ്യങ്ങളിൽ അവരെ അംഗങ്ങളായി ചേർക്കുന്നതു ഇതിനു സഹായകമായിരിക്കും. മരിയസഖ്യം, സി. ഈ. സി. മുതലായ ഭക്തപ്രസ്ഥാനങ്ങൾ കുട്ടികൾക്കു ഭക്തിവൎദ്ധനവിനു സഹായിക്കുന്നവയാണു്. ഇപ്രകാരം നിൎമ്മലമായ ബാലഹൃദയത്തിൽ എഴുന്നരുളിയ ഈശോയ്ക്കു എന്നെന്നും അതിൽ ആസ്ഥാനവും ആധിപത്യവും പ്രദാനംചെയ്യുന്ന ഒരു ജീവിതമുറയ്ക്കു അടിസ്ഥാനമിട്ടു അതിൻെറ പരിപൂൎത്തിക്കായി ആജീവനാന്തം ദൈവസഹായത്തോടെ പരിശ്രമിക്കുമെങ്കിൽ അതു വിജയപ്രദമാകാതിരിക്കയില്ല.

ആദ്യകുർബാന ഉൾക്കൊള്ളൽ കഴിഞ്ഞ എല്ലാവരും ആണ്ടുതോറും പെസഹാ കുർബാന കൈക്കൊള്ളൽ നടത്തണമെന്നു തിരുസഭയുടെ ഗൗരവമായ ഒരു കല്പനയുണ്ടു്. ആ

ണ്ടിൽ ഒരു പ്രാവശ്യമെങ്കിലും നല്ല കുമ്പസാരം കഴിച്ച പെ സഹാക്കാലത്തിനിടയിൽ വിശുദ്ധകുർബാന സ്വീകരിക്കണ മെന്നാണ് ഈ കല്പന. പെസഹാക്കാലമെന്നു പറയുന്നതു വലിയ നോമ്പു ആരംഭം അതായതു് വിഭൂതി തിരുനാൾമുതൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾവരെയാണു്. വിശു ദ്ധകുർബാന സ്വീകരിക്കുന്നതിനോ കുമ്പസാരം നടത്തുന്നതി നോ സാധിക്കാത്തവർ മാത്രമേ ഇതിൽനിന്നു ഒഴിവാകയുള്ളു. ഉദാഹരണമായി ചിത്തഭ്രമംമൂലം സുബോധമില്ലാത്തവർ. പ ള്ളിയിൽ പോയി ഈ കടമ നിവ്വഹിക്കുവാൻ സാധിക്കാത്ത വർ വീട്ടിൽവച്ചു ഇവ നടത്തണം. വിവരം നേരത്തേക്കൂട്ടി ഇ ടവകയിലെ വൈദികനെ അറിയിച്ച് സമയം നിശ്ചയിച്ചു വിശുദ്ധകുർബാന വീട്ടിൽ കൊണ്ടുവന്നു കൊടുക്കേണ്ടതാണു്. ഇതു രോഗത്തിൽ കിടക്കുന്നവരെ മാത്രമല്ല ബാധിക്കുന്നതു് എന്നു പ്രത്യേകം ധരിക്കണം. രോഗികളോ, വൃദ്ധന്മാരോ, അംഗഭംഗപ്പെട്ടവരോ പള്ളിയിൽ പോകാൻ സാധിക്കാതെ ഇരിക്കുന്നവരെല്ലാം ഇങ്ങനെയാണു ചെയ്യേണ്ടതു്. വിശുദ്ധ കുർബാന വീട്ടിലേക്കു എഴുന്നള്ളിച്ചുകൊണ്ടുവന്നു കൊടുക്കുന്ന തു് അന്ത്യകാലത്തു തിരുപ്പാഥേയമായിട്ടു മാത്രമാണ് എന്നു തെററിദ്ധരിച്ചിട്ടുള്ള വളരെപ്പേരുണ്ട്. ഈ തെററിദ്ധാരണമൂ ലം മേൽപറഞ്ഞവിധത്തിൽ ഇരുപ്പായവർ അവരുടെ ആണ്ടു കുമ്പസാരത്തിന്റെയും പെസഹാകുർബാനകൈക്കൊള്ളലി ന്റെയും കടമകൾ നിവ്വഹിക്കാതെപോകുന്നു. അതുകൊണ്ടു് നിങ്ങൾ ഇതു ശരിയായി ധരിക്കുകയും നിങ്ങളുടെ അറിവിൽ പെട്ട ആക്കെങ്കിലും അപ്രകാരമുള്ള തെററിദ്ധാരണയുണ്ടെങ്കിൽ അതിനെ തിരുത്തുകയും ചെയ്യുവിൻ.

അടുത്തതായി തിരുപാഥേയത്തെപ്പററിക്കൂടി ചിലതു പ റഞ്ഞുകൊള്ളട്ടെ. മരണാസന്നനായിരിക്കുന്ന രോഗിക്കു എഴു ന്നള്ളിച്ചുകൊടുക്കുന്ന വിശുദ്ധകുർബാനയ്ക്കാണ് തിരുപ്പാഥേയം എന്നു പറയുന്നതു്. യാത്രാമദ്ധ്യേ വഴിപോക്കർക്കുള്ള സംരക്ഷ

ണമെന്നാണല്ലോ പാഥേയം എന്നുള്ള വാക്കിൻെറ അൎത്ഥം. രോഗിയായിരിക്കുന്ന ആൾ മരണമാകുന്ന വിഷമകരമായ മാൎഗ്ഗത്തിൽകൂടി നിത്യതയിലേയ്ക്കു പുറപ്പെടുകയാണു്. അപകട പൂൎണ്ണമായ ഈ പ്രയാണത്തിൽ നമ്മെ നിരാശ്രയരായി തനിയെ വിടാതെ അവിടുന്നുതന്നെ നമ്മുടെ ഹൃദയങ്ങളിൽ എഴുന്നരുളി ഘോരമായ ആ അന്ത്യപോരാട്ടത്തിൽ നമ്മെ സഹായിക്കുന്നതിനും സ്വൎഗ്ഗഭവനത്തിലേക്കു നമ്മെ കൂട്ടിക്കൊണ്ടു പോകുന്നതിനും തിരുപ്പാഥേയംവഴി വ്യവസ്ഥ ചെയ്തിരിക്കുന്നു. എത്ര സമാശ്വാസകരമായ ഒരു സ്നേഹമാൎഗ്ഗം അവിടുന്നു നമ്മുടെ അന്ത്യസമയത്തേക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്നു എന്നു ചിന്തിക്കുക.

ഒരു രോഗിക്കു തിരുപ്പാഥേയം എഴുന്നള്ളിച്ചു കൊടുക്കുന്നതു സംബന്ധിച്ചു എല്ലാവരും അറിഞ്ഞിരിക്കേണ്ട ചില കാൎയ്യങ്ങളുണ്ടു്. രോഗസ്ഥിതിയെപ്പററി തക്കസമയത്തു ഇടവക വൈദികനു അറിവു കൊടുക്കുകയും നിശ്ചിതസമയത്തു അതിനുവേണ്ടതായ ഒരുക്കങ്ങൾ രോഗിയുടെ മുറിയിലും പരിസരങ്ങളിലും ചെയ്യുകയും വേണം. മരണകരമായ രോഗത്തിൽ കിടക്കുന്ന ഒരു ആൾക്കു വിലതീരാത്ത ഈ നിക്ഷേപം നഷ്ടപ്പെട്ടുപോകാതിരിക്കാൻ ആ രോഗിയെ ശുശ്രൂഷിക്കുന്നവരും സ്വന്തപ്പെട്ടവരുമാണു് പ്രത്യേകം ഓൎമ്മിക്കേണ്ടതു്. ഈ കടമയെ അവർ നിറവേററാതിരിക്കുന്നതു് ആ ആളോടു ചെയ്യുന്ന ഒരു വലിയ അനീതിതന്നെയാണു്. രോഗത്തിൻെറ അപകട സ്ഥിതി നീണ്ടുനിൽക്കുന്നു എങ്കിൽ ഒന്നിലധികം പ്രാവശ്യം തിരുപ്പാഥേയം സ്വീകരിക്കാവുന്നതാണു്. തിരുപ്പാഥേയം സ്വീകരിക്കുന്ന രോഗി ഉപവാസം അനുഷ്ഠിക്കണമെന്നു നിർബന്ധമില്ല. സൗകൎയ്യമെങ്കിൽ അങ്ങനെ ചെയ്യുന്നതു് നല്ലതു്.

രോഗി കിടക്കുന്ന മുറി വൃത്തിയാക്കി കട്ടിലിനു എതിർവശത്തായി ഒരു മേശ പിടിച്ചിട്ടു് അതിന്മേൽ വെള്ളത്തുണി വിരിക്കുകയും തിരികൾ കത്തിക്കുന്നതിനു എന്തെങ്കിലും സൗ

എന്നാൽ സാധാരണയായി ഉപവാസം കൂടാതെ ദിവ്യപാഥേയം കൊടുക്കാവുന്നതും പ്രത്യേക അവസരങ്ങളിൽ ന്യായമായി കൊടുക്കേണ്ടതുമാണ് എന്നു മുമ്പു പറഞ്ഞുവല്ലോ.

രോഗി കിടക്കുന്ന മുറി വൃത്തിയാക്കി കട്ടിലിനു എതിർവശത്തായി ഒരു മേശ പിടിച്ചിട്ട് അതിന്മേൽ വെള്ളത്തുണി വിരിക്കുകയും തിരികൾ കത്തിക്കുന്നതിനു എന്തെങ്കിലും സൗകര്യം അതിന്മേൽ ചെയ്തിരിക്കുകയുംവേണം. രണ്ടു ചെറിയ തിരിക്കാൽ കിട്ടുമെങ്കിൽ ഉത്തമമായി. അല്ലാത്തപക്ഷം തിരി മറിഞ്ഞു വീഴുന്നതിനു ഇടയായേക്കാം. കൂടാതെ ഒരു ചെറിയ പാത്രത്തിൽ നല്ല വെള്ളവും വേറൊരു ചെറിയ പാത്രവും ഒരു വെള്ളിക്കയിലും അതിനടുത്തു തയ്യാറാക്കിവച്ചിരിക്കണം. മുറി മുഴുവനും വെള്ളകെട്ടി അലങ്കരിക്കുന്നതും, നിലത്തു വെള്ളത്തുണി വിരിച്ച് പൂ വിതറുന്നതും വഴികൾ അലങ്കരിച്ചുമോടിപിടിപ്പിക്കുന്നതും അഭിലഷണീയമായ മുറകളാണ്. ഏററവും ചുരുങ്ങിയപക്ഷം മേൽപറഞ്ഞ മേശയുടെ മുമ്പിൽ നല്ല ഒരു പായ വിരിക്കുകയെങ്കിലും ചെയ്യണം. കട്ടിലിനടുത്തു ഒരു കസേരയും നേരത്തെ ഇട്ടിരിക്കണം. ഇപ്രകാരം വേണ്ടുന്ന ഒരുക്കങ്ങളെല്ലാം കാലേകൂട്ടി ചെയ്യുകയും രോഗിയെ വൃത്തിയായ വസ്ത്രങ്ങൾ ധരിപ്പിച്ചു ആത്മീയമായ ഒരുക്കത്തിനു സഹായിച്ചുകൊണ്ടിരിക്കുകയും വേണം. വിശുദ്ധ കുർബാന എഴുന്നള്ളിച്ചുകൊണ്ടു വൈദികൻ വരുമ്പോൾ എല്ലാവരും മുട്ടുകുത്തി വിശുദ്ധകുർബാനയെ ആരാധിക്കുകയും ഭക്തിയായി മുട്ടിന്മേൽ നിൽക്കുകയും ചെയ്യണം. പട്ടക്കാരൻ വിശുദ്ധ ഓസ്തി നിക്ഷേപിച്ചിട്ടുള്ള പേടകം മേശമേൽ സ്ഥാപിച്ചിട്ട് മുട്ടുകുത്തി ആചാരംചെയ്തു ഹന്നാൻവെള്ളംകൊണ്ടു് രോഗിയേയും ജനങ്ങളേയും ചുററിലുമുള്ള സ്ഥലങ്ങളേയും തളിക്കുന്നു. ഇതു കഴിയുമ്പോൾ എല്ലാവരും എഴുന്നേററു് ഭക്തിപൂർവ്വം ആ മുറിയിൽനിന്നു പുറത്തുകടന്നു ആചാരപൂർവ്വം നില്ക്കണം. സംസാരിക്കുകയോ മറേറതെങ്കിലും സ്വരമുണ്ടാക്കുകയോ ചെയ്യരു

ളും. തൻെറ പാപങ്ങളെ ഏററുപറഞ്ഞും, ദൈവസന്നിധി യിൽ വിധിക്കപ്പെടുവാൻ റെജരാകുന്നതിനും ഒരുക്കമായി അവസ്ഥ പൊറുതി നേടുവാൻ ബദ്ധപ്പെടുന്ന രോഗിക്കുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയാണു് ക്രിസ്തീയമായ കർത്തവ്യം. പട്ടക്കാരൻ രോഗിയുടെ പാപസങ്കീർത്തനംകേട്ടു് പാപമോചനം നൽകുന്നു. അതുകഴിയുമ്പോൾ എല്ലാവരും വീണ്ടും മുറിയിലേക്കു പ്രവേശിക്കുന്നു. സാധാരണമുറയനുസരിച്ചു രോഗിയോടുകൂടി "ഞാൻപിഴയാളി" എന്ന ജപം എല്ലാവരും ചൊല്ലുകയും തിരുപാഥേയം വൈദികൻ രോഗിക്കു എഴുന്നള്ളിച്ചുകൊടുക്കുകയും ചെയ്യുന്നു. അതിനുശേഷം അദ്ദേഹം വിശുദ്ധഓസ്തിയെ സ്പർശിച്ച കൈവിരലുകളുടെ അററവും തിരുഓസ്തി നിക്ഷേപിച്ചിരുന്ന പേടകവും ശുദ്ധജലംകൊണ്ടു കഴുകി ആ വെള്ളം രോഗിക്കു കുടിക്കുന്നതിനായി കൊടുക്കുന്നു. ഇപ്രകാരം തിരുപാഥേയം കൈക്കൊണ്ടുകഴിഞ്ഞശേഷം ദിവ്യ ഈശോയ്ക്കു ഭക്തിപൂർവ്വം ഉപകാരസ്മരണ നടത്തുന്നതിനു് സൗകര്യമായവിധത്തിൽ രോഗിയെ സഹായിക്കണം. ബോധ പതർച്ചയ്ക്കും അന്യചിന്തകൾക്കും അവസരമായ ഒന്നും ഉണ്ടാക്കരുതു്. ഇങ്ങനെയാണു് തിരുപാഥേയം എഴുന്നള്ളിച്ചുകൊടുക്കുന്നതിൽ നാം സഹകരിച്ചു പ്രവർത്തിക്കേണ്ടതു്. തിരുപാഥേയമായിട്ടു മാത്രമല്ല വീടുകളിൽ രോഗികൾക്കു ഭക്തിക്കു വേണ്ടിയോ പെസഹാകടത്തിൻെറ നിർവ്വഹണത്തിനായിട്ടോ എപ്പോഴെല്ലാം വിശുദ്ധകുർബാന എഴുന്നള്ളിച്ചുകൊടുക്കുന്നുണ്ടോ അപ്പോഴൊക്കെയും ഈ ക്രമങ്ങൾതന്നെയാണു് ആചരിക്കേണ്ടതു്.

നമ്മുടെ കർത്താവീശോമിശിഹാ കൂദാശയായിട്ടു വി. കുർബാനയെ നമുക്കു നൽകിയിരിക്കുന്നതുഅവിടുത്തെ തിരുശരീര രക്തങ്ങൾ നമ്മുടെ ആത്മാവിൻെറ ഭക്ഷണമായിരിക്കുന്നതിനും അവിടുത്തെ ദിവ്യസാന്നിദ്ധ്യം ലോകാവസാനത്തോളം തുടന്നു പോകുന്നതിനും വേണ്ടിയാണു് എന്നു മുമ്പു പറഞ്ഞുവ

ല്ലോ. ഈ സ്വൎഗ്ഗീയഭക്ഷണത്തെ തിരിച്ചറിവു വച്ചാൽ പാടു
ള്ള വേഗത്തിൽ തക്ക ഒരുക്കത്തോടുകൂടി ആദ്യകുർബാന ഉൾ
ക്കൊള്ളൽ വഴിയായിട്ടു ഓരോരുത്തരും സ്വീകരിക്കണമെ
ന്നും, പിന്നീടു് പെസഹാകാലങ്ങളിൽ എല്ലാവരും തിരുസഭാ
കല്പനയനുസരിച്ചു വിശുദ്ധകുർബാന ഉൾക്കൊള്ളണമെന്നും,
അതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഓരോ സത്യവിശ്വാസി
യും മാതാപിതാക്കന്മാരുടെ ഈ അപ്പത്തെ കഴിവുപോലെ അടുത്തടു
ത്തും സൌകര്യമുള്ളപക്ഷം ദിവസംതോറും സ്വീകരിക്കണമെ
ന്നും, അവസാനം ലോകയാത്രയെ അവസാനിപ്പിച്ചു മരണമാ
കുന്ന നിത്യവിധിനിൎണ്ണായകഘട്ടം സമീപിക്കുമ്പോൾ തിരു
പാഥേയമായി അതു കൈക്കൊള്ളണമെന്നും നാം കണ്ടു. ഒരു
വിധത്തിൽപറഞ്ഞാൽ നാം വിശുദ്ധകുർബാന വഴിയായും വി
ശുദ്ധ കുർബാനകൊണ്ടും വിശുദ്ധ കുർബാനയിലും ജീവിക്ക
യും മരിക്കയും വേണം.

വിശുദ്ധ കുർബാനയിൽ നമ്മുടെനേരെയുള്ള നിസ്സീമ
സ്നേഹത്തെപ്രതി രാവും പകലും നമ്മുടെ ദേവാലയങ്ങളിലെ
തിരുസക്രാരികളിൽ സന്നിധിചെയ്യുന്ന ഈശോയെ ആരാധി
ക്കുന്നതിനു നമുക്കുള്ള കടമയെക്കുറിച്ചാണു് അടുത്തതായി അ
ല്പം പറയാനുള്ളതു്. പ്രിയ കുട്ടികളേ, വിശുദ്ധ കൂദാശയിൽ
അക്ഷരാൎത്ഥത്തിൽ ദൈവം നമ്മോടുകൂടിയിരിക്കുന്നുണ്ടു്. ഏ
തുസമയത്തും അവിടത്തെ ചെന്നുകണ്ടു് നമുക്കു ആരാധിക്കാം;
സംസാരിക്കാം; അനുഗ്രഹങ്ങൾ അപേക്ഷിക്കാം. ഇതെത്ര
വലിയ ഒരു ആനുകൂല്യമാണു്; അനുഗ്രഹമാണു്. നമ്മുടെ മ
ഹാരാജാവിനെ ഒന്നു കാണുന്നതിനു നമുക്കു എന്തുമാത്രം ക്ലേശ
മനുഭവിക്കണം. രാജാധിരാജനായ ഈശോയുടെ അടുത്തു ചെ
ല്ലുവാൻ ഒരു വിഷമവുമില്ല. എന്നുമാത്രമല്ല അവിടുന്നുതന്നെ
ഓരോ നിമിഷവും നമ്മെ സ്നേഹത്തോടുകൂടി തന്റെ അടുക്ക
ലേയ്ക്കു വിളിക്കുന്നു. ഈ സ്നേഹബന്ധമാണു് നാം നമ്മുടെ
ഹൃദയങ്ങളിൽ സൎവ്വോപരി ദൃഢപ്പെടുത്തേണ്ടതു്. വിശുദ്ധ കുർ

ബാന എഴുന്നള്ളിച്ചുവച്ചിരിക്കുന്ന അൾത്താരയുടെ ഒരു ഭാഗത്തായി ഒരു കെടാവിളക്കു രാപകൽ കത്തിക്കൊണ്ടിരിക്കും. അവിടെ വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചിട്ടുണ്ടു് എന്നു ഈ അടയാളം നമ്മെ മനസ്സിലാക്കുന്നു. എരിഞ്ഞുകൊണ്ടിരിക്കുന്ന ഈ കെടാവിളക്കു ഒരു അൎത്ഥവത്തായ സൂചനകൂടി നമുക്കു നൽകുന്നുണ്ടു്. തിരുസക്രാരിയിൽ നമ്മുടെ നേരെയുള്ള സ്നേഹത്താൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ദിവ്യഹൃദയമാണു് സന്നിധിചെയ്യുന്നതെന്നും, രാപകൽ അവിടുത്തെ നേരെയുള്ള പ്രതിസ്നേഹത്താൽ നമ്മുടെ ഹൃദയങ്ങൾ കത്തിക്കാളണമെന്നും ആ വിളക്കു സമ്യക്കായി സൂചിപ്പിക്കുന്നു. ഇതു നമ്മിൽ എല്ലായ്പോഴും അന്വൎത്ഥമായിരിക്കട്ടെ.

വിശുദ്ധ കുർബാനയെ ആരാധിക്കേണ്ട രീതിയെപ്പററി മുമ്പു സൂചിപ്പിച്ചു. അതു ഒന്നുകൂടി സംക്ഷേപിച്ചു നിങ്ങളെ ഓൎമ്മിപ്പിക്കട്ടെ. ഒരു ദേവാലയത്തിൽ നാം പ്രവേശിക്കുമ്പോൾ ആദ്യമായി വാതിലിനടുത്തു വച്ചിരിക്കുന്ന ഹന്നാൻ വെള്ളം തൊട്ടു അതുകൊണ്ടു നമ്മെത്തന്നെ കുരിശാകൃതിയിൽ അടയാളപ്പെടുത്തുകയും കൈവിരലിൽ ശേഷിച്ചിട്ടുള്ള വെള്ളത്തുള്ളികൾ ശുദ്ധീകരണസ്ഥലത്തിൽ വേദനയനുഭവിക്കുന്ന ആത്മാവുകളെ ഓൎത്തു നിലത്തു തെറിപ്പിക്കുകയും ചെയ്യുക. "മരിച്ചവിശ്വാസികളുടെ ആത്മാവുകൾക്കു തമ്പുരാന്റെ അനുഗ്രഹത്താലെ മോക്ഷത്തിൽ ചേരുവാൻ ആനുകൂല്യമുണ്ടാകട്ടെ" എന്ന സുകൃതജപം ചൊല്ലുന്നതു സന്ദൎഭോചിതമായിരിക്കും. അതിനുശേഷം നാം പ്രാൎത്ഥന നടത്തുന്നതിനുദ്ദേശിക്കുന്ന സ്ഥലത്തേക്കു ആചാരപൂൎവ്വം പോവുകയും അവിടെ ആദ്യമായി വലത്തുമുട്ടുമടക്കി നിലത്തുകുത്തി തലകുനിഞ്ഞു കൎത്താവിനെ ആരാധിച്ചിട്ടു് എഴുന്നേററു രണ്ടുമുട്ടുംകുത്തി പ്രാൎത്ഥനയിൽ ഏൎപ്പെടുകയും ചെയ്യുക. നിശ്ചിതസ്ഥലത്തേക്കു പോകുമ്പോൾ വി. കുർബാന എഴുന്നള്ളിച്ചുവച്ചിരിക്കുന്ന അൾത്താരയെ മദ്ധ്യഭാ

ഗത്തുകൂടി കടന്നാണു് പോകേണ്ടതെങ്കിൽ ആ മദ്ധ്യസ്ഥാന ത്തുവച്ചാണു് ഈ ആരാധനാകൃത്യം നിവ്വഹിക്കേണ്ടതു. പള്ളിയിൽ കയറിയാൽ വാതുക്കൽതന്നെ മുട്ടുകുത്തുന്നതു ക്രമമല്ല. അതു പുറകെ വരുന്നവക്കു വലിയ അസൗകയ്യവുമായിരിക്കും. വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചിട്ടുള്ള പള്ളിയിൽ അങ്ങുമിങ്ങും കടന്നുപോകുന്നതിനു ആവശ്യമായാൽ കുർബാനയ്ക്കു മുൻവശത്തു വരുമ്പോൾ മുട്ടുകുത്തി ആരാധന നടത്തുന്നതിനു ഒരിക്കലും മറന്നുപോകരുതു്. അതു അൾത്താരയുടെ അടുത്തുകൂടി ആയാലും അകലത്തിലായാലും, പലപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും കടക്കേണ്ടിവന്നാലും മുടക്കു വരുത്തരുതു്. ഓരോ പ്രാവശ്യവും ആവത്തിക്കണം. അപ്രകാരംതന്നെ നാം പള്ളിയിൽ പ്രവേശിച്ചു പ്രാത്ഥന കഴിഞ്ഞു മടങ്ങുമ്പോഴും എഴുന്നേററശേഷം വിശുദ്ധ കുർബാനയ്ക്കു ആചാരം നിവ്വഹിച്ചിട്ടു വേണം കടന്നുപോകുന്നതിനു്. വിശ്വാസപൂണ്ണമായ ഈ ആരാധനാകൃത്യം പള്ളിയിലുള്ള പെരുമാററത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കായ്യമാണു് എന്നു ഒരിക്കലും മറന്നുകളയരുതു. ആഘോഷമായ അവസരങ്ങളിൽ വിശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചുവക്കുമ്പോഴും മററും പൂണ്ണാരാധന നടത്തേണ്ടതിനെപ്പററി മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ വിശുദ്ധ കുർബാനയിൽ എഴുന്നരുളുന്ന ഈശോയുടെ തിരുസാന്നിദ്ധ്യത്തെ അനർഘമായ അനുഗ്രഹമായി നാം വിലമതിക്കുകയും, അതുമൂലം അത്യധികമായ ദൈവവരങ്ങൾ പ്രാപിച്ചു നമ്മുടെ ആത്മാവു ദൈവസ്നേഹത്താൽ എരിയുന്നതിനു ശ്രമിക്കുകയും, വിശുദ്ധ കുർബാനയിൽ സന്നിധിചെയ്യുന്ന രാജാധിരാജനായ അവിടുത്തെ മുമ്പിൽ നാം ചെയ്യുന്ന ആചാരവും ആരാധനയും പ്രാത്ഥനയും ഏററം വലിയ ഭക്തിചൈതന്യത്തോടുകൂടിയതായിരിക്കുന്നതിനും എപ്പോഴും ഓമ്മിക്കുക. എല്ലാവക്കും നല്ലവണ്ണം മനസ്സിലായോ? ആർക്കെങ്കിലും സംശയങ്ങൾ ചോദിക്കാൻ ഉണ്ടോ?

പത്രോസ്—കുർബാന കൈക്കൊള്ളുമ്പോൾ അച്ചന്മാർ മാത്രമല്ലേ ഓസ്തിയും വീഞ്ഞും ഉൾക്കൊള്ളുന്നുള്ളു. എന്തുകൊണ്ടാണ് എല്ലാവക്കും അവ രണ്ടും കൊടുക്കാത്തതു്?

ഫാ. പീ:—അച്ചന്മാർതന്നെ ആയാലും കുർബാന കൂദാശയായി സ്വീകരിക്കുമ്പോൾ അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമാണ് ഉൾക്കൊള്ളുന്നതു്. ദിവ്യബലി അപ്പിക്കുമ്പോൾ മാത്രമാണ് കാർമ്മികനായ പട്ടക്കാരൻ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ കുർബാന ഉൾക്കൊള്ളുന്നതു്. അതു ബലിയപ്പണത്തിന്റെ ഒരു ഭാഗമാണ്. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളുടെ കീഴായി ഓരോന്നിലും ഈശോമിശിഹാ പൂർണ്ണമായി എഴുന്നള്ളിയിരിക്കുന്നു എന്നും അതുകൊണ്ടു് സൗകയ്യത്തെയും പാരമ്പയ്യത്തെയും ആധാരമാക്കി തിരുസഭ കൂദാശയായിട്ടുള്ള വിശുദ്ധ കുർബാനയിൽ അപ്പത്തിന്റെ സാദൃശ്യം മാത്രം ഉപയോഗിക്കുന്നതിനു നിദ്ദേശിച്ചിരിക്കുന്നു എന്നും ഞാൻ പറഞ്ഞുവല്ലോ. രണ്ടു സാദൃശ്യങ്ങളിലും ഉപയോഗിക്കാൻ പാടില്ലായ്കയില്ല. ചില പൗരസ്ത്യറീത്തുകളിൽ ആ വിധത്തിലും പാരമ്പയ്യമുണ്ടു്. അതുകൊണ്ടു് രണ്ടു സാദൃശ്യങ്ങളും ഇതിൽ ഉപയോഗിക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്. രണ്ടു ക്രമത്തിലും കായ്യമായ യാതൊരു വ്യത്യാസവുമില്ല. തിരുസഭയുടെ നിയമമനുസരിച്ചു നാം ഒരു സാദൃശ്യം മാത്രം ഉപയോഗിക്കുന്നു എന്നേയുള്ളൂ.

മേരി—കുർബാന കൈക്കൊണ്ടു കഴിഞ്ഞാൽ കാൽ മണിക്കൂറെങ്കിലും ഉപകാരസ്മരണ നടത്തണമെന്നാണല്ലോ അച്ചൻ പറഞ്ഞതു്. ചിലപ്പോൾ അതിനു സൗകയ്യമില്ലാതെ വന്നാൽ എന്തുചെയ്യണം? ഞായറാഴ്ച വികാരിയച്ചൻ വാഴ്വ് കഴിഞ്ഞിട്ടേ കുർബാനയ്ക്കു തരികയുള്ളൂ. ഉടനെ പോയില്ലെങ്കിൽ വീട്ടിൽനിന്നു അമ്മ വരുമ്പൊഴയ്ക്കു രണ്ടാമത്തെ കുർബാനയ്ക്കു തെററിപ്പോകും

ഫാ. പീ:—വിശുദ്ധ കുർബാന ഉൾക്കൊണ്ടതിനുശേഷം ചുരുങ്ങിയതു കാൽ മണിക്കൂറെങ്കിലും ഉപകാരസ്മരണയ്ക്കായി ചെലവഴിക്കണം. ഇതു സാധാരണ നിയമമാണു്. ഏതു നിയമത്തിനും അപവാദമുണ്ടാകുമല്ലോ. മേരി വിവരിച്ചതായ സാഹചര്യത്തിൽ ഉപകാരസ്മരണ പാട്ടുള്ളിടത്തോളം നടത്തിയിട്ട പോകാം. കാരണം അമ്മയുടെ മുഴുവൻ കുർബാന കാണുന്നതിനുള്ള കടമാണു് അവിടെ പ്രധാനമായിട്ടുള്ളതു്. എന്നാൽ ഇപ്രകാരമുള്ള അത്യാവശ്യങ്ങൾ പ്രമാണിച്ചു നാം പള്ളിയിൽനിന്നു പോകേണ്ടി വരുന്നു എങ്കിലും നമ്മുടെ ഉള്ളിൽ കർത്താവു സത്യമായിട്ടു എഴുന്നള്ളിയിരിക്കുന്നു എന്നുള്ള ബോധത്തോടുകൂടി വഴിയിൽവച്ചു ഉപകാരസ്മരണ തുടൎന്നു നടത്തിക്കൊണ്ടിരിക്കണം. കാൽ മണിക്കൂറെന്നു ഞാൻ പറഞ്ഞതു് കാൽ മണിക്കൂർ സമയത്തേക്കുമാത്രമേ ഉപകാരസ്മരണ നടത്തേണ്ടതുള്ളൂ എന്നുള്ള അൎത്ഥത്തിൽ ആരും ധരിക്കരുതു്. ഏററവും ചുരുങ്ങിയ ഒരു സമയനിൎണ്ണയം ചെയ്തു എന്നേയുള്ളൂ.

ജോർജ്ജ്—കുർബാന കൈക്കൊണ്ടുകഴിഞ്ഞാൽ എത്ര സമയം ഈശോ യഥാൎത്ഥത്തിൽ നമ്മുടെ ഉള്ളിൽ എഴുന്നള്ളിയിരിക്കും?

ഫാ. പീ:—ഈശോമിശിഹാ എഴുന്നള്ളിവരുന്നതു് അപ്പത്തിൻെറ സാദൃശ്യത്തിലല്ലേ? അതുകൊണ്ടു കൂദാശചെയ്യപ്പെട്ട ഓസ്തിയിൽ അപ്പത്തിൻെറ സാദൃശ്യങ്ങൾ എത്രനേരം നീണ്ടുനില്ക്കുമോ അത്രയും സമയം ഈശോ അവിടെയുണ്ടാകും. ആ സാദൃശ്യങ്ങൾ വ്യത്യാസപ്പെടുമ്പോൾ അല്ലെങ്കിൽ അപ്പത്തിൻെറ സാദൃശ്യങ്ങൾ ഇല്ലാതാകുമ്പോൾ ഈശോയുടെ സാന്നിദ്ധ്യവും ഇല്ലാതാകും. ഇതാണു സിദ്ധാന്തം. എത്രനേരംകൊണ്ടാണു് നാം ഉൾക്കൊള്ളുന്ന വിശുദ്ധ കുർബാനയിലെ അപ്പത്തിൻെറ സാദൃശ്യങ്ങൾ വ്യത്യാസപ്പെടുന്നതെന്നുള്ളതു് ശാസ്ത്രജ്ഞന്മാർ പറയേണ്ട ഒരു കാൎയ്യമാണു്. അവരുടെ അഭിപ്രായം പലതരത്തിലാണു്. ചിലർ പറയുന്നു കാൽ മണിക്കൂർ

എന്നു്; ചിലർ അരമണിക്കൂർ എന്നു്; ചിലർ അതിലും കൂടുതൽ സമയമെന്നു്. ഏതായാലും നമ്മുടെ നിലയ്ക്കു വ്യത്യാസമില്ല. ഉപകാരസ്മരണ നടത്താൻ ഒരു കാൽ മണിക്കൂറെങ്കിലും ഉപയോഗപ്പെടുത്തണമെന്നു പറഞ്ഞതു് ഈശോയുടെ ഈ സാന്നിദ്ധ്യത്തെ മാത്രം ഉദ്ദേശിച്ചല്ല. ചുരുങ്ങിയ ഒരു സമയം നിർദ്ദേശിച്ചു എന്നു മാത്രമേയുള്ളു.

തോമസ്സ്—തിരുവോസ്തി കത്തിപ്പോകയോ, കേടുവന്നുപോവുകയോ ചെയ്താൽ ഈശോയ്ക്കു എന്തു സംഭവിക്കും?

ഫാ. പീ:—മുകളിൽ പറഞ്ഞതിൽ ഇതിനു സമാധാനമുണ്ടു്. തിരുവോസ്തി കത്തുകയോ കേടു ഭവിക്കുകയോ ചെയ്യുമ്പോൾ ആ സാദൃശ്യങ്ങൾ വ്യത്യാസപ്പെടുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ആ സ്ഥിതിവ്യത്യാസം സംഭവിക്കുമ്പോൾ ഈശോ അവിടെ ഉണ്ടാവുകയില്ല. പക്ഷേ ഈ വിധത്തിലുള്ള അനാചാരങ്ങൾ ഒരിക്കലും സംഭവിക്കാതിരിപ്പാൻ നാം സൂക്ഷിക്കണം. കാരണം ആ സാദൃശ്യങ്ങൾ ഈശോയെ സംഗ്രഹിക്കുന്നവയാണു്. അതുകൊണ്ടാണു് നാം കുർബാന കൈക്കൊള്ളുമ്പോൾ തിരുവോസ്തി കടിച്ചുചവയ്ക്കരുതു്, സാവധാനത്തിൽ ഉമിനീർ നനച്ചു വിഴുങ്ങണം, കുർബാനയ്ക്കു എഴുന്നള്ളിച്ചുതരുമ്പോൾ അതു താഴെ വീഴാതെ നാം വായ് ശരിയായി തുറന്നു നാവു ക്രമമായി നീട്ടണം, ഒരു ചെറിയ പൊടിപോലും പോകാതെ തുവാല രണ്ടു കൈകൊണ്ടും പിടിക്കണം. എന്നെല്ലാം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

ഫാ. പീ:—കുർബാന എന്ന വിശുദ്ധ കൂദാശയെപ്പററി രണ്ടുമൂന്നു ക്ലാസ്സുകളിൽ നാം സവിസ്തരം പ്രതിപാദിച്ചു. കുർബാന ഒരു ബലിയെന്ന നിലയിലും ഒരു കൂദാശയെന്ന നിലയിലും നമ്മുടെ പഠനവിഷയമായി. അവയെപ്പററി അവശ്യം അറിയേണ്ട കാര്യങ്ങൾ എല്ലാവർക്കുംനല്ലവണ്ണംമനസ്സിലായല്ലോ. ഇനി ആർക്കെങ്കിലും എന്തെങ്കിലും സംശയംചോദിക്കാനുണ്ടോ?

കുട്ടികൾ—ഇല്ല.

ഫാ. പീ:—സംഗതികൾ മനസ്സിലായതുകൊണ്ടുമാത്രം കടമ തീൎന്നില്ല. അതനുസരിച്ച നമ്മുടെ ജീവിതത്തെ നിയന്ത്രിക്കണം. നിങ്ങളെല്ലാവരും വിശുദ്ധ കുർബാനയോടു ഏററം അധികം ഭക്തിയുള്ളവരായിരിക്കണം. ഒരു ദിവസവും കുർബാനകാണാൻ മുടക്കരുതു്. ആഴ്ചതോറും കുമ്പസാരിച്ച വിശുദ്ധ കുർബാന ഉൾക്കൊള്ളണം. കുറച്ചുകൂടി കഴിഞ്ഞു് സൗകൎയ്യമുള്ളവരെല്ലാം ദിവസംതോറും അതു നടത്താൻ ഉപേക്ഷ വിചാരിക്കരുതു്. പള്ളിയുടെ അടുത്തുകൂടി കടന്നുപോകുമ്പോൾ പള്ളിയകത്തു കയറി അവിടെ നമ്മെ ഓരോരുത്തരേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഈശോയോടു ഒരു ചുരുങ്ങിയ സംഭാഷണമെങ്കിലും നടത്താൻ ശ്രദ്ധിക്കണം. നാം എവിടെ ആയിരുന്നാലും എന്തു പ്രവൎത്തിക്കയാണെങ്കിലും തിരുസക്രാരിയിലിരുന്നു സദാ നമ്മെ നോക്കിക്കൊണ്ടിരിക്കുകയും നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ദിവ്യ ഈശോയെപ്പററിയുള്ള ഓൎമ്മ എപ്പോഴും നമുക്കുണ്ടാകണം. ഇങ്ങനെ വിശുദ്ധ കുർബാനയിൽ സജീവമായ വിശ്വാസത്തോടുകൂടി ജീവിക്കുന്നതിനാണു് നാം ശ്രമിക്കേണ്ടതു്.

നാലാമത്തെ കൂദാശയെപ്പററിയാണു് ഇനി നമുക്കു ചിന്തിക്കാനുള്ളതു്. അതു കുമ്പസാരം എന്ന കൂദാശയാകുന്നു.

മാമ്മോദീസാ സ്വീകരിച്ചതിനുശേഷം നാം ചെയ്തുപോയേക്കാവുന്ന പാപങ്ങൾക്കു മോചനത്തിനുള്ള മാൎഗ്ഗമാണു് ഈ കൂദാശ നമുക്കു കാണിച്ചുതരുന്നതു്. ഒരു നല്ല കുമ്പസാരത്തിൽ പ്രധാനമായി മൂന്നുകാൎയ്യങ്ങളാണു് ശ്രദ്ധിക്കേണ്ടതു്:— മനസ്താപം, പാപോച്ചാരണം, പ്രായശ്ചിത്തം. ചെയ്തുപോയ പാപങ്ങളെപ്പററി ദുഃഖിക്കുകയും മേലിൽ ചെയ്കയില്ലയെന്നു ദൃഢനിശ്ചയം ചെയ്യുകയും ചെയ്യുന്നതാണു് യഥാൎത്ഥമായ മനസ്താപം. പാപങ്ങൾ മോചിക്കപ്പെടുന്നതിനായി അധികാരമുള്ള വൈദികനോടു് നാം ചെയ്തുപോയ എല്ലാ പാപങ്ങളും ഏററുപറയുന്നതാണു് പാപോച്ചാരണം. പാപകൃത്യങ്ങൾമൂ

ലം നമുക്കെതിരായ ദൈവനീതിക്കു പരിഹാരം ചെയ്യുന്നതു പ്രായശ്ചിത്തമാണ്. അതുകൊണ്ടു ഈ കൂദാശയെ യോഗ്യമായി സ്വീകരിക്കുന്നതിനു ഓരോരുത്തരും അവരവരുടെ പാപകൃത്യങ്ങളെ ഓൎമ്മിക്കുകയും, അവയെപ്പററി ഹൃദയപൂൎവ്വം അനുതപിക്കുകയും, മേലിൽ ചെയ്കയില്ലയെന്നു ദൃഢപ്രതിജ്ഞ ചെയ്കയും, അവയെ എല്ലാം ആത്മാൎത്ഥമായി പട്ടക്കാരനെ അറിയിക്കുകയും, അദ്ദേഹം നിശ്ചയിക്കുന്ന പ്രായശ്ചിത്തപ്രവൃത്തി സമനസ്സോടുകൂടി നിൎവ്വഹിക്കുകയും വേണം. ഇവയെ എല്ലാം ഉള്ളടക്കിയാണ് നല്ല കുമ്പസാരത്തിനു വേണ്ട കാൎയ്യങ്ങൾ അഞ്ച് എന്നു നാം പഠിച്ചിട്ടുള്ളതു്.

പാപമോചനത്തിനുള്ള അധികാരം മിശിഹാ തന്റെ തിരുസഭയിലെ വൈദികൎക്കു കൊടുത്തിരിക്കുന്നു. "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ; നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും; നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുന്നുവോ അവ പിടിക്കപ്പെട്ടിരിക്കും" എന്നുള്ള ദിവ്യരക്ഷകന്റെ സ്പഷ്ടമായ വാക്കുകൾ ഈ അധികാരത്തെയും അതിന്റെ സ്വഭാവത്തെയും വിശദമാക്കുന്നു. നീതിന്യായം നടത്തുന്ന ഒരു രീതിയിലാണ് ഈ അധികാരം പ്രയോഗിക്കുന്നതിനു നിൎദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. മിശിഹായുടെ സ്ഥാനം സ്വീകരിക്കുന്ന വൈദികൻ ഒരു വിധിയാളനെപ്പോലെ കുററങ്ങൾ ഗ്രഹിച്ചു നിയമാനുസരണം അവയ്ക്കു പൊറുതി നൽകുകയോ നിഷേധിക്കുകയോ ചെയ്യണം; ആവശ്യമായ പരിഹാരമാൎഗ്ഗങ്ങൾ നിൎദ്ദേശിക്കുകയും പ്രായശ്ചിത്തം കല്പിക്കുകയും വേണം. ഇതുകൊണ്ടാണ് ഓരോരുത്തരും അവരവരുടെ കുററങ്ങൾ പരമാൎത്ഥതയോടെ ഏററുപറയേണ്ടതു അവശ്യാവശ്യമായിരിക്കുന്നതു്. കുമ്പസാരിക്കുന്നതിനു വരുന്ന ആൾതന്നെയാണ് ഈ ദൈവികകോടതിയിൽ വാദിയും പ്രതിയും സാക്ഷിയും. വിധിയാളൻ അയാളെത്തന്നെ പരിപൂൎണ്ണമായി വിശ്വസിച്ചു വിധിതീൎപ്പു നടത്തുന്നു. ഇതു

അനുസരണത്തോടുകൂടി അയാൾ സ്വീകരിക്കുകയും വേണം. ഇവിടെ വഞ്ചനയ്ക്കോ കൗടില്യത്തിനോ സ്ഥാനമില്ല. കാരണം സർവ്വത്തിന്റെയും കർമ്മസാക്ഷിയായ ദൈവത്തിന്റെ ഇടപാടാണിതു്. അവിടുന്നു വഞ്ചിതനാകാൻ നിവൃത്തിയില്ല.

ഒരു നല്ലകുമ്പസാരത്തിനു ആദ്യമായി ശ്രദ്ധിക്കേണ്ടതു നല്ലവണ്ണം ആത്മശോധന നടത്തുന്നതിനാണു്. മുമ്പുകഴിച്ച നല്ലകുമ്പസാരത്തിനുശേഷം എന്തെല്ലാം തെറ്റുകൾ വന്നുപോയിട്ടുണ്ടു് എന്നു സ്വമനസ്സാക്ഷിയെ ശ്രദ്ധയായി പരിശോധിക്കുകയും നിർഭാഗ്യവശാൽ ഏതെങ്കിലും ചാവുദോഷത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ എണ്ണവും തരംതിരിവും നിർണ്ണയിക്കുകയും ചെയ്യണം. ഇവയെല്ലാം ദൈവസഹായം അവശ്യാവശ്യമാകയാൽ അതിനായി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചിട്ടുവേണം ആത്മശോധന ആരംഭിക്കുവാൻ. ആത്മശോധനയ്ക്കായി എത്രസമയം ചിലവിടണമെന്നു ഒരു പൊതുനിർണ്ണയം ചെയ്യുവാൻ സാധ്യമല്ല. അതിനുമുമ്പുള്ള കുമ്പസാരം കഴിഞ്ഞിട്ടുള്ള കാലദൈർഘ്യം, ജീവിതരീതി, ആത്മീയസ്ഥിതി, മതകാര്യങ്ങളിലുള്ള തീക്ഷ്ണത അഥവാ അലസത മുതലായ പല സാഹചര്യങ്ങൾ ഇവയെ ആശ്രയിച്ചാണു് വേണ്ടത്രസമയം ചിലവിടേണ്ടതു്. അടുത്തടുത്തു കുമ്പസാരിക്കുകയും സാമാന്യം ശ്രദ്ധയായി ജീവിക്കുകയും ചെയ്യുന്ന ഒരാൾക്കു ചുരുങ്ങിയ സമയത്തിൽ ഈ കൃത്യം നന്നായി നിർവ്വഹിക്കുവാൻ കഴിയും. സംശയമനഃസ്ഥിതിക്കാർ എല്ലാ കാര്യങ്ങളിലും കുമ്പസാരക്കാരന്റെ നിർദ്ദേശങ്ങൾ അനുസരണയോടും ഉറപ്പോടുംകൂടി സ്വീകരിച്ചു പ്രവർത്തിക്കണം. സ്വന്ത ആശയങ്ങളേയും വികാരങ്ങളേയും തൃപ്തിപ്പെടുത്താൻ ശ്രമിക്കരുതു്. എന്നാൽ വളരെ ചുരുക്കമായിട്ടും ആണ്ടുവട്ടത്തിൽ ഒന്നോരണ്ടോ പ്രാവശ്യംമാത്രവും കുമ്പസാരത്തിനണയുന്നവർ, ലൗകികങ്ങളായ കാര്യങ്ങളിൽ സർവ്വദാ ആണ്ടു ജീവിക്കുന്നവർ, പാപത്തഴക്കങ്ങളിൽ മുഴുകി ദൈവപ്രമാണലംഘനത്തെപ്പറ്റി ചിന്തകൂടാതെ ജീവിക്കുന്നവർ ആദി

യായവർ ആത്മശോധനയിൽ ഗൗരവമായി മനസ്സിരുത്തേണ്ട താണു്. അവർ കുമ്പസാരത്തിനു ഒന്നുരണ്ടു ദിവസം മുമ്പുമുതൽ എങ്കിലും അതിനുള്ള ഒരുക്കം ആരംഭിക്കണം. അവരുടെ പാപങ്ങളെപ്പറ്റി അവഗാഢമായി പൎയ്യാലോചിക്കുകയും അവയുടെ എണ്ണവും തരംതിരിവുവരുത്തുന്ന സാഹചൎയ്യങ്ങളും, പാടു പോലെ കൃത്യമായി നിൎണ്ണയിക്കുകയും ചെയ്യണം. പാപങ്ങളെക്കുറിച്ചു യഥാൎത്ഥമായ മനസ്താപം ഹൃദയത്തിൽ ഉളവാക്കുന്നതിനും ആത്മാൎത്ഥതയോടുകൂടിയ പ്രായോഗികപ്രതിജ്ഞകൾ ചെയ്യുന്നതിനും അവർ പലപ്രാവശ്യം പരിശ്രമം നടത്തേണ്ടതാണു്. ആത്മശോധനയിൽ സഹായിക്കുന്ന ചോദ്യങ്ങളോടുകൂടിയ ഏതെങ്കിലും പ്രാൎത്ഥനപുസ്തകത്തെ ആശ്രയിക്കുന്നതും സ്വീകാൎയ്യമായിരിക്കും. എങ്ങനെയും ഉത്തമമായ ഒരു ആത്മശോധന ഉത്തമമായ കുമ്പസാരത്തിനു ഒഴിച്ചുകൂടുവാൻ പാടില്ലാത്തതാണു്.

പാപങ്ങളെ സംബന്ധിച്ച ആത്മാൎത്ഥമായ അനുതാപം ഉണ്ടാകുക എന്ന കാൎയ്യം ഈ കൂദാശയിൽ വളരെ ശ്രദ്ധാൎഹമാണു്. പാപിയിൽ പാപകൃത്യങ്ങളെക്കുറിച്ചു അനുതാപമില്ലാതെ അവയെ പൊറുക്കുക ദൈവത്തിനു സാദ്ധ്യമല്ല. അതുകൊണ്ടു മനസ്താപം കൂടാതെയുള്ള ഒരു കുമ്പസാരം പാപമോചനത്തിനു സഹായിക്കുന്നില്ല എന്നുമാത്രമല്ല, മനഃപൂൎവ്വം വരുന്ന ഈ വീഴ്ച ഘനമായ ഒരു ദൈവദോഷത്തെക്കൂടി ഉളവാക്കുകയും ചെയ്യും. മനസ്താപത്തിനു നമ്മെ പ്രേരിപ്പിക്കുന്ന ന്യായങ്ങൾ പലതുണ്ടു്. പാപം ദൈവത്തിന്റെ അനന്തമായ കാരുണ്യത്തേയും സ്നേഹത്തേയും ധിക്കരിക്കുന്ന അന്ധവും നന്ദിഹീനവുമായ കൃത്യമാണു്. അതുകൊണ്ടു അനന്തനന്മയും സ്നേഹസ്വരൂപനുമായ ദൈവത്തെ ധിക്കരിച്ചല്ലോ എന്നോൎത്തു നാം ദുഃഖിക്കണം. ഇതു ഉത്തമമനസ്താപമാണു്. ഈ ഉത്തമമനസ്താപത്തിനു ഒരു വിശേഷതകൂടിയുണ്ടു്. കുമ്പസാരിക്കുന്നതിനു സാധിക്കാത്ത ഒരു സ്ഥിതിയിൽ, അടുത്തുകിട്ടുന്ന അവസരത്തിൽ

കുമ്പസാരിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയോടുകൂടി ഉത്തമമന സ്താപപ്പെട്ടാൽ നമ്മുടെ പാപങ്ങൾക്കു അപ്പോൾതന്നെ പൊറുതികിട്ടും. ഇതു നാം പ്രത്യേകം ധരിച്ചിരിക്കേണ്ടതാണ്. കാരണം അവിചാരിതമായ ഒരു അപകടത്തിൽ ഇതു നമ്മുടെ നിത്യരക്ഷയ്ക്കുള്ള ഏകാവലംബമായി തീരാവുന്നതാണ്. രണ്ടാമതായി പാപം നമുക്കു വരുത്തിവയ്ക്കുന്ന ഭയങ്കരശിക്ഷകളെ ഓത്തു നാം അനുതപിക്കണം. നിത്യമായ സ്വർഗ്ഗസൗഭാഗ്യത്തെ അതു നഷ്ടമാക്കുന്നു. നരകത്തിലെ നിരന്തദുഃഖത്തിനു അതു കാരണമാകുന്നു. ഈ ചിന്തയോടെ നാം അനുതപിക്കുന്നതു അടിമമനസ്താപം അല്ലെങ്കിൽ അപൂർണ്ണമനസ്താപം എന്നു പറയപ്പെടുന്നു. കുമ്പസാരമെന്ന കൂദാശയോടുകൂടി മാത്രമേ ഈ മനസ്താപംകൊണ്ടു പാപപ്പൊറുതി ലഭിക്കയുള്ളൂ.

അടുത്തതായി വേണ്ടതു് ആത്മശോധനയിൽ നാം ഏററുപറയേണ്ടതായിക്കണ്ട എല്ലാ പാപങ്ങളും കുമ്പസാരിപ്പിക്കുന്ന പട്ടക്കാരനെ രഹസ്യമായി അറിയിക്കുകയാണ്. കുമ്പസാരം കഴിച്ചു ശീലിച്ചിട്ടില്ലാത്തവക്കു ഈ കൂദാശയുടെ സ്വഭാവം മനസ്സിലാക്കിയിട്ടില്ലാത്തവക്കും ഇതു വളരെ വിഷമമുള്ളതും അരോചകവുമായി തോന്നിപ്പോകും. എന്നാൽ യഥാത്ഥം അങ്ങനെയല്ല. ഉത്തമവിശ്വാസമുള്ള കത്തോലിക്കക്കു ഇതു അരോചകമല്ല; ആശ്വാസപ്രദമാണ്. ഈ കൂദാശയെ അരോചകമാക്കാവുന്ന ഏതു പരിതഃസ്ഥിതിയേയും, കൂദാശയുടെ നിവ്വഹണത്തിനു തടസ്സമാകാത്തവിധത്തിൽ, പരിപൂർണ്ണമായി വിപാടനം ചെയ്യുന്നതിനു തിരുസഭ അതിമാത്രം ശ്രദ്ധ പ്രദശിപ്പിക്കുന്നുണ്ടു്. ഇക്കാൎയ്യത്തിൽ സഭയുടെ നിയമങ്ങൾ വളരെ കണിശമായിട്ടുള്ളവയാണ്. അതിൻെറ രഹസ്യസ്വഭാവം ഒരുവിധത്തിലും ലംഘിക്കപ്പെടാവുന്നതല്ല. ഒരു കുമ്പസാരംകേട്ട വൈദികൻ ആ രഹസ്യം പാലിക്കുന്നതിനുവേണ്ടി ഏതൊരു ശിക്ഷയേയും പീഡയേയും മരണത്തെത്തന്നെയും സന്തോഷപൂൎവ്വം സ്വീകരിക്കും; ഗുരുതരമായ ശിക്ഷയിൻകീഴ് സ്വീകരിക്കാൻ

ബാദ്ധ്യസ്ഥനമാണു്. യാതൊരു കാരണവശാലും കുമ്പസാര രഹസ്യം വെളിപ്പെടുത്തുവാൻ പാടില്ല. കുമ്പസാരിക്കുന്നവരെ സംബന്ധിച്ചു് അവൎക്കു ഏതൊരു കുമ്പസാരക്കാരനേയും യഥേഷ്ടം തിരഞ്ഞെടുക്കാവുന്നതാണു്. അയാളെ നിർബന്ധിക്കുന്നതിനു ആൎക്കും അവകാശമോ അധികാരമോ ഇല്ല. മാത്രമല്ല, ഒരു കുമ്പസാരക്കാരൻ പാപങ്ങളെപ്പററിയും അവയുടെ വിവിധ സാഹചൎയ്യങ്ങളെക്കുറിച്ചും താത്വികമായി വേണ്ടവിധത്തിൽ പഠിച്ചറിഞ്ഞിട്ടുള്ള ആളും തുടൎച്ചയായി എല്ലാത്തരത്തിലുമുള്ളവരുടെയും കുമ്പസാരങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ആളുമാകയാൽ അപരിചിതന്മാൎക്കു തോന്നുന്ന അരോചകത്വത്തിനു യാതൊരു സ്ഥാനവുമില്ല. അതു വെറുമൊരു മിഥ്യാവബോധം മാത്രമാണു്.

പാപോച്ചാരണം അഥവാ ഏററുപറയൽ എളിമയോടുകൂടിയതും, ആത്മാൎത്ഥമായതും, പൂൎണ്ണവും, യഥാൎത്ഥവുമായിരിക്കണം. മുമ്പു നടത്തിയ കുമ്പസാരത്തിനുശേഷം വന്നുപോയിട്ടുള്ള എല്ലാ ചാവുദോഷങ്ങളും അവയുടെ എണ്ണവും തരംതിരിവു വരുത്തുന്ന സാഹചൎയ്യങ്ങളും വെളിപ്പെടുത്തേണ്ടതത്രെ. ഇവയിൽ ഏതെങ്കിലും മനഃപൂൎവ്വം മറച്ചുവെയ്ക്കുന്ന കുമ്പസാരം കള്ളക്കുമ്പസാരമായിരിക്കും; പൊറുതി ലഭിക്കുകയുമില്ല; ഒരു ദൈവദോഷം കൂട്ടതലായി വന്നുചേരുകയും ചെയ്യും.

ആണ്ടുവട്ടത്തിൽ ഒരു പ്രാവശ്യമെങ്കിലും കുമ്പസാരിക്കണമെന്നു തിരുസഭയുടെ ഖണ്ഡിതമായ നിയമമുണ്ടു്. ഈ നിയമം ലംഘിച്ചാൽ അതു ഗൗരവമായ ഒരു പാപമാണു്. എന്നാൽ ഭക്തിയുള്ള ഒരു വിശ്വാസി ആഴ്ചതോറുമോ ചുരുങ്ങിയപക്ഷം മാസത്തിലൊരിക്കലെങ്കിലുമോ കുമ്പസാരം നടത്തുന്നതിനു് ശ്രദ്ധിക്കേണ്ടതാണു്. പുണ്യവൎദ്ധനവിനു അത്ര സഹായകമായ ഒരു കൂദാശയാണിതു്. നിൎഭാഗ്യവശാൽ നാം എപ്പോഴെങ്കിലും ഒരു ചാവുദോഷത്തിന്നു വിധേയമായാൽ പററുള്ളത്ര വേഗത്തിൽ ഈ കൂദാശവഴിയായി നഷ്ടപ്പെട്ട ദൈവ

പ്രസാദവരം വീണ്ടെടുക്കാൻ ഗൗരവമായ ഒരു ചുമതല നമുക്കു വന്നുചേരുന്നുണ്ട്. ഇതിൽ ഉദാസീനത ഭാവിക്കുന്നതു് ആത്മാവിൻെറ നിത്യരക്ഷയെത്തന്നെ അപകടത്തിലാക്കുന്ന പ്രവൃത്തിയാണു് എന്നു നാം ഓർക്കണം, കാരണം ആ സ്ഥിതിയിൽ അപ്രതീക്ഷിതമായി മരണം നമ്മെ പിടികൂടുന്നുവെങ്കിൽ നമ്മുടെ നിത്യരക്ഷ അപകടത്തിലാകുന്നു.

കുട്ടികൾ ആദ്യകുർബാന സ്വീകരിക്കുന്നതിനുമുമ്പുതന്നെ പലപ്രാവശ്യം കുമ്പസാരിക്കുന്നതിനു ഉത്സാഹിക്കണം. കുമ്പസാരത്തിന്നുവേണ്ട തിരിച്ചറിവും ആവശ്യമായ പഠനവും ഉണ്ടായാൽ ഈ കൂദാശ സ്വീകരിക്കുന്നതിനു നീട്ടിക്കൊണ്ടുപോകേണ്ടതില്ല. ഈ കൂദാശവഴിയായിട്ടു ബാലഹൃദയത്തിലെ മലിനതകൾ കഴുകിക്കളയുകയും പുണ്യജീവിതത്തിനുള്ള സഹായങ്ങളും ശക്തിയും സമ്പാദിക്കുകയും വേണം.

അടുത്തതായിട്ടു് കുമ്പസാരത്തിന്നു അണയുമ്പോൾ നാം പ്രത്യേകം ആചരിക്കേണ്ട ചില ക്രമങ്ങളെ സൂചിപ്പിക്കാം. ഇതു പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണു്. കുമ്പസാരക്കൂടിൻെറ അരുകിലേക്കോ കുമ്പസാരം കേട്ടുകൊണ്ടിരിക്കുന്ന വൈദികൻെറ സമീപത്തേക്കോ ഒരിക്കലും തിക്കിതിരക്കി കയറരുതു്. ആദ്യമാദ്യം വന്നവർ കുമ്പസാരിച്ചു പോകുന്നതിനു മര്യാദയോടും ക്ഷമയോടുംകൂടി കാത്തു അകന്നുനില്ക്കണം. ആ സമയത്തു നമ്മുടെ ഒരുക്കം തുടന്നുകൊണ്ടിരിക്കണം. കൂടുതലായി മനസ്താപം ഉളവാക്കുന്നതിനും പ്രതിജ്ഞകളെ ദൃഢീകരിക്കുന്നതിനും ശ്രമിക്കുകയാണു് ചെയ്യേണ്ടതു്. ഇവിടേയും നമ്മുടെ പ്രാർത്ഥനപുസ്തകം നമുക്കു വിലതീരാത്ത സഹായമായിരിക്കും. അല്ലാതെ അന്യചിന്തകൾക്കു വഴികൊടുക്കുകയൊ മററുള്ളവർക്കു അതിനു അവസരമുണ്ടാകത്തക്കവിധത്തിൽ പ്രവർത്തിക്കുകയോ ഒരിക്കലും ചെയ്യരുതു്. കുമ്പസാരിപ്പിക്കുന്ന സ്ഥലത്തു അടുത്തുനില്ക്കരുതു് എന്നു പറഞ്ഞുവല്ലോ. മററുള്ളവരുടെ പാപങ്ങൾ ഇതുമൂലം കേൾക്കുന്നതിനു ഇടയാ

കുന്നതും സാന്നിദ്ധ്യംമൂലം അവർ സംശയിച്ചിട്ട് ഏതെങ്കിലും പാപം ഏററുപറയാൻ തടസ്സമുണ്ടാക്കുന്നതും ഗൗരവമായ സംഗതികളാണ് എന്നു പ്രത്യേകം ഓർമ്മിക്കണം. സംഗതിവശാൽ മററുള്ളവരുടെ കുററം എന്തെങ്കിലും കേട്ടുപോയാൽ അതേപ്പററി പരിപൂർണ്ണരഹസ്യം കാക്കാൻ കടമുണ്ട്.

കുമ്പസാരം കേൾക്കുന്നതിനുമുമ്പു വൈദികൻ ആശീർവ്വദിക്കാൻ തുടങ്ങുമ്പോഴേക്കു കുരിശടയാളം വരച്ച് "ഞാൻപിഴയാളി" എന്നജപം "എൻെറ വലിയപിഴ" എന്നുവരെ ചൊല്ലണം. അതിനുശേഷം വൈദികൻ ഓരോന്നായി ചോദിക്കുന്നതിനു കാത്തുനില്ക്കാതെ ക്രമമായി എന്നു കുമ്പസാരിച്ചു എന്നും, അന്നത്തെ പ്രായശ്ചിത്തം നിറവേററിയോ എന്നും അറിയിച്ചശേഷം ആത്മശോധനയിൽ കണ്ട പാപങ്ങൾ ഓരോന്നായി വിശദമായും പരമാർത്ഥമായും എളിമയോടുകൂടി ഏററുപറയണം. പാപങ്ങളെ വർണ്ണിച്ചു വലുതാക്കുകയോ അവയുടെ യഥാർത്ഥസ്ഥിതിയെ മറച്ചു ലഘൂകരിക്കുകയോ ചെയ്യരുത്. ദൈവതിരുമുമ്പാകെ നമ്മുടെ കുററങ്ങൾ ഉള്ളതുപോലെ ശിശുസഹജമായ പരമാർത്ഥതയോടുകൂടി വെളിപ്പെടുത്തുക. മററുള്ളവർ കേൾക്കത്തക്കവണ്ണം ഉച്ചത്തിലോ വൈദികനു മനസ്സിലാക്കാൻ വിഷമമായവിധത്തിൽ പതുക്കെയോ പറയരുത്. വൈദികൻ ചോദിക്കുന്നതൊ പറയുന്നതൊ എന്തെങ്കിലും മനസ്സിലാകുന്നില്ല എങ്കിൽ അതു അപ്പോൾതന്നെ അദ്ദേഹത്തെ മനസ്സിലാക്കണം. ചാവുദോഷങ്ങൾ ഏററുപറയുമ്പോൾ അവയുടെ എണ്ണം പറയണം. അതു കൃത്യമായി നിശ്ചയമില്ലെങ്കിൽ പാടുള്ളിടത്തോളം ശരിയായ ഏകദേശസംഖ്യ ആ വിധത്തിൽ അറിയിക്കണം. വളരെ അകന്നു കുമ്പസാരിക്കുമ്പോൾ പാപങ്ങളുടെ അടുത്തടുത്തുള്ള വീഴ്ചമൂലം എണ്ണം നിർണ്ണയിക്കാൻ സാധിക്കാതെവന്നാൽ ആഴ്ചയിൽ അല്ലെങ്കിൽ മാസത്തിൽ സാധാരണ ഇത്രതവണ വീഴാറുണ്ട് എന്നെങ്കിലും ഏററുപറയുവാൻ തയ്യാറുണ്ടാകണം. ചിലപ്പോഴെല്ലാം, "പല

പ്രാവശ്യം" എന്നിങ്ങനെ സാമാന്യമായ പദപ്രയോഗങ്ങൾ സ്വീകാര്യമല്ല. അപ്പോൾ അതേപ്പററി വീണ്ടും വീണ്ടും അന്വേഷണം ചോദ്യം ചെയ്യേണ്ടിവരും. അതു അസൗകര്യപ്രദമാണ്.

അടുത്തടുത്തു കുമ്പസാരിക്കുന്നവർ ഗൗരവമായ കുററങ്ങളൊന്നും ഇല്ലാത്തതുകൊണ്ടു അവരുടെ മനസ്താപത്തെക്കുറിച്ചും പ്രതിജ്ഞയെക്കുറിച്ചും ചിലപ്പോൾ ആശങ്കപ്പെടാറുണ്ടു്. ഇതു കേവലം അടിസ്ഥാനരഹിതവുമല്ല. മനസ്താപവും പ്രതിജ്ഞയും കൂടാതെ കുമ്പസാരം യഥാർത്ഥമാകയില്ല. അതുകൊണ്ടു് ഈ ആശങ്കയെ ഇല്ലാതാക്കുന്നതിനു ഒരു മാർഗ്ഗം സ്വീകാര്യമായുണ്ടു്. അവർ ആ ആഴ്ചയിലെ അല്ലെങ്കിൽ ദിവസങ്ങളിലെ പാപങ്ങളെപ്പററി ആത്മശോധന ചെയ്തശേഷം അവരുടെ പഴയ ജീവിതത്തിൽ വന്നുപോയിട്ടുള്ള ഏതെങ്കിലും ഗൗരവമായ ഒരു കുററത്തെക്കൂടി ഓർമ്മിക്കുകയും അതിനെ ലക്ഷ്യമാക്കി കൂടുതൽ മനസ്താപവും ദൃഢമായ പ്രതിജ്ഞയും ഉളവാക്കുകയും ചെയ്യുക. കുമ്പസാരിക്കുമ്പോൾ ആ കുററത്തേക്കൂടി പഴയ കുററമായി ഏററുപറയുക. ഇതു വളരെ സുരക്ഷിതമായ ഒരു മാർഗ്ഗമാണ്. ഈ സ്തുത്യർഹമായ പരിശീലനം സിദ്ധിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ കുമ്പസാരക്കാർക്കും പലപ്പോഴും വിഷമതയുണ്ടാകാറുണ്ടു്. അവർക്കു യഥാർത്ഥത്തിൽ മനസ്താപമുണ്ടോ, അവർ ഏററുപറയുന്ന കുററങ്ങളിൽ പാപമോചനത്തിന്നു യോഗ്യമായ വിഷയമുണ്ടോ എന്നെല്ലാം കുമ്പസാരക്കാരനു സംശയമാവുകയും പാപമോചനം കൊടുക്കാതിരിക്കാൻ ചിലപ്പോൾ നിർബന്ധിതനാകുകയും ചെയ്യും. അതുകൊണ്ടു ഈ പതിവു പ്രത്യേകം ശീലിക്കണം.

പാപങ്ങളെല്ലാം ക്രമപ്രകാരം ഏററുപറഞ്ഞതിനുശേഷം, "പിതാവെ, ഈ പാപങ്ങളെയും ഞാൻ ചെയ്തുപോയിട്ടുള്ള എല്ലാകുററങ്ങളെയുംകുറിച്ചു ഞാൻ മനസ്തപിച്ചു ദൈവത്തോടു മാപ്പും അങ്ങയോടു പാപമോചനവും അപേക്ഷിക്കുന്നു" എന്നു പറഞ്ഞവസാനിപ്പിക്കുക. അതെതുടർന്നു വൈദി

കൻ പറയുന്ന ഉപദേശവും നൽകുന്ന നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം കേട്ടു ഗ്രഹിക്കുകയും കല്പിക്കപ്പെടുന്ന പ്രായശ്ചിത്തം ശരിയായി മനസ്സിലാക്കുകയും ചെയ്യുക. ഒടുവിൽ അദ്ദേഹം പാപമോചനം തരുന്നതിനുള്ള ജപങ്ങൾ തുടങ്ങുമ്പോൾ പാപങ്ങളെക്കുറിച്ചു ആത്മാർത്ഥമായ ദുഃഖവികാരങ്ങളോടുകൂടി, "തേററത്തിൻെറ പ്രകാരം" ചൊല്ലുകയും അതിനുശേഷം "ഞാൻപിഴയാളി" യുടെ ഉത്തരഭാഗം ചൊല്ലി അവസാനിപ്പിക്കുകയും വേണം. പിന്നീടു കുരിശടയാളം വരച്ചു എഴുന്നേററു വൈദികനു സ്തുതിചൊല്ലി ഉപകാരസ്മരണ ചെയ്യുന്നതിനും പ്രായശ്ചിത്തം നിർവ്വഹിക്കുന്നതിനും സൗകര്യപ്രദമായ സ്ഥലത്തേക്കു പോവുക. കുമ്പസാരത്തിൽ കേൾക്കുകയും പറയുകയും ചെയ്യുന്ന കാര്യങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതാണു്. വൈദികൻ തന്നതായ ഉപദേശങ്ങളും അറിവുകളും, നിർദ്ദേശങ്ങളും, മുന്നറിയിപ്പുകളും, പ്രോത്സാഹനങ്ങളും എല്ലാം നിങ്ങൾക്കു മാത്രമായിട്ടുള്ളതാണു്. അതു മററുള്ളവരോടു പറയേണ്ട ആവശ്യമില്ല. അങ്ങിനെ പറയുന്നതു നല്ലതല്ല. മാത്രമല്ല അതു ചിലപ്പോൾ കുററകരമാകാനും എളുപ്പമുണ്ടാകും.

കുമ്പസാരത്തിൽ ഉണ്ടാകാവുന്ന ഒരു വിഷമപ്രശ്നമാണു് ഉത്തരിപ്പുകടം. മററുള്ളവർക്കു അവകാശപ്പെട്ട ഒന്നിനെ അന്യായമായി കൈവശം വച്ചുകൊണ്ടിരിക്കുന്നതു നീതിവിരുദ്ധമാണു്. അതു് അതിൻെറ ഉടമസ്ഥനു തിരിച്ചുകൊടുക്കണം. അന്യായമായി തട്ടിപ്പറിക്കുകയൊ, കട്ടെടുക്കുകയൊ, നശിപ്പിക്കുകയൊ ചെയ്ത വസ്തു അതിൻെറ ഉടമസ്ഥനു തിരിച്ചുകൊടുക്കുന്നതുവരെ ഈ ഉത്തരിപ്പുകടം വിട്ടുമാറുകയില്ല. അതുകൊണ്ടു പാപമോചനത്തിനണയുന്ന ഓരോരുത്തരും ഉത്തരിപ്പുകടം സംബന്ധിച്ചു ശരിയായി ചിന്തിച്ചുനോക്കുകയും എന്തെങ്കിലും കൊടുത്തു വീട്ടാനുണ്ടെങ്കിൽ അതു അതേവസ്തുവായിട്ടോ അതിനു നിർവ്വാഹമില്ലെങ്കിൽ അതിൻെറ വില

യായിട്ടോ ഉടമസ്ഥനു പരിഹാരം ചെയ്യുകയൊ തല്ക്കാലം ചെയ്യാൻ സാധിക്കാത്ത അവസരത്തിൽ ഏററം വേഗത്തിൽ ഈ കടമ നിവ്വഹിച്ചുകൊള്ളാമെന്നു ദൃഢമായി പ്രതിജ്ഞചെയ്യുകയൊ ചെയ്യണം. ഈ വ്യവസ്ഥയിൽമാത്രമെ പാപമോചനത്തിനു അയാൾക്കർഹതയുള്ളു. ഉത്തരിപ്പുകടത്തിനു കാരണമായ വസ്തു ചാവുദോഷത്തിനുമാത്രം ഗൗരവമുള്ളതാണെങ്കിൽ ഉത്തരിപ്പുകടവും ചാവുദോഷത്തിൻകീഴ നിർബന്ധിതമാണു്. ഉത്തരിപ്പുകടം തീക്കുന്നതു എപ്പോഴും പരസ്യമായി വേണമെന്നു നിർബന്ധമില്ല. നീതിവിരുദ്ധമായി അന്യനിൽ നിന്നെടുത്ത വസ്തു അതിൻെറ ഉടമസ്ഥനു കിട്ടണമെന്നുള്ളതാണു് തത്വം. അപഹരിക്കപ്പെടുന്ന വസ്തു വ്യക്തികളുടേയൊ സ്ഥാപനങ്ങളുടേയൊ ഏതുതന്നെ ആയാലും ഇതിനു വ്യത്യാസമില്ല. ഉത്തരിപ്പുകടത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അറിവുള്ള ഒരു കുമ്പസാരക്കാരൻെറ ഉപദേശം സ്വീകരിക്കുന്നതായിരിക്കും ഏററവും സുഗമമായമാൎഗ്ഗം. അതിൻെറ സാഹചര്യങ്ങൾ അത്രയും വിവിധങ്ങളും പരിഹാരമാൎഗ്ഗങ്ങൾ അതനുസരിച്ചു വ്യത്യസ്തങ്ങളുമാകാവുന്നതുകൊണ്ടു് ഒരു പൊതുനിയമം നിൎദ്ദേശിക്കുന്നതു് എളുപ്പമല്ല.

കുമ്പസാരത്തെപ്പററി പൊതുവെ അറിയേണ്ട അത്യാവശ്യകാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇവയിൽ എന്തെങ്കിലും നിങ്ങൾക്കു ഇനി സംശയമുണ്ടെങ്കിൽ ചോദിക്കാം.

ജോൎജ്ജ്: ശനിയാഴ്ചതോറും കാലത്തു കുമ്പസാരിക്കാൻ വരുമ്പോൾ അച്ചൻ പറഞ്ഞതുപോലെ ഒരുങ്ങുന്നതിനു സമയം കിട്ടുകയില്ല. പള്ളിയിൽ കുറച്ചുനേരം മുട്ടുകുത്തി കുററങ്ങളെക്കുറിച്ചു ഒന്നോത്തു ദൈവത്തോടു മാപ്പപേക്ഷിച്ചിട്ടു പോയി കുമ്പസാരിക്കും. ആ കുമ്പസാരങ്ങൾ നല്ലകുമ്പസാരങ്ങളാകയില്ലേ?

ഫാ: പീ: കുമ്പസാരത്തിനു ഒരുങ്ങേണ്ട കാര്യത്തിൽ അതു ഓരോരുത്തരുടേയും ജീവിതസ്ഥിതിയനുസരിച്ചു വ്യത്യാ

സപ്പെട്ടിരിക്കുമെന്നു ഞാൻ പറഞ്ഞുവല്ലൊ. നിങ്ങൾ ആഴ്ചതോറും കുമ്പസാരിക്കുന്നവരാണു്. സാധാരണ ആ ആഴ്ചയിൽ ഉണ്ടായിട്ടുള്ള വീഴ്ചകൾ വലിയ ശ്രമംകൂടാതെ ഓർമ്മവരും. പാപത്തെപ്പററിയുള്ള മനസ്താപം ഉണ്ടാകുന്നതിനാണു് പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. അതിനാണു് സ്വീകാര്യമായ ഒരു മാൎഗ്ഗം ഞാൻ ചൂണ്ടിക്കാണിച്ചതു്, പഴയകുററം ഏതെങ്കിലും ഓത്തു മനസ്താപപ്പെട്ടു കുമ്പസാരിക്കുക എന്നു്. ഇതു് അടുത്തടുത്തുള്ള നമ്മുടെ കുമ്പസാരങ്ങൾ നല്ലകുമ്പസാരത്തിനുവേണ്ട എല്ലാം തികഞ്ഞവിധത്തിലാക്കാൻ വളരെ സഹായിക്കും.

മേരി: പഴയ ദോഷം എല്ലാ കുമ്പസാരത്തിലും ഒന്നുതന്നെ ആവൎത്തിക്കാമോ?

ഫാ: പീ: അതിനെന്താ? നാം ചെയ്തിട്ടുള്ള ഏതു പാപത്തെക്കുറിച്ചും എപ്പോൾ ഓൎത്താലും നമുക്കു മനസ്താപത്തിൻെറയും പ്രതിജ്ഞയുടേയും പുതിയ വികാരങ്ങൾ ഉണ്ടാവുകയില്ലേ?

തോമസ്: ആ പാപത്തിനു പൊറുതി കിട്ടിയതല്ലേ? വീണ്ടും എങ്ങിനെയാണു് പൊറുതികിട്ടുന്നതു്?

ഫാ: പീ: ആ പാപത്തിനു പൊറുതി കിട്ടാതിരുന്നതുകൊണ്ടല്ല നാം പാപമോചനത്തിനു അതു വിഷയമാക്കുന്നതു്. മററുള്ള നമ്മുടെ കുററങ്ങളെ സംബന്ധിച്ചു പാപമോചനം നൽകാൻ വേണ്ടത്ര വിഷയമൊരുക്കങ്ങളൊ ഇല്ലെങ്കിൽ ആ കുറവിനെ പരിഹരിക്കാനായിട്ടാണു്. നമ്മുടെ ഓരോ കുമ്പസാരത്തിലും ഗൗരവമായ എന്തെങ്കിലും കുററം പൊറുക്കാനുണ്ടാകണമെന്നില്ലല്ലൊ. ഈ കൂദാശ യോഗ്യമായി സ്വീകരിക്കുമ്പോൾ നമ്മിലുള്ള വലുതും ചെറുതുമായ കുററങ്ങൾക്കു പൊറുതി കിട്ടുന്നു. കൂടാതെ ദൈവപ്രസാദവരത്തിൻെറ വൎദ്ധനവും പരിഹാരക്കടങ്ങളുടെ മോചനവും

കൂദാശയ്ക്കുടുത്ത വരപ്രസാദങ്ങളും അതുവഴിയായി നാം പ്രാപിക്കുന്നുണ്ട്.

റോസി: ഏതെങ്കിലും ഒരു പാപം പറയാൻ മടി തോന്നിയാൽ എന്തുചെയ്യണം.

ഫാ: പി: നമുക്കു പാപം ഏററുപറയാൻ മടി തോന്നുന്നതു കുമ്പസാരിപ്പിക്കുന്ന അച്ചനോടുള്ള പരിചയം കൊണ്ടോ മററോ ആണെങ്കിൽ സൗകര്യമുള്ളപക്ഷം മററാരുടെയെങ്കിലും അടുത്തുപോയി കുമ്പസാരിക്കണം. കുമ്പസാരത്തിന്നിടയ്ക്കാണ് ഈ വിഷമത തോന്നിയതെങ്കിൽ നാം അതിനെ ജയിക്കണം. അതിനുവേണ്ടി ദൈവസഹായം അപേക്ഷിക്കണം. കുമ്പസാരത്തിൻെറ ഭദ്രതയെപ്പററി നാം ഓർക്കണം. നാം ഏററുപറയുന്ന പാപം കുമ്പസാരക്കാരനു ഒരുവിധത്തിലും അത്ഭുതമുണ്ടാക്കുകയില്ല എന്നു നാം ചിന്തിക്കണം. ഇങ്ങനെ ശ്രമിച്ചിട്ടും അതിനെ ജയിക്കാൻ സാധിക്കുന്നില്ല എങ്കിൽ പാപമോചനത്തിനുള്ള ഒരുക്കമില്ല എന്നു പറഞ്ഞു ആശീർവ്വാദം വാങ്ങി വേറെ കുമ്പസാരക്കാരൻെറ അടുത്തുപോയി കുമ്പസാരിക്കണം. ഇതെല്ലാം നമ്മുടെ മിഥ്യാബോധത്തിൽനിന്നു വന്നുചേരാവുന്ന വിഷമതകളാണ്. അവയിൽ യാതൊരർത്ഥവുമില്ല. നമുക്കു ഏററം അറിവും പരിചയവുമുള്ള ഒരു കുമ്പസാരക്കാരനോട് ഏററം വികൃതമായ ഒരു പാപം പറഞ്ഞു കുമ്പസാരിക്കേണ്ടിവന്നാൽ അദ്ദേഹം അത്രു കൂടുതൽ ആദ്രതയോടുകൂടി നമ്മെ അതിൽനിന്നു മോചിക്കുന്നതിനും അപ്രകാരമുള്ള അപകടങ്ങളിൽ വീഴാതിരിക്കത്തക്കവണ്ണം ഫലപ്രദമായ ഉപദേശങ്ങൾ തരുന്നതിനും മാത്രമെ ഇടയുണ്ടാവുകയുള്ളൂ.

അവുസേപ്പ്— കുമ്പസാരിക്കുമ്പോൾ പാപങ്ങൾ സംബന്ധിച്ച മററുള്ളവരുടെ പേരുകൾ പറയണമോ.

ഫാ. പി: വേണ്ട. കുമ്പസാരത്തിൽ ആരുടേയും പേരു വെളിപ്പെടുത്തേണ്ട ആവശ്യമില്ല. അങ്ങനെ ചെയ്യുകയുമരുതു്. നമ്മുടെ കുററങ്ങൾമാത്രം നാമേററുപറഞ്ഞാൽമതി. ചിലപ്പോൾ നാം അറിയിക്കുന്നതിനു കടപ്പെട്ട സാഹചര്യങ്ങൾകൊണ്ടു മററുള്ളവരെ കുമ്പസാരക്കാരനു മനസ്സിലായെന്നുവരാം. അതുകൊണ്ടു സാരമില്ല. കുമ്പസാരത്തിൽ നമ്മുടെ പാപങ്ങളും അവയുടെ ഗൗരവമായ സാഹചര്യങ്ങളുംമാത്രം വെളിപ്പെടുത്തിയാൽ മതി. ആരുടേയും പേരുപറയേണ്ട.

മേരി: ഒരു കുററം ഞാൻ ആരോടും പറയുകയില്ല എന്നു സത്യം ചെയ്തുപോയി. കുമ്പസാരത്തിൽ അതു പറയാമോ.?

ഫാ: പി: നാം ചെയ്ത സത്യം കുമ്പസാരത്തെ ബാധിക്കയില്ല. എന്നുമാത്രമല്ല അതു പാപം പറയാതിരിക്കാൻ ഒരിക്കലും കാരണമാവുകയില്ല. ദൈവത്തേയും അവിടുത്തെ വിശുദ്ധ കൂദാശയേയും മറച്ചുവെച്ചു നമുക്കു ഒന്നും ചെയ്യാനില്ല. നമ്മുടെ സത്യം ന്യായമായുള്ളതാണെങ്കിൽതന്നെ അതു മനുഷ്യരെ മാത്രമെ ബാധിക്കുകയുള്ളൂ.

തോമസ്— ഒരു കുമ്പസാരത്തിൽ ഒരു ദോഷം ലജ്ജകൊണ്ടു മറച്ചുവെച്ചു കുമ്പസാരിച്ചു. അതിൽപിന്നീടു പല കുമ്പസാരങ്ങളും നടത്തി. അതു ആ കുമ്പസാരങ്ങളുടെ കാലത്തുള്ളതല്ലായിരുന്നതുകൊണ്ടു പറഞ്ഞില്ല. പിന്നീടാണു് ഇതു തെററായി എന്നു മനസ്സിലാകുന്നതു്. എന്തു ചെയ്യണം.

ഫാ: പി: ആ പാപം ഒളിച്ചുവെച്ച കുമ്പസാരം മുതൽ ഒരു മുഴുവൻ കുമ്പസാരം നടത്തണം. ഏന്നാണു് ആ കുററം ആദ്യം മറച്ചുവച്ചതു് എന്നും, പിന്നീടു എന്തുകൊണ്ടു പറഞ്ഞില്ല എന്നും അങ്ങിനെ എത്ര കുമ്പസാരം നടത്തി എന്നും, അവയിൽ നാം ഏററുപറഞ്ഞിട്ടുള്ള പ്ര

ധാനകുററങ്ങൾ ഏതൊക്കെയാണെന്നും, മററുകൂദാശക ൾ എന്തെല്ലാം സ്വീകരിച്ചുഎന്നും വിശദമായി പറ ഞ്ഞു കുമ്പസാരിക്കണം. ഇങ്ങനെയുള്ള അബദ്ധങ്ങൾ എന്തെങ്കിലും നിർഭാഗ്യവശാൽ പിണയുന്നതിന്നിടയാ യാൽ ഏററവും സൗകര്യമുള്ള സമയത്തു നമ്മുടെ സ്ഥി തിഗതികൾ വിശദമായി പറഞ്ഞും വേണ്ടവിധത്തിൽ നമ്മെ സഹായിക്കുന്നതിനുള്ള സൗകര്യങ്ങൾ കുമ്പ സാരക്കാരനു നൽകിയുംവേണം ആ അബദ്ധത്തെ പരിഹരിച്ചു നമ്മുടെ ആത്മാവിന്റെ സ്ഥിതി ശരിപ്പെ ടുത്തുവാൻ അല്ലാതെ കൂട്ടത്തിന്നിടയിൽ ഒരു സാധാരണ കുമ്പസാരത്തിനെന്നവിധത്തിൽ നാം കുമ്പസാരിക്കാ ൻ പോയാൽ അതു നമ്മുടെ മനസ്സാക്ഷിക്കു സമാധാ നകരമായവിധത്തിൽ പൂർണ്ണമായി നിറവേററാൻ സാ ധിച്ചില്ല എന്നു വന്നേക്കും.

*Study Circle Series No. 10.*

# ക്രൂദാശകൾ (തുടർച്ച)

ഫാ: പീ:— കുമ്പസാരം എന്ന കൂദാശയെപ്പററി കഴിഞ്ഞ ദിവസം നാം പ്രതിപാദിച്ചു. പാപമോചനത്തിന്നു തിരുസഭയിലെ വൈദികർക്കു നൽകപ്പെട്ടിട്ടുള്ള ദിവ്യാധികാരം, ഈ അധികാരം പ്രയോഗിക്കുന്നതിനു ഈശോമിശിഹാതന്നെ നിർണ്ണയിച്ചിട്ടുള്ള വിധിസമ്പ്രദായം, തന്മൂലം കുമ്പസാരത്തിൽ നാം ചെയ്യേണ്ട കാര്യങ്ങൾ ഇവയെക്കുറിച്ചെല്ലാം ക്രമമായി നാം കണ്ടു. അക്കാര്യങ്ങളിൽ ഇനി ആർക്കെങ്കിലും സംശയം തീർക്കാനുണ്ടോ? ഇല്ല. കുമ്പസാരത്തെപ്പററി നാം വളരെ ജാഗ്രതയുള്ളവരായിരിക്കണമെന്നും, പാപത്തിൽ അധഃപ്പതിക്കുന്നതിനുള്ള അപകടങ്ങളാൽ ചുററപ്പെട്ടിരിക്കുന്ന നാം നമ്മുടെ നിത്യായുസ്സു സുരക്ഷിതമാക്കുവാൻ ഈ കൂദാശയെ പ്രത്യേകം ആശ്രയിക്കണമെന്നും ഒരിക്കലും മറന്നുകളയരുതു്. ഒരു ചാവുദോഷത്തിൽ ഒരു നിമിഷംപോലും ആയിരിക്കുന്നതിനുള്ള നിർഭാഗ്യമാണു് ലോകത്തിൽ നമുക്കു സംഭവിക്കാവുന്ന ഏററവും വലിയ നിർഭാഗ്യം. എന്നാൽ കഷ്ടം! എത്രയോ ആത്മാവുകൾ ചാവുദോഷംമൂലം അവരുടെ ആത്മാവിലെ ദൈവേഷ്ടപ്രസാദത്തെ നഷ്ടമാക്കിയതിനുശേഷവും യാതൊരുചിന്തയുംകൂടാതെ ആ സ്ഥിതിയിൽ ദിവസങ്ങളല്ല, ആഴ്ചകളും മാസങ്ങളും ചിലപ്പോൾ കൊല്ലങ്ങളും കടത്തിവിടുന്നു. അവരുടെ നിത്യനാശത്തെപ്പററി അവർക്കു വല്ലചിന്തയുമുണ്ടോ? ഈ നിർഭാ

ഗ്യസ്ഥിതിയിൽനിന്നു കരകയറാനും നിത്യരക്ഷയെ സുരക്ഷിതമാക്കാനുമുള്ള അനുഗ്രഹത്തിന്റെ കൂദാശയാകുന്ന കുമ്പസാരത്തെപ്പററി അവക്കു വല്ല അറിവോ വിശ്വാസമൊ ഉണ്ടോ? ഇതു ഭയങ്കരമായ ഒരു സ്ഥിതിവിശേഷമാണു്. ഈ വിധത്തിൽ ജീവിക്കുന്നവരെപ്പററി നാം ഭയപ്പെടുകയും അവക്കുവേണ്ടി ദൈവത്തോടു പ്രാത്ഥിക്കുകയും ചെയ്യണം. ഒരു നിമിഷംപോലും ചാവുദോഷത്തിൽ കഴിച്ചുകൂട്ടുന്നതിനുള്ള നിർഭാഗ്യം ദൈവസഹായത്താൽ നമുക്കുണ്ടാകാതിരിക്കുന്നതിനും, ഏതെങ്കിലും കാരണവശാൽ ചാവുദോഷത്തിൽ വീഴുന്നതിനുതന്നെ നമുക്കിടവന്നാലും ആ ക്ഷണത്തിൽതന്നെ ഉത്തമമനസ്താപം വഴിയായിട്ടും ഏററവും വേഗത്തിൽ കുമ്പസാരമെന്ന വിശുദ്ധ കൂദാശവഴിയായിട്ടും നമ്മുടെ ആത്മാവിന്റെ ദൈവേഷ്ടപ്രസാദമാകുന്ന ജീവനെ വീണ്ടെടുക്കുന്നതിനു അചഞ്ചലമായ പ്രതിജ്ഞചെയ്യുകയും ജീവിതകാലം മുഴുവനിലും ഈ നിഷ്ഠയോടുകൂടി ജീവിക്കുകയും ചെയ്യുക.

അടുത്തതായി പ്രതിപാദിക്കാനുള്ളതു് അന്ത്യലേപനം എന്ന കൂദാശയെപ്പററിയാണു്. മരണാസന്നമായ അഥവാ മരണകരമായ രോഗത്തിൽ കിടക്കുന്ന ആൾക്കുവേണ്ടിയുള്ള കൂദാശയാണു് അന്ത്യലേപനം അഥവാ ഒടുവിലത്തെ ഒപ്രുശുമ. ദീനംകൊണ്ടോ, മുറിവുകൊണ്ടോ, മറേറതെങ്കിലും അപകടത്തിൽപെട്ടിട്ടോ മരണം സംഭവിക്കാവുന്ന സ്ഥിതിയിലുള്ള ആളുകൾക്കു് ഈ കൂദാശ സ്വീകരിക്കാം. ഈ കൂദാശകൊണ്ടു് പാപങ്ങൾക്കു മോചനവും, അന്ത്യകാലത്തുണ്ടാകുന്ന പ്രലോഭനങ്ങളെ എതിർത്തു ജയിക്കുന്നതിനുള്ള ശക്തിയും സഹായവും ലഭിക്കുന്നതിനുപുറമെ രോഗിക്കു ശാരീരികമായ സൗഖ്യം ലഭിക്കുന്നതിനു സഹായകമായ ഫലംകൂടി ഉണ്ടാകുന്നുണ്ടു്.

മരണാസന്നമായ രോഗിക്കു കഴിയുമെങ്കിൽ ഈ കൂദാശ സ്വീകരിക്കാൻ കടമയുണ്ടു്. അന്ത്യകൂദാശകൾ സ്വീകരി

കുന്നതിനു അനാവശ്യമായി കാലതാമസം വരുത്തുന്നതു വളരെ അപകടകരമാണു്. തക്കസമയത്തു് ഒരു വൈദികനെ വിളിച്ചുവരുത്താൻ ശ്രദ്ധിക്കാത്തതുകൊണ്ടു് എത്രപേൎക്കു ആകൂദാശകൾ നഷ്ടപ്പെടുന്നു. എത്രപേൎക്കു വേണ്ട യോഗ്യതകളോടും ഒരുക്കത്തോടുംകൂടി സ്വീകരിക്കാൻ സാധിക്കാതെ പോകുന്നു. രോഗം മൂൎഛിച്ചു രോഗി ബോധരഹിതനായി അന്ത്യശ്വാസം വലിക്കുമ്പോഴാണു് ഈ കാൎയ്യത്തിന്നുള്ള ശ്രമം നടക്കുന്നതു്. വേണ്ടതായ അനുതാപത്തോടും സമചിത്തതയോടും കൂടി കുമ്പസാരിക്കുന്നതിനോ, ഭക്തിയായി തിരുപാഥേയം സ്വീകരിക്കുന്നതിനോ, സുബോധത്തോടുകൂടി തന്റെ സകല പാപങ്ങളേയുംപററി മനസ്തപിച്ചു അന്ത്യലേപനം കൈക്കൊള്ളുന്നതിനോ സാധിക്കാതെവരുന്നു. ഇങ്ങനെ സംഭവിക്കുന്നതു മരണാസന്നനായ ഒരു രോഗിയെ സംബന്ധിച്ചിടത്തോളം എത്ര അപരിഹാൎയ്യമായ ഒരു നഷ്ടവും ഒരുപക്ഷെ നിത്യനാശകരവുമായിരിക്കുമെന്നു സഗൗരവം ചിന്തിക്കേണ്ടതാണു്. ആകയാൽ രോഗിയിൽ, മരണം സംഭവിച്ചേക്കാവുന്ന പരിണാമങ്ങൾ ഉണ്ടായാൽ ഒട്ടും വൈകാതെ വൈദികനെ വിളിച്ചുവരുത്തുന്നതിനാണു് സൎവ്വോപരി ശ്രദ്ധിക്കേണ്ടതു്. ഇക്കാൎയ്യത്തിൽ രോഗി ആവശ്യപ്പെടട്ടെ എന്നോ, കുറച്ചുകൂടികഴിയട്ടെ എന്നോ വയ്ക്കുന്നതു് ശരിയല്ല. സ്വന്തകാൎയ്യത്തിൽ സാധാരണയായി രോഗികൾ അപകടസ്ഥിതി വേണ്ടതരത്തിൽ ഗ്രഹിക്കുകയില്ല. രോഗിയെ ശുശ്രൂഷിക്കുന്ന വൈദ്യന്മാരും നഴ്സുമാരും, സ്വന്തക്കാരുമാണു് ഈ കാൎയ്യത്തിൽ ശ്രദ്ധിക്കേണ്ടവർ. അന്ത്യലേപനം നൽകുന്നതിനു നിയമപരമായ അവകാശം രോഗിയുടെ ഇടവകയിലെ വികാരിക്കും അസിസ്റ്റേന്തിമാൎക്കുമാണു്. എന്നാൽ അത്യാപത്തിൽ ഏതു വൈദികനും ഈ കൂദാശ നൽകാം. അതുകൊണ്ടു് തക്കസമയത്തു ഇടവകവികാരിയെ വിവരം അറിയിക്കുകയും വേണ്ട ഏൎപ്പാടുകൾ ചെയ്യുകയും വേണം.

അന്ത്യകൂദാശകൾ കൊടുക്കുന്നതിനു ഭക്തിയായി സ്വീകരിക്കേണ്ട ക്രമം നാമെല്ലാവരും മനസ്സിലാക്കിയിരിക്കണം. കുമ്പസാരവും തിരുപാഥേയവും അന്ത്യലേപനവും ഒന്നിച്ചാണു കൊടുക്കുന്നതെങ്കിൽ ആദ്യത്തിൽ പറഞ്ഞിട്ടുള്ളപോലെ വേണ്ട സജ്ജീകരണങ്ങളെല്ലാം ചെയ്തു തിരുപാഥേയം കൊടുത്തുകഴിയുന്നതുവരെയുള്ള ക്രമങ്ങൾ അനുഷ്ഠിക്കുക. അതിനുശേഷമാണു് അന്ത്യലേപനം കൊടുക്കുന്നതിനുള്ള തിരുകർമ്മങ്ങൾ ആരംഭിക്കുന്നതു്. തിരുപാഥേയം സംബന്ധിച്ച പറഞ്ഞതുപോലെ ഈ കൂദാശകൊടുക്കുമ്പോഴും എല്ലാവരും അതിൽ സംബന്ധിച്ച ഭക്തിപൂർവ്വം മുട്ടിന്മേൽനിന്നു രോഗിക്കു ഈ കൂദാശയിൽനിന്നുള്ള ഏററവും കൂടുതൽ ഫലസിദ്ധി ഉണ്ടാകുന്നതിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. ഒരു മുറിയിൽ വൈദികൻ രോഗിക്കു അന്ത്യലേപനം കൊടുക്കുമ്പോൾ മററുള്ളവർ അശ്രദ്ധയായി അന്യകാര്യങ്ങളിൽ ഏർപ്പെടുന്നതു അനാശാസ്യവും ആ തിരുകർമ്മത്തോടും അതു സ്വീകരിക്കുന്ന രോഗിയോടും ചെയ്യുന്ന ഗൗരവമായ അനാദരവുമാണു് എന്നു പറയാതെ തരമില്ല.

ഈ കൂദാശ കൊടുക്കുന്നതിനു വൈദികൻ വരുമ്പോൾ അവിടെ പ്രത്യേകമായി ഉണ്ടായിരിക്കേണ്ട സജ്ജീകരണം തിരുസൈത്തു വയ്ക്കുന്നതിനുള്ള ഒരു മേശയും അതിന്മേൽ ഒരുതിരി കത്തിച്ചുവെയ്ക്കുന്നതിനുള്ള സൗകര്യവും, പൂശലിനുശേഷം വൈദികന്റെ കൈ കഴുകുന്നതിനു നല്ല വെള്ളവും വിസ്താരമുള്ള ഒരു പാത്രവുമാണു്. അന്ത്യകൂദാശകൾ നൽകിക്കഴിയുമ്പോൾ പാത്രത്തിലെ വെള്ളം അനാദരവിനു കാരണമാകാത്ത വിധത്തിൽ കിണററിലോ കുളത്തിലോ പുരയുടെ പുറത്തോ ഒഴിച്ചുകളയുകയാണു് വേണ്ടതു്. രോഗിയുടെ ബോധപ്പതർച്ചക്കു കാരണമാകാതെ എല്ലാവരും നിശ്ശബ്ദമായി ആ മുറിയിൽ നിന്നുപോവുകയും ഭക്തിയായി ഉപകാരസ്മരണ ചെയ്യുന്നതിനായി സൗകര്യം കൊടുക്കുകയും വേണം. തനിച്ച ഉപ

കാരസ്മരണ ചെയ്യുവാൻ രോഗസ്ഥിതികൊണ്ടു നിവൃത്തിയി ല്ലെങ്കിൽ അവസരോചിതമായ പ്രാത്ഥനകൾ ചൊല്ലിക്കൊടു ക്കുന്നതു നന്നായിരിക്കും. എങ്ങിനേയും ഭക്തിപരമായ ഒരു വാരീക്ഷം അവിടെ ഉണ്ടായിരിക്കണം. ഒച്ചപ്പാടുകൊണ്ടും ആവശ്യമില്ലാത്ത വത്തമാനംകൊണ്ടും രോഗിയുടെ പ്രാത്ഥനാ രൂപിയെ നശിപ്പിക്കരുതു്. ഇതു തുടന്നു പോകുന്നതിനും ശ്ര ദ്ധിക്കണം.

മരണാസന്നനായ ഒരു രോഗിക്കുവേണ്ടി തിരുസഭ നി ദ്ദേശിക്കുന്ന അന്ത്യശുശ്രൂഷകളിൽ ഇനിയും ശേഷിച്ചിട്ടുള്ളതു പൂണ്ണദണ്ഡവിമോചനപ്രാപ്തിക്കുള്ള ആശീവ്വാദമാണു്. രോ ഗിയുടെ സ്ഥിതി അപകടത്തിലാണു് എന്നു കണ്ടാൽ അതും അപ്പോൾതന്നെ കൊടുക്കാവുന്നതാണു്. ആ ആശീവ്വാദത്തി ൻെറ ഫലസിദ്ധി ഉണ്ടാകുന്നതു് മരണത്തിൻെറ അവസാന നിമിഷത്തിലാണു് എന്നു മനസ്സിലാക്കണം. ഇതുപോലെത ന്നെയാണു് ഓരോ സഭകളുടെ പ്രത്യേകാനുമതി അനുസരി ച്ചു നൽകപ്പെടുന്ന മുഴുവൻദോഷപൊറുതികളും. അതുകൊണ്ടു മരിക്കുന്നസമയത്തു ഒരു വൈദികൻ അരികത്തുണ്ടാകുന്നതും പാപമോചനവും ആശീവ്വാദവും തരുന്നതിന്നിടയാകുന്നതും ഏറ്റം അഭിലഷണീയമാണു്. എങ്കിലും അതിൻെറ കുറവി ൽ നാം ആശങ്കപ്പെടേണ്ടതില്ല. യോഗ്യമായ ഒരു മനഃ സ്ഥിതി നിലനിത്തുന്നതിനാണു ശ്രദ്ധിക്കേണ്ടതു്. അനുതാ പത്തോടും പ്രാത്ഥനയോടുംകൂടി നാം മരിക്കുന്നുവെങ്കിൽ ആ നിമിഷത്തിൽ നമ്മുടെ യോഗ്യതയുടെ പരമാവധിവരെ പാ പപ്പൊറുതിയും ദണ്ഡവിമോചനങ്ങളും ലഭിക്കത്തക്ക ഏപ്പാ ടുകൾ തിരുസഭയിൽ സജ്ജമാക്കിയിട്ടുണ്ടു്. ഏതാദൃശമായ ഒ രു മനഃസ്ഥിതിയുടെ അഭാവത്തിൽ ബാഹ്യമായ ചടങ്ങുകളെ ല്ലാം നിഷ്ഫലമാകാനും ഇടയുണ്ടല്ലോ.

ഈ അന്ത്യശുശ്രൂഷകളെല്ലാം തക്കസമയത്തു രോഗിക്കു ലഭിക്കുന്നതിനു ഇടയാകത്തക്കവണ്ണം വിവരം നേരത്തെ ഇടവ

ക വികാരിയെ അറിയിക്കണമെന്നു പറഞ്ഞുവല്ലോ. അക്കാര്യത്തിൽ നാം വളരെ വിവേകത്തോടുകൂടിത്തന്നെ പ്രവത്തിക്കണം. നാളെയാകട്ടെ, വെയിലാറട്ടെ, നേരം വെളുക്കട്ടെ എന്നൊന്നും വിചാരിച്ചു അവിവേകമായി നീട്ടിവെക്കരുതു്. അതുപോലെതന്നെ ആവശ്യം കൂടാതെ അസമയങ്ങളിൽ വൈദികനെ ബുദ്ധിമുട്ടിച്ചിട്ടും ആവശ്യമില്ല. സാധാരണ ഗതിയിൽ ഇതു രാത്രിയിലേക്കു നീട്ടിവെയ്ക്കരുതു്. നിവൃത്തിയുള്ളിടത്തോളം വൈദികനെ വിളിക്കാൻ കുട്ടികളെ പറഞ്ഞുവിടരുതു്. കാരണം, രോഗസ്ഥിതിയേയും രോഗിയേയും സംബന്ധിച്ചു പല കാര്യങ്ങളും വൈദികനു ചോദിച്ചറിയാനുണ്ടാകും. സാധാരണയായി വൈദികനെ അറിയിക്കാൻ പോകുന്ന ആൾ രോഗിയെ സംബന്ധിച്ചു അറിഞ്ഞുപോകേണ്ടകാര്യങ്ങൾ രോഗസ്ഥിതി, വൈദ്യൻ രോഗത്തെപററി എന്തഭിപ്രായം പറയുന്നു, ബോധമുണ്ടോ സംസാരിക്കുമോ, ആ രോഗത്തിൽ അതിനുമുമ്പു ഒപ്രൂശുമ കൈക്കൊണ്ടിട്ടുണ്ടോ ഉണ്ടെങ്കിൽ എത്രനാളായി, അതിൽ പിന്നീടു സുഖപ്പെട്ടനടന്നുവോ, വിശുദ്ധകുർബാന ഉൾക്കൊള്ളാൻ ഒരുക്കമുണ്ടോ, തിരുവോസ്തി ഇറക്കാൻ സാധിക്കുമോ, ഛർദ്ദിയുണ്ടോ, കലശലായ അതിസാരമുണ്ടോ, മറേറതെങ്കിലും പ്രത്യേകസാഹചര്യങ്ങൾ ഉണ്ടോ എന്നൊക്കെയാണു്. ഇങ്ങനെ പലകാര്യങ്ങളും അറിഞ്ഞിട്ടുവേണം അതനുസരിച്ചു അദ്ദേഹത്തിനു ഒരുങ്ങിപോരുന്നതിനു്. വൈദികൻ വരുന്നവിവരം നേരത്തെ രോഗിയെ അറിയിക്കുകയും കൂദാശകൾ സ്വീകരിക്കുന്നതിനു ഒരുങ്ങുവാൻ അയാളെ സഹായിക്കുകയും ചെയ്യണം. എന്നാൽ രോഗിയുടെ മനസ്ഥിതിയെ മനസ്സിലാക്കി ഇതു വിവേകപൂർവ്വം ചെയ്യേണ്ടതാണു്. ആവശ്യമില്ലാത്ത ഭയത്തിനോ ക്ഷോഭത്തിനോ രോഗിയെ വശഗനാക്കരുതു്. അങ്ങിനെ എന്തെങ്കിലും പ്രത്യേക സാഹചര്യമുണ്ടെങ്കിൽ അതു വൈദികനെ വേണ്ടതരത്തിൽ അറി

യിക്കുക. അദ്ദേഹം വേണ്ടതു വിവേകപൂർവ്വം ചെയ്തുകൊള്ളും. വൈദികനെ വിളിക്കാൻ പോകുന്ന ആളോ അല്ലെങ്കിൽ മററാരെങ്കിലും പരിചയമുള്ള ആളോ അദ്ദേഹത്തെ വഴികാട്ടണം.

രോഗി തിരിച്ചറിവു വരുത്താത്ത ഒരു കുട്ടിയാണെങ്കിൽ ഈ ശുശ്രൂഷകളൊന്നും അവക്കു ആവശ്യമില്ല. അതിനായി വൈദികനെ കൊണ്ടുവരികയും വേണ്ട. എന്നാൽ അവരെ ആശീർവ്വദിക്കുന്നതിനോ അവരുടെ രോഗശാന്തിക്കായി പ്രത്യേക പ്രാർത്ഥന നടത്തുന്നതിനോ അദ്ദേഹത്തെ കൊണ്ടുവരാവുന്നതാണു്. എന്നാൽ കുട്ടി തിരിച്ചറിവു വച്ചതാണെങ്കിൽ കുമ്പസാരിച്ചില്ലെന്നോ, വിശുദ്ധകുർബാന ഉൾക്കൊണ്ടിട്ടില്ലെന്നോ ഉള്ള കാരണങ്ങളാൽ ഈ കൂദാശ ആവശ്യമില്ലായെന്നു വരുത്തരുതു്. ഒരു പക്ഷെ അവക്കു ഇതു കൂടുതൽ അത്യാവശ്യമായി വന്നേക്കാം. കാരണം അവരുടെ പാപപ്പൊറുതി ഒപ്പുശുമാകൊണ്ടു സാധിക്കാവുന്നതാണു്. അതുകൊണ്ടു തിരിച്ചറിവുവച്ച കുട്ടികളെ സംബന്ധിച്ചു് അവക്കു കൊടുക്കാവുന്ന അന്ത്യകൂദാശകളെല്ലാം കൊടുക്കണം.

രോഗികളെ സന്ദർശിക്കുന്നതിലും അവക്കു ആവശ്യമാ നല്ല വിചാരങ്ങൾക്കുള്ള പ്രകാശനം നൽകുന്നതിലും ചില കാര്യങ്ങൾ നാം ഓർമ്മവയ്ക്കേണ്ടതുണ്ടു്. രോഗികളെ സന്ദർശിക്കുന്നതു ഒരു വലിയ ഉപവിപ്രവൃത്തിയാണു്. പക്ഷെ അതുകൊണ്ടു് ഉപദ്രവമുണ്ടാക്കാൻ ഇടയാക്കരുതു്. ഉപദ്രവങ്ങൾ രണ്ടുതരത്തിലുണ്ടാകാം: ശാരീരികമായതും ആത്മീയമായതും. ഒരു രോഗിയുടെ രോഗസ്ഥിതിയോ അയാൾ അനുഭവിക്കുന്ന വിഷമതകളോ ഒന്നും ചിന്തിക്കാതെ അയാളെക്കൊണ്ടു സംസാരിപ്പിക്കുന്നതിനും സ്വസ്ഥമായി വിശ്രമിക്കുന്നതിനു അനുവദിക്കാതിരിക്കുന്നതിനും ചിലക്കുള്ള വാസന ദുസ്സഹമാണു്. അവശനായി കിടക്കുന്ന ഒരു രോഗി മിണ്ടിയില്ല എന്ന പരാതിയുടെ അർത്ഥമില്ലായ്മയെപ്പററി എന്തു പറയട്ടെ! ആത്മീ

യമായ ഉപദ്രവങ്ങളാണ് കൂടുതൽ സാധാരണയായിട്ടുള്ളതു്. ദൈവതിരുമുമ്പാകെ തൻെറ ആത്മാവിനെ കയ്യാളിക്കാൻ ഒരുങ്ങുന്ന രോഗിയുടെ മനസ്സിനെ സവ്വപ്രധാനമായ ആ ഉദ്യമത്തിൽനിന്നും അകററുന്ന ലോകവത്തമാനങ്ങളുംകൊണ്ടാണു് ഇക്കൂട്ടർ വന്നുകയറുന്നതു്. രോഗിയോടു അങ്ങനെയുള്ള വത്തമാനങ്ങൾ പറയാൻ സൗകൎയ്യമില്ലെങ്കിൽ അവർ രോഗിയുടെ കട്ടിലിനരികെ വട്ടമിട്ടിരുന്നു ഓരോന്നായി വൎണ്ണിക്കാൻ തുടങ്ങും. ഇതിൻെറ ഫലം ഉപദ്രവംതന്നെ. അതുകൊണ്ടു് രോഗികളെ സന്ദശിക്കുന്ന മഹനീയമായ ഉപവിപ്രവൃത്തി അവൎക്കു ഒരുവിധത്തിലും ഉപദ്രവമാകാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

നമ്മുടെ സന്ദശനം രോഗിക്കു സദ്‌വിചാരങ്ങൾക്കുള്ള ഒരു പ്രേരണയായിരിക്കണം. അതിനായി എന്താണു് നാം ചെയ്യേണ്ടതു്, നമ്മുടെ സംഭാഷണം എന്തുവിഷയത്തെക്കുറിച്ചായിരിക്കണം എന്നെല്ലാം നാം നന്നായി ചിന്തിക്കണം. സവ്വോപരി രോഗത്തിൻെറ അസുഖകരമായ സാഹചയ്യങ്ങളെ ക്ഷമാപൂവ്വം സഹിക്കുന്നതിനും അതിൽനിന്നു ഫലമെടുക്കുന്നതിനും ഉള്ള ഒരു മനഃസ്ഥിതിയെ പ്രോത്സാഹിപ്പിക്കുന്നതിനായിരിക്കണം നമ്മുടെ ശ്രമം. രോഗം പലേ അസ്വസ്ഥതകളേയും നമ്മുടെ ശരീരത്തിലും മനസ്സിലും ഉളവാക്കുന്നതാണു്. പീഡകളും വേദനകളുംകൊണ്ടു രോഗി ദുർബലനാകുന്നു. അറിയാതെതന്നെ മനസ്സിനു ഈർഷ്യയുണ്ടാകുന്നു. ഇങ്ങനെയുള്ള സ്ഥിതിയിൽ ക്ഷമയോടുകൂടി ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി "എൻെറ ഇഷ്ടമല്ല, അങ്ങേ തിരുമനസ്സ് നിറവേറട്ടെ" എന്നു പറയത്തക്ക ഒരു മനസ്സാന്നിദ്ധ്യം ഉണ്ടാകുന്നതിനു സഹായിക്കുന്നതാണു് യഥാൎത്ഥമായ പരസ്നേഹപ്രവൃത്തി. കൂടാതെ രോഗി അന്ത്യകൂദാശകൾ സ്വീകരിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ പാപങ്ങളെപ്പററിയുള്ള അനുതാപവും ആ കൂദാശകൾ ഭക്തിയായി സ്വീകരിക്കുന്നതിനുള്ള ആഗ്രഹവും രോഗിയിൽ ഉള

വാകുന്നതിനു ശ്രമിക്കണം. രോഗിക്കു സൽപ്രേരണകൾ ഉണ്ടാക്കാവുന്ന സംഭവങ്ങൾ, പ്രത്യേകിച്ചു വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളിൽനിന്നു പറഞ്ഞുകേൾപ്പിക്കുന്നതു് വളരെ നല്ലതാണു്. അശക്തനായ രോഗിയെ നിരാശയിൽപെടുത്തുന്നതിനു ഇടവരാവുന്ന കാൎയ്യങ്ങൾ ആപൽക്കരങ്ങളാണു് എന്നു പ്രത്യേകം ഓൎമ്മിക്കണം. എളുപ്പമുള്ളവയും രോഗിക്കു സുപരിചിതങ്ങളുമായ സുകൃതജപങ്ങൾ ഇടയ്ക്കിടയ്ക്കു ഓൎമ്മിപ്പിച്ചുകൊടുക്കുകയും, വിശുദ്ധ കുരിശുരൂപവും കൊന്തയും നിവൃത്തിയുള്ളിടത്തോളം രോഗിയുടെ കൈയിൽതന്നെ വച്ചുകൊണ്ടിരിക്കാനും അടുത്തടുത്തു അവയെ ഭക്തിപൂൎവ്വം ചുംബിക്കുന്നതിനും സഹായിക്കുകയുംവേണം. ഈ വിധത്തിലാണു് രോഗിയെ സന്ദൎശിക്കുന്ന പരസ്നേഹപ്രവൃത്തി ഫലപ്രദമാക്കേണ്ടതു്.

ഓരോരുത്തരുടെയും ജീവിതസ്ഥിതിയും ഉത്തരവാദിത്വങ്ങളും അനുസരിച്ചു അവനവന്റെ ലോകകാൎയ്യങ്ങളും വേണ്ട സമയത്തു ക്രമപ്പെടുത്തേണ്ടതു് എല്ലാവരുടെയും കടമയാണു്. ഈ വിധ കാൎയ്യങ്ങൾ രോഗത്തിന്റെ മൂൎദ്ധന്യത്തിലേക്കു നീട്ടിവയ്ക്കുന്നതു ശരിയല്ല. എന്നാൽ രോഗത്തിലായിട്ടും അതൊന്നും ചെയ്തിട്ടില്ലെങ്കിൽ പാടുള്ളത്ര നേരത്തെ അക്കാൎയ്യങ്ങൾ ശരിപ്പെടുത്തുന്നതിനും രോഗിയെ ഉപദേശിക്കുകയും സഹായിക്കുകയും വേണം. മുതൽ ഇടപെട്ട കാൎയ്യങ്ങളെല്ലാം നീതിപൂൎവ്വവും അവനവന്റെ നല്ല നിയോഗങ്ങൾക്കനുസരിച്ചും ക്രമപ്പെടുത്തി ഒരു വിൽപ്പത്രം തയ്യാറാക്കിവയ്ക്കേണ്ടതു് കുടുംബനായകന്മാരുടെയും മുതൽ കൈകാൎയ്യം ചെയ്യുന്നവരുടേയും ഒരു പ്രധാന കടമയാണു്. വിൽപ്പത്രത്തിൽ ഉത്തരിക്കേണ്ട എന്തെങ്കിലുമുണ്ടെങ്കിൽ അതിനു വ്യവസ്ഥ ചെയ്യുക, തന്റെ ആത്മാവിനുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ അതിനുള്ള വക കാണുക, തന്റെ സന്താനങ്ങളോ അവകാശികളോ തന്റെ സ്വത്തു എങ്ങനെ വീതിച്ചെടുക്കണമെന്നു ഖണ്ഡിതമായി നിൎണ്ണയിച്ചുവയ്ക്കുക ഇവയെല്ലാം ചെയ്തിരിക്കണം. വിൽപ്പ

ത്രം വളരെ ലളിതവും അനാവശ്യമായ വക്രത ഒട്ടമില്ലാത്തതു മായിരിക്കണം. അല്ലെങ്കിൽ കാലാന്തരത്തിൽ അതു ഒരു കീറാമുട്ടിയായി കുടുംബാംഗങ്ങൾതമ്മിൽ കലാപത്തിനു കാരണമാകും. അതുപോലെതന്നെ തമ്മിൽതമ്മിൽ ഉള്ള വൈരാഗ്യങ്ങളും വഴക്കുകളും പറഞ്ഞുതീൎത്തു എല്ലാവരുമായി രമ്യപ്പെടുന്നതിനും കാലവിളംബം വരുത്തരുതു്. ഇവയിലെല്ലാം ആവശ്യമായ നിദ്ദേശങ്ങളും സഹായങ്ങളും ബാക്കിയുള്ളവർ ചെയ്തുകൊടുക്കണം.

ഇങ്ങനെ എല്ലാവിധത്തിലും ആസന്നമായ മരണത്തിനു ഒരുങ്ങിയശേഷം ആ ഭാഗ്യനിമിഷത്തെ പ്രതീക്ഷിച്ചുകൊണ്ടു പരിപൂൎണ്ണമായ കീഴ്‌വഴക്കത്തിൻെറ മനസ്ഥിതിയിൽ തുടരണം. ഈ സമയത്തു വിശ്വാസത്തിൻെറയും ശരണത്തിൻെറയും സ്നേഹത്തിൻെറയും പ്രകരണങ്ങൾ വാക്കുകൾകൊണ്ടല്ലെങ്കിൽ മനസ്സുകൊണ്ടെങ്കിലും പലവട്ടം ചെയ്തുകൊണ്ടിരിക്കണം. ദൈവത്തിൻെറ അനന്തമായ അനുഗ്രഹത്തിൽ ഉറച്ചുവിശ്വസിച്ചു ദൈവസ്നേഹത്തെ തന്നിൽ കൂടുതൽ കൂടുതൽ വൎദ്ധിപ്പിക്കുന്നതിനു ശ്രമിക്കണം. എല്ലാവരോടും താൻ ഹൃദയപൂൎവ്വം കുററങ്ങൾ ക്ഷമിക്കുകയും മാപ്പപേക്ഷിക്കുകയും യഥാൎത്ഥമായ ക്രിസ്തീയ പരസ്നേഹത്തിൻെറ പ്രകരണങ്ങൾ ചെയ്യുകയുംവേണം. മാത്രമല്ല, ദൈവം വീണ്ടും തനിക്കു ആയുസ്സു തരികയാണെങ്കിൽ സകല തെററുകളേയും വിട്ടകന്നു ദൈവപ്രമാണങ്ങളെ ഏററം അധികം സ്നേഹിച്ചു നിവൎത്തിച്ചു ജീവിക്കുന്നുണ്ടു് എന്നു ഹൃദയപൂൎവ്വം പ്രതിജ്ഞചെയ്യണം. തൻെറ രോഗവും അതിൻെറ പീഡകളും മരണംതന്നെയും കൎത്താവീശോമിശിഹായുടെ പീഡകളോടും മരണത്തോടും ഒന്നിപ്പിച്ചു കാഴ്ചവയ്ക്കുകയും വേണം. ഇങ്ങനെ ഒരു യഥാൎത്ഥ ക്രിസ്തീയമരണത്തിനു തയ്യാറായി കിടക്കുന്ന രോഗിയുടെ അന്ത്യനിമിഷം വന്നുചേരുകയും "വിശ്വസ്തനായ ഭൃത്യാ, നിൻെറ നാഥൻെറ ആനന്ദത്തിലേക്കു നീ പ്രവേശിക്കുക" എന്നുള്ള ദിവ്യരക്ഷകൻെറ സ്വരം കേൾക്കപ്പെടു

കയുംചെയ്യും. ഈദൃശമരണത്തെക്കുറിച്ചാണ് സങ്കീർത്തകൻ പാടുന്നതു്: "നീതിമാന്മാരുടെ മരണം കർത്താവിന്റെ മുമ്പിൽ വിലമതിക്കപ്പെട്ടതാകുന്നു" എന്നും. ഈ മരണത്തിൽ ആരും ദുഃഖിക്കേണ്ട ആവശ്യമില്ല. അതു നിത്യസന്തോഷത്തിന്റെ നാന്ദിയാണ്. ആകയാൽ ക്രിസ്ത്യാനികളുടെ വീടുകളിൽ മരണാവസരങ്ങളിൽ "വിശ്വാസമില്ലാത്ത അജ്ഞാനികളെപ്പോലെ"യുള്ള നിലവിളികളും അട്ടഹാസങ്ങളും ഗോഷ്ടികളും ഉണ്ടാകരുതു്.

മരിച്ചവിശ്വാസികളെ സംബന്ധിച്ച തിരുസഭ ഏററം വലിയ ആദരവാണ് എപ്പോഴും പ്രദർശിപ്പിക്കുന്നതു്. അവരുടെ മൃതശരീരം ആഡംബരപൂർവ്വം പ്രത്യേകകർമ്മങ്ങളോടും പ്രാർത്ഥനകളോടുംകൂടി പൂജ്യമായി സംസ്കരിക്കുന്നു. അവരുടെ ഓർമ്മയെ സ്നേഹപൂർവ്വം കൊണ്ടാടുന്നു. അവർക്കുവേണ്ടി തുടർച്ചയായി തിരുകർമ്മങ്ങളും പ്രാർത്ഥനകളും പരിഹാരകൃത്യങ്ങളും സമർപ്പിക്കുന്നു. ബന്ധവിമോചനത്തിന്റെ ഭണ്ഡാഗാരം അവർക്കുവേണ്ടി തുറന്നിരിക്കുന്നു ശിമത്തേരികൾ ഏററം പൂജ്യമായി സംരക്ഷിക്കുകയും വിശ്വാസികൾ അവരുടെ മരിച്ചവരുടെ കുഴിമാടങ്ങളെ ഭക്തിപൂർവ്വം സന്ദർശിച്ച പ്രാർത്ഥിക്കുകയും ചെയ്യുന്നു. പാട്ടുള്ളിടത്തോളം പ്രാർത്ഥനാലയമായ പള്ളിയോടുതൊട്ടടുത്തുതന്നെ ഈ സ്ഥലം സജ്ജമാക്കപ്പെടുന്നു. ആദ്യകാലങ്ങളിൽ പള്ളിയിലും പരിസരങ്ങളിലും തന്നെയാണ് വിശ്വാസികളുടെ ശവം മറവു ചെയ്തിരുന്നതു്. ഇങ്ങനെ ശരീരത്തിൽ മരണംമൂലം വിശ്വാസികൾ വേർപെടുന്നുവെങ്കിലും തിരുസഭയിലും വിശ്വാസത്തിലും അവർ യോജിച്ചുതന്നെയിരിക്കുന്നു എന്നുള്ള തത്വം പ്രായോഗികമാക്കപ്പെടുന്നു. അതുകൊണ്ടു നമ്മുടെ മരിച്ചവരുടെ സ്മരണയെ നാം സ്നേഹപൂർവ്വം നിലനിർത്തുകയും, അവരുടെ കുഴിമാടങ്ങളും ശരീരാവശിഷ്ടങ്ങളും നാം സംപൂജ്യമായി കരുതുകയും, അവരുടെ ആത്മശാന്തിക്കായി നമ്മുടെ പ്രാർത്ഥനകളും പരിഹാരകൃത്യങ്ങളും നിയോഗിക്കുകയും ചെയ്യണം. മരിച്ച ആളുടെ ആത്മശാന്തിക്കു ഏററം ഫലദായകമായ കർമ്മം അൾ

ത്താരയിലെ ദിവ്യബലിയാണ്. ആകയാൽ തിരിച്ചറിവു വച്ചശേഷം മരിച്ച ആളുകളുടെ ശവസംസ്കാരചടങ്ങുകളിലും അവരുടെ സ്മരണയെ കൊണ്ടാടുന്ന അവസരങ്ങളിലും ദിവ്യബലിക്കു പ്രഥമസ്ഥാനം നൽകണം.

ഒരാൾ മരിക്കുമ്പോൾ വിവരം തക്കസമയത്തു പള്ളിയിൽ അറിയിക്കണം. സാധാരണ ഒരു ഇടവകയിൽ ആരെങ്കിലും മരിച്ചാൽ ആ വിവരം വിശ്വാസികളെ അറിയിക്കുന്നതിനും മരിച്ച ആൾക്കുവേണ്ടി പ്രാർത്ഥിക്കാൻ അവരെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി "മരണമണി" അടിക്കുക പതിവുണ്ട്. ശവസംസ്കാരം സംബന്ധിച്ച ചടങ്ങുകൾ നിർണ്ണയിക്കുന്നതിനു ബ. വികാരിയോടുകൂടി ആലോചിച്ച സമയവുംമററും നിശ്ചയിക്കണം. അല്ലാത്തപക്ഷം അനാവശ്യമായ ബുദ്ധിമുട്ടുകൾക്കും താമസത്തിനും ഇടയായിയെന്നു വരാം. മരിച്ച ആൾ മാതൃകാപരമായ ഒരു കത്തോലിക്കാജീവിതം നയിച്ചിരുന്നില്ലെങ്കിൽ ശവസംസ്കാരം സംബന്ധിച്ച പലേ തടസ്സങ്ങളും ഉണ്ടാകാവുന്നതാണ്. അയാൾ വിശ്വാസം ഉപേക്ഷിക്കുകയോ, ഇടത്തുടിലോ ശീശ്മയിലോ ഉൾപ്പെടുകയോ ചെയ്തശേഷം ആ നിലയിൽ ജീവിച്ച മരിച്ചുവെങ്കിൽ അയാളുടെ മൃതശരീരം വിശുദ്ധസ്ഥലത്തു അടക്കുന്നതിനോ സഭാചട്ടപ്രകാരം ആഘോഷമായ ഒരു ക്രിസ്തീയസംസ്കാരചടങ്ങുകൾ നടത്തുന്നതിനോ പാടില്ല. അപ്രകാരംതന്നെ സഭയുടെ ഏതെങ്കിലും മുടക്കിൽപെട്ട അതേനിലയിൽ മരിച്ച ആൾക്കും വിശുദ്ധസ്ഥലത്തു അടക്കം അനുവദിക്കാവുന്നതല്ല. സുബോധത്തോടുകൂടി ആത്മഹത്യ ചെയ്യുന്നവരേയും, ദ്വന്ദ്വയുദ്ധത്തിൽ മരിക്കുന്നവരേയും, മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവരേയും ശിമത്തേരിയിൽ വിശുദ്ധസ്ഥലത്തു അടക്കിക്കൂടാ. അവരെ ശിമത്തേരിയിൽ വിശുദ്ധസ്ഥലത്തിനു പുറമെ എവിടെയെങ്കിലും അടക്കണം. തിരുസഭയുടെ കമ്മങ്ങളൊന്നും ഔദ്യോഗികമായി അവക്കുവേണ്ടി നടത്തപ്പെടുകയുമില്ല. ഇതെല്ലാം നേരത്തെതന്നെ സ്ഥലത്തെ വികാരിയച്ചനുമായി ആലോചിച്ച ഗ്രഹിക്കേണ്ട കാര്യങ്ങളാണ്.

ശവമഞ്ചം ദുഃഖസൂചകമായ കറുപ്പുനിറമുള്ളതായിരിക്കണം. ആഡംബരങ്ങളെക്കാൾ അനാഡംബരതയാണ് ശവസംസ്കാരകമ്മത്തെ പരിപൂതമാക്കേണ്ടതു്. കൃത്യസമയത്തുതന്നെ കമ്മങ്ങൾ ആരംഭിക്കത്തക്കവണ്ണം വേണ്ട സജ്ജീകരണങ്ങളെല്ലാം നേരത്തെ ചെയ്യുന്നതിനു ശ്രദ്ധിക്കണം. ക്രമരഹിതവും നിരാശാജന്യവുമായ പ്രകടനങ്ങളും പ്രലപനങ്ങളും ക്രിസ്തീയ വിശ്വാസത്തിനു യോജിച്ചതല്ല. തിരുക്കമ്മങ്ങളിൽ എല്ലാവരും സജീവമായി ഭക്തിപൂർവ്വം പങ്കെടുക്കുകയും പരേതൻെറ ആത്മശാന്തിക്കായി പ്രാത്ഥിക്കുകയുംവേണം. വീട്ടിൽനിന്നു പള്ളിയിലേക്കും അവിടെനിന്നു ശിമത്തേരിയിലേക്കും ശവമഞ്ചം വഹിക്കപ്പെടുന്ന പ്രദക്ഷിണം ഏററവും ഭക്തിദ്യോതകമായിരിക്കണം. ആ അവസരത്തിനു യോജിക്കാത്ത മേളങ്ങളോ ഘോഷങ്ങളോ ഉണ്ടാകരുതു്. എല്ലാവരും അണിനിരന്നു പ്രാത്ഥന ചൊല്ലി പോകുന്നതാണ് ഭക്തിപരവും ആദരണീയവുമായിട്ടുള്ള രീതി. പരേതൻെറ സ്വന്തപ്പെട്ടവർതന്നെ ശവമഞ്ചം വഹിക്കുന്നതു് ആശാസ്യമായ ഒരു അന്ത്യോപചാരമാണ്. ഇങ്ങനെ ഭക്തിപരമായി നടത്തപ്പെടുന്ന ശവസംസ്കാരം നമ്മുടെ വിശ്വാസത്തെ വിശദമാക്കുന്ന ഒരു മൗനപ്രകടനമായിരിക്കും. മാത്രമല്ല, അതു നമ്മുടെതന്നെ അന്ത്യത്തെപ്പററി ധ്യാനിക്കുന്നതിനുള്ള ഒരു സുവർണ്ണാവസരവുമാണ്. ശിമത്തേരിയിൽ എത്തി ആശീർവ്വദിച്ച കുഴിയിൽ ശവമഞ്ചം മറവുചെയ്തു "മനുഷ്യാ നീ പൊടിയാകുന്നു; പൊടിയിലേക്കു നീ പിന്തിരിയും" എന്നുള്ള മഹാവാക്യത്തെ അനുസ്മരിച്ചു ഒരു കിള്ളു മണ്ണിട്ടുകൊണ്ടു് ആ സഹോദരനോടോ സഹോദരിയോടോ യാത്രപറഞ്ഞു പോരുമ്പോൾ "ഇന്നു ഞാൻ, നാളെ നീ" എന്നു നമ്മുടെ കാതുകളിൽ മന്ത്രിക്കുന്ന ആ പ്രതിധ്വനിയെപ്പററിയും അവഗാഢമായി നാം ചിന്തിക്കുക. ഈ രംഗം നമുക്കുവേണ്ടിയും ആവത്തിച്ചഭിനയിക്കപ്പെടുമെന്നും അതിനു് ഇന്നും നാളെയുമെന്നുള്ള ദിവസവ്യത്യാസം മാത്രമേ ഉള്ളുവെന്നും ആലോചിച്ചു അതിനുള്ള ഒരുക്കത്തിൽ ജാഗ്രതാപൂർവ്വം ഏപ്പെടുക.

DHARMARAM COLLEGE LIBRARY, BANGALORE 19849

നമ്മിൽനിന്നു ശാരീരികമായി പിരിഞ്ഞുപോയിട്ടുള്ള സഹോദരീസഹോദരന്മാരെപ്പററി നാം കൂടെക്കൂടെ ചിന്തിക്കുകയും അവർക്കുവേണ്ടി പ്രാത്ഥിക്കുകയും ചെയ്യണം. എന്നാൽ അവരെ സംബന്ധിച്ച ചില പ്രത്യേക സ്മരണാദിവസങ്ങൾ കൊണ്ടാടേണ്ടതു ആവശ്യമാണു്. അതിൽ ഏററവും പ്രധാനമായ ഒന്നാണു് വാർഷികദിനം. ഒരാൾ മരിച്ച തീയതി ആണ്ടുതോറും സമീപിക്കുമ്പോൾ അതു അഗണ്യമായി കടന്നുപോകുവാൻ നാം ഇടയാക്കരുതു്. നിവൃത്തിയുള്ളപക്ഷം അന്നു പരേതനുവേണ്ടി ദിവ്യബലി അപ്പിക്കുകയും ആ ദിവ്യബലിയിൽ പരേതൻെറ സ്വന്തപ്പെട്ടവരും സ്നേഹിതന്മാരും സംബന്ധിക്കുന്നതിനു ശ്രദ്ധിക്കുകയും വേണം. ആ പ്രത്യേക ദിവസത്തേക്കായിട്ടു് തിരുസഭയിൽ പ്രത്യേകമായ കുർബാനക്രമംതന്നെ ഏപ്പെടുത്തപ്പെട്ടിട്ടുണ്ടു്. കൂടാതെ അന്നു നാം പ്രത്യേകമായ പരിഹാരപ്രവൃത്തികൾ ചെയ്തു കാഴ്ചവയ്ക്കുകയും ദാനധമ്മം ശക്ത്യനുസരണം ചെയ്യുകയുംവേണം. ഇങ്ങനെ മരിച്ചവരോടുള്ള നമ്മുടെ സ്നേഹത്തേയും കടപ്പാടിനേയും നിലനിത്തി പ്രവത്തിക്കേണ്ടതു നമ്മുടെ ക്രിസ്തീയ ഉപവിയും കടമയുമാണു്.

ജോർജ്ജ്: അച്ചാ, മരിച്ചുപോയ കുട്ടികൾക്കുവേണ്ടി അപേക്ഷിക്കേണമോ?

ഫാ. പീ: കൊച്ചുകുട്ടികൾ മരിച്ചാൽ അവർ മാലാഖമാരുടെ ഗണത്തിൽ പെടുന്നുവെന്നല്ലേ നാം പറയുന്നതു്. മനുഷ്യൻ മാലാഖായാകുന്നു എന്നല്ല അതിൻെറ അത്ഥം. അവരിൽ യാതൊരു പാപകളങ്കവും ഇല്ലാത്തതുകൊണ്ടു അവർ സ്വഗ്ഗഭാഗ്യത്തിലേക്കു സ്വീകരിക്കപ്പെടുന്നു. അവക്കു നമ്മുടെ പ്രാത്ഥനയുടെയും പരിഹാരങ്ങളുടെയും ആവശ്യമില്ല.

മേരി: ശിമത്തേരിയിൽ കുട്ടികളെ എല്ലാം ഒരു പ്രത്യേക സ്ഥലത്തു കുഴിച്ചിടുന്നതു കാണാം ഇതെന്തിനാണു്.

ഫാ: പീ: അവരെല്ലാം മാലാഖമാക്കു സമന്മാരല്ലേ. അതുകൊണ്ടു് അവരുടെ ശരീരാവശിഷ്ടങ്ങൾക്കും ഒരുപ്രത്യേ

കസ്ഥാനം തിരിച്ചിട്ടിരിക്കുന്നു. അത്രേ ഉള്ളൂ.

തോമസ്: എന്നാൽ നല്ലവക്കും ദുഷ്ടന്മാക്കും സ്ഥലം തിരിച്ചിടാൻ പാടില്ലേ.

ഫാ: പീ: നിവൃത്തിയുണ്ടെങ്കിൽ അങ്ങിനെ ചെയ്യാമായിരുന്നു. പക്ഷെ ആരാണു് അങ്ങിനെ തിരിക്കുന്നതു്. മരണസമയത്തു ഈശോമിശിഹാ അങ്ങിനെ തിരിക്കും. അതാണു് വിധി. പക്ഷെ അതു നമുക്കറിയാൻ നിവൃത്തിയില്ലല്ലൊ. അവസാനദിവസം ശരീരങ്ങളും തമ്മിൽ തിരിയുമെന്നും ദുഷ്ടന്മാർ ശിക്ഷയ്ക്കായിട്ടും ശിഷ്ടന്മാർ സൗഭാഗ്യത്തിന്നായിട്ടും രണ്ടു ശേഖരമായി നിത്തപ്പെടുമെന്നും നമുക്കറിയാം. ഓരോരുത്തരുടേയും ആത്മാവിന്റെ സ്ഥിതിയെപ്പററി നാം വിധിക്കരുതു് എന്നാണു് ഇതുകൊണ്ടു് തിരുസഭ ഉദ്ദേശിക്കുന്നതു്. പുറമെയുള്ള സാഹചര്യങ്ങൾകൊണ്ടു തിരുസഭയുടെ അംഗത്വം നിഷേധിക്കുന്നവരെമാത്രമേ തിരുസഭ ഈ വിശുദ്ധസ്ഥലത്തു നിന്നും അകററുകയുള്ളൂ. അതാണല്ലോ ചിലരുടെ ശവം ശിമത്തേരിയിൽ അടക്കാൻ അനുവദിക്കാത്തതു്.

തോമസ്: കുട്ടികളുടെ ശവസംസ്കാരം ഘോഷമായിരിക്കണെമെന്നുണ്ടോ?

ഫാ: പീ: ഉണ്ടു്. അവരുടെ സ്വർഗ്ഗപ്രാപ്തി സുനിശ്ചിതമാകയാൽ അവരെ ഘോഷമായിട്ടാണു് അടക്കുന്നതു്. നിങ്ങൾ കണ്ടിട്ടില്ലേ, അവരുടെ ശവമഞ്ചം ഭംഗിയായി അലങ്കരിച്ചിരിക്കും. ബാക്കിയുള്ളവരുടേതു ദുഃഖസൂചകമായി കറുപ്പുനിറത്തിലുള്ളതായിരിക്കും. കുട്ടികളുടേതു വെള്ളനിറത്തിലുള്ളതും ഭംഗിയായി ചിത്രവേലകൾ ചെയ്തതുമാണു്. അതുപോലെതന്നെ അവരുടെ സംഘട്ടം വൈദികൻ ചൊല്ലുന്ന നമസ്കാരങ്ങളും പ്പ്ശായകളും. പാടുന്ന പാട്ടുകളും സ്തോത്രഗീതങ്ങളാണു്. കൊട്ടുകാരും പാട്ടുകാരും "ഹല്ലേലൂയ്യാ" എന്ന ആഹ്ളാദസൂചകമായ

ഗീതം ആലപിക്കുന്നതു് നിങ്ങൾ കേട്ടിട്ടില്ലേ?

ജോസഫ്: മരിച്ചവീട്ടിൽ നിലവിളിക്കരുതു് എന്നു പറഞ്ഞാൽ അതെങ്ങനെയാണു് സാധിക്കുന്നതു്. എന്റെ അപ്പൻ മരിച്ചു, അല്ലെങ്കിൽ അമ്മ മരിച്ചു, ഞാൻ കരയരുതെന്നു പറഞ്ഞാൽ അതിനെന്തൎത്ഥമാണുള്ളതു്.

ഫാ: പീ: ആരെങ്കിലും മരിക്കുമ്പോൾ ദുഃഖിക്കരുതു് എന്നു് ആരും പറയുകയില്ല. ദുഖം മനുഷ്യസഹജമാണു്. ദുഃഖമില്ലാത്തവൻ മൃഗത്തിലും ഹീനനാണു്. പക്ഷെ നമ്മുടെ ആത്മാൎത്ഥമായ ദുഃഖവും മരിച്ചവീടുകളിൽ സാധാരണ കേൾക്കുന്ന ലഹളയും തമ്മിൽ ഒരു പൊരുത്തവുമില്ല. ഇതു ഒച്ചപ്പാടിനു വേണ്ടീട്ടുള്ള ഒരു പ്രകടനമാണു്. അതു നിഷിധമാണെന്നു നാം മനസ്സിലാക്കണം. മരണത്തിൽ നമുക്കു ദുഃഖമുണ്ടാകും, ചിലപ്പോൾ അതു നിയന്ത്രിക്കുന്നതിനു സാധിക്കാതെ നാം കരഞ്ഞുപോകും. അതെല്ലാം സ്വാഭാവികമാണു്. എന്നാൽ നമ്മുടെ ഈ ദുഖം നിരാശാപരമായ ഒന്നാകരുതു്. നിഷിധമായിട്ടുള്ള നിലവിളിയാണു് ആവശ്യമില്ല എന്നും വൎജ്ജിക്കണമെന്നും ഉപദേശിക്കപ്പെടുന്നതു്. അതു പഴയ ഒരു ദുഷിച്ച ആചാരത്തിൽനിന്നു വരുന്നതാണു്. ഭാവിജീവിതത്തെപ്പററി ശരണമില്ലാത്ത അന്ധവിശ്വാസത്തിന്റെ അനന്തരഫലമാണു് ഈ ആചാരം. അവിശ്വാസികൾ ഇങ്ങനെ നിലവിളികൂട്ടും. ധനികന്മാരായവർ അതിനുവേണ്ടി ആളുകളെ ഏല്പ്പെടുത്തും പ്രതിഫലം കൊടുത്തു്. യഹൂദന്മാരുടെ ഇടയിലും ഈ നടപ്പുണ്ടായിരുന്നു. അവർ അടിമത്വം അനുഭവിച്ചകാലത്തു അന്യജാതിക്കാരിൽനിന്നും സ്വീകരിച്ചതായിരിക്കാം അതു്. നമ്മുടെ ഇടയിലും ഒരു പ്രധാനി മരിച്ചാൽ അടിയാർ എല്ലാം ഒരു മുറവിളി കൂട്ടുക പതിവുണ്ടല്ലോ. ഇങ്ങനെയുള്ള നിരൎത്ഥകമായ മുറകളാണു നാം ഉപേക്ഷിക്കേണ്ടതു്.

# ക്രൂദാശകൾ (തുടർച്ച)

ഫാ: പീ: അന്ത്യലേപനം അഥവാ ഒടുവിലത്തെ ഒപ്പീശു മായേയും അതിനുശേഷം ഒരു വിശ്വാസി ഭക്തിയായി മരിച്ചടക്കപ്പെടുന്ന സാഹചര്യങ്ങളിൽ നാമനുഷ്ഠിക്കേണ്ട കാര്യങ്ങളേയുംകുറിച്ച കഴിഞ്ഞദിവസം ഞാൻ പറഞ്ഞുവല്ലോ. അതെല്ലാവക്കും നല്ലവണ്ണം മനസ്സിലായില്ലേ. ഇനി അതിൽ എന്തെങ്കിലും ചോദിച്ച മനസ്സിലാക്കാൻ ഉണ്ടോ?

കുട്ടികൾ: ഇല്ലാ. ഞങ്ങൾക്കു അതെല്ലാം മനസ്സിലായി.

ഫാ: പീ: അവയെല്ലാം പ്രത്യേകം ഓത്തിരിക്കേണ്ട കാര്യങ്ങളാണു്, ഒരിക്കലും മറന്നുകളയരുതു്. അവസരമുണ്ടാകുമ്പോൾ എന്തുചെയ്യണമെന്നു സംശയിച്ചുനിൽക്കാൻ ഇടവരാതിരിക്കത്തക്കവണ്ണം ആ നിർദ്ദേശങ്ങളെല്ലാം ഓമ്മയിൽ വച്ചുകൊള്ളണം. ഞാൻ കണ്ടിട്ടുണ്ടു്, ചിലർ വൈദികൻ ഒരു രോഗിയുടെ മുറിയിലേക്കു വിശുദ്ധകുർബാന എഴുന്നള്ളിച്ചു കൊണ്ടുവരുമ്പോൾ ബദ്ധപ്പെട്ടു അദ്ദേഹത്തിനെതിരെ ചെന്നു സ്തുതിപറയാൻ ശ്രമിക്കുന്നതു്. വൈദികനെ കാണുമ്പോൾ ആചാരപൂവ്വം സ്തുതി പറയണം. അതു വേണ്ടകാര്യമാണു്. പക്ഷെ ആ വൈദികൻ വിശുദ്ധകുർബാന എഴുന്നള്ളിച്ചുകൊണ്ടു വരികയാണു് എന്നു മനസ്സിലാകുമ്പോൾ വേറൊരു കാര്യമാണു് അതിനേക്കാൾ ആവശ്യമായിരിക്കുന്നതു്. അതായതു്, മുട്ടുകുത്തി കത്താവിനെ ആരാധിക്കുക. ഇങ്ങനെ പല മറവികളും സാധാരണ സംഭവിക്കാറുണ്ടു്. അതുകൊണ്ടാണു് ഞാൻ പറയുന്നതു ഈ കാര്യങ്ങൾ പ്ര

ത്യേകം ഓൎമ്മയിൽ വയ്ക്കണമെന്നു്. നിങ്ങളെല്ലാം അങ്ങിനെ ചെയ്യുമെന്നു ഞാൻ കരുതുന്നു.

അടുത്തതായി നമുക്കു പ്രതിപാദിക്കാനുള്ളതു തിരുപ്പട്ടം എന്ന കൂദാശയെപ്പററിയാണല്ലോ. ഈ കൂദാശയെപ്പററി വളരെ വിസ്തരിച്ചു പറയേണ്ട ആവശ്യമില്ല. എങ്കിലും ഇതിൽ എല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ടു്. അങ്ങിനെയുള്ള ഭാഗങ്ങൾ മാത്രം ഞാനിവിടെ പ്രതിപാദിക്കാം. ഈ കൂദാശ എന്താണെന്നു നിങ്ങൾക്കറിയാം. അതു് ദൈവാരാധനയേയും ആത്മാക്കളുടെ രക്ഷയേയും സംബന്ധിക്കുന്ന തിരുകൎമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള അധികാരം നൽകുന്നതും, അതിനെ സ്വീകരിക്കുന്നവൻെറ ആത്മാവിൽ ദൈവശുശ്രൂഷകൻ എന്ന മുദ്രപതിക്കുന്നതുമായ ഒരു കൂദാശയാകുന്നു. അതുകൊണ്ടു ആ കൂദാശ സ്വീകരിക്കുന്ന ആൾ ദൈവശുശ്രൂഷകൻ എന്നുള്ള ഒരു ദിവ്യസ്ഥാനത്തിൽ ആരോപിക്കപ്പെടുകയും മുദ്രിതനാവുകയും ചെയ്യുന്നു. ഈ സ്ഥാനത്തിനനുയോജ്യമായി ആയാൾ ദൈവാരാധനാകൎമ്മങ്ങളും ആത്മാക്കളുടെ നിത്യരക്ഷയ്ക്കുള്ള ശുശ്രൂഷകളും നിൎവ്വഹിക്കുന്നതിനു പ്രത്യേകാധികാരാവകാശങ്ങൾ സ്വീകരിക്കുന്നു. ഈശോമിശിഹാ അവസാന അത്താഴത്തിൽവച്ചു വിശുദ്ധകുർബാന സ്ഥാപിച്ചശേഷം തൻെറ അപ്പസ്തോലന്മാൎക്കു വിശുദ്ധമായ ആ തിരുകൎമ്മം നടത്തുന്നതിനുള്ള അധികാരം നൽകി. "നിങ്ങൾ എൻെറ ഓൎമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്നാണു് അവിടുന്നാജ്ഞാപിച്ചതു്. അവിടുത്തെ ഉയിൎപ്പിനുശേഷം അപ്രകാരംതന്നെ പാപമോചനത്തിനുള്ള അധികാരവും അവൎക്കു പ്രദാനം ചെയ്തു. ഇതുപോലെ ഓരോ പ്രത്യേകാവസരങ്ങളിൽ തിരുപ്പട്ടത്തിൻെറ എല്ലാ പൂൎണ്ണതകളും അധികാരങ്ങളും അവൎക്കും തിരുസഭയിൽ അവരുടെ അനന്തരഗാമികൾക്കും ലഭ്യമായി. ഈ അധികാരാവകാശങ്ങളുടെ പിൻതുടൎച്ചയാണു് ഇന്നും നിലനില്ക്കുന്നതു്. അതു ലോകാവസാനത്തോളം തിരുസഭയിൽ ഉണ്ടായിരിക്കുകയും ചെയ്യും.

വൈദികാന്തസ്സും സന്യാസാന്തസ്സും ഒരു പ്രത്യേക ദൈവവിളിയാണ്. ആകയാൽ സ്വമേധയാ ഇതിനെ സ്വീകരിക്കാമെന്നു വിചാരിക്കുന്നതു് അബദ്ധവും ആപൽക്കരവുമാണ്. ഒരു വൈദികജീവിതത്തിൽ തൻെറ ആയുഷ്ക്കാലം ദൈവശുശ്രൂഷയിലും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ജോലികളിലും ചിലവഴിക്കുന്നതിനു ദൈവത്തിൻെറ കാരുണ്യത്താൽ വിളിക്കപ്പെടുന്നു എന്നുള്ളതാണ് ദൈവവിളി. അതു നാളുമാളരാരുത്തരും പ്രാർത്ഥനയോടുകൂടിയ പരിചിന്തനംകൊണ്ടും ആത്മീയപിതാക്കന്മാരുടെയും മേലധികാരികളുടെയും നിർണ്ണയംകൊണ്ടും സാഹചര്യങ്ങളുടെ ആനുകൂല്യംകൊണ്ടും ശ്രദ്ധാപൂർവ്വം മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ടു ചെറുപ്പത്തിൽ നമ്മുടെ ഭാവിജീവിതപരിപാടി തയ്യാറാക്കുമ്പോൾ എൻെറ ദൈവവിളി എന്തായിരിക്കാം എന്നുള്ള കാര്യമാണ് സർവ്വോപരി ശ്രദ്ധാർഹമാകേണ്ടതു്. ദൈവാരാധനയേയും അതിനോടനുബന്ധപ്പെട്ട തിരുകർമ്മങ്ങളേയുംപററി എനിക്കു വലുതായ ആകർഷണം തോന്നുന്നു; സർവ്വോപരി ദൈവത്തെ സ്നേഹിച്ചു അങ്ങേ ശുശ്രൂഷയിൽ സേവനമനുഷ്ഠിക്കണമെന്നുള്ള തീവ്രമായ ആഗ്രഹം തോന്നുന്നു; ഇതെല്ലാം നമ്മുടെ ദൈവവിളിയെ ആരായുന്നതിനുള്ള പ്രേരണകളാണ്. അപ്പോൾ നാം വൈദികജീവിതത്തെപ്പററി കൂടുതൽ മനസ്സിലാക്കുന്നതിനും അതിൻെറ കടമകളെപ്പററി ശരിയായി ഗ്രഹിക്കുന്നതിനും ഉത്സാഹിക്കണം. നമ്മുടെ മനസ്സിൻെറ ചിന്താഗതിയെ അറിവും പുണ്യവുമുള്ള ഒരു ആത്മീയപിതാവിനെ അറിയിച്ചു അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ സ്വീകരിക്കുക. സാവധാനത്തിൽ നമ്മുടെ ദൈവവിളി നമുക്കു സുനിശ്ചിതമാക്കാൻ സാധിക്കും.

നമുക്കു ഏതാദൃശമായ ഒരു ദൈവവിളിയുണ്ടു് എന്നു മനസ്സിലാകുന്നതോടുകൂടി വൈദികജീവിതത്തിൽ പ്രത്യേകം പരിശീലിക്കേണ്ട പുണ്യങ്ങൾ സമ്പാദിക്കുന്നതിനും ശ്രദ്ധിക്കണം. ഇങ്ങനെ കാലാന്തരത്തിൽ ആവശ്യമായ പഠനം, പുണ്യശീ

ലം ആദിയായ ഒരുക്കങ്ങളോടുകൂടി രൂപതാദ്ധ്യക്ഷനായ മെത്രാനെ സമീപിക്കുന്നു. അദ്ദേഹമാണ് നമ്മുടെ ദൈവവിളിയെപ്പററി അവസാനവാക്കു പറയേണ്ടതു്. അതിനുള്ള അധികാരവും ദൈവപ്രകാശനവും അദ്ദേഹത്തിലാണ് നിക്ഷിപ്തമായിരിക്കുന്നതു്. അതുകൊണ്ടു മെത്രാൻെറ തെരഞ്ഞെടുപ്പിനുശേഷമാണ് വൈദികവൃത്തിക്കായുള്ള പ്രധാനങ്ങളും പ്രത്യേകങ്ങളുമായുള്ള പരിശീലനത്തിനു നാം ആരംഭിക്കുന്നതു്. വൈദികാന്തസ്സിനെ സംബന്ധിച്ച പരിശുദ്ധപിതാവു് 11-ാംപീയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ചിട്ടുള്ള ചാക്രികലേഖനം അതിൻെറ നാനാവശങ്ങളേയും വിശദീകരിക്കുന്നുണ്ടു്. അതിൻെറ മാഹാത്മ്യത്തെപ്പററി അവിടുന്നു പറയുന്നതു്: "അയാളുടെ ഉദ്യോഗം മാനുഷികങ്ങളും ക്ഷണികങ്ങളുമായ കാര്യങ്ങളെയല്ല, നേരെമറിച്ചു ദിവ്യവും അനശ്വരവുമായ കാര്യങ്ങളെയാണ് സംബന്ധിക്കുന്നതു്. വി. പൗലോസിൻെറ വാക്കുകളിൽ, മനുഷ്യരുടെ ഇടയിൽനിന്നെടുക്കപ്പെട്ടു; എന്നാൽ ദൈവത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അവക്കായി സ്ഥാപിക്കപ്പെട്ടിരിക്കുന്നവനാണ് പുരോഹിതൻ" എന്നത്രെ. അവരുടെ ജോലി, "ദിവ്യരക്ഷകൻെറ പ്രസാദവരം മനുഷ്യസമുദായത്തിലേക്കു ഒഴുക്കുന്ന ചാലുകളായ കൂദാശകളുടെയെല്ലാം ശുശ്രൂഷകർ എന്ന നിലയിൽ ദൈവരഹസ്യങ്ങളുടെ വിതരണ"മാകുന്നു. "ആത്മാവിൽ പതിക്കപ്പെടുന്ന അനശ്വരമായ മുദ്രമൂലം വൈദികൻ ആരുടെ പൗരോഹിത്യത്തിൽ പങ്കുകാരനാകുന്നുവോ, അയാളോടൊപ്പം നിത്യപുരോഹിതനായിത്തീരുന്നു." "ഏതാദൃശമായ ഉൽകൃഷ്ടപദം ഈ സ്ഥാനത്താൽ സ്വീകരിച്ചിരിക്കുന്നവരിൽനിന്നു ആ ജീവിതവൃത്തിയുടെ പ്രതാപത്തിനും വിശുദ്ധിക്കും അനുഗുണമായ മനസ്സിൻെറ ഔന്നത്യത്തേയും, ഹൃദയത്തിൻെറ വിമലതയേയും, ആചാരമര്യാദകളുടെ മേന്മയേയും ആവശ്യപ്പെടുന്നുവെന്നുള്ളതു് സ്പഷ്ടമാണല്ലോ" എന്നാണ് ഈ സ്ഥാനം സ്വീകരിക്കുന്നവരുടെ കടമയെപ്പററി അവിടുന്നു പ

റയുന്നതു്. അവിടുന്നു തുടൎന്നു പറയുന്നു:—'ആകയാൽ താൻ പ്രതിനിധീകരിക്കുന്ന ആളുകളുടെ പുണ്യപൂൎണ്ണതയോടു കൂടുതൽ അനുരൂപപ്പെടുന്നതിനും, ജീവിതത്തിന്റെയും കൎമ്മങ്ങളുടെയും വിശുദ്ധിമൂലം പ്രതിദിനം കൂടുതൽ ദൈവത്തിനു ഇഷ്ടമുള്ളവനായിത്തീരുന്നതിനും വൈദികൻ ശ്രമിക്കേണ്ടതത്രെ. എന്തുകൊണ്ടെന്നാൽ ധൂമത്തിന്റെ പരിമളത്തേയും വിശുദ്ധഭവനങ്ങളുടെ ശോഭയേയുംകാൾ കൂടുതലായി ദൈവം പുണ്യത്തെ വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. വിശുദ്ധ തോമാമല്ലാൻ പറയുന്നതുപോലെ അഭിഷിക്തരാകുന്നവർ ദൈവത്തിന്റെയും മനുഷ്യരുടേയും മദ്ധ്യസ്ഥന്മാരായി തീരുന്നതുകൊണ്ടു് അവർ ദൈവതിരുമുമ്പാകെ ഉത്തമമനസ്സാക്ഷിയും മനുഷ്യരുടെ മുമ്പാകെ സൽകീൎത്തിയും ഉള്ളവരായിരിക്കണം." അതുകൊണ്ടു് വൈദികാന്തസ്സിലേക്കുള്ള ദൈവവിളിയെ പരിപോഷിപ്പിക്കുന്നതിനു നാം യഥാൎത്ഥമായ ഭക്തിയിലും, കളങ്കരഹിതമായ വിശുദ്ധിയിലും, ലോകകാൎയ്യങ്ങളോടുള്ള വിരക്തിയിലും, ആത്മാക്കളുടെ രക്ഷയെപ്രതിയുള്ള ശുഷ്കാന്തിയിലും, അനുസരണം ആദിയായ പുണ്യങ്ങളിലും അഭിവൃദ്ധി പ്രാപിക്കുന്നതിനു ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണു് നിങ്ങളോരോരുത്തരും നിങ്ങളുടെ ദൈവവിളിയെപ്പററി പ്രത്യേകം ചിന്തിക്കുകയും, തക്കസമയത്തു അതു മനസ്സിലാക്കുകയും, അതിൽ ഫലപ്രദമായി പ്രവേശിക്കുന്നതിനും ജീവിക്കുന്നതിനും യഥാവിധി ഒരുങ്ങുകയും ചെയ്യണമെന്നു ഞാൻ പ്രത്യേകം പറയുന്നതു്. ദൈവം നമുക്കോരോരുത്തൎക്കും അവിടുത്തെ അനന്തമായ പരിപാലനയിൽ ഒരുക്കിവെച്ചിട്ടുള്ള വിശിഷ്ടമായ അനുഗ്രഹങ്ങളും ശക്തങ്ങളായ ആത്മീയസഹായങ്ങളും നാം അതിനെ ആശ്ലേഷിക്കുന്നില്ലായെങ്കിൽ നമുക്കു നഷ്ടമാവുകതന്നെ ചെയ്യും. വിചാരശൂന്യമായി നാം പ്രവേശിക്കുന്ന അന്തസ്സിൽ നിത്യരക്ഷക്കാവശ്യമായ ദൈവാനുഗ്രഹങ്ങൾ നാം ക്ലേശിച്ചു പ്രാപിക്കേണ്ടതായുംവരും. ഈ വസ്തുത നമ്മുടെ കടമയുടെ ഗൗരവത്തെ വൎദ്ധിപ്പിക്കുന്നു.

ദൈവവിളിയെ മനസ്സിലാക്കി ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്ന കാര്യത്തിൽ വേറൊരു കാര്യം നിങ്ങൾ ഓർമ്മിക്കേണ്ടതു്, അതു സർവ്വപ്രധാനമായി നിങ്ങളുടെ സ്വന്ത കടമയാണു് എന്നുള്ളതത്രെ. നമ്മുടെ മാതാപിതാക്കന്മാർക്കും മേലധികാരികൾക്കും നമ്മുടെ ദൈവവിളിയെ തിരിച്ചറിയുന്നതിനും അതിനെ ആശ്ലേഷിക്കുന്നതിനു നമ്മെ സഹായിക്കുവാനും കടമയുണ്ടു്. എന്നാൽ ചില അനിഷ്ടകരമായ സംഭവങ്ങളിൽ നടക്കുന്നതുപോലെ നമ്മുടെ ബോദ്ധ്യത്തിനു വിരുദ്ധമായി ഒരു ജീവിതാന്തസ്സു നമ്മുടെ മേൽ കെട്ടിവെക്കുന്നതിനു അവർക്കു അധികാരമോ അവകാശമോ ഇല്ല. എൻെറ മകൻ വൈദികനാകണമെന്നോ, എൻെറ മകൾ കന്യാസ്ത്രീയാകണമെന്നോ അഥവാ എൻെറ മകൻ വിവാഹം ചെയ്തു എൻെറ കുടുംബത്തെ ഭരിക്കണമെന്നോ, എൻെറ മകൾ വിവാഹജീവിതത്തിൽ പ്രവേശിച്ചു ഒരു വലിയ കുടുംബവുമായി ബന്ധം സ്ഥാപിക്കണമെന്നോ മററിതുപോലെ ലൗകികമായ ഏതെങ്കിലും പ്രേരണയെ മാത്രം ആസ്പദമാക്കി ജീവിതാന്തസ്സിനെ മക്കളെക്കൊണ്ടു നിർബന്ധപൂർവ്വം സ്വീകരിപ്പിക്കുന്നതു് നീതിവിരുദ്ധവും നിത്യനാശഹേതുകവുമാണു് എന്നു എല്ലാവരും ധരിച്ചിരിക്കേണ്ടതാണു്. തങ്ങളുടെ മക്കളുടെ ജീവിതസ്ഥിതിയെപ്പററി തക്കകാലത്തു ഗൗരവമായി ചിന്തിക്കുകയും ദൈവത്തിൻെറ തിരുമനസ്സിനെ ലക്ഷ്യമാക്കി അവർ വിളിക്കപ്പെട്ടിരിക്കുന്ന ജീവിതസ്ഥിതിയെ മനസ്സിലാക്കി അതു പ്രാപിക്കുന്നതിനു അവരെ സഹായിക്കുകയും വേണം. ഇതാണു് മാതാപിതാക്കന്മാരുടെ ഗുരുതരമായ കടമ. ദൈവവിളിയെ സംബന്ധിച്ച ന്യായവിരുദ്ധമായ അവരുടെ ആജ്ഞകൾ മക്കൾ അനുസരിക്കേണ്ട ആവശ്യമില്ല. "ദൈവത്തെക്കാൾ കൂടുതലായി മനുഷ്യരെ അനുസരിക്കുന്നതു ദൈവതിരുമുമ്പാകെ ന്യായമല്ല" എന്നതാണു് ഇതിൻെറ തെളിവായ കാരണം. എന്നാൽ നമ്മുടെ ദൈവവിളിയെപ്പററിയുള്ള ബോദ്ധ്യത്തെ സംബന്ധിച്ച മാതാപി

താക്കന്മാരെ തക്കസമയത്തു അറിയിക്കാതെ അവക്കു ബുദ്ധിമുട്ടുകൾക്കും നഷ്ടത്തിനും മററും ഇടയാക്കുന്നതും ശരിയല്ല. ചുരുക്കത്തിൽ നമ്മുടെ ഓരോരുത്തരുടെയും ദൈവവിളിയെപ്പററി ചിന്തിച്ചു ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിനു അവനവനു പരിപാവനമായ അവകാശവും അനിഷേദ്ധ്യമായ കടമയുമുണ്ടു്. അതിനു ആക്കും തടസ്സം വരുത്താൻ അധികാരമോ അവകാശമോ ഇല്ല. ഈ കത്തവ്യനിവ്വഹണത്തിൽ സഹായിക്കുകയും തിരഞ്ഞെടുപ്പു പ്രമാദരഹിതമാകാൻ വേണ്ട നിദ്ദേശങ്ങൾ തരികയും മാത്രമാണു് മാതാപിതാക്കന്മാക്കും മററുള്ളവക്കും ചെയ്യുവാനുള്ളതു്.

വൈദികരുടെ നേക്കു നമുക്കുള്ള ചില കടമകളേക്കുറിച്ചുകൂടി ഞാൻ അല്പം പ്രസ്താവിക്കാം. വൈദികർ നമ്മുടെ ആത്മിയപിതാക്കളാണു്. അതുകൊണ്ടാണല്ലോ നാം അവരെ "അച്ചൻ" എന്നു വിളിക്കുന്നതു്. നമ്മുടെ പിതാക്കന്മാരോടു നാം എങ്ങനെ പ്രവത്തിക്കണമെന്നു നിങ്ങൾക്കറിയാം. നാം അവരെ ബഹുമാനിക്കണം, സ്നേഹിക്കണം, അനുസരിക്കണം. ഇതു നമ്മുടെ എല്ലാ പെരുമാററങ്ങളിലും ഉണ്ടാകണം. ആത്മാത്ഥമായ രീതിയിലാണു് ഈ കടമകൾ നാം നിവ്വഹിക്കേണ്ടതു്. അല്ലാതെ അതൊരു മുറയെന്ന മട്ടിലോ, മറേറതെങ്കിലും ശാസനകളെ ഭയന്നിട്ടോ ആകരുതു്. അവരെപ്പററി നാം മററുള്ളവരുമായി വിമശനങ്ങൾ നടത്തുകയോ അവരെ കുററംപറയുകയോ അവരുടെ ആജ്ഞകളേയും നിദ്ദേശങ്ങളേയും അനാദരിക്കുകയോ ചെയ്യരുതു് അവരിൽ കുററമുണ്ടാവുകയില്ലയെന്നു നാം വിചാരിക്കരുതു്. അവരും മനുഷ്യരാണു്; നമ്മുടെ ഇടയിൽനിന്നു് എടുക്കപ്പെട്ടവരാണു്. അതുകൊണ്ടു് മാനുഷികമായ ബലഹീനതകളും പ്രലോഭനങ്ങളും അവരിലും ഉണ്ടാകാവുന്നതാണു്. അവരിൽ എന്തെങ്കിലും കുററം നാം കാണുന്നുവെങ്കിൽ അതു പരസ്യപ്പെടുത്തുന്നതിനും അതേപ്പററി വിമശിക്കുന്നതിനുമല്ല നാം ഉദ്യുക്തരാകേണ്ടതു്. പ്രത്യുത ദൈവ

ത്തോടു അവൎക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനുള്ള നമ്മുടെ കടമയെ പ്പററി ഓൎമ്മിച്ചു കൂടുതൽ ശുഷ്കാന്തിയായി അതിൽ ഏൎപ്പെടുക യാണു് ചെയ്യേണ്ടതു്. വൈദികൎക്കുവേണ്ടി പ്രാൎത്ഥിക്കുന്നതി നു നാം ഒരുദിവസവും മുടക്കരുതു്. അവർ നമ്മുടെ ആത്മീ യപിതാക്കന്മാരാണു്. അവർ അവരുടെ ഉന്നതമായ സ്ഥാന ത്തിനടുത്ത പുണ്യങ്ങളാൽ പ്രശോഭിക്കുന്നതിനും അവരുടെ ശു ശ്രൂഷകൾ നമുക്കു കൂടുതൽ പുണ്യാഭിവൃദ്ധിക്കു സഹായകമാകു ന്നതിനും ഈ പ്രാൎത്ഥനമൂലം നാം പരിശ്രമിക്കേണ്ടതു നമ്മുടെ കടമയാണു്. അവരോടു മക്കൾക്കടുത്തതായ പരമാൎത്ഥതയോ ടും സ്നേഹത്തോടുംകൂടി നാം ഇടപെടുകയും നമ്മുടെ ആത്മിയാ വശ്യങ്ങളിൽ അവരുടെ ഉപദേശവും പ്രോത്സാഹനവും തേടുക യും ചെയ്യണം. അവരിൽ എന്തെങ്കിലും കുറവുകൾ പരിഹ രിക്കപ്പെടേണ്ടതായി നമുക്കു തോന്നുന്നുവെങ്കിൽ അവരോടുത ന്നെ പരമാൎത്ഥതയോടുകൂടി തുറന്നുപറയുക. ഇങ്ങനെയാണു് നമ്മുടെ വൈദികരോടു നാം ഇടപെടേണ്ടതു്. എല്ലാക്കാൎയ്യങ്ങ ളിലും അവൎക്കു നാം അനുസരണയുള്ളവരായിരിക്കണം. ഈ അനുസരണത്തിനു വിരുദ്ധമായ പ്രേരണകൾ നമ്മിൽ ഉണ്ടാകു ന്നതിനോ, അങ്ങനെയുള്ള പ്രവൃത്തികളിൽ ഇടപെടുന്നതി നോ ഒരിക്കലും ഇടയാകാതിരിക്കുക. പ്രത്യേകിച്ചു് വൈ ദികവിരോധം കുത്തിവെയ്ക്കുന്നതിനായി തിരുസഭാശത്രുക്കൾ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു അവരുടെ വഞ്ചനക ൾക്കും പ്രചരണതന്ത്രങ്ങൾക്കും നാം അടിമകളായി പോകാ തിരിക്കാൻ ശ്രദ്ധാലുക്കളായിരിക്കണമെന്നോൎത്തുകൊള്ളുക.

തോമസ്: ദൈവവിളിയെപ്പററി അത്രയധികം ചിന്തിക്കാ നുണ്ടോ? ദൈവം ഓരോ ചുററുപാടുകളിൽ നമ്മെ ആക്കി യിരിക്കുന്നു. അതിനനുസരിച്ച ഒരു ജീവിതം കഴിക്കണം. അത്രയല്ലേ അതിൽ ദൈവത്തിനുദ്ദേശമുള്ളൂ?

ഫാ. പീ: നമ്മുടെ സാഹചൎയ്യങ്ങൾ ദൈവവിളി നമുക്കു കാ ണിച്ചുതരുന്ന ഒരുപാധിയാണു് എന്നു ഞാൻ പറഞ്ഞുവ

ല്ലോ. പക്ഷെ അതുമാത്രമായിരിക്കരുതു്. ഈ നിണ്ണയം ചെയ്യുന്നതിൽ നമ്മെ നയിക്കുന്നതു് മററു സാഹചയ്യങ്ങൾ അതായതു് നമ്മുടെ മനസ്സിൻെറ ആകഷ്ണം, ഉന്നതമായ പുണ്യപൂണ്ണതയേയും ദൈവശുശ്രൂഷയേയും സംബന്ധിച്ച നമ്മുടെ ലാലസകൾ ഇതെല്ലാം ദൈവം നമ്മുടെ മനസ്സിൽ കാണിച്ചുതരുന്ന വെളിച്ചത്തിൻെറ പ്രകാശനങ്ങളാണു്. ചരിത്രത്തിലേക്കു നാം നോക്കിയാൽ അവിടെക്കാണാം പ്രതികൂലങ്ങളായ ചുററുപാടുകൾക്കെതിരായി ധീരപോരാട്ടം നടത്തി വൈദികവൃത്തിയേയും സന്യാസത്തേയും സ്വീകരിച്ച മഹാവിശുദ്ധന്മാരായിത്തീന്നിട്ടുള്ളവരുടെ മഹനീയദൃഷ്ടാന്തങ്ങൾ. അതു പോലെ ചിന്തനീയങ്ങളായ എല്ലാ സാഹചയ്യങ്ങളും അവഗാഢമായ നമ്മുടെ ചിന്തയ്ക്കു വിഷയമാക്കിയിട്ടവേണം അവസാനതീരുമാനം ചെയ്യുന്നതിനു്. അതിലാണു് ദൈവത്തിൻെറ തിരുമനസ്സു നാം മനസ്സിലാക്കേണ്ടതും.

ജോഋജ്ജ്: ഒരാൾ വേണ്ട വിവേചനകൂടാതെ ഒരു ജീവിതാന്തസ്സിൽ പ്രവേശിച്ചുപോയി. പന്നീടാണു് അതു തനിക്കു പററിയതല്ല എന്നു മനസ്സിലാകുന്നതു്. അയാൾ നശിച്ചുപോകുമോ?

ഫാ. പി: വിവേചനകൂടാതെ ദൈവവിളിയെ വിഫലമാക്കിയതുകൊണ്ടു് ശരിയായ ജീവിതാന്തസ്സിൽ അയാൾക്കു നിഷ്പ്രയാസം കിട്ടാമായിരുന്ന നിരവധി അനുഗ്രഹങ്ങൾ നഷ്ടമായിപ്പോയി അതു വീണ്ടെടുക്കുക സാദ്ധ്യമല്ല. തന്മൂലം വളരെ വിഷമകരമായ ഒരു ജീവിതസരണി അയാൾക്കുമുമ്പിൽ കിടക്കുന്നു. എങ്കിലും അതിൽ അയാൾ നിരാശപ്പെടേണ്ടതില്ല. അയാൾ ശ്രദ്ധാപൂവ്വം ദൈവാനുഗ്രഹങ്ങൾക്കായി പ്രാത്ഥിക്കുകയും താൻ പ്രവേശിച്ചിരിക്കുന്ന ജീവിതസ്ഥിതിയിൽ ഈ അനുഗ്രഹത്തിൻെറ സഹായത്താൽ നിലനില്ക്കുന്നതിനും നിത്യര

ക്ഷ സാധിക്കുന്നതിനും സ്ഥിരപരിശ്രമം ചെയ്യുകയും വേണം. വിശ്വാസത്തോടും എളിമയോടുംകൂടി പ്രാർത്ഥിക്കുന്നവർക്കു ദൈവം അനുഗ്രഹം നൽകാതിരിക്കുകയില്ല.

പത്രോസ്: ഞങ്ങളുടെ സ്കൂളിൽ ഒരു സാറുണ്ട്. അച്ചന്മാരെക്കുറിച്ചു ഒരുദിവസം എന്തെല്ലാം കുററങ്ങളാണു് അങ്ങാടിയിൽവച്ചു പറഞ്ഞതു്. അധികം ആളുകൾ വട്ടംകൂടി കേട്ടുകൊണ്ടുനിന്നു.

ഫാ. പീ: ഞാൻ പറഞ്ഞില്ലേ, അച്ചന്മാരെപ്പററി കുററംപറയുന്നതിനും അവരെ നിന്ദിക്കുന്നതിനും പ്രത്യേകം വാസനയുള്ള ചിലരുണ്ടു്. അതു കേൾക്കാനും എല്ലാവർക്കും ഇഷ്ടമാണു്. ഇക്കൂട്ടർ എങ്ങനെയുള്ളവരാണു് എന്നാണു് നാം ആലോചിക്കേണ്ടതു്. യഥാർത്ഥത്തിൽ ഒരു വൈദികനിൽ ഉണ്ടായേക്കാവുന്ന കുററത്തെപ്പററി ദുഃഖിക്കുന്നവരാണോ? തീർച്ചയായും അല്ല. അങ്ങനെ ആയിരുന്നെങ്കിൽ അവർ ആ കുററം അങ്ങാടിയിലല്ല, ആ വൈദികനോടാണു് പറഞ്ഞറിയിക്കേണ്ടതു്. അവരുടെ ഉദ്ദേശം ഒന്നുകിൽ അവർക്കു വിരോധമുള്ള വൈദികരെ പ്രത്യേകിച്ചോ അല്ലെങ്കിൽ വൈദികരെ പൊതുവിലോ കുററപ്പെടുത്തി അവർക്കു മാനഹാനി വരുത്തണം എന്നും വൈദികവിദ്വേഷം എല്ലാവരിലും കുത്തിവയ്ക്കണമെന്നും മാത്രമാണു്. ഇതിനുള്ള പ്രേരണ അവർക്കു പലവഴിക്കും കിട്ടുന്നുണ്ടാകും. അവരുടെ അധഃപതിച്ച ജീവിതം, മതത്തോടും വൈദികരോടുമുള്ള വിദ്വേഷം, കമ്മ്യൂണിസ്റ്റു് മുതലായ മതവിരുദ്ധക്കൂട്ടുകെട്ടുകളും അവയുടെ ഹീനമായ ആദർശങ്ങളും, ഇങ്ങനെ ഓരോ വിധത്തിലുള്ള പ്രലോഭനങ്ങൾക്കു വഴിപ്പെട്ടാണു് ഈ ദുഷ്പ്രചരണത്തിനു പലരും സന്നദ്ധരാകുന്നതു്. അതുകൊണ്ടു അങ്ങനെയുള്ളവരെ ദുഷ്ടമൃഗങ്ങളേക്കാൾ കൂടുതൽ നാം ഭയപ്പെടുകയും അവരിൽനിന്നു ബഹുദൂരം അകലുകയും വേണം. പത്രോ

സ് കേട്ടതും ഒരു സാറു പറയുന്നതാണ്. അനേകം വിദ്യാത്ഥികളുടെ നിമ്മലമനസ്സിൽ വിദ്യയെ അതായത് യഥാത്ഥമായ ജ്ഞാനത്തെ പ്രകാശിപ്പിക്കാൻ നിയുക്തനായിട്ടുള്ള ഒരാളാണ് അയാൾ. ഈ ദുഷിച്ച മനസ്ഥിതിയോടെ അയാൾ നടത്തുന്ന അദ്ധ്യാപനം എത്രപേരുടെ നാശത്തിനു കാരണമാകുമെന്നു ചിന്തിച്ചു നോക്കുക. അയാളുടെ മനസ്സിൽ തിങ്ങിനിറഞ്ഞിരിക്കുന്ന ഈ വിഷം അയാളുടെ എല്ലാ പ്രവൃത്തികളിലും വാക്കുകളിലും പ്രകടമാകും. അതു കളങ്കലേശമില്ലാത്ത ബാലമനസ്സുകളിൽ യാതൊരു ആശങ്കയ്ക്കും കാരണമാകാത്തവിധത്തിൽ കുത്തിവയ്ക്കപ്പെടുകയും ചെയ്യും. ഇതുകൊണ്ടാണ് വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ കത്തോലിക്കസഭ വലിയ ശ്രദ്ധപതിക്കുന്നത്. എതായാലും ഈ ഓമ്മ നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കണം. കത്താവു പറയുന്നതുപോലെ ആട്ടിൻകുട്ടിയുടെ തുകൽ പുറത്തു ധരിച്ച ഘോരചെന്നായ്ക്കൾ ചുററിനടക്കുന്നുണ്ട്. അവരുടെ വാത്തകളും വിവരങ്ങളും വളരെ രസകരമായിരിക്കും. ഫലിതങ്ങൾ ധാരാളമുണ്ടാകും. ഗോഷ്ടികൾ വേണ്ടുവോളം കാണിക്കും. ആരെയും രസിപ്പിക്കും. നല്ല ചങ്ങാതിയായി ആരും എണ്ണിപ്പോകും. പക്ഷെ അവർ ചിലപ്പോൾ വിഷം നിറച്ച സഞ്ചികളായിരിക്കും അകത്തു വഹിക്കുന്നത്. ഘോരസപ്പത്തെപ്പോലെ അറിയാതെ അതു നമ്മെ വിഷമേല്പിക്കും. അതുകൊണ്ടു നിങ്ങൾ വിവേകമുള്ളവരായിരിക്കുക.

മേരി: ഒരു പെൺകുട്ടിയ്ക്കു മഠത്തിൽചേരണമെന്നു വലിയ ആശയുണ്ട്. അതു അപ്പനോടു പറയാൻതന്നെ അവൾ ഭയപ്പെടുന്നു. മാത്രമല്ല നല്ല ഒരു വിവാഹക്കായ്യവും ഒത്തുവന്നിരിക്കുന്നു. അവൾ എന്തു ചെയ്യും?

ഫാ: പി: ഒരു കുട്ടി ആൺകുട്ടി ആയാലും പെൺകുട്ടി ആയാലും ദൈവവിളി രണ്ടുപേക്കും ഒരുപോലെ പ്രാധാന്യമു

ള്ളതാണ്. അവളുടെ ദൈവവിളിയെപ്പററി നാം പറഞ്ഞതായവിധത്തിൽ പ്രാൎത്ഥനകൊണ്ടും ആത്മീയ പിതാക്കന്മാരുടെ ആലോചനവഴിയായിട്ടും ഒന്നാമതായി നിൎണ്ണയിക്കണം. അതിനുശേഷം വിവാഹജീവിതത്തിനല്ല അവൾ വിളിക്കപ്പെട്ടിരിക്കുന്നതു് എന്നു തീൎച്ചയായാൽ വിവരം ധൈൎയ്യപൂൎവ്വം വേണ്ടപ്പെട്ടവരെ അറിയിക്കണം. വിവേകമുള്ള മാതാപിതാക്കന്മാർ ഇതിനു പ്രതിബന്ധമുണ്ടാക്കുകയില്ല. അവിവേകികളായവർ ചിലപ്പോൾ വിഷമതകൾ ഉണ്ടാക്കും. അതു ധൈൎയ്യപൂൎവ്വം സഹിക്കുകയും ദൈവശുശ്രൂഷ അവിടംമുതൽ ആരംഭിക്കുകയും ചെയ്യുക. ദൈവസഹായം നമ്മെ വിജയിപ്പിക്കും. എത്ര ദുർബലരായ കുട്ടികൾ മാതാപിതാക്കന്മാരുടെ വിവേകരഹിതമായ ശാഠ്യംമൂലം കഷ്ടത അനുഭവിക്കുന്നു എന്നു ഓരോരുത്തരുടെ ജീവചരിത്രം പഠിക്കുന്നവൎക്കു കാണുവാൻ സാധിക്കുന്നതാണ്.

തിരുപ്പട്ടം എന്ന കൂദാശ എന്താണ് എന്നും വൈദികജീവിതത്തിന്റെ സ്വഭാവവും അതു സ്വീകരിക്കുന്നതിനുള്ള ദൈവവിളി ഉണ്ടാകുന്നുഎങ്കിൽ നിങ്ങൾ ചെയ്യേണ്ടതെന്താണെന്നും നിങ്ങൾക്കു മനസ്സിലായി. നിങ്ങളുടെ ജീവിതാന്തസ്സു നിൎണ്ണയിക്കുക എന്നതു വളരെ ഗൗരവമായതും നിങ്ങളെത്തന്നെ സൎവ്വോപരി ആശ്രയിച്ചിരിക്കുന്നതുമായ ഒരു കടമയാണെന്നും ധരിച്ചു വിവേകത്തോടും പ്രാൎത്ഥനാമനസ്ഥിതിയോടുംകൂടി അതു തിരഞ്ഞെടുക്കുക.

പ്രിയ കുട്ടികളെ, നമുക്കു പ്രതിപാദിക്കാനുള്ള അവസാനത്തെ കൂദാശ വിവാഹമാണല്ലോ. വിവാഹം മനുഷ്യരാശിയുടെ ആരംഭത്തിൽ ദൈവംതന്നെ ഏൎപ്പെടുത്തിയ ഒരു ബന്ധമാണ്. അതു് സ്ത്രീയേയും പുരുഷനേയും ന്യായമായ ദാമ്പത്യത്തിൽ സംയോജിപ്പിക്കുന്നു. ഈ ബന്ധത്തെ നമ്മുടെ കൎത്താവീശോമിശിഹാ ഒരു കൂദാശയായി ഉയൎത്തി ഒരു കൂദാശയുടെ

സ്ഥാനത്തിൽ തിരുസഭയിൽ അതിനെ പുനഃസ്ഥാപിച്ചു. ദമ്പതിമാർക്കു ഈ കൂദാശവഴിയായി ദാമ്പത്യജീവിതത്തിന്റെ എല്ലാ കടമകളെയും ഉത്തരവാദിത്വങ്ങളെയും യഥാവിധി നിറവേററുന്നതിനുള്ള ദൈവപ്രസാദവരവും സ്വർഗ്ഗീയ സഹായങ്ങളും നൽകപ്പെടുന്നു.

ക്രിസ്തീയവിവാഹബന്ധം അവിച്ഛേദ്യമാണ്. മരണം കൊണ്ടുമാത്രമേ ആ ബന്ധം പിരിയുകയുള്ളു. "ദൈവം യോജിപ്പിച്ചതു് യാതൊരു മനുഷ്യനും വേർതിരിക്കാതിരിക്കട്ടെ" എന്നുള്ള വേദവാക്യമാണ് ഇതിനടിസ്ഥാനം. അതുകൊണ്ടാണ് നിയമാനുസരണവും യഥാർത്ഥവുമായ ദാമ്പത്യബന്ധത്തെ യാതൊരു കാരണവശാലും തിരുസഭ ഒഴിവാക്കിക്കൊടുക്കാത്തതു്. അതുപോലെതന്നെ സ്വന്തഭാര്യയേയൊ ഭർത്താവിനേയൊ ഉപേക്ഷിച്ച ഒരാളെ, അയാളുടെ ആദ്യവിവാഹം യഥാർത്ഥവും നിയമാനുസരണവുമായിരുന്നെങ്കിൽ, വീണ്ടും വിവാഹത്തിൽ ഏപ്പെടുന്നതിനു അനുവദിക്കുവാൻ നിവൃത്തിയില്ല. പ്രത്യേക പരിതസ്ഥിതികളിൽ ഉഭയസമ്മതത്തോടുകൂടി ഭാര്യാഭർത്താക്കന്മാർ അവരുടെ ദാമ്പത്യമുറകളിൽനിന്നകന്നു ജീവിക്കുന്നതിനു അനുവദിക്കപ്പെട്ടേക്കാം. എന്നാൽ അവർ ഭാര്യാഭർത്താക്കന്മാർതന്നെ ആയിരിക്കുന്നതും, ആരെങ്കിലും ഒരാൾ മരിക്കുന്നതുവരെ മറെറയാൾക്കു വേറൊരു വിവാഹബന്ധത്തിൽ ഏപ്പെടാൻ പാടില്ലാത്തതുമാണ്.

രണ്ടു വ്യക്തികൾ തമ്മിൽ വിവാഹം നടത്തുന്നതിനു പ്രതിബന്ധമാവുന്ന തടസ്സങ്ങൾ ഉണ്ടു്. ഈ തടസ്സങ്ങളിൽ ചിലതു വിവാഹത്തിന്റെ സാധുത്വത്തെ ഹനിക്കുന്നവയും ചിലതു നിയമപരമായി വിവാഹത്തെ പ്രതിരോധിക്കുന്നവയുമാണ്. ഇങ്ങനെയുള്ള ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്നു ആരായുന്നതിനും ദമ്പതിമാരുടെ വിവാഹകാര്യം പൊതുജനങ്ങളെ അറിയിക്കുന്നതിനുമാണ് തിരുസഭ മൂന്നു ഞായറാഴ്ചകളിൽ "വിളിച്ചുചൊല്ലൽ" നടത്തുന്നതു്.

ഈ കൂദാശ ഇടവകപ്പള്ളിയിൽ ദൈവത്തിന്റെ അൾത്താരയുടെ മുമ്പിൽ വച്ചാണു് നടത്തപ്പെടേണ്ടതു്. അതേതുടന്നു നവദമ്പതിമാക്കു പ്രത്യേകാശീവ്വാദം നൽകുന്ന ദിവ്യബലിയും അപ്പിക്കപ്പെടുന്നു. ദിവ്യപൂജയിൽ മാത്രമേ ഈ ആശീവ്വാദം നൽകപ്പെടാവൂ. ഈ കൂദാശ സ്വീകരിക്കുന്നതിനുള്ള ദമ്പതികൾ നേരത്തെ കുമ്പസാരിച്ചു ദൈവേഷ്ടപ്രസാദവരത്തോടുകൂടി വേണം ഇതിനണയുവാൻ. വിവാഹകമ്മത്തോടനുബന്ധിച്ചുള്ള കുർബാനയിൽ ഇരുവരും ദിവ്യകാരുണ്യം സ്വീകരിക്കുന്നതു് ഏററം അഭിലഷണീയമാണു്. അതിനു സൗകയ്യമില്ലെങ്കിൽ നേരത്തെ വി. കുർബാന ഉൾക്കൊള്ളാം. ഈ കൂദാശ സാധുവാകുന്നതിനു ദമ്പതിമാർ അവരുടെ സ്ഥലത്തെ മെത്രാന്റെയോ, സ്വന്ത ഇടവകയിലെ വീകാരിയുടെയോ അഥവാ അവരാൽ നിയോഗിക്കപ്പെടുന്ന ഏതെങ്കിലും വൈദികന്റെയോ മുമ്പിൽവച്ചു് രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ വിവാഹ ഉടമ്പടി നിവ്വഹിക്കണമെന്നാണു് സഭാനിയമം. ഇപ്രകാരം ചെയ്യപ്പെടാത്ത വിവാഹം അസാധുവും നിരത്ഥകവുമായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളു. ദമ്പതിമാർ രണ്ടുപേരും കത്തോലിക്കരായിരിക്കുമ്പോൾമാത്രമല്ല ഒരാൾമാത്രം കത്തോലിക്കസഭാംഗമായിരുന്നാലും ഈ നിയമം അനുസരിക്കപ്പെടണം.

വിവാഹതടസ്സങ്ങൾ രണ്ടുതരമുണ്ടു് എന്നു മുൻപു പറഞ്ഞുവല്ലോ. വിവാഹബന്ധത്തിന്റെ സാധുത്വത്തെ ഹനിക്കുന്നതായ തടസ്സങ്ങൾ ഉള്ളപ്പോൾ നടത്തപ്പെടുന്ന വിവാഹം വിവാഹമാകുന്നില്ല. അതു വെറും നിരത്ഥകമായ ഒരു ചടങ്ങുമാത്രമായി പരിണമിക്കുന്നു. പ്രതിരോധകങ്ങളായ തടസ്സങ്ങളുള്ളപ്പോൾ വിവാഹബന്ധത്തിലേർപ്പെടുവാൻ പാടില്ല എന്നു സഭ അനുശാസിക്കുന്നുണ്ടു് എങ്കിലും അതിനെ അവഗണിച്ചു പ്രവത്തിച്ചാൽ അക്കാരണംകൊണ്ടു വിവാഹം അസാധുവാകുന്നില്ല; അതു കുററകരമായിരിക്കും. വിവാഹത്തിന്റെ സാധുത്വത്തെ ഇല്ലാതാക്കുന്ന തടസ്സങ്ങൾ:- 1 പ്രായപൂത്തിയാകാത്ത

സ്ഥിതി; 2 ശാരീരികമായ അയോഗ്യത അഥവാ അപ്രാപ്തി; 3 സാധുവായ പൂർവ്വവിവാഹം (അതിൽ ഏർപ്പെട്ടവർ രണ്ടുപേരും ജീവിച്ചിരിക്കുമ്പോൾ); 4 അടുത്ത രക്തബന്ധം; 5 അടുത്ത സംബന്ധം; 6 വിശ്വാസ വൈപരീത്യം (ഒരു കത്തോലിക്കാംഗവും ഒരു അക്രൈസ്തവ അംഗവും തമ്മിൽ ഉള്ളതു"); 7 പരസ്യമായ മാനക്ഷയം; 8 നിർബന്ധമോ ബലപ്രയോഗമോ കൊണ്ടുള്ള അസ്വാതന്ത്ര്യം; 9 വൈവാഹിത ജീവിതസംബന്ധമായ ചില അപരാധങ്ങൾ; 10 നിത്യവ്രതങ്ങൾ; 11 തിരുപ്പട്ടസ്വീകരണം; 12 നിയമത്തിൻെറ അനാദരവ് മുതലായവയാണ്. ഈദൃശമായ ഏതെങ്കിലും തടസ്സം ഉള്ളപ്പോൾ വിവാഹം നടത്തുവാൻ പാടില്ലാത്തതും നടത്തുന്നപക്ഷം അതു അസാധുവായിരിക്കുന്നതുമാണ്. അതുകൊണ്ട് ഏതെങ്കിലും വിവാഹത്തെ സംബന്ധിച്ച ഈ തടസ്സങ്ങൾ ഉള്ളതായി കണ്ടാൽ നടപടികൾ നിർത്തിവയ്ക്കുകയും തടസ്സം അതിൻെറ സ്വഭാവത്താൽ നീക്കപ്പെടാവുന്നതാണോ, നീക്കപ്പെടുന്നതിനുവേണ്ട കാരണങ്ങൾ ഉണ്ടോ എന്നെല്ലാം അറിവുള്ളവരുമായി ആലോചിച്ച് മനസ്സിലാക്കുകയും ചെയ്യണം. നീക്കപ്പെടാവുന്ന തടസ്സമാണെങ്കിൽ അതിനു അധികാരമുള്ള ആളെ—മെത്രാനെയോ മാർപ്പാപ്പയെയോ സമീപിക്കുകയും അനുമതിക്കായി കാരണസഹിതം അപേക്ഷിക്കുകയും വേണം. സാമാന്യമായി പറഞ്ഞാൽ സ്പഷ്ടമായ ദൈവനിയമങ്ങളെയോ പ്രകൃതിനിയമങ്ങളെയോ അടിസ്ഥാനമാക്കിയുള്ള തടസ്സമാണെങ്കിൽ തിരുസഭ അതിൽനിന്നു ഒഴിവാക്കി അനുമതി നൽകുന്നതല്ല. സഭാനിയമങ്ങളെ ആധാരമാക്കിയിട്ടുള്ളവയിൽ ഗൗരവമനുസരിച്ച തക്ക കാരണങ്ങൾ ഉള്ളപ്പോൾ ഒഴിവു അനുവദിക്കുന്നതാണ്. രണ്ടാമത്തെ ഗണത്തിൽപ്പെട്ട പ്രതിബന്ധങ്ങൾ:- 1 മിശ്രവിവാഹം (ഒരു കത്തോലിക്കാംഗവും ഒരു അകത്തോലിക്ക ക്രൈസ്തവാംഗവുംതമ്മിലുള്ളതു്);2 "വിളിച്ചുചൊല്ലൽ" ക്രമപ്രകാരം നടത്താത്തതു്; 3 ക്രമപ്രകാരം വേറൊരാളുമായി വിവാഹവാഗ്ദാനം ന

ടത്തിയിരിക്കുക; 4 സാധാരണ വ്രതാനുഷ്ഠാനം; 5 മുടക്കിയിട്ടുള്ള കാലങ്ങളിൽ വിവാഹം ആഘോഷിക്കുക മുതലായവയാണ്. ഈ തടസ്സങ്ങൾകൊണ്ട്, മറവുവിധത്തിൽ ക്രമമായി നടത്തപ്പെടുന്ന വിവാഹം അസാധുവാകുകയില്ല എന്നു മുൻപു പറഞ്ഞുവല്ലോ. അങ്ങനെ മനഃപൂർവ്വം ചെയ്യുന്നവർ ഗൗരവമായ തെറവുകാരും ശിക്ഷാർഹരുമാണ് എന്നുമാത്രം.

വിവാഹനിശ്ചയം പരസ്യപ്പെടുത്തുക എന്നതു ആവശ്യമാണെന്നു പറഞ്ഞുവല്ലോ. വിവാഹംനടക്കുന്നതിനു മൂന്നാഴ്ച മുമ്പുമുതൽ ഇടവകപ്പള്ളിയിൽ ഞായറാഴ്ച പ്രധാനകുർബ്ബാനയോടനുബന്ധിച്ചു എല്ലാവരും ഗ്രഹിക്കുന്നവിധത്തിൽ അവരുടെ പേരുകൾ വിളിച്ചറിയിക്കുന്നു. വധൂവരന്മാർ രണ്ടിടവകയിൽ പെട്ടവരാണെങ്കിൽ രണ്ടുസ്ഥലത്തും ഈ വിധത്തിൽ അറിയിക്കപ്പെടും. ഇതിൻെറ ഉദ്ദേശ്യം പരസ്യപ്പെടുത്തപ്പെടുന്ന വിവാഹകാര്യത്തിൽ മേൽപ്രസ്താവിച്ചവിധം ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടായിരുന്നാൽ അതേപ്പററി അറിവുള്ളവർ വിവരം വികാരിയെ അറിയിക്കുക എന്നതാണ്. അതിനു എല്ലാവർക്കും കടമയുണ്ട്. ഇതു ഗൗരവമായിട്ടുള്ള ഒരു കടമയാണ്; കാരണം, അതനുസരിച്ചു പ്രവർത്തിക്കാതിരുന്നാൽ തിരുസഭയുടെ ഉദ്ദേശ്യം വിഫലമാക്കപ്പെടും. വിളിച്ചുചൊല്ലൽ കഴിഞ്ഞിട്ടു വിവാഹം നടത്തുന്നതിനു വളരെക്കാലം നീട്ടിക്കൊണ്ടുപോകരുത്. ഗണ്യമായ വിധത്തിൽ കാലദൈർഘ്യത്തിനിടയായാൽ അധികാരപ്പെട്ടവരുടെ വിവേചനയനുസരിച്ചു പരസ്യപ്പെടുത്തൽ ആവർത്തിക്കേണ്ടിവരാവുന്നതാണ്.

വിവാഹം സംബന്ധിച്ച ആലോചനകളും മററു ഓരോ ഏർപ്പാടുകളും നടന്നുകൊണ്ടിരിക്കുന്ന കാലത്തു ആ കൂദാശ സ്വീകരിക്കുന്നതിനുള്ള (വധൂവരന്മാരാകാനുള്ള) യുവതീയുവാക്കന്മാർക്കു വളരെ ഗൗരവമായ ചില കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. ഒന്നാമതായി അവർ പ്രവേശിക്കാൻ പോകുന്ന

ജീവിതാന്തസ്സിനെപ്പററി പഠിച്ചു മനസ്സിലാക്കുക. അതിൻെറ നാനാവശങ്ങളും, കടമകളും അവകാശങ്ങളും സുഖങ്ങളും ദുഃഖങ്ങളും എല്ലാം അവരുടെ പരിചിന്തനത്തിനു വിഷയമാകണം. രണ്ടാമതായി ആ കൂദാശ യോഗ്യമായി സ്വീകരിക്കുന്നതിനും ആ കൂദാശയുടെ ഫലപൂർണ്ണമായ ഉദ്ദേശ്യങ്ങൾ തങ്ങളിൽ നിറവേറുന്നതിനും തീവ്രമായി പ്രാർത്ഥിക്കണം. കഴിയുമെങ്കിൽ ഒരു ചെറിയ ധ്യാനം നടത്തുന്നതു് ഉത്തമമായിരിക്കും. ദൈവം അവരെ അനുഗ്രഹിച്ചു ഒരു ഉത്തമ ക്രിസ്തീയ കുടുംബം അവർവഴിയായി രൂപമെടുക്കുന്നതിനു വേണ്ടിയുള്ള വിശിഷ്ടമായ അപേക്ഷകളാണു് വിവാഹാവസരത്തിൽ തിരുസഭ നടത്തുന്ന ഔദ്യോഗികപ്രാർത്ഥനകളിൽ ഉള്ളടക്കിയിരിക്കുന്നതു്. ഇതിൻെറ സാഫല്യത്തിനുവേണ്ടിയാണു് അവരും തിരുസഭയോടു യോജിച്ചു പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യേണ്ടതു്.

മിശ്രവിവാഹത്തെപ്പററികൂടി ഒരു വാക്കുപറയേണ്ടതുണ്ടു്. സഹോദരത്വവും സമത്വവും അത്യുച്ചത്തിൽ പ്രസംഗിക്കപ്പെടുന്ന ഒരു കാലമാണിതു്. പക്ഷെ യഥാർത്ഥമായ സാഹോദര്യവും സമത്വവും ഇത്രയേറെ ലംഘിക്കപ്പെട്ടുന്ന ഒരു കാലം ഉണ്ടായിട്ടുണ്ടോ എന്നും സംശയമാണു്. ഈ പോരാട്ടത്തിൽ ഒരു കൂട്ടർ ഒരു എളുപ്പമാർഗ്ഗം കണ്ടുപിടിച്ചിരിക്കുന്നുവത്രെ! സമുദായങ്ങൾതമ്മിലുള്ള വ്യത്യാസങ്ങൾ മാറുന്നതിനുവേണ്ടി മിശ്രവിവാഹം നടത്തിക്കളയാമെന്നു്! എത്ര അബദ്ധമായ ഒരു ധാരണയാണിതെന്നു അല്പം ചിന്തിച്ചാൽ മനസ്സിലാകും. ഒരു മനുഷ്യൻെറ ഏററവും ദൃഢമായ ബോദ്ധ്യത അവൻെറ മതവിശ്വാസത്തെ ആധാരമാക്കിയുള്ളതാണു്. വിശ്വാസകാര്യങ്ങളിൽ മററുള്ളവരുടെ നിലയെപ്പററിയുള്ളിടത്തോളം ആശങ്കയും വേറൊരു കാര്യത്തിലില്ല. ഇവരണ്ടും ഇല്ലാതാക്കുകയൊ സമീകരിക്കുകയൊ ഒരു വിധത്തിലും സാദ്ധ്യമല്ല. ഇങ്ങനെതമ്മിൽ പൊരു

ത്തപ്പെടുന്നതിനു യാതൊരു സാദ്ധ്യതയുമില്ലാത്ത ആദർശങ്ങളോടുകൂടിയ രണ്ടു വ്യക്തികൾ ഒരു ശരീരവും ഒരു ആത്മാവും എന്നവണ്ണം യോജിച്ചു ജീവിക്കുന്നതിനു ഒരുങ്ങുന്നതു ഔദ്ധത്യത്തിൻെറ മൂത്തീകരണമെന്നല്ലാതെ എന്താണു് പറയുക. തന്മൂലം സാധാരണമായി സംഭവിക്കുന്നതു് അങ്ങിനെയുള്ളവർതമ്മിൽ തെററിദ്ധാരണകൾ ഉളവായി ജീവിതം ക്ലേശപൂണ്ണമായി തീരുകയോ, അവരുടെ മതവിശ്വാസം സാവധാനത്തിൽ നിർജ്ജീവമായി തീരുകയോ ആണ്. ഇതു ന്യായയുക്തമായ ഒരു പരിണാമം മാത്രമാകുന്നു. ഇതുകൊണ്ടാണു് ഇക്കാര്യത്തിൽ തിരുസഭ വളരെ നിർബന്ധപൂർവ്വകമായ നിബന്ധനകൾ ആവശ്യപ്പെടുന്നതു്. ഒഴിച്ചുകൂടുവാൻ പാടില്ലാത്തകാരണങ്ങളാൽ ഒരു മിശ്രവിവാഹം അനുവദിക്കേണ്ടതു അത്യാവശ്യമാണെന്നുകണ്ടാൽ കത്തോലിക്ക അല്ലാത്ത അംഗം ചില വ്യവസ്ഥകൾക്കെല്ലാം വഴിപ്പെടണം. കത്തോലിക്ക അംഗത്തിൻെറ വിശ്വാസവിഷയങ്ങളിൽ ഇടപെടുകയില്ല എന്നും മതകാര്യങ്ങൾ നിവ്വഹിക്കുന്നതിനു തടസ്സമുണ്ടാക്കുകയില്ല എന്നും വിവാഹത്തിൽ ഉണ്ടാകുന്ന കുട്ടികളെ എല്ലാം കത്തോലിക്ക വിശ്വാസം അനുസരിച്ചു വളത്തിക്കൊള്ളാമെന്നും അയാൾ സമ്മതിച്ചു രേഖപ്പെടുത്തണം. ഇതെല്ലാം ചെയ്തിട്ടാണെങ്കിലും ഇങ്ങനെയുള്ള വിവാഹങ്ങൾ ആപൽക്കരങ്ങളാണു് എന്നുതന്നെ തിരുസഭ വിശ്വസിക്കുകയും അതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. ഇതാണു് മിശ്രവിവാഹത്തെ സംബന്ധിച്ച തിരുസഭയുടെ ആദർശം. അതു ഏററവും ന്യായയുക്തവുമാണു്. തലച്ചോറു മൂടുപിടിച്ച ചില സമുദായ പരിഷ്ക്കത്താക്കളുടെ നിരത്ഥകമായ ജല്പനങ്ങൾ ആരെയും വഴിതെററിക്കാതിരുന്നാൽ നന്നു്.

അതുകൊണ്ടു് ക്രിസ്തീയ വിവാഹം ഒരു ദിവ്യകൂദാശയാകുന്നു എന്നും, അതിൽ ദൈവത്തിൻെറ ഉദ്ദേശ്യങ്ങൾ സഫലമാകത്തക്കവണ്ണം വിളിക്കപ്പെട്ടവർ യോഗ്യമായി പ്രവേശിച്ചു

നിഷ്ഠയായി ജീവിക്കണമെന്നും, തിരുസഭ ഇതു സംബന്ധിച്ചു നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ ഏററവും യുക്തിയുക്തവും അവശ്യാവശ്യവുമാണെന്നും അവകളെ ആദൎശയോഗ്യമായവിധത്തിൽ ആദരിച്ചുപ്രവൎത്തിക്കേണ്ടതു എല്ലാവരുടേയും കടമയാണെന്നും നാം മനസ്സിലാക്കണം. കൂടാതെ ഈ കൂദാശ യോഗ്യമായി നാം സ്വീകരിക്കുമ്പോൾ ഗൗരവമായ അതിൻെറ കടമകളെ നിൎവ്വഹിക്കുന്നതിനുള്ള അനുഗ്രഹങ്ങളാണ് ദൈവം സുലഭമായി നമുക്കു പ്രദാനം ചെയ്യുന്നതു് എന്നും ഈ ദൈവികാനുഗ്രഹങ്ങളുടെ നിഴലിൽ നമ്മുടെ വിശ്വസ്തമായ ജീവിതം സൗഭാഗ്യപ്രദവും നിത്യാനന്ദദായകവും ആയിരിക്കുമെന്നും നാം വിശ്വസിക്കുകയും ഏററം യോഗ്യമായി അതു സ്വീകരിക്കുന്നതിനും നിഷ്ഠയോടുകൂടി അതിൽ ജീവിക്കുന്നതിനും പരിശ്രമിക്കുകയുംവേണം.

ജോൎജ്ജ്: വിവാഹം നിശ്ചയിച്ചു അതിനുവേണ്ട ഏൎപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞു ഒടുവിൽ വിളിച്ചുചൊല്ലുന്ന അവസരത്തിൽ തടസ്സങ്ങൾ എന്തെങ്കിലും ഉള്ളതായി അറിയാമെങ്കിലും അതു പരസ്യപ്പെടുത്തി വിവാഹം തടസ്സപ്പെടുത്തുന്നതു വലിയ മാനക്കേടിനു കാരണമല്ലേ.? അതുകൊണ്ടു അതു പറയാതിരിക്കയല്ലേ നല്ലതു്?

ഹാ: പി: വിവാഹം സംബന്ധിച്ചു ഈ തടസ്സങ്ങൾ ചിലതു നീക്കികളയാവുന്നതും ചിലതു നീക്കപ്പെടുവാൻ പാടില്ലാത്തതും ഉണ്ടെന്നു അറിയാമല്ലോ. നീക്കപ്പെടാൻ പാടില്ലാത്ത തടസ്സമാണെങ്കിൽ ആ കൂദാശ നടത്തപ്പെടുവാൻ പാടില്ലാത്തതാണ്. നാമറിഞ്ഞുകൊണ്ടു് ഒരു കൂദാശയെ ദുരുപയോഗിക്കുകയും രണ്ടു ആത്മാക്കളുടെ നാശത്തിനു വഴി തെളിക്കുകയും ചെയ്യാമോ.? തീൎച്ചയായും നാം വേണ്ടവിധത്തിൽ വിവേകത്തോടുകൂടി ആ തടസ്സം വെളിപ്പെടുത്തണം. അതു നീക്കപ്പെടാവുന്ന തടസ്സമാണെങ്കിൽ നാം അധികാരികളെ വിവരം അറിയിക്കു

ന്നതുകൊണ്ടു് വേണ്ടസമയത്തു വേണ്ടതായ അനുമതികൾ വാങ്ങിച്ചു ക്രമമായവിധത്തിൽ കൂദാശ നടത്തപ്പെടുകയും ചെയ്യാം. അതുകൊണ്ടു ഏതു സാഹചര്യത്തിലും നാം തടസ്സത്തെ അറിയിക്കയാണു് വേണ്ടതു്. അറിയിക്കാതിരിക്കുന്നതാണു് കുററം. അതിൽനിന്നാണു് നാശകരങ്ങളായ പരിണാമങ്ങൾ ഉണ്ടാകുന്നതും.

തോമസ്: വിവാഹകാര്യം ആലോചിക്കുമ്പോൾ ചിലർ കള്ളഎഴുത്തുകൾ അയയ്ക്കാറുണ്ടു്. ഇതു വലിയകുററമാണോ?

ഫാ: പി: ഇതു എത്രയും വലിയകുററമാണു്. ഒരുത്തനു മാനഹാനി വരത്തക്കവിധത്തിൽ ഇല്ലാത്തതായ കുററങ്ങൾ പറഞ്ഞു പരത്തുന്നതും എഴുതിവിടുന്നതും ഗൗരവമായ ഉത്തരിപ്പുകടമുള്ള കുററമാണു് എന്നു ചിലർ മനസ്സിലാക്കുന്നില്ല. പ്രത്യേകിച്ചു വിവാഹം സംബന്ധിച്ചും മററും ചില ദുർബ്ബുദ്ധികൾ ചെയ്യുന്ന കടുംകൈകൾക്കു അവർ എങ്ങിനെയാണു് ദൈവതിരുമുമ്പാകെയും ആ കക്ഷികളെ സംബന്ധിച്ചും പരിഹാരംചെയ്യുന്നതെന്നു ഞാൻ എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇതു ഭയങ്കരമായ കുററവും തക്ക പരിഹാരം ചെയ്യാതെ മാപ്പു കിട്ടാത്ത ഉത്തരിപ്പുകടമുള്ളതുമാണു് എന്നു പ്രത്യേകം ഓർമ്മിക്കണം.

തോമസ്: ഉള്ളകാര്യമാണെങ്കിൽ അറിയിക്കണമോ?

ഫാ: പി: ഒരു വിവാഹകാര്യത്തിൽ ഗൗരവാവഹമായതും നമുക്കു രഹസ്യമായിമാത്രം അറിയാവുന്നതുമായ ഒരു സാഹചര്യം ഉണ്ടെന്നു വയ്ക്കുക. നമ്മുടെ സ്നേഹിതനായ അതിലെ ഒരു കക്ഷി നമ്മോടു ആലോചിക്കുന്നു. അതു അയാളെ രഹസ്യമായി അറിയിക്കേണ്ടതു നമ്മുടെ കടമയാണു്. എന്നു മാത്രമല്ല ആ സാഹചര്യം മനസ്സിലാക്കാതെ വിവാഹം നടക്കുകയാണെങ്കിൽ അതു പി

ന്നിട്ട വളരെ വലിയ വിഷമതകൾക്ക അവസരമായേ ക്കാമെന്നു നാം സംശയിക്കുന്നു എന്നു വെയ്ക്കുക. അതു വിദ്വേകത്തോട്ടുകൂടി കക്ഷിയെ അറിയിക്കുന്നതു സഹോ ദരസ്നേഹത്തിൻെറ ഒരു പ്രവൃത്തിയായിരിക്കും. പ്രത്യു ത നിസ്സാരമായതോ ഗൗരവമില്ലാത്തതോ ആയ എ ന്തെങ്കിലും സാഹചര്യമാണെങ്കിൽ, നമ്മോട്ട ആത്മാ ത്ഥമായി ആലോചിക്കാത്തപക്ഷം അതിൽ ഇടപെടേ ണ്ട യാതൊരാവശ്യവുമില്ല. അതുപോലെതന്നെ അവ രുടെ ദാമ്പത്യജീവിതത്തിൽ യാതൊരു പ്രസക്തിയും ഇ ല്ലാത്ത ഏതെങ്കിലും രഹസ്യകുററങ്ങൾ അവ എത്ര ഗൗ രവമായിരുന്നാലും നമുക്ക വെളിപ്പെടുത്തേണ്ട ആവശ്യ മോ അവകാശമോ ഇല്ല എന്നും നാം ധരിക്കണം. അതു കൊണ്ട കടമയനുസരിച്ചു നിർബന്ധിക്കപ്പെടുന്ന അവ സരത്തിൽമാത്രം നാം അക്കാര്യത്തിൽ ഇടപെട്ടാൽ മതി.

വിവാഹമെന്ന കൂദാശയെപ്പററിയും ചുരുക്കത്തിൽ നി ങ്ങൾ അറിയേണ്ട കാര്യങ്ങൾ ഇപ്പോൾ നിങ്ങൾക്ക മനസ്സി ലായി. അവസാനത്തെ ഈ രണ്ടു കൂദാശകളെപ്പററി പി ന്നീട് നിങ്ങളുടെ ജീവിതസ്ഥിതി തിരഞ്ഞെടുക്കേണ്ട ഘട്ടം വ രുമ്പോൾ നമുക്ക കൂടുതലായി പഠിക്കാം. ഇപ്പോൾ നിങ്ങ ൾ നിർമ്മലരായി ദൈവത്തിനു ഇഷ്ടപ്പെട്ടവരായി ജീവിക്കുക. നിങ്ങളിൽ ദൈവം തോന്നിക്കുന്ന നല്ല വിചാരങ്ങളും ആഗ്രഹ ങ്ങളും നിങ്ങൾ ശ്രദ്ധിക്കുകയും അവവഴിയായി നൽകപ്പെടു ന്ന സൽപ്രേരണകൾക്കനുസരിച്ചു കൂടുതൽ പുണ്യസമ്പാദന ത്തിനായി യത്നിക്കുകയും ചെയ്യുക. എന്തെങ്കിലും പ്രത്യേകമാ യ വികാരങ്ങളോ ആശങ്കകളോ നിങ്ങൾക്ക തോന്നിയാൽ നിങ്ങളുടെ ആത്മീയ ഗുരുവിനോട്ട അതു വെളിപ്പെടുത്തുകയും അദ്ദേഹത്തിൻെറ നിദ്ദേശമനുസരിച്ചു പ്രവത്തിക്കുകയും ചെ യ്യുക. നിങ്ങൾ തമ്മിൽതമ്മിൽ രഹസ്യം പറയുകയും ആ ലോചിക്കുകയും ചെയ്താൽ അതു ഗുണത്തെക്കാൾ ദോഷത്തെ

ചെയ്യുന്നതിനിടയാക്കിയേക്കും. ദൈവപ്രകാശങ്ങളേയും ദ്രഷ്ടാവുപിയുടെ പ്രേരണകളേയും നമുക്കു വിവേചിച്ചു തരേണ്ടതു നമ്മുടെ ആത്മീയപിതാക്കന്മാരാണ്. അതുകൊണ്ടു ഈ വിധത്തിൽ നിങ്ങൾ പ്രവർത്തിക്കുക. ദൈവം നിങ്ങളിൽ ഭക്തിതീക്ഷ്ണതയുള്ള വൈദികരേയും ദിവ്യചൈതന്യമുള്ള സന്യാസിനീസന്യാസികളേയും മാതൃകായോഗ്യരായ മാതാപിതാക്കന്മാരേയും രൂപീകരിക്കും. അതു ദൈവത്തിന്നു മഹത്വവും തിരുസഭയ്ക്കു ശ്രേയസ്സും അവരവർക്കു നിത്യകിരീടവും പ്രദാനം ചെയ്യുകയും ചെയ്യും.

പ്രിയകുട്ടികളെ, ഇപ്പോൾ ഏഴു കൂദാശകളെ സംബന്ധിച്ചും നാം സംക്ഷിപ്തമായി പഠിച്ചുകഴിഞ്ഞു. ദൈവം കൂദാശകൾ വഴിയായി എങ്ങിനെ നമ്മിൽ പ്രവർത്തിക്കുന്നു എന്നു നിങ്ങൾക്കു മനസ്സിലായി എന്നു ഞാൻ വിചാരിക്കുന്നു. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ നമ്മുടെ ആത്മാവു ദൈവത്തിന്റെ തോട്ടമാണ്. ഇതിന്റെ ഫലപുഷ്ടിക്കായി അവിടത്തെ ദിവ്യാനുഗ്രഹങ്ങൾ ഈ ഏഴു ചാലുകൾ വഴി നമ്മിലേക്കു സദാ തിരിച്ചു വിടപ്പെട്ടിരിക്കുന്നു. അവയെ ഓരോന്നും ഏററം കൂടുതലായ ഫലം ഉളവാക്കത്തക്കവണ്ണം നമ്മിൽ നാം പ്രവർത്തിപ്പിക്കണം. ആ നീർച്ചാലുകൾ നാം തടഞ്ഞുകളയരുതു്. തായിതണ്ടിൽനിന്നു വെട്ടിമാററപ്പെടുന്ന ചില്ലയുടെ അനുഭവം നമുക്കറിയാമല്ലോ. എന്റെ തോട്ടത്തിലെ റോസച്ചെടിയുടെ കഥ നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ. അതുകൊണ്ടു് ഈ ചിന്ത എപ്പോഴും നമ്മുടെ ബോധത്തിൽ സജീവമായുണ്ടാകണം. ഓരോ ദിവസവും ഇതുസംബന്ധിച്ചു നാം ഒരു പരിശോധന നടത്തണം. അതെങ്ങിനെയാണെന്നുകൂടി അല്പം പറഞ്ഞുകൊണ്ടു് ഈ ഭാഗം നമുക്കവസാനിപ്പിക്കാം. ഒരു നല്ല തോട്ടക്കാരൻ ദിവസവും വൈകീട്ടു് വെയിലിന്റെ ചൂടു കുറയുമ്പോൾ താൻ സ്നേഹിക്കുന്ന ആ തോട്ടത്തിൽ ഇറങ്ങും. അയാൾ ആകെ ഒന്നു കണ്ടു മടങ്ങുകയില്ല. ഓരോ ചെ

ടീയുടേയും അടുത്തുചെന്നു് അതെങ്ങിനെ നില്ക്കുന്നു, അതിന്നു വേണ്ടത്ര വളൎച്ചയുണ്ടായിട്ടുണ്ടോ, അതിന്നു വളക്കുറവുണ്ടോ, നനമതിയോ, എറുമ്പോ പ്രാണികളോ അതിനെ ഉപദ്രവിച്ചിട്ടുണ്ടോ, പുഴു കയറിയിട്ടുണ്ടോ എന്നെല്ലാം നിഷ്കൎഷയായി പരിശോധിക്കുകയും ഏതെങ്കിലും കുറവുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന്നുവേണ്ട ഏൎപ്പാടുകൾ ശുഷ്കാന്തിയായി ചെയ്യുകയും ചെയ്യുന്നു. ആ ആളുടെ തോട്ടം ഏററം മനോഹരമായി വളരും. എന്നാൽ പ്രിയകുട്ടികളെ, ഇതുതന്നെ നാമും അനുകരിക്കണം. എങ്ങിനെയാണു്? നമ്മുടെ ജീവിതത്തിലെ ഓരോദിവസവും അവസാനിക്കുമ്പോൾ, നാം പായവിരിച്ചു് രാത്രിജപത്തിന്നു തുടങ്ങുമ്പോൾ, നമ്മുടെ ആത്മീയ തോട്ടത്തിലേക്കു ഒന്നിറങ്ങിച്ചുററണം. ആ തോട്ടത്തിൽ നാം വളരെ കാൎയ്യമായിട്ടു വളൎത്തുന്ന പുണ്യമാകുന്ന ചെടികൾക്കുവേണ്ട ദൈവാനുഗ്രഹങ്ങളാകുന്ന വളവും വെള്ളവും കിട്ടിയിട്ടുണ്ടോ, പിശാചിൻെറ തന്ത്രങ്ങളാകുന്ന പുഴുക്കുത്തോ എറുമ്പിൻെറ ഉപദ്രവമോ അതിന്മേൽ ഏററിട്ടുണ്ടോ എന്നു നാം ശ്രദ്ധയായി പരിശോധിക്കണം. വേറെ വാക്കുകളിൽ പറഞ്ഞാൽ ദിവ്യകൂദാശകൾ എങ്ങിനെ നമ്മിൽ ഫലപ്രദമായി പ്രവൎത്തിച്ചു എന്നു നാം പരിശോധിക്കണം. ഏതെങ്കിലും കൂദാശവഴിയായി നമുക്കു കിട്ടേണ്ട അനുഗ്രഹത്തിന്നു തടസ്സം വന്നുപോയി എന്നുകണ്ടാൽ നാം മനസ്തപിച്ചു ദൈവത്തോടു പൊറുതി യാചിച്ചു ആ തടസ്സം തീൎത്തു ശരിപ്പെടുത്തണം. ഇങ്ങനെ അനുദിനം നാം പ്രവൎത്തിക്കുന്നു എങ്കിൽ പുണ്യപൂൎണ്ണതയുടെ ഉച്ചത്തിലേയ്ക്കു നിൎബാധം നാം ഉയൎന്നുകൊണ്ടിരിക്കും. ആകയാൽ കൂദാശകളെപ്പററി നിങ്ങൾ മനസ്സിലാക്കി. കൂദാശകളിൽ നിങ്ങൾ നിലനിന്നു ജീവിക്കുക. നമ്മുടെ ആത്മീയോദ്യാനം ഫലപുഷ്ടമായിത്തീരും.

*Study Circle Series No. 12.*

# കൌദാശികങ്ങൾ

ഫാ: പീ: കൂദാശകളെപ്പററി പ്രതിപാദിച്ചുകഴിഞ്ഞതല്ലോ ഇന്നു നിങ്ങളോട്ട് പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നതു് മററുചില തിരുകർമ്മങ്ങളെപ്പററിയാണു്. ഏറക്കുറെ കൂദാശകളുടെ രൂപത്തിൽ തിരുസഭയിൽ പലേ തിരുകർമ്മങ്ങളും നടത്തപ്പെടുന്നുണ്ടു്. ഇവയെ സാമാന്യമായി കൌദാശികങ്ങൾ അഥവാ കൂദാശക്കടുത്തവ എന്നു പറയാം. കൂദാശകളും കൌദാശികങ്ങളുമായുള്ള പ്രകടമായ വ്യത്യാസം നാം ശരിയായി മനസ്സിലാക്കണം. ഒരു കൂദാശയുടെ ഫലസിദ്ധി അപ്രമാദമാണു്; അതായതു്, കൂദാശകളിൽ അവയുടെ സ്വഭാവത്തിനും പ്രവർത്തനത്തിനും തടസ്സം ഉണ്ടാകാത്തപ്പോഴെല്ലാം ദൈവപ്രസാദവരം അവയുടെ ശക്തിയാൽതന്നെ ഉൽപ്പാദിപ്പിക്കപ്പെടും. കൌദാശികങ്ങളിലോ എന്നാൽ തിരുസഭയുടെ മാദ്ധ്യസ്ഥത്തിൽ അവ പ്രവർത്തിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവരുടെ വ്യക്തിഗതമായ യോഗ്യതകളെ ആധാരമാക്കിയാണു് ഫലം പുറപ്പെടുക. കൂദാശകൾ എല്ലാം ഈശോമിശിഹാ സ്ഥാപിച്ചിട്ടുള്ളതാണു്. കൌദാശികങ്ങൾ തിരുസഭ ഏർപ്പെടുത്തുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുള്ളവയാണു്. അവയ്ക്കു നിഗൂഢമായ ശക്തിയൊന്നുമില്ല. ഉണ്ടെന്നു സങ്കല്പിക്കുന്നതു് അബദ്ധവും അന്ധവിശ്വാസവുമാണു്. അവയ്ക്കുള്ള വിശേഷത, അവ തിരുസഭയുടെ പ്രാർത്ഥനയാൽ പവിത്രമാക്കപ്പെട്ടതും നമ്മിൽ സദ്വികാരങ്ങളേയും ഭക്തപ്രേരണകളേയും ഉളവാക്കി പുണ്യാഭിവൃദ്ധി ഉണ്ടാക്കുന്നതിനുള്ള ഉപകരണമായി തി

രുസഭയാൽ നിർദ്ദേശിക്കപ്പെട്ടതുമാണു് എന്നുള്ളതത്രെ. ഇങ്ങനെ കൌദാശികങ്ങളിൽ, സ്വയമേ നിർഗ്ഗുണങ്ങളും സാധാരണങ്ങളുമായ ഓരോ വസ്തുക്കൾ വിശുദ്ധങ്ങളും ഭക്തിജന്യങ്ങളുമായി രൂപാന്തരപ്പെടുന്നു. ആ നിലയിൽ അവയെ നാം സംപൂജ്യങ്ങളായി കരുതുകയും ആത്മാവിൻെറ പുണ്യാഭിവൃദ്ധിക്കു സഹായകമായി ഉപയോഗിക്കുകയും ചെയ്യുന്നു. ഇവയിൽ പ്രധാനമായതു് "വെഞ്ചരിപ്പുകൾ", കുരിശടയാളം, ഹന്നാൻവെള്ളം, തിരുസ്വരൂപങ്ങൾ, തിരുശേഷിപ്പുകൾ മുതലായവയാണു്. ഓരോന്നിനെക്കുറിച്ചും ചുരുക്കമായി പ്രതിപാദിക്കാം.

വെഞ്ചരിപ്പുകർമ്മം. തിരുസഭയുടെ കർമ്മക്രമത്തിൽ വെഞ്ചരിപ്പുകൾ വളരെ സുലഭങ്ങളും ഫലപ്രദങ്ങളുമാണു്. തിന്മയെ എതിർക്കുന്നതിനും നന്മയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അവയ്ക്കുള്ള ശക്തി അന്യാദൃശമാണു്. ഇതിൻെറ പ്രായോഗികതത്വം ശരിയായി ഗ്രഹിക്കുന്നതിനു ലോകത്തിൽ ക്രിസ്തീയസിദ്ധാന്തമനുസരിച്ചു് പാപംമൂലം വന്നുചേർന്നിട്ടുള്ള സ്ഥിതിവിശേഷം നാം മനസ്സിലാക്കണം. മനുഷ്യൻെറ ആദ്യപാപം മൂലം ലോകം ഒന്നാകെ പൈശാചിക ശക്തികൾക്കു അടിപ്പെട്ടു. ദൈവം അവയെ വെറുത്തുതള്ളി. എല്ലാവസ്തുക്കളേയും അവിടുന്നു നന്മയായിട്ടും നന്മയ്ക്കായിട്ടും സൃഷ്ടിച്ചു എങ്കിലും ഇന്നും വസ്തുപരമായി അവയുടെ അസ്തിത്വത്തിൽ അവ നന്മതന്നെയാണെങ്കിലും സൃഷ്ടിയുടെ നാഥനും മകുടവുമായ മനുഷ്യൻെറ പാപഫലമായി അവ മലീമസമാക്കപ്പെടുകയും ദൈവത്തിൻെറ ശത്രുവായ പിശാചിൻെറ നശീകര പ്രവർത്തനങ്ങൾക്കു അവ ഉപകരണമായിത്തീരുകയും ചെയ്തിരിക്കുന്നു. പാപംമൂലം ഈദൃശമായ ഒരു ആധിപത്യം മനുഷ്യനുൾപ്പെടെ എല്ലാ സൃഷ്ടികളിന്മേലും പിശാചിനു ലഭ്യമായി. ഇതിൻെറ ദൃശ്യലക്ഷണമായി എവിടേയും പ്രലോഭനങ്ങളും പാപത്തിലേക്കുള്ള പ്രേരണകളും നാം അനുഭവിക്കുന്നു.

പൈശാചികമായ ആധിപത്യത്തെ നശിപ്പിച്ചു തൽസ്ഥാനത്തു ദിവ്യമായ പ്രചോദനങ്ങൾ പുനഃസ്ഥാപിക്കുന്നതിനാണു് തിരുസഭ വെഞ്ചരിപ്പുകർമ്മം നടത്തുന്നതു്. അതുകൊണ്ടു് വെഞ്ചരിപ്പുകളുടെ ഫലം അന്യാദൃശമാണെന്നു നാം ധരിക്കണം. വിവിധ വസ്തുക്കൾക്കനുയോജ്യമായും ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ നൽകപ്പെടുന്ന ഈവിധമുള്ള നിരവധി വെഞ്ചരിപ്പുകർമ്മങ്ങൾ തിരുസഭ ഏർപ്പെടുത്തുകയും അവയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു വിശ്വാസികളെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നുണ്ടു്. അവയെല്ലാം എണ്ണിയെണ്ണി പറയുക ഇവിടെ സാദ്ധ്യമല്ല. നാമറിയുന്നതുപോലെ ദേവാലയങ്ങളുടെയും വിശുദ്ധസ്ഥലങ്ങളുടെയും ആഘോഷപൂർവ്വകമായ വെഞ്ചരിപ്പുണ്ടു്; വിശുദ്ധവസ്തുക്കളുടെ പ്രത്യേകവെഞ്ചരിപ്പുണ്ടു്; നാം വസിക്കുന്ന വീടുകൾക്കും സ്ഥലങ്ങൾക്കും വെഞ്ചരിപ്പുണ്ടു്; നാമുപയോഗിക്കുന്ന ഭക്ഷ്യോപകരണങ്ങൾക്കു വെഞ്ചരിപ്പുണ്ടു്; നാം നട്ടുവളർത്തുന്ന ഫലമൂലാദികൾക്കും, നമ്മുടെ ധാന്യങ്ങൾ വിളയുന്ന വയലുകൾക്കും നമ്മുടെ കന്നുകാലികൾക്കും, വീട്ടുമൃഗങ്ങൾക്കും, എല്ലാം പ്രത്യേകമായ വെഞ്ചരിപ്പുകളുണ്ടു്; നമ്മെ ഉപദ്രവിക്കുന്ന വന്യജന്തുക്കൾക്കും, ബാധകൾക്കും, രോഗങ്ങൾക്കും, ദുർഭൂതങ്ങൾക്കും എതിരായ വെഞ്ചരിപ്പുകളുണ്ടു്; നമ്മുടെ ജീവിതത്തിലെ ഓരോ പരിവർത്തനങ്ങളിലും ആവശ്യങ്ങളിലും തദനുയോജ്യമായ വെഞ്ചരിപ്പുകളുണ്ടു്; അവസാനമായി നമ്മുടെ മൃതശരീരവും, ശവമഞ്ചവും, കുഴിമാടവും വെഞ്ചരിക്കപ്പെടുന്നു. ഇങ്ങനെ തിരുസഭ വെഞ്ചരിപ്പുകർമ്മംമൂലം ഏതു ആവശ്യത്തിലും സ്വർഗ്ഗീയസഹായം നമുക്കുവേണ്ടി അഭ്യർത്ഥിക്കുന്നതിനും ദുഷ്ടശക്തികളെ അടിച്ചമർത്തുന്നതിനും സന്നദ്ധയായിരിക്കുന്നുണ്ടു്. വെഞ്ചരിപ്പുകർമ്മത്തോടു് തന്മൂലം നമുക്കു വലിയ ഭക്തിയും ബഹുമാനവും ഉണ്ടാകണം. ആശീർവ്വാദകർമ്മവും ആശീർവ്വദിക്കപ്പെട്ട സാധനങ്ങളും എപ്പോഴും നാം പൂജ്യമായി കൈകാര്യം ചെയ്യണം. വെഞ്ചരിക്കപ്പെട്ട ഭക്തിക്കടുത്ത ഉപകരണങ്ങൾ

നാം ശ്രദ്ധയോടുകൂടി സൂക്ഷിക്കുകയും അവ നിരുപയോഗമാ യിത്തീന്നാൽ അനാദരവിനു ഇടയാകാത്തവണ്ണം കത്തിച്ചോ ഉ രുക്കിയോ നശിപ്പിച്ചുകളയുകയുമാണു് ചെയ്യേണ്ടതു്.

കുരിശടയാളം: ക്രിസ്തീയവിശ്വാസത്തിൻെറ സവ്വപ്രധാ നവും, സംപൂജ്യവുമായ ചരിന്നമാണു് കുരിശടയാളം. അതു് മി ശിഹായുടെ മനുഷ്യാവതാരം, പീഡാനുഭവം, കുരിശുമരണം ആ ദിയായ വിശ്വാസരഹസ്യങ്ങളുടെ സ്മരണ നമ്മിൽ ഉളവാ ക്കുന്നതിനുള്ള ഫലവത്തായ ഒരു മാഗ്ഗമാണു്. മാത്രമല്ല, അതു വഴിയായി നാം പരിശുദ്ധത്രീത്വത്തിൻെറ രഹസ്യത്തെ ഏ റുപറയുകയും ചെയ്യുന്നു. അതു നമുക്കു സവ്വസാധാരണമായ ഒരു കമ്മമാണു്. തിരുസഭ എല്ലാ ആശീവ്വാദങ്ങളും ഈ അട യാളത്താലാണു് പ്രദാനം ചെയ്യുന്നതു്. നാമോരോരുത്തരും പലപ്രാവശ്യം തന്നത്താൻ കുരിശടയാളം വരയ്ക്കുന്നതിനു് തി രുസഭ ഉൽബോധിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. കുരിശടയാളം ക്രമമായും ഭക്തിയായും വരയ്ക്കണം. അനാചാര മായി ഒരിക്കലും പ്രവത്തിക്കരുതു്. നമ്മുടെ പ്രാത്ഥനകളിൽ ആരംഭത്തിലും ഇടയ്ക്കു അവസരമുള്ളപ്പോഴും അവസാനത്തിലും കുരിശടയാളം വരയ്ക്കണം. ഭക്ഷണത്തിനു മുൻപും പിൻപും, ദേവാലയത്തിൽ പ്രവേശിക്കുമ്പോഴും അവിടെനിന്നു പുറത്തേ ക്കു പോരുമ്പോഴും, രാവിലെ ഉണരുമ്പോഴും രാത്രി ഉറങ്ങുന്നതി ൻ മുമ്പിലും, എന്നുവേണ്ട ദിവസത്തിൽ പലപ്രാവശ്യവും പ്ര ത്യേകിച്ചു് പൈശാചിക പ്രലോഭനങ്ങൾ ഉണ്ടാകുമ്പോഴും എന്തെങ്കിലും അപകടം സംഭവിക്കുമ്പോഴും, ദുഃഖങ്ങൾ അനുഭ വിക്കുമ്പോഴും നാം കുരിശടയാളം വരച്ചുപേക്ഷിക്കണം. കുരി ശടയാളം വരയ്ക്കുന്ന രീതികൾ രണ്ടും നമുക്കു സുപരിചിതമായി രിക്കണം. ഇതു ഒരു ക്രിസ്ത്യാനി അവശ്യം അനുഷ്ഠിക്കേണ്ട ഒരു കമ്മമാണെന്നു ഒരിക്കലും വിസ്മരിക്കരുതു്.

ഹന്നാൻവെള്ളം: ആശീവ്വദിക്കപ്പെട്ട വെള്ളമാണു് ഹ ന്നാൻവെള്ളം. പുരാതനകാലംമുതൽ അതു തിരുസഭയിൽ ഉപ

യോഗത്തിലിരുന്നിട്ടുള്ളതാണു്. ഹന്നാൻവെള്ളം ഉപയോഗിക്കാത്ത തിരുകർമ്മങ്ങൾ തിരുസഭയിൽ വിരളമാണു്. അതു എല്ലാ വീടുകളിലും പൂജ്യമായി സൂക്ഷിക്കണമെന്നും, അതു തൊട്ടു തന്നത്താൻ കുരിശടയാളം വരയ്ക്കണമെന്നും, വീടുകളേയും സ്ഥലങ്ങളേയും അതു തളിച്ചു ആശീർവ്വദിക്കണമെന്നും തിരുസഭ ഉപദേശിക്കുന്നു.

ഹന്നാൻവെള്ളം ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ നിരവധിയാണു്. അതു ദുഷ്ടാത്മാവിയെ ഓടിക്കുകയും അവൻെറ തന്ത്രങ്ങളിൽനിന്നു രക്ഷപെടാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. അതുവഴിയായി പരിശുദ്ധാത്മാവിയുടെ സാന്നിദ്ധ്യവും സഹകരണവും നമ്മുടെ പ്രവൃത്തികളിൽ ഉണ്ടാവുകയും ആത്മികവും ശാരീരികവുമായ അനുഗ്രഹങ്ങൾക്കു കാരണമാവുകയും ചെയ്യുന്നതാണു്. വേദപുസ്തകം സാക്ഷ്യം വഹിക്കുന്നതുപോലെ, ആരെ വിഴുങ്ങേണ്ടു എന്നു അന്വേഷിച്ചു അലറുന്ന സിംഹത്തെപ്പോലെ ചുററിനടക്കുന്ന പിശാചിനെ അതു നിയന്ത്രിക്കുകയും നമ്മുടെ സൽകൃത്യങ്ങളിൽ ഇടപെടുന്നതിൽനിന്നു അവനെ ആട്ടിയോടിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും ഏററവും അപകടകരമായ മരണസമയത്തു രോഗിയെ ഹന്നാൻവെള്ളംകൊണ്ടു കുരിശടയാളം വരപ്പിക്കുകയും കിടക്കയ്ക്കു ചുററിലും പലപ്രാവശ്യം അതു തളിക്കുകയും ചെയ്യണം. ദിവസവും നാം കിടക്കുന്നതിനുമുമ്പു അതുതൊട്ടു കുരിശു വരയ്ക്കുകയും നമ്മുടെ കിടക്കയിൽ അതു തളിച്ചുകൊണ്ടു കിടക്കുകയും ചെയ്യാൻ മറക്കരുതു്. ഹന്നാൻവെള്ളം കുടിക്കാൻ ഉപയോഗിക്കരുതു്. അതിൻെറ ആശീർവ്വാദകർമ്മത്തിൽ നിർദ്ദേശിക്കപ്പെടുന്നതു് അതു വിശ്വാസികളുടെമേലും, പൂജ്യവസ്തുക്കളുടെമേലും സ്ഥലങ്ങളിലും തളിക്കുന്നതിനാണു്. അതിൻെറ ഉപയോഗത്തോടനുബന്ധിച്ചു നിരവധി ദണ്ഡവിമോചനങ്ങൾ തിരുസഭ നൽകിയിട്ടുള്ളതുകൊണ്ടു് ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകൾക്കു തണുപ്പും ആശ്വാസവും ലഭിക്കുന്നതിനും അതു

വളരെ സഹായകമാണു്. അതുകൊണ്ടു് എല്ലാ വീട്ടുകളിലും അതു പൂജ്യമായും വൃത്തിയായും സൂക്ഷിച്ചുവയ്ക്കുകയും സർവ്വസാധാരണമായി ഭക്തിപൂർവ്വം ഉപയോഗിക്കുകയും വേണം

തിരുസ്വരൂപങ്ങൾ: തിരുസഭയിൽ തിരുസ്വരൂപങ്ങൾക്കുള്ളസ്ഥാനം വളരെ പ്രധാനമായ ഒന്നാണു്. ഭക്തിയെ ഉത്തേജിപ്പിക്കുന്നതിനും സദ്വികാരങ്ങളെ ഉൽപാദിപ്പിക്കുന്നതിനും അവയ്ക്കുള്ള കഴിവു അന്യാദൃശമത്രെ. സ്വരൂപങ്ങൾക്കു സ്വകീയമായ യാതൊരു പ്രത്യേകശക്തിയുമില്ല എന്നു നാം പ്രത്യേകം ധരിക്കണം. ഏതാദൃശമായ ഏതെങ്കിലും അമാനുഷികശക്തികൾ അവയ്ക്കുണ്ടു് എന്നു വിശ്വസിക്കുന്നതു അന്ധവിശ്വാസവും ആ വിശ്വാസത്തോടുകൂടി അവയെ വന്ദിക്കുന്നതു് വിഗ്രഹാരാധനയുമാണു്. നാം അവയുടെ മുമ്പിൽ പ്രാർത്ഥിക്കാറുണ്ടു്; എന്നാൽ അവയോടല്ല നാം പ്രാർത്ഥിക്കുന്നതു്. ഉദാഹരണമായി നാം ഒരു കുരിശുരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ ആ സ്വരൂപംവഴി നമ്മുടെ ബോധത്തെ നാം സ്വർഗ്ഗസ്ഥനായ ദിവ്യരക്ഷകന്റെ പക്കലേക്കുയർത്തുകയും അവിടുത്തെ പീഡാനുഭവത്തേയും കുരിശുമരണത്തേയും നമ്മുടെ ഭക്തധ്യാനത്തിനു വിഷയമാക്കുകയുമാണു് ചെയ്യുന്നതു്. ഇതുപോലെ ഓരോ വിശുദ്ധന്മാരുടെ സ്വരൂപങ്ങൾ അവർ നമുക്കു നൽകിയിട്ടുള്ള ദിവ്യാദർശങ്ങളെപ്പററി ചിന്തിക്കുന്നതിനും സ്വർഗ്ഗത്തിൽ അവർ നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു എന്നോർത്തു് ബോധംവഴിയായി അവരോടഭ്യർത്ഥിക്കുന്നതിനും സഹായിക്കുകയും ചെയ്യുന്നു. വിശുദ്ധന്മാരുടെ സ്വരൂപവന്ദന വിഗ്രഹാരാധനയാണെന്നും അതു വേദപുസ്തകത്തിൽ മുടക്കപ്പെട്ടതാണെന്നും ചിലർ പറയാറുണ്ടു്. അതു വിഗ്രഹാരാധനയല്ല എന്നു ഞാൻ പറഞ്ഞു. വിഗ്രഹാരാധനയായിട്ടുള്ള വിധത്തിലാണു് വേദപുസ്തകം അതു മുടക്കീട്ടുള്ളതും. ആരാധിക്കുന്നതിനായിട്ടോ, ദൈവമെന്ന നിലയിൽ ശുശ്രൂഷകൾ അർപ്പിക്കുന്നതിനായിട്ടോ വിഗ്രഹങ്ങൾ നിർമ്മിക്കരുതു് എന്നു വേ

ദേപുസ്തകം മുടക്കീട്ടുണ്ടു്. തിരുസഭയും ഇതുതന്നെയാണു് പ്രബോധിപ്പിക്കുന്നതു്. വിഗ്രഹാരാധന ഏററം വലിയ ദൈവനിന്ദനവും കഠിനമായ ദൈവദ്രോഹവുമാണു്. നേരെമറിച്ചു സ്വരൂപങ്ങൾ നിർമ്മിക്കുന്നതും അവ വഴിയായി ദൈവാരാധനയ്ക്കു സഹായകമായ ഭക്തവികാരങ്ങൾ നമ്മിൽ ഉളവാകത്തക്കവണ്ണം അവയെ ഉപയോഗിക്കുന്നതും ആശാസ്യവും ഫലപ്രദവുമായ പ്രവൃത്തിയാണു്. അതുകൊണ്ടു് ഉത്തേജകമായ നല്ല സ്വരൂപങ്ങൾ നമ്മുടെ എല്ലാ വീടുകളിലും ഉണ്ടായിരിക്കാൻ ശ്രദ്ധിക്കണം. പുസ്തകങ്ങളിൽ പഠിച്ചിട്ടുള്ള തത്വങ്ങൾ നാം വിസ്മരിച്ചുപോയേക്കാം; എന്നാൽ ചിത്രങ്ങളുടേയും സ്വരൂപങ്ങളുടേയും പ്രേരണ നമ്മുടെ മനസ്സിൽ എന്നും നവംനവമായിരിക്കും. പ്രത്യേകിച്ചു ബാലമനസ്സുകളിൽ അവയ്ക്കുള്ള പ്രവർത്തനശക്തി എല്ലാവർക്കും അനുഭവസിദ്ധമാണു്. ആകയാൽ ആകർഷകങ്ങളും ആദർശയോഗ്യങ്ങളുമായ നല്ല ചിത്രങ്ങൾ നമ്മുടെ വീടിന്റെ ഭിത്തികളെ അലങ്കരിക്കട്ടെ. അശ്ലീലങ്ങളും ആഭാസങ്ങളുമായ ചിത്രങ്ങൾ യാതൊരു കാരണവശാലും നമ്മുടെ കുടുംബങ്ങളിൽ സ്ഥലം പിടിക്കരുതു് എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

<u>തിരുശേഷിപ്പുകൾ:</u> ദിവ്യരക്ഷകന്റെയും പരിശുദ്ധ കന്യകമറിയത്തിന്റെയും ഐഹികജീവിതത്തിൽ അവരോടനുബന്ധപ്പെട്ട പൂജ്യവസ്തുക്കളോ, വിശുദ്ധന്മാരുടെ അവശിഷ്ടങ്ങളോ ആണു് തിരുശേഷിപ്പുകൾ എന്നു പറയപ്പെടുന്നതു്. വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ മൂന്നുതരമായി തിരിച്ചിട്ടുണ്ടു്. ഒന്നാമത്തേതും ഏററം സംപൂജ്യമായിട്ടുള്ളതും അവരുടെ ശരീരാവശിഷ്ടമാണു്. രണ്ടാമത്തെ ഗണം വിശുദ്ധൻ ജീവിതത്തിൽ ഉപയോഗിച്ചിരുന്ന സാധനങ്ങളാണു്; ആ വിശുദ്ധന്റെ ജീവിതത്തോടുള്ള ബന്ധംകൊണ്ടു അവ നാം സംപൂജ്യമായി ഗണിക്കുന്നു. മൂന്നാമത്തേതു് സാക്ഷാൽ തിരുശേഷിപ്പുകളിൽ സ്പർശിച്ചിട്ടുകുന്ന സാധനങ്ങളാണു്. തിരുശേഷിപ്പുകൾ നാ

വളരെ പൂജ്യമായി പരിഗണിക്കേണ്ടവയാണു് എന്നു പ്രത്യേകം പറയേണ്ടല്ലോ. ത്രെന്തോസ് സൂനഹദോസ് ഇതേപ്പററി പഠിപ്പിക്കുന്നതു് പ്രത്യേകം സ്മരണീയമാണു്: "ക്രിസ്തുവിന്റെ സജീവ അവയവങ്ങളും പരിശുദ്ധാത്മാവിയുടെ ആലയങ്ങളും, മിശിഹായിൽ ചിരംജീവികളായി ഉയർപ്പിക്കപ്പെട്ടു മഹത്വീകരിക്കപ്പെട്ടവാനിരിക്കുന്നതുമായ, വേദസാക്ഷികളുടെയും മററു വിശുദ്ധന്മാരുടെയും തിരുശരീരങ്ങൾ വിശ്വാസികൾ ഭക്തിപൂർവ്വം പരിഗണിക്കേണ്ടതാണു്; അവ വഴിയായി ദൈവം മനുഷ്യൎക്കു നിരവധി നന്മകൾ നൽകുന്നുണ്ടു്." ആകയാൽ തിരുശേഷിപ്പുകൾ നാം പൂജ്യമായി കരുതുകയും അവമൂലം ദൈവം പ്രദാനം ചെയ്യുന്ന അനുഗ്രഹങ്ങൾ കൂടുതൽ കൂടുതൽ പ്രാപിക്കുന്നതിനു ശ്രമിക്കുകയും വേണം.

കൗദാശികങ്ങളിൽ സർവ്വപ്രധാനമായവയെപ്പററി ഇത്രയും പ്രതിപാദിച്ചതു മതിയെന്നു വിചാരിക്കുന്നു. ഇനിയും നിങ്ങൾ പരിചയപ്പെട്ടേക്കാവുന്നവയെപ്പററി അപ്പോൾ പറഞ്ഞുകൊള്ളാം. അടുത്തതായി ഞാൻ പ്രതിപാദിക്കാൻ പോകുന്നതു് നിങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ടതായ ചില ഭക്തപ്രസ്ഥാനങ്ങളെപ്പററിയാണു്. ഭക്തിയെ സംബന്ധിച്ചു തിരുസഭ ഓരോ വ്യക്തിക്കും വലിയ സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ടു്. ക്രമമായിട്ടുള്ള ഏതു ഭക്തപ്രസ്ഥാനത്തെയും തിരുസഭ അംഗീകരിക്കുകയും ആശീർവ്വദിക്കുകയും ആവശ്യാനുസാരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണു്. ഇങ്ങനെ മനുഷ്യഹൃദയങ്ങളെ ദൈവസ്നേഹത്തിലേക്കു അടുപ്പിക്കുന്നതിനു സഹായിക്കുന്ന ഈദൃശമാൎഗ്ഗങ്ങൾ തിരുസഭയിൽ സുലഭമായിരിക്കുന്നു. ഇവയിൽ പ്രധാനമായ ചിലതാണു് വിശുദ്ധകുർബാനയോടുള്ള ഭക്തി, ഈശോയുടെ തിരുഹൃദയഭക്തി, പരിശുദ്ധാത്മാവിയോടുള്ള ഭക്തി, പരിശുദ്ധകന്യകാമറിയത്തോടുള്ള ഭക്തി, യൗസേപ്പുപുണ്യവാനോടും മററു വിശുദ്ധന്മാരോടുമുള്ള ഭക്തി, മരിച്ചവിശ്വാസികളോടുള്ള ഭക്തി, വിശുദ്ധ മാലാഖമാരോടുള്ള

ഭക്തി മുതലായവ. ഏതൊരു ഭക്തിയും പരമമായി ദൈവത്തെ ലക്ഷ്യമാക്കിയുള്ളതും മററുള്ള സാഹചര്യങ്ങളെല്ലാം ഇതിനു സഹായകമായിട്ടുള്ളവയും ആയിരിക്കണമെന്നതാണു് പ്രത്യേകം ശ്രദ്ധാർഹമായിട്ടുള്ളതു്. ഓരോരുത്തൎക്കും അവരവരുടെ അഭീഷ്ടമനുസരിച്ചു ഏതെങ്കിലും പ്രത്യേകഭക്തി വശമാക്കിയിരിക്കുന്നതു് ഏററം അഭിലഷണീയമാണു്. സ്വകാൎയ്യമായ ഭക്തിയിൽ ഒരുകാൎയ്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതു്, നിർബന്ധപൂൎവ്വം നാം നിർവഹിക്കുന്നതിനു കടപ്പെട്ടിട്ടുള്ള മതച്ചടങ്ങുകൾക്കു് അതു് ഒരുവിധത്തിലും പ്രതിബന്ധമാകരുതു് എന്നുള്ളതാണു്. ആദ്യം കടമ, അനന്തരം ഭക്തി എന്നുള്ളതായിരിക്കണം നിയമം.

ഭക്തകൎമ്മങ്ങളിൽ സൎവ്വപ്രധാനമായ ഒന്നാണു് വിശുദ്ധകുർബാനയുടെ വാഴ്വു്. വിശുദ്ധകുർബാനയിൽ എഴുന്നരുളുന്ന രക്ഷകനെ പരസ്യമായി ആരാധിക്കുകയും, അവസാനം അരുളിക്കായിൽ എഴുന്നള്ളിയിരിക്കുന്ന അവിടുത്തെക്കൊണ്ടുതന്നെ കാൎമ്മികൻ ജനങ്ങളെ ആശീൎവ്വദിക്കുകയും ചെയ്യുന്നതാണു് ഈ കൎമ്മം. ഇതിന്റെ പ്രാധാന്യത്തെപ്പററി പറയാനില്ലല്ലോ. എല്ലാ കടമുള്ള ദിവസങ്ങളിലും മററവസരങ്ങളിലും ഈ തിരുക്കൎമ്മം നടത്തപ്പെടുമ്പോഴും അതിൽ സംബന്ധിക്കുന്നതിനു നാം പ്രത്യേകം ശ്രദ്ധിക്കണം. വിശുദ്ധകുർബാനയിൽ കൎത്താവിനെ ആഡംബരപൂൎവ്വം ആരാധിക്കുന്ന മറെറാരു കൎമ്മമാണു് നാല്പതുമണി ആരാധന. ഭംഗിയായി അലങ്കരിച്ചിട്ടുള്ള ഒരു അൾത്താരയിൽ രാജകീയമായ ഒരു സിംഹാസനത്തിൽ വിശുദ്ധകുർബാന അരുളിക്കായിൽ നാല്പതു മണിക്കൂർനേരം പരസ്യമായി എഴുന്നള്ളിച്ചുവച്ചു ആരാധന നടത്തുന്നതാണു് ഈ തിരുക്കൎമ്മം. നമ്മുടെ കൎത്താവീശോമിശിഹാ നാല്പതു മണിക്കൂർ കവറിടത്തിൽ ശയിച്ചിരുന്നതിനെ ആസ്പദിച്ചാണു് ഈ സമയനിൎണ്ണയം ചെയ്തിട്ടുള്ളതു്. ഈ കൎമ്മം എല്ലാ ദേവാലയങ്ങളിലും നടത്തപ്പെടാറില്ല. അടുത്തെവിടെയെങ്കിലും ന-

ത്തപ്പെട്ടപ്പോൾ എല്ലാവരും അതിൽ സംബന്ധിക്കുന്നതിനാണ് പ്രത്യേകം ഉത്സാഹിക്കേണ്ടതു്.

ഏററവും ഭക്തിജനകമായ മറെറാരു കർമ്മമാണ് വിയാസാക്രാ അഥവാ കുരിശിന്റെ വഴി. ഈശോമിശിഹായുടെ പീഡാനുഭവചരിത്രത്തിലെ പ്രധാന രംഗങ്ങളെ ധ്യാനിച്ചുകൊണ്ടു നടത്തപ്പെടുന്ന ഈ കർമ്മം എത്ര ഭക്തിപരമായ ഒന്നാണെന്നു പറയേണ്ടല്ലോ. ഗാഗുൽത്തായിലേക്കു അവിടുന്നു കഴിച്ചതായ ആ കുരിശിന്റെ വഴിയെ അനുപദം അക്ഷരാർത്ഥത്തിൽ തുടരുന്നതിനു യെറുശലേമിൽ പോകുന്നതിനു നമുക്കു സാധിക്കുന്നില്ലയെങ്കിലും നമ്മുടെ ദേവാലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പതിനാലു സ്ഥലങ്ങളേയും ധ്യാനനിഷ്ഠയോടുകൂടി ചുററിനടന്നു അതിൽ ആത്മീയമായി നാം പങ്കെടുക്കുന്നു. ഇതു ദൈവസ്നേഹത്തെ കൂടുതലായി നമ്മിൽ ജനിപ്പിക്കുന്നതിനും പാപത്തെക്കുറിച്ചു സാക്ഷാത്തായ അനുതാപം നമ്മിൽ വർദ്ധിപ്പിക്കുന്നതിനും ഏററം ഫലദായകമായ ഒരു ഭക്തിയാണ്. കൂട്ടമായിട്ടും തനിച്ചും അതു നടത്തുന്നതിനു പരിശ്രമിക്കുന്നതായാൽ വിശുദ്ധമായ ദൈവാനുഗ്രഹങ്ങൾ നമ്മിൽ പ്രവർത്തിക്കുന്നതായിരിക്കും.

പരിശുദ്ധകന്യകമറിയത്തിന്റെ നേക്കുള്ള സർവ്വസാധാരണവും വിശിഷ്ടവുമായ ഒരു ഭക്തിമാർഗ്ഗമാണ് ഉത്തരീയസഭ. പരിശുദ്ധകന്യകതന്നെ വിശുദ്ധ ദോമിനിക്കു വഴി മനുഷ്യവർഗ്ഗത്തിനു പ്രദാനംചെയ്ത ഒരു സംഭാവനയാണിതു്. അതിൽ എല്ലാവരും അംഗങ്ങളായി ചേരുകയും ആ സഖ്യത്തിന്റെ നിയമങ്ങൾ അനുസരിച്ചു ഭക്തിയായി ജീവിക്കുകയും വേണം. ഉത്തരീയഭക്തന്മാർക്കു മാതാവു വാഗ്ദാനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ അനർഘങ്ങളാണ്. വെന്തിങ്ങ ഭക്തിയായി ധരിച്ചുനടക്കുന്നവർക്കു ജീവിതകാലത്തിലും പ്രത്യേകിച്ചു മരണസമയത്തും മാതാവിന്റെ പ്രത്യേക സംരക്ഷണം ഉണ്ടായിരിക്കും. അങ്ങനെയുള്ള ഒരാൾ നശിച്ചു നരകത്തിൽപോകാൻ ഒരിക്ക

ഷ്യം ഇടവരുന്നതല്ല. ഉത്തരീയഭക്തരായി ജീവിക്കുന്നവർ ശുദ്ധീകരണസ്ഥലത്തിൽ പോകുന്നുവെങ്കിൽ ആദ്യശനിയാഴ്ചതന്നെ അവരെ അവിടെനിന്നു ഈ അമ്മ മോചിപ്പിക്കുന്നതാണ്. ഈ വാഗ്ദാനങ്ങൾ എത്ര മഹത്തരങ്ങളാണെന്നു നോക്കുക.

ഉത്തരീയസഭക്കുടാതെ വേറെയും നിരവധി ഭക്തസഖ്യങ്ങൾ തിരുസഭയുടെ അനുമതിയോടും അംഗീകരണത്തോടുംകൂടി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അവയെ ഓരോന്നായി ഇവിടെ പ്രതിപാദിക്കുക സാദ്ധ്യമല്ല. അവയിൽ നമുക്കു സ്വീകാര്യമായിട്ടുള്ളതും ഗുണപ്രദമായിട്ടുള്ളതും തിരിഞ്ഞെടുത്തു അതിൽ നാം ശുഷ്കാന്തിയോടുകൂടി പ്രവർത്തിച്ചു ഫലമെടുക്കണം. അവ ഭക്തിയുടെ വർദ്ധനവിനും കത്തോലിക്കജീവിതത്തിൻെറ ചൈതന്യത്തിനും നിദാനമായിരിക്കും.

നമ്മുടെ കത്തോലിക്കജീവിതത്തിൽ അതിപ്രധാനമായ ഒരു ഘടകമാണ് നമ്മുടെ ഇടവകപ്പള്ളി. അതേപ്പററിയും ഇക്കൂട്ടത്തിൽ നാം അനുസ്മരിക്കേണ്ടതാണ്. ഇടവകപ്പള്ളിയുമായി നാമോരോരുത്തരും എന്തുമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നു എടുത്തുപറയേണ്ടതില്ല. അവിടെയാണ് നാം ജ്ഞാനസ്നാനം സ്വീകരിക്കുന്നതു", കൂദാശകൾ സ്വീകരിക്കുന്നതു്, വിവാഹം ഘോഷിക്കുന്നതു്, അവസാനം നമ്മുടെ ശവസംസ്കാരകർമ്മങ്ങൾ നടത്തപ്പെടുന്നതു്. അതുകൊണ്ടു നമ്മുടെ സ്വന്തം ഒരു വീടു എന്നുള്ള മനോഭാവമാണ് അതിനോടുണ്ടാകേണ്ടതു്. അതിൻെറ അഭിവൃദ്ധിക്കും സജ്ജീകരണത്തിനും നാം ത്യാഗമനസ്ഥിതിയോടും ശുദ്ധനിയോഗത്തോടുംകൂടി സഹകരിക്കണം. അതു ദൈവത്തിൻെറ ആലയമാണ്. അതിനോടു നമുക്കു ഭക്തിയും ബഹുമാനവും ഉണ്ടാകണം. അവിടെ രാപകൽ മുഴുവനും നമുക്കായി എഴുന്നരുളുന്ന ദിവ്യരക്ഷകൻെറ സ്നേഹമുള്ള ക്ഷണം പലപ്പോഴും നാം സ്വീകരിക്കുന്നതിനും അവിടുത്തെ സന്ദർശിച്ചു സ്നേഹസംഭാഷണം ചെയ്യുന്നതിനും ഉൽസുകരാക

ണം. നമ്മുടെ ഇടവകപ്പള്ളിയുടെ വികാരിയായ വൈദിക നോട്ടും മക്കൾക്കടുത്ത സ്നേഹവും ബഹുമാനവും നമുക്കു അവശ്യാവശ്യമാണ്. അദ്ദേഹം നമ്മുടെ ആത്മീയപിതാവാണ് എന്നു നാം ഓത്തു പ്രവത്തിക്കണം. ഇങ്ങനെ നമ്മുടെ ഇടവകപ്പള്ളിയെന്ന ആ സ്ഥാപനത്തെ നാം സ്നേഹിക്കുകയും അതിൻെറ പാവനതയിൽ ശ്രദ്ധിക്കുകയും അതുവഴിയായി ദൈവം നമുക്കു തരുന്ന അനുഗ്രഹങ്ങൾ കൂടുതലായി പ്രാപിക്കുന്നതിനു ഉത്സാഹിക്കുകയും വേണം.

ഇടവകപ്പള്ളി കഴിഞ്ഞാൽ സർവ്വപ്രധാനമായ ഒരു സ്ഥാപനമാണ് ഇടവകപ്പള്ളിക്കൂടം. അവിടെയാണ് യഥാത്ഥ കത്തോലിക്കാചൈതന്യത്തിൽ ജീവിക്കുന്നതിനു് ബാലികാബാലന്മാക്കു പരിശീലനം നൽകപ്പെടേണ്ടതു്. ആധുനികലോകത്തിലെ വിദ്യാഭ്യാസനയം എങ്ങനെയിരുന്നാലും തിരുസഭയുടെ ആദശ്ശങ്ങൾ അലംഘനീയങ്ങളും അവശ്യം അനുവത്തിക്കപ്പെടേണ്ടവയുമാണ്. ഒരു കത്തോലിക്കനു അവൻെറ മതത്തെ മാററിവച്ചിട്ട് വെറും ഭൗമികമായ ഒരു വിദ്യാഭ്യാസംകൊണ്ടു തൃപ്തിപ്പെടുവാൻ നിവൃത്തിയില്ല. ദൈവത്തേയും സത്യമതത്തേയും സംബന്ധിച്ച അറിവും അഭ്യസനവും നൽകാത്ത വിദ്യാഭ്യാസം പൂണ്ണമാണെന്നും യഥാത്ഥമാണെന്നും വിശ്വസിക്കാൻ അവനു സാദ്ധ്യമല്ല. അതു മനുഷ്യനിൽ ബ്ഹുമാനമായ ഒരു ബുദ്ധിയെ ഒരുപക്ഷേ സൃഷ്ടിച്ചേക്കാം; ഉത്തമനായ ഒരു മനുഷ്യനെ രൂപവൽക്കരിക്കാൻ അതിനു സാദ്ധ്യമല്ല. മനുഷ്യജീവിതത്തിൽ മതം സർവ്വപ്രധാനമായതുകൊണ്ടു് ജീവിതപരിശീലനം നൽകപ്പെടുന്ന വിദ്യാഭ്യാസകാലത്തും മതത്തിനു സർവ്വപ്രധാനമായ സ്ഥാനം നൽകപ്പെടേണ്ടതു് വെറും ന്യായം മാത്രമാണ്. ഇക്കാരണങ്ങളാലാണ് കത്തോലിക്കാ കുട്ടികൾക്കു കത്തോലിക്കാ വിദ്യാഭ്യാസം നൽകണമെന്നും അതിനുവേണ്ടി എല്ലാ സ്ഥലങ്ങളിലും ഇടവകവിദ്യാലയങ്ങൾ നടത്തപ്പെടണമെന്നും ഇക്കാര്യത്തിൽ എന്തു ത്യാഗവും സഹിക്കുന്നതിനു നാം സന്നദ്ധരാകണമെന്നും സഭ അനുശാസിക്കുന്നതു്.

DHARMARA... LIBRARY, BANGALORE. 19549

പ്രിയ കുട്ടികളെ, ഇവയെല്ലാം നാം അവശ്യം അറിഞ്ഞിരിക്കേണ്ട കാൎയ്യങ്ങളിൽ ചിലതുമാത്രമാണ് എന്നു നിങ്ങൾ മനസ്സിലാക്കണം. ഈദൃശവിഷയങ്ങളെപ്പററി പ്രതിപാദിക്കുകയും, യുക്തിയുക്തമായ വിധത്തിൽ ചൎച്ചചെയ്തു അവയെ ഗ്രഹിക്കുകയും, സംശയനിവാരണംവരുത്തി നമ്മുടെ ബുദ്ധിയെ പ്രകാശമാനമാക്കുകയും ചെയ്കയെന്നുള്ളതാണ് "സ്റ്റഡി സർക്കിൾ" അഥവാ പാഠക്കളരി എന്ന നമ്മുടെ ഈ പ്രസ്ഥാനംകൊണ്ടു നാം സാധിക്കുന്നതെന്നു് അനുഭവത്തിൽനിന്നു നിങ്ങൾക്കു മനസ്സിലായി. ഇതു നിങ്ങൾക്കു സന്തോഷപ്രദമായ ഒരു പ്രസ്ഥാനമാകുന്നോ?

കുട്ടികൾ: അതെ അച്ഛാ, തീൎച്ചയായും ഞങ്ങൾക്കിതു വളരെ രസകരമാണ്.

ഹാ. പി: ഉവ്വ്. നിങ്ങളുടെ ശ്രദ്ധയും ഹാജരാകുന്നതിനുള്ള ഉത്സാഹവുംകൊണ്ടു അതു എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഇനി നമുക്കു ചെയ്യുവാനുള്ളതു് ഈ പ്രതിപാദിച്ച ഓരോ വിഷയങ്ങളെപ്പററി ഓരോ പ്രബന്ധം നിങ്ങൾ തയ്യാറാക്കണം. പ്രബന്ധം എന്നു പറയുന്നതുകേട്ടു നിങ്ങൾ ഭയപ്പെടേണ്ട. ഒരു ക്ഷുദ്രാശയെ സംബന്ധിച്ചാണെങ്കിൽ അതെന്താണ്, എന്തെല്ലാം കാൎയ്യങ്ങളാണ് അതിൽ പ്രത്യേകം ശ്രദ്ധാർഹമായിട്ടുള്ളതു് എന്നെല്ലാം നിങ്ങൾക്കു മനസ്സിലായവിധത്തിൽ എഴുതിയാൽ മതി. അതു ഈ ക്ലാസ്സിൽ ഞാൻ വായിപ്പിക്കാം. പലതും പലേ ഭാഗങ്ങളെക്കുറിച്ചായിരിക്കും പ്രധാനമായി പ്രതിപാദിക്കുന്നതു്. അതുകൊണ്ടു ആ വിഷയത്തെപ്പററി ചില കൂടുതൽ അറിവുകൾ നമുക്കു കിട്ടും. അതിനുശേഷം നിങ്ങൾ തമ്മിൽതമ്മിൽ അതിൽ പ്രതിപാദിക്കപ്പെട്ട ഓരോ കാൎയ്യങ്ങളെപ്പററി സംശയങ്ങൾ ചോദിക്കുകയും മറുപടി പറയുകയും വേണം. അപ്പോഴാണ് ആ വിഷയത്തെ സംബന്ധിച്ചുള്ള നമ്മുടെ അറിവു ഒരുതര

ത്തിൽ പൂർണ്ണമാകുന്നതു്. ഞാൻ ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയും എന്തെങ്കിലും നിർദ്ദേശങ്ങളോ സഹായങ്ങളോ വേണ്ടിവന്നാൽ തന്നുകൊണ്ടിരിക്കുകയും മാത്രമേ ചെയ്യുകയുള്ളൂ.

ജോർജ്ജ്: അതു രസമായിരിക്കും. ആരെങ്കിലും ചോദിക്കുന്ന ചോദ്യത്തിനു തക്ക മറുപടി കൊടുക്കാൻ സാധിക്കാതെ വന്നാൽ അച്ചൻ എന്നെ സഹായിക്കണം.

തോമസ്: അതു പററുകയില്ല. തോററന്നു സമ്മതിച്ചാലെ അച്ചൻ സഹായിക്കാവൂ.

ഫാ. പീ: ഇതു തോല്പിക്കാൻ വേണ്ടിയുള്ള വാദപ്രതിവാദമല്ല. നമുക്കു കൂടുതൽ അറിവു കിട്ടാനും ആരെങ്കിലും ഇക്കാര്യങ്ങളെക്കുറിച്ചു നമ്മോടു ചോദിച്ചാൽ എങ്ങനെയാണ് മറുപടി പറയേണ്ടതെന്നു പരിശീലിക്കാനുമാണ് ഈ വാദപ്രതിവാദം നാം നടത്തുന്നതു്. അതുകൊണ്ടു് എല്ലാവരും അടുത്തദിവസം കൂദാശ എന്ന വിഷയത്തെപ്പററി പൊതുവായി പ്രതിപാദിക്കുന്നതിനു തയ്യാറായി വരണം. കേട്ടോ. കൊള്ളാം എല്ലാവർക്കും ഇന്നു പോകാം വിസീത്ത കഴിച്ചിട്ടു്.

എല്ലാവരും: ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

ശുഭം

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

# മതപഠനം



H 52
V 83

ജോസഫ് വിതയത്തിൽ

Indic Digital Archive Foundation
gpura.org